KOTTAYAM PUBLIC LIBRARY

Call No MD 8 Acc. No 81887

Author കുഞ്ഞമേനോൻ വി. കെ.

Title ഇന്ത്യയിലെ മഹാന്മാർ

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1592

ഇൻഡ്യയിലെ

81887

# മഹാന്മാർ.

മരിച്ചുപോയ മിസ്റ്റർ ജി. പി. പിള്ള
ഇംഗ്ലീഷിൽ എഴുതീട്ടുള്ള പുസ്തകത്തെ പലർ കൂടി
പരിഭാഷപ്പെടുത്തി
**മഹാമഹിമശ്രീ വലിയ കോയിത്തമ്പുരാൻ**
തിരുമനസ്സിലെ മുഖവുരയോടുകൂടി
പ്രസിദ്ധപ്പെടുത്തുന്നത്.

KOTTAYAM PUBLIC LIBRARY
KOTTAYAM.

പ്രസാധകൻ

ടി. കെ. കൃഷ്ണമേനോൻ.

DISTRIBUTING LIBRARY
No. ....... ........
KOTTAYAM

പുസ്തകം ൨

(മൂന്നാം പതിപ്പ്)

തൃശ്ശിവപേരൂർ
'മംഗളോദയം' അച്ചുകൂടം.
൧൧൦൩

3/00

൩൦൪

81887

21041

# സമൎപ്പണം.

പരലോകപ്രാപ്തനായ

മ. രാ. രാ. ജി. പരമേശ്വരൻ പിള്ള

ബി. എ. ബാരിസ്റ്റർ അററ് ലാ,

അവർകളുടെ ഓൎമ്മക്കായിക്കൊണ്ടു് ഈ

പരിഭാഷയെ സമൎപ്പിക്കുന്നു.

21041

818887

## പ്രസാധകന്റെ

# മുഖവുര.

ഈ പുസ്തകത്തിന്റെ മൂലകൃതിയെ പ്രസിദ്ധപ്പെടുത്തിയ ഉടനെ അതിനെ പരിഭാഷപ്പെടുത്തുവാൻ എന്നെ അനുവദിക്കേണമെന്നു ഞാൻ ജി. പരമേശ്വരൻപിള്ള അവർകളോട് ആവശ്യപ്പെട്ടു. അദ്ദേഹം എന്റെ അപേക്ഷയെ കൈക്കൊണ്ടു എങ്കിലും, തർജ്ജമ വേഗത്തിൽ തീക്കുന്നതിനായി, ബുക്കിന്റെ ഓരോ ഭാഗം ഭാഷാന്തരം ചെയ്വാൻ മ-രാ-രാ-എം. രാജരാജവർമ്മ അവർകളേയും മ-രാ-രാ-പി. വേലു അവർകളേയും എന്നേയും ഏല്പിച്ചു. കുറെ കഴിഞ്ഞതിന്നുശേഷം മററ് ഇരുവരും തീൎത്തിരുന്ന പരിഭാഷയെ എന്നെ ഏല്പിയ്ക്കുകയും ബാക്കിയുള്ളതെല്ലാം ഞാൻ തന്നെ നോക്കേണമെന്നു പറകയും ചെയ്തു. പക്ഷെ, എന്റെ സ്നേഹിതന്റെ ഹിതമനുസരിച്ചു പ്രവൎത്തിപ്പാൻ എനിയ്ക്കു സൌകൎയ്യം പോരാതെ വന്നതു കാരണം വേറെ ചിലരുടെ സഹായത്തോടുകൂടിയാണ്, ഞാൻ എന്റെ കൃത്യത്തെ നിൎവ്വഹിച്ചതു്.

ഏതാനും ചില ഭാഗങ്ങളൊഴിച്ചുള്ള ഈ പരിഭാഷയെല്ലാം ഇതിന് ഒരു ആമുഖോപന്യാസം എഴുതീട്ടുള്ള ആ മാന്യപുരുഷൻ പരിശോധിച്ചിട്ടുണ്ട്.

അച്ചുകൂടത്തിലുണ്ടായ ഒരു തെററിദ്ധാരണ നിമിത്തം, മുൻപതിപ്പിൽ ഉള്ള ചില ന്യൂനതകളെ ഇതിലും മാററുവാൻ സാധിച്ചിട്ടില്ല.

ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുന്നതിൽ എന്നെ സഹായിച്ചിട്ടുള്ള എല്ലാവരോടും ഞാൻ എന്റെ നന്ദിപൂൎവ്വമായ വന്ദനം പറഞ്ഞുകൊള്ളുന്നു.

# ആത്മകഥോപന്യാസം.

എല്ലാദേശങ്ങളിലും എല്ലാക്കാലങ്ങളിലും മഹാന്മാർ ഉണ്ടാ യിക്കൊണ്ടിരിക്കുന്നുണ്ട്. 'മഹാൻ' എന്ന പേരിന് അവകാശം സിദ്ധിപ്പിക്കുന്നതായ അവരിൽ ഉള്ള വിശേഷഗുണം അതാതു ദേശത്തിനും കാലത്തിനും അനുരൂപമായിരിക്കുമെന്നേ ഉള്ളൂ. പുരാണകാലങ്ങളിലെ പോലെ ആധുനികകാലങ്ങളിൽ മഹാന്മാർ ഈ ലോകത്തെ അലങ്കരിക്കാറില്ലെന്നു ചില 'മഹാന്മാർ' കൂടി അഭിപ്രായപ്പെടാറില്ലെന്നില്ല. എന്നാൽ ഇതു സ്ഥൂലദൃഷ്ടിയിൽ സാധാരണ നമുക്കു തോന്നുന്ന വിചാരമെന്നേ ഉള്ളൂ. തൽക്കാലം നടക്കുന്ന സ്ഥിതിയെ ഉദ്വേഗത്തോടുകൂടി ദൂഷിക്കയും കഴിഞ്ഞ കാലങ്ങളെ ഉൽകണ്ഠയോടുകൂടി തിരിഞ്ഞുനോക്കി പ്രശംസിക്കയും ചെയ്യുന്നതു മനുഷ്യബുദ്ധിയുടെ ഒരുവക ചാപല്യമാകുന്നു. പണ്ട് അനുഭവിച്ചിട്ടുള്ള ഓരോരോ സുഖങ്ങളെ അനുസ്മരിച്ചു രസിക്കാത്തവർ ആരെങ്കിലും ഉണ്ടോ എന്നു സംശയം തന്നെ. ഈവിധമുള്ള പ്രതീതിക്കു കാരണം ആലോചിക്കുന്നതായാൽ ഇതു ബുദ്ധിക്കു പ്രകൃത്യാ സിദ്ധിച്ചിട്ടുള്ള ഒരു പക്ഷപാതദോഷമെന്നു പറയേണ്ടിയിരിക്കുന്നു. കൃതത്രേതാദിയുഗങ്ങളെ കല്പിച്ച് അവയിൽ ക്രമേണ വൃഷഭരൂപിയായ ധൎമ്മത്തിന്റെ ഓരോരോ കാലായി കഴിയുന്നു എന്നും മററും ധൎമ്മസിദ്ധാന്തങ്ങളെ സ്ഥാപിക്കുന്നതിൽ ബുദ്ധിയുടെ സഹജമായ ഈ പക്ഷപാതദോഷം കൂടി നമ്മുടെ പൂൎവ്വികന്മാരെ സഹായിച്ചിട്ടില്ലേ എന്നു സംശയിക്കാനിടയുണ്ട്.

വൎത്തമാനദൂഷണവും ഭൂതശ്ലാഘയും എല്ലാ നാട്ടുകാരും ചെയ്യാറുണ്ട്. എന്നാൽ ഹിന്ദുക്കളിൽ ഇത് ഒരു ഭൂഷണംപോലെ പിടിപെട്ടിരിക്കുന്നു. ഹിന്ദുക്കൾ മഹാപുരുഷവന്ദനം, അ

ല്ലെങ്കിൽ പൂർവ്വികഭക്തി എന്നതിനെ അനുഷ്ഠിക്കുന്നവരാണ്. അസാധാരണമായ ഗുണപരിപൂർത്തി ഒരു പുരുഷനിൽ കാണുന്നതായാൽ അവർ അവനെ ഒരു അവതാരപുരുഷനാക്കാൻ ശ്രമിക്കും. അവനിലുള്ള ദോഷങ്ങളെ കണ്ടാലും കാണുകയില്ല. എന്നു മാത്രമല്ല, കലിവിഡംബനകാരൻ മന്ത്രവാദിയെപ്പററി പ്രസ്താവിക്കുംപോലെ അവൻെറ ദോഷങ്ങളെത്തന്നെ ഗുണങ്ങളാക്കിത്തീർക്കുകയില്ലേ എന്നുകൂടി സംശയമുണ്ട്. എന്നാൽ ഇങ്ങനെയുള്ള മഹാപുരുഷത്വം ഒരുവനും തൻെറ ജീവിതകാലത്തിൽ കിട്ടുന്നതു പ്രയാസമാകുന്നു. രണ്ടു മൂന്നു തലമുറയുടെ അന്തരംകൊണ്ട് അവിശ്വാസികളുടെ ആക്ഷേപങ്ങൾക്കുള്ള ശക്തി ക്ഷയിച്ചതിൻെറ ശേഷമേ ഒരുവനു മഹാപുരുഷനെന്നുള്ള കീർത്തിക്കു പൂർണ്ണാവകാശം സിദ്ധിക്കുകയുള്ളു. ഇങ്ങനെ യോഗ്യന്മാരായ ചില പൂർവ്വികന്മാർ എന്തോ ഒരു ഭാഗ്യവിശേഷത്താൽ ദേവകലയുള്ളവരായിത്തീരുന്നു. ഇവരോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ, നമ്മുടെ സഹജീവികളിൽ ഏതൊരുവൻ എങ്കിലും 'മഹാൻ' എന്ന പേരിനെ അർഹിക്കുന്നതായി നമുക്കു തോന്നുമോ?

ജീവചരിത്രങ്ങൾ എഴുതി സൂക്ഷിക്കുന്ന സമ്പ്രദായം നമ്മുടെ ഇടയിൽ നടപ്പുണ്ടായിരുന്നു എങ്കിൽ, ഈ സംഗതിയെപ്പററി നമുക്ക് ഇത്രത്തോളം അനുശോചിപ്പാൻ ഇടവരികയില്ലായിരുന്നു. വാസ്തവമായ പൂർവ്വചരിത്രത്തിൻെറ ജ്ഞാനം മനുഷ്യന്് ഉപഷ്ടഭിവൃദ്ധിക്കു് എത്രത്തോളം ആവശ്യകമാണെന്നുള്ളതു പൌരസ്ത്യജാതിക്കാരിൽ മിക്കവരും ധരിച്ചിട്ടില്ലായിരുന്നു. പാശ്ചാത്യന്മാൎക്ക് ഇപ്പോൾ സിദ്ധിച്ചിട്ടുള്ള ഉൽകൎഷത്തിൻെറ സാധകങ്ങളിൽ ഒന്നു പൂർവ്വസ്ഥിതിയുടെ അറിവു തന്നെയാണെന്നു നിസ്സംശയം പ്രതിപാദിക്കാം. ഒരു സ്ഥിതിയിൽനിന്നു മറെറാന്നിലേക്കു മാറുമ്പോൾ, പുത്തനായ സ്ഥാനം പൂർവ്വസ്ഥാനത്തേക്കാൾ ഉപരിയോ താഴെയോ എന്നറിയുന്നതിനുതന്നെ അതാതു സ്ഥാനങ്ങളുടെ സ്വഭാവജ്ഞാനം ആവശ്യകമല്ലയോ?

ശങ്കരാചാൎയ്യപ്രഭൃതികളായ ചില മഹാന്മാരുടെ ജീവചരിത്രം സഹജീവികളാൽ എഴുതപ്പെട്ടതായി നമുക്കു ലഭിച്ചിട്ടില്ലെന്നില്ല. എന്നാൽ ആ വക മഹാന്മാർ മുൻ വിവരിച്ചപ്രകാരം ഈശ്വരാംശജാതന്മാർ എന്നു വിചാരിക്കപ്പെട്ടവരിൽ ഉൾപ്പെട്ടുപോകുന്നു. അവരുടെ അത്ഭുതവൃത്താന്തങ്ങൾ അമാനുഷങ്ങളാകയാൽ നമുക്ക് അനുകരിക്കാവുന്നവയല്ല. നമ്മെപ്പോലെതന്നെ സൎവ്വാത്മനാ മനുഷ്യധൎമ്മികളായവരുടെ ചരിത്രമേ നമുക്ക് ഉപയോഗപ്പെടുന്നുള്ളു. നമ്മുടെ ഇടയിൽതന്നെ ചിലർ തങ്ങളുടെ വ്യവസായത്തിന്റേയും ബുദ്ധിശക്തിയുടേയും മാഹാത്മ്യത്താൽ സാധിച്ചിട്ടുള്ള ശ്രേയസ്സുകളെ ആ വക ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചുകാണുമ്പോൾ, അവർ പോയ വഴിയേ അനുഗമിക്കുന്നതിനു നമുക്ക് ആശയും ഉത്സാഹവും ധൈൎയ്യവും തോന്നുന്നു. ഇതിഹാസനായകന്മാരുടെ കഥാശ്രവണം അവരിൽ നമുക്കു ഭക്തിയെ ജനിപ്പിക്കുന്നതല്ലാതെ, അവരുടെ ചരിതാനുകരണത്തിൽ ഇച്ഛയെ ഉണ്ടാക്കുന്നതല്ല.

പ്രകൃതപുസ്തകത്തിലെ * നായകന്മാരിൽ രണ്ടു പേരൊഴികെ എല്ലാവരും ഇപ്പോൾ അവസാനിച്ചിരിക്കുന്ന ൧൯-ാം നൂറ്റാണ്ടിൽ ഉണ്ടായവരാകുന്നു. ഇവരിൽ ഓരോരുത്തരുടേയും മഹത്വം ഓരോരോ വിഷയത്തിലാകുന്നു. സർ സാലർ ജംഗ്, സർ ദിനകരറാവു, സർ മാധവറാവു, വി. രാമയ്യങ്കാർ, രംഗാചാർലു മുതൽപേരുടെ ജീവചരിത്രം ഇൻഡ്യാവാസികൾക്കു രാജ്യഭരണതന്ത്രത്തിൽ ഉണ്ടാകാവുന്ന സാമൎത്ഥ്യാതിശയത്തിനു ലക്ഷ്യങ്ങളാകുന്നു. ഹൈദരാബാദ്, ഗ്വാളിയാർ, ബറോഡാ, മൈസൂർ, തിരുവിതാംകൂർ എന്നീ സംസ്ഥാനങ്ങൾക്ക് ഇപ്പോൾ കാണുന്ന ഉൽകൃഷ്ടസ്ഥിതിയുടെ അടിവാരം ഈ മഹാന്മാർ കെട്ടിട്ടുള്ളതേ ഉള്ളു. ധൎമ്മാസനത്തിൽ ഇരുന്നു വ്യവഹാരദൎശനം ചെയ്യുന്നതിലുള്ള നൈപുണ്യത്തേക്കു

---

* കഴിഞ്ഞുപോയ മ. രാ. രാ. ജി. പരമേശ്വരൻപിള്ള അവർകളുടെ പുസ്തകത്തിലെ ചരിത്രങ്ങളുടെ പരിഭാഷ രണ്ടു ബുക്കുകളായി പ്രസിദ്ധപ്പെടുത്തുവാനാണു വിചാരിക്കുന്നതു്. പ്ര.

രിച്ച വിചാരിക്കുന്നതായാൽ, ദ്വാരകാനാഥമിത്രൻ, മുത്തുസ്വാമി അയ്യർ, ടിലാങ്ങ്, മാണ്ഡലികർ, ഇവരുടെ കീൎത്തിയെ അതിക്രമിക്കുന്നതിന് ആളുകൾ അപൂൎവ്വമായിരിക്കും. ഇവർ മുറയ്ക്കു കല്ക്കത്താ, ബാംബേ, മദ്രാസ് ഈ സംസ്ഥാനങ്ങളിലെ ഹൈക്കോടതികളെ ഏതു വിധം അലങ്കരിച്ചിരുന്നു എന്നു നാം ഓൎക്കുന്നുണ്ടല്ലോ. മാണ്ഡലികർ ജഡ്ജിവേലയെ കീൎത്തികരമാംവണ്ണം നിൎവ്വഹിച്ചതിനു പുറമേ, ഹിന്ദു ലാ വിഷയത്തിൽ ഒരു പ്രധാനപ്പെട്ട പുസ്തകംകൂടി എഴുതീട്ടുണ്ട്. രാജ്യഭരണത്തിൽ അസാധാരണസാമൎത്ഥ്യത്തോടുകൂടിയിരുന്ന ശ്രീവിശാഖരാമവൎമ്മമഹാരാജാവ്, കൃഷ്ണമോഹൻബാനൎജ്ജി, രംഗനാഥശാസ്ത്രി, രാജേന്ദ്രലാല്മിത്രർ, രംഗനാഥമുതലിയാർ മുതലായവർ പാണ്ഡിത്യവിഷയത്തിൽ അദ്വിതീയന്മാരായിരുന്നു. ദേശഭാഷകളിലും ഇംഗ്ലീഷിലും ഒന്നുപോലെ വൈദഗ്ദ്ധ്യം സമ്പാദിച്ചിരുന്ന ഈ മഹാന്മാരെ സൎവ്വതന്ത്രസ്വതന്ത്രന്മാരെന്നു വിളിക്കുന്നതിനു യാതൊരുത്തനും സംശയിക്കുന്നതല്ല. ലൌകികവൈദികാചാരങ്ങളെ പരിഷ്കരിക്കാൻ പുറപ്പെട്ടിട്ടുള്ളവരിൽ രാമ്മോഹൻറായിയും, കേശവചന്ദ്രസേനനും പ്രഥമഗണനീയന്മാരാകുന്നു. നാട്ടുകാൎക്കു രാജ്യകാൎയ്യങ്ങളിൽ പ്രവേശം സമ്പാദിക്കുന്നതിനും രാജ്യവാസികളുടെ സങ്കടങ്ങളെ വൈദേശികന്മാരായ രാജ്യാധിപതികളെ ഗ്രഹിപ്പിച്ച് അവയ്ക്കു നിവൃത്തി വരുത്തുന്നതിനും വേണ്ടിയായിരുന്നു രാമ്ഗോപാല്ഘോഷി, ലക്ഷ്മീനരസുചെട്ടി, അയോദ്ധ്യാനാഥപണ്ഡിതർ, മനോമോഹൻഘോഷി തുടങ്ങിയവരുടെ ആജീവനാന്തമുള്ള വ്യവസായം. ഹരിശ്ചന്ദ്രമുകൎജ്ജി സ്വദേശവൎത്തമാനപത്രങ്ങളുടെ പിതൃസ്ഥാനം വഹിച്ചു; കൃഷ്ണദാസ്പാലന്റെ സംരക്ഷണയിൽ അവ പ്രൌഢദശയെ പ്രാപിച്ചു. കൈത്തൊഴിൽവേലകളിൽ ഇൻഡ്യാവാസികൾക്കു യഥാൎത്ഥമായ ഉൽക്കൎഷം ഇതേവരെ സിദ്ധിച്ചതായി പറയുവാൻ പാടില്ലെങ്കിലും, ഈ വിഷയത്തിലും ചില മഹാന്മാർ ഉണ്ടായി

ട്ടുണ്ട്. ബാംബയിൽ ദാമോദർതാക്കർസിമ്മൽജിയും, മദ്ധ്യദേശങ്ങളിൽ ഗോപാലറാവു ഹരിഭൈദിയും നാട്ടുകാൎക്കു കൈത്തൊഴിൽ വിദ്യകളിൽ അഭിരുചി ജനിപ്പിക്കുവാൻവേണ്ടി മഹാപ്രയത്നങ്ങൾ ചെയ്തുവരാകുന്നു.

ഭോജൻ, വിക്രമാദിത്യൻ, ഭട്ടി, ഭർത്തൃഹരി, കുമാരിലഭട്ടൻ, ബുദ്ധമുനി, ശങ്കരാചാൎയ്യർ മുതലായവരുടെ ജന്മഭൂമിയായ ഈ ഭാരതഖണ്ഡത്തിനു മഹാന്മാരെ ജനിപ്പിക്കുന്നതിൽ ഇന്നും യാതൊരു കുറവും സംഭവിച്ചിട്ടില്ലെന്നുള്ളതിലേക്ക് ഈ പുസ്തകത്തിൽ കൊടുത്തിട്ടുള്ള ജീവചരിത്രങ്ങൾ പൂൎണ്ണലക്ഷ്യങ്ങളാകുന്നു. ഇടക്കാലങ്ങളിൽ ആഭ്യന്തരകലഹോപപ്ലവിനാലും ബാഹ്യാക്രമണപരിതാപത്താലും മങ്ങിമയങ്ങി കിടന്നിരുന്ന ഇൻഡ്യാവാസികളുടെ പ്രതിഭാവിലാസം ബ്രിട്ടീഷുകാരുടെ ഏകാതപത്രമായ ആധിപത്യത്തിൻെറ പ്രശാന്തരമണീയമായ ഛായയിൽ പൂൎവ്വാധികം ഉന്മേഷത്തോടുകൂടി ഉയൎന്നു പ്രകാശിക്കുവാൻ തുടങ്ങിയതിൻെറ ഏതാനും ചില ഫലങ്ങളെ ആണു പ്രകൃതപുസ്തകം സംഗ്രഹിക്കുന്നതു്. ഇംഗ്ലീഷുകാർ ഇൻഡ്യാ കൈവശപ്പെടുത്തിയതിൻെറ ശേഷം, കീഴടക്കപ്പെട്ട പ്രജകളുടെ വിദ്യാഭിവൃദ്ധിക്കുവേണ്ടി വിജ്ഞാനസൎവ്വസ്വനിധാനഭൂതമായ സ്വഭാഷയെ ഈ നാട്ടിൽ പ്രചരിപ്പിച്ചതിൻെറ ഫലം ഏതു വിധം പരിണമിച്ചു എന്നു് ഇവിടെ കൊടുത്തിട്ടുള്ള ഏതു ജീവചരിത്രം വായിച്ചാലും ഒരുവനു ബോദ്ധ്യപ്പെടും. അത്രതന്നെയുമല്ല, പ്രകൃതപുസ്തകനായകന്മാരിൽ പ്രധാനികളുടെ അപദാനങ്ങളെ വായിച്ചുനോക്കുമ്പോൾ, ഇവരിൽ ചിലർ തിരിയിൽനിന്നു കൊളുത്തിയ പന്തംപോലെ ഗുരുക്കന്മാരെ അതിശയിച്ചു പ്രകാശിച്ചിട്ടില്ലയോ എന്നുകൂടി സംശയം തോന്നിപ്പോകുന്നു. സാലർജംഗ്, ദിൻകർറാവു, മാധവറാവു ഇവരോടു സമാനമായ രാജനീതിനൈപുണ്യവും ഭരണശക്തിയും ഇൻഡ്യാഖണ്ഡങ്ങളെ ഭരിച്ചിട്ടുള്ള യൂറോപ്യൻ സിവിലിയന്മാരിൽ ഒരുവനും പ്രദൎശിപ്പിച്ചിട്ടുള്ളതായി കാണ

ന്നില്ല. ഹൈദരാബാദ്, ഗ്വാളിയർ, ബറോഡാ ഈ ദേശ്യ രാജസ്ഥാനങ്ങളിൽ ഇവർ ചെയ്ത കൃത്യം ഒരു യൂറോപ്യൻ ഉദ്യോഗസ്ഥനാൽ ഒരിക്കലും സാദ്ധ്യമല്ല. നേരേ മറിച്ച്, മദ്രാസ് മുതലായ ബ്രിട്ടീഷ് പ്രസിഡൻസികളിൽ ഒന്നിൻെറ ചാർജ്ജ് ഇവരിൽ ഒരാളെ ഏല്പിച്ചിരുന്നു എങ്കിൽ, ആയാറം അതിനെ ഗവൎണ്ണർമാരിൽ അഗ്രഗണ്യൻ എന്നു കീൎത്തികേട്ട ഗവൎണ്ണർ ഭരിച്ചതിനേക്കാറം ഒട്ടും താഴാത്ത രീതിയിൽ ഭരിക്കുമായിരുന്നു എന്നുള്ളതു സിദ്ധവുമാണ്. അതിൻവണ്ണംതന്നേ ശ്രീവിശാഖരാമവൎമ്മമഹാരാജാവു, രംഗനാഥമുതലിയാർ മുതൽപേൎക്ക് ഇംഗ്ലീഷുഭാഷയിൽ സിദ്ധിച്ച സ്വാതന്ത്ര്യം ഒരു യൂറോപ്യപണ്ഡിതനും ഒരു നാട്ടുഭാഷയിൽ സമ്പാദിച്ചതായി കാണുന്നില്ല. ഇതിനാൽ നാട്ടുകാർ ഏതു വിഷയത്തിലും യൂറോപ്യന്മാരോട് ഒററയ്ക്കു നില്ക്കുവാൻ മതിയായവരാണെന്നു സ്പഷ്ടമാകുന്നു.

എന്നാൽ ദേശ്യമഹാപുരുഷന്മാൎക്ക് അവരുടെ യൂറോപഭ്രാതാക്കളെ അപേക്ഷിച്ച് ഒരു അംശത്തിൽ മാത്രം ന്യൂനത പറയേണ്ടിയിരിക്കുന്നു. ഇതു് അത്യന്തശോചനീയയായ ഒരു ന്യൂനതയും ആകുന്നു. നമ്മുടെ മഹാന്മാരിൽ നൂററുക്ക് അഞ്ചുവീതമെങ്കിലും തങ്ങളുടെ ഷഷ്ടിപൂൎത്ത്യുത്സവം ഘോഷിച്ചവർ ഉണ്ടോ എന്നു സംശയമാണ്. ഗ്ലാഡ്സ്റ്റനേയും മററും പോലെ എണ്ണത്തൊൻപതു വയസ്സുകാലം ജീവിച്ചിരുന്നതായി ഇവരിൽ എത്ര ചുരുക്കം ആളുകളേ ഉള്ളു. അപൂൎവ്വം ചിലൎക്ക് ദീൎഘായുഷ്യഭാഗ്യം ലഭിച്ചതായി പറയാമെങ്കിൽ, അവരുടെ പ്രതിഭാവിലാസം യൌവനവയസ്സോടുകൂടി യാത്ര പറഞ്ഞതായി കാണുന്നു. സർ മാധവറാവുവിൻെറ വാൎദ്ധക്യം പ്രായേണ 'ദ്വിതീയബാല്യം' എന്നു് ആ വയസ്സിനു സിദ്ധിച്ചിട്ടുള്ള പേരിന് അനുരൂപമായിരുന്നു. ദീൎഘായുസ്സും ആരോഗ്യവും ബുദ്ധിശക്തിയും എല്ലാം കൂടി ചേരുന്നതു പ്രയാസംപോലെ തന്നെയാണു കാണുന്നതു്.

'എല്ലാം തികഞ്ഞിട്ടൊരു വസ്തുപോലും
തണ്ടാർമകൻ ഹന്ത ചമച്ചതുണ്ടോ?'

യൌവനകാലങ്ങളിലെ അതിവ്യവസായവും ആരോഗ്യരക്ഷാമാൎഗ്ഗങ്ങളിലെ അശ്രദ്ധയും ദേശധൎമ്മവും ആയിരിക്കാം ഈ ശോചനീയമായ അവസ്ഥയുടെ കാരണം.

നാനാപ്രകാരങ്ങളായ പ്രകൃതിവൈചിത്ര്യങ്ങൾകൊണ്ടും വലിപ്പംകൊണ്ടും ഒരു മഹാഖണ്ഡം എന്നു വിചാരിക്കപ്പെടാവുന്നതായ ഈ ഭാരതഖണ്ഡത്തിൽ സസ്യാദികൾക്കുള്ളതുപോലെ മഹാപുരുഷന്മാൎക്കും ദേശഭേദേന ബാഹുല്യവും വൈരളൃവും കാണുന്നുണ്ട്. രാജനീതിനിപുണന്മാർ മദ്രാസ് പ്രസിഡൻസി വിശേഷപ്പെട്ടതായി കാണുന്നു. ബാംബേപ്രസിഡൻസി പരോപകാരവീരന്മാരെ ആണ് അധികം ജനിപ്പിച്ചിട്ടുള്ളത്. മഹാരംഭപ്രവൎത്തകന്മാർ, അതിലും വിശേഷിച്ച് ആചാരപരിഷ്കാരകന്മാർ, ബംഗാളിൽ ആണ് അധികം ഉണ്ടായിട്ടുള്ളത്. ദേശോപാധികമായ ഈ വിശേഷം ഇന്നും നിലനില്ക്കുന്നതായി കാണുന്നു. ബാംബേക്കാരിൽ പരോപകാരവീരന്മാരുടെ സംഖ്യ ഇന്നും വൎദ്ധിച്ചുകൊണ്ടുതന്നെ വരുന്നു.

ഈ പുസ്തകത്തിൽ വൎണ്ണിച്ചിട്ടുള്ള മഹാന്മാരുടെ പേർവിവരപ്പട്ടിക വായിക്കുമ്പോൾ മിത്രൻ, ദത്ത്, ഘോഷി, റാവു, ആചാരി, അയ്യർ എന്നല്ലാതെ മേനോൻ, പിള്ള, പണിക്കർ മുതലായ യാതൊരു മലയാളപ്പേരും കാണുന്നില്ലല്ലോ എന്നു സ്വദേശാഭിമാനികളായ വായനക്കാർ തോന്നാവുന്നതാണ്. എന്നാൽ അവൎക്ക് സ്ഥൂലദൃഷ്ടിയിൽ തോന്നുന്ന മനസ്താപം ഏറെ നേരം നില്ക്കുന്നതല്ല. സർ രാമവൎമ്മ എന്നുള്ള ഒരു തിരുനാമം സാധാരണക്കാരിൽ ഉള്ള പത്തു പേരുകളുടെ ഫലം ചെയ്യുന്നതാണ്. മഹാപുരുഷപരിഗണനയിൽ മലയാളികളുടെ പ്രതിനിധിയായ ആൾ അവരുടെ മഹാരാജാവു

തന്നെയാണ്. രാജകുടുംബത്തിൽ ജനിച്ച രാജഗൃഹത്തിലുള്ള വിഭവാഡംബരങ്ങളുടെ അനിവാൎയ്യമായ ആകൎഷണത്തേ വകവെക്കാതേയും, ജന്മനാ ദുർബ്ബലമായ ശരീരത്തിൽ ബാല്യം മുതൽ വ്യാധികൾ ചെയ്തുകൊണ്ടിരുന്ന പീഡകളെ കൂട്ടാക്കാതെയും, പാഠാലയപ്രവേശം മുതലായ പ്രരോചനാമാൎഗ്ഗങ്ങൾ ഒന്നും ആവശ്യപ്പെടാതേയും ആ മഹാപുരുഷൻ സമ്പാദിച്ച പാണ്ഡിത്യകീൎത്തിയേപ്പററി വായിക്കുമ്പോൾ മലയാളികൾക്കു ബുദ്ധിശക്തി എത്രത്തോളം വ്യാപിക്കുമെന്നും വ്യവസായശീലത അവൎക്കു് സുഖസാദ്ധ്യയാണെന്നും തെളിയാതിരിക്കയില്ലല്ലൊ. അത്രമാത്രമല്ല, തൽക്കാലത്തിൽ ജീവിച്ചിരിക്കുന്ന മഹാന്മാരുടെ ചരിത്രങ്ങളെ പല അസ്വാരസ്യങ്ങളേയും വിചാരിച്ചു് ഈ പുസ്തകത്തിൽ ചേൎത്തിട്ടില്ല. മേലാൽ ഒരവസരത്തിൽ ഈ മാതിരി ഒരു ജീവചരിത്രപുസ്തകം പുറപ്പെടുന്ന സമയത്തു നിശ്ചയമായിട്ടു് ഒരു നായരുടേയും ഒരു പിള്ളയുടേയും പേർ അതിൽ മുഖ്യസ്ഥാനത്തേ അലങ്കരിക്കാതിരിക്കയില്ല. അതിൽ പിള്ള എന്നു പറഞ്ഞതു് ഈ പുസ്തകത്തിൻെറ മൂലകൎത്താവായ മരിച്ചുപോയ ജി. പരമേശ്വരൻപിള്ള തന്നെയാകുന്നു. ഇയാൾ എത്രയോ അപ്രശസ്തമായ ഒരു നായർ കുടുംബത്തിൽ ജനിച്ച തൻെറ അനന്യസാദ്ധ്യമായ വ്യവസായ വിലാസത്താൽ സമുദായത്തിൽ പ്രഥമപരിഗണനീയനായി തീൎന്നു സഹജീവികൾക്കു വേണ്ടി ചെയ്ത പരിശ്രമത്തേയും തൻെറ തൊഴിലായ പത്രാധിപത്യത്തെ നിൎവ്വഹിക്കുന്നതിൽ വലിയവരുടെ എളപ്പങ്ങളേയും എളിയവരുടെ വലിപ്പങ്ങളേയും പററി ഒന്നുപോലെ നിഷ്പക്ഷപാതമായി പ്രസ്താവിച്ചുകൊണ്ടു സ്വന്തയോഗക്ഷേമങ്ങൾക്കു തല്ക്കാലം സംഭവിച്ച ക്ഷതികളെ കൂടി ഗണിക്കാതെ തൻെറ അത്യുന്നതയായ വൃത്തിയുടെ ഗൌരവത്തേ സംരക്ഷിക്കുന്നതിൽനിന്നു ലേശംപോലും സ്ഖലിക്കാതെ ഇരുന്നതിൽ പ്രകടീഭവിച്ച സല്കാൎയ്യവിഷയ

ധൈൎയ്യത്തേയും വായനക്കാർ വേണ്ടുംവണ്ണം അഭിനന്ദിക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

സ ജാതോ യേന ജാതേന
യാതി വംശഃ സമുന്നതിം ।
പരിവൎത്തിനി സംസാരേ
മൃതഃ കോ വാ ന ജായതേ ॥

കേരളവൎമ്മ, സി. എസ്. ഐ.

# വിഷയവിവരം.

## കൽക്കട്ട.


രാജാ റാമ്മോഹൻറായി ... ... ... ൧

എം. രാജരാജവർമ്മ, എം. എ, ബി. എൽ. തിരുമനസ്സുകൊണ്ട്

കേശബ് ചന്ദർസെൻ ... ... ... ൧൪

ഈശ്വർ ചന്ദർ വിദ്യാസാഗർ ... ... ൨൦

ദ്വാക്കാനാഥ് മിത്തെർ ... ... ... ൨൯

രാംഗോപാലഘോസ് ... ... ... ൪൭

ഹരിശ്ചന്ദർമുക്കർജ്ജി ... ... ... ൫൫

ക്രിസ്റ്റോദാസ് പാൽ . ... ... ൬൩

രാജേന്ദ്രലാൽമിത്രൻ ... ... ... ൭൩

കൃഷ്ണമോഹൻബാനർജ്ജി ... ... ... ൮൩

മധുസൂദനദത്തൻ ... ... ... ൮൭

ബാംകിംചന്ദർചാറർജ്ജി ... ... ... ൯൪

മനോമോഹൻഘോസ് ... ... ... ൯൮

ശ്രീമതി എം. ഭാഗീരഥി അമ്മതമ്പുരാൻ തിരുമനസ്സുകൊണ്ട്.

സർ രമേശചന്ദ്രമിത്രൻ ... ... ... ൧൦൫

ടി. കെ. കൃഷ്ണമേനോൻ ബി. എ.


## ബോമ്പായി.


ഗോകുൽദാസ് തേജ് പാൽ ... ... ... ൧

ടി. കെ. കൃഷ്ണമേനോൻ ബി. എ.

കർസൻദാസ് മുൽജി ... ... ... ൫

ദാമോദർതാക്കർസ് മൂൽജി ... ... ... ൧൦

ഭാവുദാജി ... ... ... ... ൧൬

ഒ. കുഞ്ഞികൃഷ്ണമേനോൻ ബി. എ.



81887

സൊറാബ്ജിഷാപ്പുജ്ജി ബെംഗാളി ... ... ൨൩
കെ. ഗോവിന്ദമേനോൻ ബി. എ.
നൌറോജിഫർദ്ദൂഞ്ജി ... ... ... ൩൯
ടി. കെ. കൃഷ്ണമേനോൻ ബി. എ.
സർ ജമ്സെഡ്ജി ജീജിഭായി ... ... ... ൪൭
സർ മംഗൾദാസ് നാത്തുഭായി ... ... ... ൫൫
വിശ്വനാഥനാരായണമണ്ഡലിക്ക് ... ... ൬൦
സി. ഗോവിന്ദൻ എളേടം
കാശിനാഥത്ര്യംബകടിലാങ്ങ് ... ... ൭൦
ടി. കെ. കൃഷ്ണമേനോൻ ബി. എ.
മഹാദേവഗോവിന്ദറാനേഡ് ... ... ൭൭
ശ്രീമതി എം. അമ്മത്തമ്പുരാൻ തിരുമനസ്സുകൊണ്ട്.

818 87

# രാജാ റാമ്മോഹൻ റായി.

---

ക്രിസ്താബ്ദം 1772-ാമതിൽ ബംഗാളുരാജ്യത്തു ഹുഗ്ലി ഡിസ്ത്രിക്ടിൽ രാധാനഗരം എന്ന ദിക്കിൽ റാമ്മോഹൻ റായി ജനിച്ചു. അദ്ദേഹത്തിന്റെ അച്ഛൻ റാംകാന്തറായി ആദ്യം മുൎഷദാബാദിലെ നബാവിന്റെ കീഴിലും, പിന്നീടു ബർദ്വാനിലെ മഹാരാജാവിന്റെ ഇടവക മാനേജരായിട്ടും ഉദ്യോഗം വഹിച്ചു. റാംകാന്തറായിയും അദ്ദേഹത്തിന്റെ ഭാൎയ്യയായ താരിണീദേവിയും മതപ്രതിപത്തിയുള്ളവരായിരുന്നു. റാമ്മോഹൻ ആദ്യമായി വംഗഭാഷയെ അഭ്യസിച്ചു. എന്നാൽ അക്കാലത്തു വിദ്വാന്മാൎക്കു പെൎഷ്യൻഭാഷയുടെ ജ്ഞാനം അത്യാവശ്യകമായി ഗണിക്കപ്പെട്ടിരുന്നതിനാൽ റാമ്മോഹൻ പാറ്റ്നായിൽ അയക്കപ്പെടുകയും അവിടെവെച്ചു അദ്ദേഹം അറബിയും പെൎഷ്യനും പഠിക്കയും ചെയ്തു. രണ്ടു വൎഷം കഴിഞ്ഞതിന്റെ ശേഷം സംസ്കൃതം പഠിക്കുന്നതിനായി അദ്ദേഹം കാശിയിലേക്കു തിരിക്കയും, അല്പകാലത്തിനുള്ളിൽ ആ ഭാഷയിലുള്ള ഗ്രന്ഥങ്ങളിൽ നന്നായി പരിചയിച്ചതു കൂടാതെ പ്രത്യേകിച്ചു ഉപനിഷത്തുകളിൽ നിപുണനായിത്തീരുകയും ചെയ്തു. റാമ്മോഹന്റെ ബുദ്ധി അന്വേഷണശീലമുള്ളതായിരുന്നു. പതിനാറാമത്തെ വയസ്സിൽ അദ്ദേഹം വിഗ്രഹാരാധനത്തെ കുറിച്ച് ഒരു കൃതി പ്രസിദ്ധപ്പെടുത്തി. അതു വംഗഭാഷയിൽ ഒന്നാമതായ ഗദ്യഗ്രന്ഥമായിരുന്നു. നാട്ടുകാരുടെ മതസിദ്ധാന്തങ്ങൾക്കു വിപൎയ്യാസം ചെയ്യുന്നതിൽ തനിക്കുള്ള പ്രാതികൂല്യത്തെ സ്ഥാപിക്കുന്നതിനാണ് അദ്ദേഹം ഈ ഗ്രന്ഥത്തെ നിൎമ്മിക്കുന്നതിൽ തുനിഞ്ഞതു്. ഹിന്ദുക്കളുടെ വിഗ്രഹാരാധനം പൂൎവ്വാചാരവിരുദ്ധമാണെന്നും അവർ ഭക്തിപൂൎവ്വം ആദരിക്കുന്ന പ്രമാണഗ്രന്ഥങ്ങളിൽ വിധിച്ചിട്ടുള്ള തത്വങ്ങൾക്കു്, അനനുരൂപമാണെന്നും തെളിയിക്കാൻ അ

ദ്ദേഹം ശ്രമിച്ചു. പുത്രൻെറ വിഗ്രഹാരാധനദ്വേഷത്തെ അറിഞ്ഞപ്പോൾ രാമ്കാന്തറായി കോപാന്ധനായി അദ്ദേഹത്തിനെ ഗൃഹത്തിൽനിന്നും ബഹിഷ്കരിച്ചു. ഗൃഹത്തിൽനിന്നും ബഹിഷ്കൃതനായതിൻെറ ശേഷം അദ്ദേഹം അനേക പ്രധാനസ്ഥലങ്ങളെ ദശിച്ചുകൊണ്ടു ഇൻഡ്യയിൽ സഞ്ചരിച്ചതു കൂടാതെ തിബെററിലേയ്ക്കും പോയി. ഇക്കാലത്തിനിടയിൽ അദ്ദേഹം പല ദേശീയഭാഷകളെ മനസ്സിലാക്കയും ജനങ്ങളുടെ മതാനുഷ്ഠാനങ്ങളെപ്പററിയുള്ള മുഖ്യസംഗതികളെക്കുറിച്ച് അറിവു ശേഖരിക്കയും ചെയ്തു. അദ്ദേഹം പിന്നീടു കുടുംബഗൃഹത്തിൽ തിരിച്ചുവന്നതു്, അക്കാലത്തിൽ നടപ്പായിരുന്ന മതാനുഷ്ഠാനങ്ങളെ പിന്നേയും ദൂഷിക്കയാൽ അച്ഛനാൽ ഒരിക്കൽക്കൂടി ആട്ടിപ്പുറത്താക്കപ്പെടാൻ മാത്രമായിരുന്നു. ഏതാനും വഷങ്ങൾക്കുള്ളിൽ അദ്ദേഹത്തിൻെറ അച്ഛൻ മരിക്കയാൽ അദ്ദേഹത്തിൻെറ അമ്മ അദ്ദേഹത്തിനു പ്രതി പ്രവേശം കൊടുത്തു.

൨൨-ാമത്തെ വയസ്സിൽ രാമ്മോഹൻ ഇംഗ്ലീഷു പഠിക്കാൻ തുടങ്ങി. അഞ്ചുവഷത്തിനുള്ളിൽ അദ്ദേഹത്തിനു് ആ ഭാഷയെ ശരിയായി സംസാരിക്കാറായി. ഫ്രെഞ്ച്, ലാററിൻ ഈ ഭാഷകളാലും അദ്ദേഹം അല്പം പരിചയിച്ചതു കൂടാതെ, ഗ്രീക്കും ഹിബ്രൂവും മനസ്സിലാക്കയും ചെയ്തു എന്നു പറയപ്പെട്ടിരിക്കുന്നു. ക്രിസ്ത്വാബ്ദം ൧൮൦൦-ൽ അദ്ദേഹം രംഗ്പൂർ ഡിസ്ത്രിക്ടു കലെക്ടർ മിസ്റ്റർ ഡിഗ്ബി എന്നയാളുടെ കീഴിൽ ഗുമസ്താവായി ഗവമ്മേണ്ടു ജോലിയിൽ പ്രവേശിച്ചു. രാമ്മോഹൻ ഉദ്യോഗത്തിൽ പ്രവേശിച്ചപ്പോൾ സാധാരണ ഗുമസ്താക്കളെപ്പോലെ അദ്ദേഹം നിന്നുകൊണ്ടു ഹജ്ജൂരിൽനിന്നും ഉത്തരവുകൾ വാങ്ങേണ്ടതില്ലെന്നു മിസ്റ്റർ ഡിഗ്ബി ഉടമ്പടി ചെയ്തതു്, ഒരു വിശേഷ സംഗതിയാകുന്നു. ഗുമസ്താവേലയിൽനിന്നും ശിരസ്തദാരുടെ സ്ഥാനത്തേയ്ക്കു് അദ്ദേഹത്തിനു കയററം കിട്ടുകയും ൧൮൧൪-ൽ അദ്ദേഹം വേല രാജി വെക്കയും ചെയ്തു. മിസ്റ്റർ ഡിഗ്ബി ശിര

സ്റ്റമാരുടെ യോഗ്യതകളെയും ശേഷിയേയും കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു:—"എൻെറ എഴുത്തുകുത്തുകളെ താൽപര്യത്തോടും ശ്രദ്ധയോടുംകൂടി വായിച്ചു മനസ്സിലാക്കയും, യൂറോപ്യന്മാരുമായി സംസാരിക്കയും, എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തുകൊണ്ട് ഇയാൾക്ക നന്നായി എഴുതുകയും വായിക്കയും ചെയ്യുന്നതിനു വേണ്ട ഇംഗ്ലീഷ് പരിജ്ഞാനം ലഭിച്ചിരിക്കുന്നു. ഇംഗ്ലീഷ് വത്തമാനപത്രങ്ങളെ വായിക്കയും ഇയാൾ നിയതമായി ശീലിച്ചുവരുന്നു."

സക്കാർ പണികൊണ്ടുള്ള പരാധീനതയിൽ നിന്നും വേർപെട്ടതിൻെറ ശേഷം റാമ്മോഹൻ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയും നാട്ടുകാരായ പണ്ഡിതന്മാരുമായി വാദപ്രതിവാദങ്ങൾ നടത്തിയും ദേശീയമതത്തെ ആക്ഷേപിക്കാൻ ഏകാഗ്രതയോടുകൂടി ഉദ്യമിച്ചു. മകൻെറ ഈ നാസ്തികബുദ്ധി കണ്ടു, ഭത്താവിൻെറ പോലെ തന്നെ താരണീദേവിയുടേയും അന്ത്യകാലം തീരെ സുഖമില്ലാത്തതായി തീരുകയാൽ അവൾ റാമ്മോഹനെ രംഗനാഥപുരത്തിലേക്ക മാററി താമസിപ്പിച്ചു. അവിടെ അദ്ദേഹം ഒരു വീടു പണിയിപ്പിച്ച് അതിൽ പാത്തു. എന്നാൽ റാമ്മോഹൻ വളരെ നാൾ ആ ഗ്രാമീണസ്ഥലത്തു താമസിച്ചില്ല. അദ്ദേഹം അവിടെനിന്നും കൽക്കത്തായിലേക്കു പോന്നു. അവിടെ വെച്ച് അദ്ദേഹം "വേദാന്തസാരം" എന്ന ഗ്രന്ഥത്തെ വംഗഭാഷയിൽ തജ്ജമചെയ്തു. ഗ്രന്ഥനാമം-ഉം ഗ്രന്ഥലേഖമായി ഉപനിഷത്തുകളെ വംഗഭാഷയിലും ഇംഗ്ലീഷിലും ഭാഷാന്തരം ചെയ്തു. ഈ പുസ്തകങ്ങൾ പ്രാചീനശാസ്ത്രാനുസാരികളുടെ കോപത്തിനു കാരണമായിത്തീരുകയും, ഇവരു പകരമായി റാമ്മോഹനെ ദൂഷിച്ച് അവർ പുസ്തകങ്ങളെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അവരുടെ അധിക്ഷേപങ്ങളെ ഏററവും ക്ഷമയോടെ അദ്ദേഹം സഹിച്ചു. ഹിന്തുശാസ്ത്രങ്ങളിൽ മാത്രമല്ലായിരുന്നു അദ്ദേഹം ബുദ്ധിയെ പ്രവത്തിപ്പിച്ചതു്. കൊറാനിനെ അറബിഭാഷയിലും, പഴയ നിയമത്തെ ഹി

ബ്രൂവിലും, പുതിയ നിയമത്തെ ഗ്രീക്കിലും അദ്ദേഹം പഠിച്ചു. ൧൮൨൦-ൽ അദ്ദേഹം "ക്രിസ്തുവിന്റെ ഉപദേശങ്ങൾ" എന്നൊരു പുസ്തകത്തെ സംസ്കൃതത്തിലും വംഗഭാഷയിലും അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തി. അതിൽ ക്രിസ്തുവിനെ ഒരു മതപ്രവർത്തകനായിട്ടല്ലാതെ ഈശ്വരാംശമുള്ളയാളായി അദ്ദേഹം കല്പിച്ചില്ല. ഇതു സെറാംപൂരിലുള്ള ക്രിസ്ത്യൻ പാതിരിമാരെ കോപിപ്പിക്കയും അവരും അദ്ദേഹവുമായി ഒരു വാദം നടക്കയും ചെയ്തു. ഉപദേശങ്ങൾ എന്ന ഗ്രന്ഥത്തെ സ്ഥാപിച്ചു റാമ്മോഹൻ ഒന്നാമത്തേയും രണ്ടാമത്തേയും 'അപ്പീലുകൾ' എന്ന പുസ്തകങ്ങളെ ബാപ്ടിസ്റ്റു മിഷ്യൻ അച്ചുകൂടത്തിൽ അച്ചടിപ്പിച്ചു. അപ്പോൾ "ഫ്രെണ്ടാഫ് ഇൻഡ്യാ" (ഇൻഡ്യാമിത്രം) എന്ന പത്രത്തിന്റെ പ്രവർത്തകനായിരുന്ന ഡാക്ടർ മാർഷ്മൻ അവയെ ഖണ്ഡിച്ച് എഴുതി. എന്നാൽ റാമ്മോഹൻ 'ഒടുവിലത്തെ അപ്പീൽ' എന്നൊരു പുസ്തകമുണ്ടാക്കി അച്ചടിപ്പിക്കാൻ ബാപ്ടിസ്റ്റു മിഷ്യൻ അച്ചുകൂടത്തിൽ അയച്ചപ്പോൾ അവർ അതിനെ അച്ചടിക്കയില്ലെന്നു പറഞ്ഞു. ഇതുകൊണ്ട് അദ്ദേഹം ഒട്ടും നിരുത്സാഹനാകാതെ സ്വന്തമായി ഒരു അച്ചുകൂടം ഏർപ്പെടുത്തി അവിടെ തന്റെ പുസ്തകത്തെ അച്ചടിപ്പിച്ചു. ഈ ഗ്രന്ഥത്തിൽ അദ്ദേഹം ഹിബ്രൂവിലും ഗ്രീക്കിലും അനേകം മൂലപ്രമാണങ്ങളെ എടുത്തു കാണിച്ചു സ്വസിദ്ധാന്തത്തെ സ്ഥാപിച്ചു. ഡാക്ടർ മാർഷ്മന്റെ മറുവടികൾ ഇംഗ്ലീഷിൽ രണ്ടാമതു അച്ചടിക്കപ്പെട്ടു. റാമ്മോഹന്റെ ഉത്തരങ്ങൾ ഇംഗ്ലണ്ടിലും അമേരിക്കായിലും പ്രസിദ്ധപ്പെടുത്തപ്പെട്ടു. ഈ പുസ്തകങ്ങൾ എല്ലാവരുടേയും ശ്രദ്ധയെ ആകർഷിച്ചു. രണ്ടാമത്തെ അപ്പീലുകളെക്കുറിച്ചു ഡാക്ടർ കാർപ്പെന്റർ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—"ഈ വിദ്വാനായ ഗ്രന്ഥകാരന്റെ യുക്തിവാദത്തിനുള്ള വിശദതയും, വൈദികഗ്രന്ഥങ്ങളുടെ അതിസൂക്ഷ്മമായ ജ്ഞാനവും, പരിശോധനകളുടെ കൂലങ്കഷതയും, വിഷയവിഭാഗത്തിന്റെ ഔചിത്യ

DISTRIBUTING LIBRARY KOTTAYAM

വും, സ്വാഭിപ്രായങ്ങളുടെ സ്പഷ്ടമായ പ്രതിപാദനവും, ഇതരമതഖണ്ഡനത്തിലുള്ള സാമർത്ഥ്യവും വിശേഷതന്നെ.* രാമ്മോഹൻ റായിയും ക്രിസ്തുമതവാദികളുമായി വളരെയും പല തക്കങ്ങൾ നടക്കുകയും ഹിന്ദുമതഗ്രന്ഥങ്ങളെ സ്ഥാപിക്കാനായി ഒരു മാസികപുസ്തകത്തെ പ്രസിദ്ധപ്പെടുത്താൻ അദ്ദേഹം തുടങ്ങുകയും ചെയ്തു. പ്രത്യേകം ഒരു പുസ്തകത്തിൽ അദ്ദേഹം ക്രിസ്തുമതക്കാരുടെ ത്രിത്വസിദ്ധാന്തത്തിന്റെ നിരൎത്ഥകതയെ പ്രതിപാദിച്ചു. ഡാക്ടർ ടിട്‌ലറുമായി നടത്തിയ വാദത്തിൽ ത്രിത്വത്തിൽ വിശ്വസിക്കുന്ന ക്രിസ്ത്യന്മാരുടേയും ഹിന്ദുക്കളുടേയും വിഗ്രഹാരാധനത്തിനു തമ്മിൽ വ്യത്യാസമൊന്നുമില്ലെന്നു് അയാൾ കാണിച്ചു. ഈ വാദങ്ങളുടെ ഒരു മുഖ്യഫലം, ക്രിസ്തുമതത്തിന്റെ ത്രിത്വസിദ്ധാന്തത്തിൽ വിശ്വസിച്ചിരുന്ന റവറണ്ടു. ഡബ്ല്യു. ആഡം എന്ന പാതിരി അതിന്റെ ഐക്യസിദ്ധാന്തത്തിൽ വിശ്വാസമുള്ളവനായിത്തീൎന്നതാകുന്നു.

എന്നാൽ കേവലം ഖണ്ഡനം മാത്രമല്ലായിരുന്നു രാമ്മോഹന്റെ പ്രവൃത്തി. കൽക്കത്തായിൽ താമസം തുടങ്ങീട്ടു രണ്ടാം വൎഷത്തിൽ ഉപനിഷത്തുകളിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള ഏകനായി അപ്രത്യക്ഷനായ ഈശ്വരനെ ആരാധിക്കുന്നതിനു വേണ്ടി 'ആത്മ്യസഭാ' എന്നൊരു മതസംഘത്തെ അദ്ദേഹം സ്ഥാപിച്ചു. പിന്നീട് അദ്ദേഹം വേദാഭ്യസനത്തിനായി 'വേദമന്ദിര'ത്തെ ഏൎപ്പെടുത്തി. സനാതനനും, അപ്രമേയനും, നിൎവ്വികാരനുമായ ജഗദീശ്വരന്റെ ആരാധനക്കായി ഒടുവിൽ അദ്ദേഹം ൧൮൨൮-ൽ 'ബ്രഹ്മസമാജ'ത്തെ സ്ഥാപിച്ചു. എന്നാൽ ഇതിന്നു് ഒരു സ്ഥലവും, എന്നേക്കും നടന്നുപോകേണ്ടതിനു വേണ്ട ധനവും ൧൮൩൦-ലേ അദ്ദേഹം സമ്പാദിക്കുന്നതിനു ശക്തനായുള്ളു. ശ്രുതികളിൽ നിഗൂഢവും, ഉപനിഷത്തുകളിൽ സ്പഷ്ടതരമായി പ്രതിപാദിതവുമായുള്ള പുരാതനമായ അദ്വൈതമതതത്ത്വത്തിൽ സ്വദേശീയൎക്കു വിശ്വാസത്തെ ജനിപ്പിക്കുകയായിരുന്നു രാ

മോഹൻറായിയുടെ ഉദ്ദേശ്യം. ഹിന്തുക്കൾക്കും മഹമ്മദന്മാൎക്കും ക്രിസ്ത്യന്മാൎക്കും ഒരുപോലെ വിശ്വസിക്കാവുന്ന ഒരു മതത്തെ അദ്ദേഹം സ്ഥാപിച്ചു. അതിൽ എല്ലാവരും ഈശ്വരൻെറ അദ്വിതീയതയെമാത്രമേ സമ്മതിക്കേണ്ടതായിട്ടുള്ളു. രാമ്മോഹൻറായിയുടെ മതപ്രവൎത്തകനായിട്ടുള്ള അവസ്ഥയെക്കുറിച്ചു സർ മാണിയർ വില്യംസിൻെറ താഴെ വിവരിക്കുന്ന വാക്കുകളിൽനിന്നു നമുക്കു നല്ല ബോധമുണ്ടാകും:—"വാസ്തവത്തിൽ രാമ്മോഹൻ റായിയുടെ ആഗ്രഹം സൎവ്വജനങ്ങൾക്കും ഒരുപോലെ വിശ്വസിക്കാവുന്ന ഒരു മതത്തെ സ്ഥാപിക്കണമെന്നായിരുന്നു. ജീവപൎയ്യന്തം അദ്ദേഹം ഒരു പ്രത്യേകമതത്തിലും ചേൎന്നിരുന്നില്ല. ഹിന്ദുക്കൾ അദ്ദേഹത്തിനെ വേദാന്തി എന്നും, അദ്വൈതികൾ ആസ്തികനെന്നും, ക്രിസ്ത്യന്മാർ ക്രിസ്ത്യാനി എന്നും, മഹമ്മദന്മാർ മഹമ്മദനെന്നും ഗണിച്ചുവന്നതിൽ അദ്ദേഹത്തിനു ചാരിതാൎത്ഥ്യമുണ്ടായിരുന്നു. ഈശ്വരജ്ഞാനം ഒരു ദേശക്കാൎക്കും ജാതിക്കാൎക്കും മാത്രമുള്ളതല്ല, എല്ലാവൎക്കും ഒന്നുപോലെ തന്നെ ഉള്ളതാണ് എന്നും, എല്ലാ നാട്ടിലുമുള്ള മഹാന്മാൎക്കും ഏറെക്കുറെ ഉദിക്കുന്ന തത്വബോധം തന്നെയാണ് അതു് എന്നും അദ്ദേഹം വിശ്വസിച്ചു. വേദങ്ങളിലും, ബൈബിളിലും, കൊറാനിലും, സെൻഡവസ്ഥായിലും, എന്നുവേണ്ട സൎവ്വജനങ്ങളുടെ മതഗ്രന്ഥങ്ങളിലും ഉള്ള തത്വമെല്ലാം ഈശ്വരോപജ്ഞമെന്നു ഗണിക്കപ്പെടേണ്ടതാണെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. ഏതു തത്വവും ശരിതന്നെയോ എന്നുള്ളതു ജനങ്ങളുടെ യുക്തിക്കും അനുഭവത്തിനും അഭിലാഷങ്ങൾക്കും അതു് അനുസരിച്ചിരിക്കുന്നോ, എന്നു പരീക്ഷിച്ചു തീൎച്ചപ്പെടുത്താനുള്ളതാണ്."

മുഖ്യമായി മതപരിഷ്കാരകനായിട്ടാണു രാമ്മോഹൻറായി ഗണിക്കപ്പെട്ടിരുന്നതെന്നു വരികിലും ആചാരപരിഷ്കാരണത്തിലും അദ്ദേഹത്തിൻെറ ശ്രമം അല്പമല്ലായിരുന്നു. അ

പ്പോൾ നടപ്പായിരുന്ന സതി * (ഉടന്തടിച്ചാട്ടം) എന്ന ആചാരത്തിൽ വെറുപ്പു തോന്നി അദ്ദേഹം അതിനെ നിറുത്തൽ ചെയ്യുന്നതിനു ധൈര്യത്തോടുകൂടി തുനിഞ്ഞു. ഈ ആചാരത്തെ ദൂഷിച്ച് അദ്ദേഹം അനേകം പത്രങ്ങളെ പ്രസിദ്ധപ്പെടുത്തി. ഇവ വില്യം ബെൻറിക്ക പ്രഭുവിൻെറ ശ്രദ്ധാവിഷയമായിത്തീന്നു. ഇതിനെപ്പററി റാമ്മോഹൻ റായിയുമായി കൂടക്കൂടെ അദ്ദേഹം സംഭാഷണങ്ങൾ ചെയ്തു. പന്തീരാണ്ടുകാലം വ്യവഹാരം പറഞ്ഞതിൻെറ ശേഷം റാമ്മോഹൻെറ ഉദ്യമം സഫലീഭവിച്ചു. ൧൮൨൯-ാം വഷം ഡിസംബർ മാസം ४-ാം നു ഈ ആചാരം നിറുത്തുന്നതിന് ഒരു നിയമം നടപ്പാക്കപ്പെട്ടു. ഹിന്ദുമതത്തിലുള്ള ഉത്തമതത്വങ്ങളെ ഉപദേശിക്കുന്നതിനും ഹിന്ദുജനങ്ങൾക്കു ക്ഷേമമാഗ്ഗത്തെ പ്രദശിപ്പിക്കുന്നതിനുമായി 'സംബന്ധകൌമുദി' എന്ന പേരോടുകൂടി ആഴ്ചതോറും ഒരു പത്രത്തെ റാമ്മോഹൻ റായി പ്രസിദ്ധപ്പെടുത്തി. പ്രാചീനമതസിദ്ധാന്തക്കാർ ചേന്നിരുന്ന 'ധമ്മസഭാ' ഇപ്പത്രത്തിന് എതിരായി 'ചന്ദ്രികാ' എന്നൊരു പത്രത്തെ നടത്താൻ തുടങ്ങി. മതസംബന്ധമായും ആചാരസംബന്ധമായുമുള്ള സംഗതികളെക്കുറിച്ച് ഈ രണ്ടു പത്രങ്ങളും തമ്മിൽ വാദപ്രതിവാദങ്ങൾ ഇടവിടാതെ നടന്നുവന്നു. ശ്രുതിസ്മൃതികളെ പ്രമാണീകരിച്ചു റാമ്മോഹൻ ബഹുഭായ്യാപരിഗ്രഹത്തെ ആക്ഷേപിക്കയും വിധവാവിവാഹം നിർദ്ദോഷമാണെന്നു സ്ഥാപിക്കയും ചെയ്തു.

യൂറോപ്പിലുള്ള ജനങ്ങളുടെ ആചാരങ്ങളും, നടത്തകളും, മതങ്ങളും, രാജ്യഭരണതന്ത്രങ്ങളും കണ്ടറിഞ്ഞു മനസ്സിലാക്കുന്നതിന് ഇംഗ്ലണ്ടിൽ പോകണമെന്നു റാമ്മോഹൻറായി വളരെ നാളായി ആഗ്രഹിച്ചുവന്നു. ൧൮൩൦-ൽ അതി

---

* മരിച്ചഭത്താക്കന്മാരോടു കൂടി ജീവിച്ചിരിക്കുന്ന ഭായ്യമാരെ ദഹിപ്പിക്കു.

ന് ഒരു നല്ല സന്ദർഭം ലഭിച്ചു. രാജ്യഭ്രഷ്ടനായ ദില്ലിചക്രവർത്തി, ഇംഗ്ലണ്ടിലെ രാജാവിനോടു ഏതാനും സങ്കടങ്ങൾ അറിയിക്കാൻ ആഗ്രഹിക്കയും അതിനു റാംമോഹനെ തൻെറ ആൾപ്പേരായി അയക്കണമെന്നു നിശ്ചയിക്കയും ചെയ്തു. ചക്രവർത്തി റാംമോഹന്നു 'രാജാ' എന്ന സ്ഥാനപ്പേർ കൊടുത്തു. രാജാറാംമോഹൻറായി ൧൮൩൦ നവേമ്പർ ൧൯-ാംനു-ഇംഗ്ലണ്ടിലേക്കു പുറപ്പെട്ടു. അയാളുടെ കീർത്തി മുമ്പിൽതന്നെ ഇംഗ്ലണ്ടിൽ എത്തിയിരുന്നു. "ബോർഡ് ഓഫ് കൺട്രോൾ" എന്ന അധികാരസഭയുടെ അദ്ധ്യക്ഷനായിരുന്ന സർ. ജെ. സി. ഹാബ് ഹൌസിനാൽ അദ്ദേഹം രാജസന്നിധിയിൽ പ്രവേശിപ്പിക്കപ്പെട്ടു. രാജാവിൻെറ പട്ടാഭിഷേകോത്സവാവസരത്തിൽ യൂറോപ്പിലുള്ള ഇതരരാജാക്കന്മാരുടെ പ്രതിനിധികളുടെ കൂട്ടത്തിൽ റാംമോഹൻറായിക്കു മാന്യപദം ലഭിച്ചതു കൂടാതെ 'ലണ്ഡൺടാവേർൺ' എന്ന പാന്ഥവസതിയിൽവെച്ച് അദ്ദേഹത്തിന് ഒരു ആതിഥ്യസൽക്കാരവും ചെയ്യപ്പെട്ടു. ഇന്ത്യയിലെ ജൂഡിഷ്യലായും റവന്യൂവായുമുള്ള ഏർപ്പാടുകളെ വിചാരണ ചെയ്തുവന്ന പാർല്ലിമെൻറ് കമ്മററിയാൽ അദ്ദേഹത്തിൻെറ അഭിപ്രായം ചോദിക്കപ്പെട്ടു. ഇതിനും പുറമെ ഇന്ത്യായിലെ ജനങ്ങളുടെ സ്ഥിതിയെപ്പററിയും അയാൾ തെളിവു കൊടുത്തു. സതിയെ നിറുത്തുന്നതിനുള്ള ചട്ടത്തെപ്പററി പാർലിമെൻറ് സഭയിൽ അപ്പീലുണ്ടായപ്പോൾ റാംമോഹൻ അവിടെ സന്നിഹിതനായിരിക്കയും, ആ ചട്ടത്തിൻെറ ന്യായത്തെ കാണിച്ചുള്ള ഹരജികളെ താൻതന്നെ കൊടുക്കയും ചെയ്തു.

൧൮൩൧-ൽ അദ്ദേഹം ഫ്രാൻസുരാജ്യത്തെ ദർശിക്കയും അവിടെവെച്ചു ഫ്രെഞ്ചുഭാഷ പഠിക്കയും ചെയ്തു. അവിടെ താമസിക്കുമ്പോൾ ഫ്രാൻസിലെ രാജാവായ ലൂയി ഫിലിപ്പിയെ അദ്ദേഹം കാണുകയും രണ്ടു തവണ രാജാവിനോടുകൂടി സഹഭോജനം കഴിക്കയും ചെയ്തു. 'ഏഷ്യാററിക്കു സൊസയററി'യിൽ അദ്ദേഹം ഒരു സദസ്യനായി സ്വീകരിക്കപ്പെട്ടു.

൧൮൩൩-ൽ അദ്ദേഹം തിരികെ ഇംഗ്ലണ്ടിൽ പോയി ഇൻഡ്യാബിൽ അനുവദിക്കുന്നതുവരെ ലണ്ഡൻ നഗരത്തിൽ താമസിച്ചു. അവിടെ താമസിക്കവേ, പല ഹിന്ദുമതഗ്രന്ഥങ്ങളെ തൎജ്ജമ ചെയ്കയും പല യോഗ്യന്മാരുമായി മതവിഷയവാദങ്ങളെ നടത്തിപ്പോരുകയും ചെയ്തു. അദ്ദേഹം തൻെറ യോഗ്യതയും ശേഷിയും നിമിത്തം വളരെ പ്രസിദ്ധി നേടി. കാമൽ എന്ന കവി അദ്ദേഹത്തിനെ വൎണ്ണിച്ചു് എഴുതി; യോഗ്യനായ ബ്രൂഹാം അദ്ദേഹത്തിൻെറ ഇഷ്ടനായിത്തീൎന്നു. ഋഗ്വേദത്തെ തൎജ്ജമ ചെയ്തുകൊണ്ടിരുന്ന പണ്ഡിതനായ റോസൻ അദ്ദേഹത്തിനോടാലോചിച്ചു; മരണശയ്യാഗതനായ ചിത്രകാരൻ വില്യം റാസ്കോ അദ്ദേഹത്തിനെ കാണാൻ ആഗ്രഹിച്ചു; തത്വജ്ഞാനിയായ ബന്താം 'ജനോപകാരകൃത്യത്തിൽ തൻെറ അത്യന്തം പ്രിയതമനും ബഹുമതനുമായ സഹകാരി' എന്നു് അദ്ദേഹത്തിനെ അഭിസംബോധനം ചെയ്തു. രാജാ റാമ്മോഹനെക്കുറിച്ചു ബന്താമിനുണ്ടായ ബഹുമാനം അസാമാന്യമായിരുന്നു. ആ തത്വജ്ഞൻ അദ്ദേഹത്തിനു് ഇപ്രകാരം എഴുതിയിരിക്കുന്നു:—"ഒരു ഹിന്ദു എഴുതിയതാണെന്നു വിവരിച്ചിട്ടില്ലായിരുന്നെങ്കിൽ ഞാൻ വായിച്ച നിങ്ങളുടെ കൃതിയെ, നല്ലവണ്ണം പഠിച്ചു് ഒരു ഇംഗ്ലീഷുമനുഷ്യനാൽ നിൎമ്മിക്കപ്പെട്ടതായിട്ടുതന്നെ ഞാൻ വിചാരിക്കുമായിരുന്നു." ആ എഴുത്തിൽ തന്നെ ജേംസ് മില്ലിൻെറ ഇന്ത്യാചരിത്രത്തെ പ്രശംസിക്കവേ, "രചനാവിഷയത്തിൽ നിങ്ങളുടെ കൃതിപോലെയാണു് ഇതും എന്നു് എനിക്കു പറയാൻ കഴിഞ്ഞാൽ കൊള്ളാമായിരുന്നു" എന്നു പ്രസ്താവിച്ചിട്ടുണ്ടു്.

൧൮൩൩ സെപ്റ്റംബറിൽ ഡാക്ടർ കാൎപ്പൻററുടെ നിമന്ത്രണപ്രകാരം രാജാ റാമ്മോഹൻ ബ്രിസ്റ്റൽ എന്ന പട്ടണത്തിൽ പോയി. അതിനു സമീപം സ്റ്റേപ്പിൾടൺ ഗ്രോവ് എന്ന സ്ഥലത്തു് ഒരു ഗൃഹത്തിൽ താമസിച്ചു. സെപ്റ്റംബർ ൧൯-ാം നു അദ്ദേഹത്തിനു് ഒരു ജ്വരം ആരംഭി

ച്ചു. അവിടെയുള്ള ശ്രേഷ്ഠന്മാരായ വൈദ്യന്മാർ അതിശ്രദ്ധയോടെ ചികിത്സിച്ചു എന്നു വരികിലും ൧൮൩൩-ൽ അദ്ദേഹം നാമാവശേഷനായി. അവിടെ ഒരു വിജനമായ ഗുല്മവാടത്തിൽ അദ്ദേഹത്തിന്റെ ശവം അടക്കപ്പെട്ടു. പത്തുവർഷം കഴിഞ്ഞതിന്റെ ശേഷം ബ്രിസ്റ്റളിനു സമീപമുള്ള ഒരു ശ്മശാനത്തിൽ അദ്ദേഹത്തിന്റെ ദേഹത്തെ എടുത്തുകൊണ്ടുപോയി സ്ഥാപിച്ചു. ദ്വാരകാനാഥടാഗൊർ അവിടെ ഒരു ശവകുടീരം പണിചെയ്യിച്ചു. അതിൽ ഇപ്രകാരം എഴുതീട്ടുണ്ടു്:—"ഈ കല്ലിനടിയിൽ രാജാറാമ്മോഹൻറായിയുടെ ശവം സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഈശ്വരന്റെ ഐക്യത്തിൽ നിർവ്യാജമായും ദൃഢമായും വിശ്വസിച്ചിരുന്ന ഇദ്ദേഹം ഈശ്വരാരാധനത്തിൽ തന്റെ ജീവിതകാലം മുഴുവനും കഴിച്ചുകൂട്ടി. സ്വഭാവേന മേധാവിയായ ഇദ്ദേഹം അനേകഭാഷകളിൽ നൈപുണ്യം സമ്പാദിക്കയാൽ അക്കാലത്തിലുള്ള പണ്ഡിതശ്രേഷ്ഠന്മാരിൽ ഒരുത്തനായി പ്രസിദ്ധി സമ്പാദിച്ചു. ഇന്ത്യായിലുള്ള ജനങ്ങളുടെ മനസ്സിന്നും ദേഹത്തിന്നും ആചാരത്തിന്നും നന്മയെ വർദ്ധിപ്പിക്കുന്നതിനും വിഗ്രഹാരാധനത്തേയും സതിയേയും നിറുത്തുന്നതിനും ഇദ്ദേഹം ചെയ്തിട്ടുള്ള പരിശ്രമങ്ങളേയും, ഈശ്വരമഹിമയ്ക്കും ലോകക്ഷേമത്തിന്നും അഭിവൃദ്ധികരമായ എല്ലാ വിഷയത്തിലും ഇദ്ദേഹം ചെയ്തിട്ടുള്ള പ്രവചനങ്ങളേയും ഇദ്ദേഹത്തിന്റെ നാട്ടുകാർ ഒരിക്കലും മറന്നുപോകുന്നതല്ല."

ഇംഗ്ലീഷുഭാഷയുടെ ജ്ഞാനത്തെ പ്രസരിപ്പിക്കുന്നതിനും നാട്ടുഭാഷാഗ്രന്ഥങ്ങളെ പരിഷ്കരിക്കുന്നതിനും റാമ്മോഹൻറായി വേണ്ട സഹായങ്ങൾ ചെയ്തു വന്നു. അദ്ദേഹം ൧൮൧൬-ൽ ഡേവിഡ് ഹേർ, സർ എഡ്വേർഡ് ഹൈഡ് ഇവരോടു ചേൎന്നു കൽക്കത്തായിൽ ഹിന്ദുകാളേജ് സ്ഥാപിച്ചു. ഇംഗ്ലീഷിലും സംസ്കൃതത്തിലുമുള്ള വിദ്യാഭ്യാസത്തിന്റെ താരതമ്യത്തെ കാണിച്ചു ഗവൺർജനറൽ ആയിരുന്ന ആമർസ്റ്റു് പ്രഭുവിനു അദ്ദേഹം ൧൮൨൩-ൽ ഒരു ലേ

ഖനം അയച്ചു. സ്ത്രീവിദ്യാഭ്യാസത്തെയും അദ്ദേഹം സഹായിച്ചു. ഇംഗ്ലണ്ടിൽചെന്നു രാജ്യകാൎയ്യങ്ങൾക്കുവേണ്ടി വേലകൾ കൂടാതെ ഹിന്ദുക്കളും മഹമ്മദന്മാരുമായുള്ള നാട്ടുകാരുടെ അറിവിനും ഉന്നതിക്കുമായി രാജ്യതന്ത്രവിഷയങ്ങളെ പ്രതിപാദിക്കുന്ന ഒരു പത്രത്തെ പേർഷ്യൻഭാഷയിൽ അദ്ദേഹം ഇന്ത്യയിൽ നടത്തി. സ്പാനിഷ് കാൺസ്റ്റിറ്റ്യൂഷൻ സ്ഥിരപ്പെട്ടപ്പോൾ ആ സന്തിയെ ആഘോഷിക്കുന്നതിനുവേണ്ടി അദ്ദേഹവും അദ്ദേഹത്തിന്റെ സ്നേഹിതനായ ദ്വാരകനാഥടാഗോറും യൂറോപ്യന്മാരായ ഇഷ്ടന്മാൎക്കു ഒരു വിരുന്നുകഴിച്ചു. ആഡം എന്ന ഗവൎണ്ണർ 'കൽക്കത്താജൎണ്ണൽ' എന്ന പത്രത്തെ നശിപ്പിക്കയും അതിന്റെ പത്രാധിപരെ നാടുകടത്തുകയും ചെയ്ത സമയം ഇന്ത്യയിൽ അച്ചടിപ്പിക്കുന്ന പത്രങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി കൽക്കത്തായിലെ സുപ്രീംകോടതിയിലും ഇംഗ്ലണ്ടിലെ രാജാവിനോടും അപ്പീൽ ബോധിപ്പിച്ചവരുടെ കൂട്ടത്തിൽ ഒരാൾ ഇദ്ദേഹമായിരുന്നു. ബംഗാളത്തിൽ ഗദ്യകൃതികൾ ആദ്യമായി പ്രസിദ്ധപ്പെടുത്തിയതും ഇദ്ദേഹമായിരുന്നു. ഇദ്ദേഹം പദ്യരചനയിലും സമൎത്ഥനായിരുന്നു. വംഗഭാഷയിൽ ഇദ്ദേഹം ഒന്നാന്തരം പാട്ടുകൾ രചിച്ചിട്ടുണ്ട്. അവയെ ഇന്നും ബംഗാളത്തിലുള്ളവർ പാടുന്നു.

രാജാറാംമോഹൻറായിയുടെ ഗാൎഹസ്ഥ്യചരിത്രത്തെപ്പറ്റി വളരെ അറിവു കിട്ടീട്ടില്ല. എന്നാൽ അദ്ദേഹം പുത്രന്മാരോടും ഭാൎയ്യയോടും സ്നേഹമുള്ളവനായിരുന്നു എന്നുള്ളതിനു തെളിവുണ്ട്. അദ്ദേഹത്തിനു മൂന്നു ഭാൎയ്യമാരുണ്ടായിരുന്നു. അദ്ദേഹത്തിനു വളരെ ചെറുപ്പമായിരുന്നപ്പോൾതന്നെ ആദ്യത്തെ ഭാൎയ്യ മരിച്ചു. രണ്ടാമത്തെ ഭാൎയ്യ ഇരിക്കുമ്പോൾതന്നെ അദ്ദേഹത്തിന്റെ അച്ഛൻ അദ്ദേഹത്തിനെ മൂന്നാമതു വേളി കഴിപ്പിച്ചു. രണ്ടാമത്തെ ഭാൎയ്യയിൽ അദ്ദേഹത്തിനു രണ്ടു പുത്രന്മാരുണ്ടായി. അതിൽ ഒരാൾ കൽക്കത്താ ഹൈക്കോട്ടിൽ, നാട്ടുകാരിൽവെച്ച് ഒന്നാമതു ജഡ്ജിയായി നി

യമിക്കപ്പെട്ടു, പക്ഷേ ആ സ്ഥാനം എല്ക്കുന്നതിനുമുമ്പെ അയാൾ മരിച്ചുപോയി. റാമ്മോഹൻറായിയുടെ സ്വഭാവം സരളമായിരുന്നു. ഒരു സംഗതിയും അദ്ദേഹത്തിനെ അസ്വസ്ഥനാക്കിയില്ല. അദ്ദേഹം വിനീതനും അത്യന്തം ക്ഷമാശീലനുമായിരുന്നു. സർവോപരിയായി അദ്ദേഹം സ്വാർത്ഥപരനല്ലായിരുന്നു. താഴെ ചേർത്തിരിക്കുന്ന സംഗതി അദ്ദേഹത്തിൻെറ സ്വഭാവത്തെ നന്നായി വ്യഞ്ജിപ്പിക്കുന്നു. കൽക്കത്തായിലെ ഒന്നാമത്തെ ബിഷപ്പായ ഡാക്ടർ മിഡിൽടൺ രാജാറാമ്മോഹനെ സ്വന്തമതത്തിൽ ചേർക്കാൻ ശ്രമിച്ചു. ഒരിക്കൽ അവർ തമ്മിലുണ്ടായ സംഭാഷണത്തിൽ ഡാക്ടർ മിഡിൽടൺ ക്രിസ്തുമതത്തിൻെറ സത്യത്വത്തേയും നന്മയേയും പററി പ്രസംഗിച്ചതുകൂടാതെ ഇന്ത്യയിൽ ഈശ്വരഭക്തൻ എന്ന സ്ഥിതിയെ സ്വീകരിച്ചാൽ ഉണ്ടാകുന്ന യോഗ്യതയേയും, ബഹുമാനത്തേയും, ഖ്യാതിയേയും, പ്രയോജനത്തേയും പററി സംസാരിച്ചു. താൻ സത്യത്തിനും നന്മയ്ക്കുമല്ലാതെ വേറെ ഏതിനെങ്കിലും വശംവദനാകുമെന്നു ആ ബിഷപ്പു വിചാരിച്ചതിനെ കുറിച്ചു കുപിതനായിട്ടു റാമ്മോഹൻറായി പിന്നീടു് ഒരിക്കലും അയാളെ ചെന്നു കണ്ടിട്ടില്ല.

റാമ്മോഹൻറായി വാസ്തവത്തിൽ ഒരു ഉൽകൃഷ്ടപുരുഷനായിരുന്നു. പ്രൊഫെസ്സർ മാക്സ്മുള്ളർ ഇപ്രകാരം എഴുതിയിരിക്കുന്നു:—"ജെമ്മൻഭാഷയിൽ രാജാർത്ഥവാചിയായ 'ഫേർസ്റ്റ്' എന്ന വാക്കാണു് ഇംഗ്ലീഷിൽ ആദ്യപര്യായമായ 'ഫേർസ്ററ്' എന്നുള്ളതു്. അവയുടെ താല്പര്യം ആപത്തിലും എല്ലായ്പ്പോഴും മുമ്പിട്ടുനില്ക്കുന്ന ആൾ എന്നാകുന്നു. അങ്ങിനെയുള്ള ഒരു രാജാവായിരുന്നു റാമ്മോഹൻറായി. രാജാവെന്ന ശബ്ദത്തിനും 'റെക്സ്' എന്ന ലാററിൻശബ്ദത്തിൻെറ അർത്ഥംപോലെ അമരക്കാരൻ (കർണ്ണധാരൻ) എന്നർത്ഥമാണെങ്കിൽ വാസ്തവത്തിൽ രാജശബ്ദവാച്യതയ്ക്കു് അർഹൻ അദ്ദേഹമത്രെ.' റാമ്മോഹൻറായി മരിച്ചിട്ടു ഇപ്പോൾ അറുപതു വർഷത്തിനു മേലായി എങ്കിലും അന്നു ഹിന്ദുക്കളുടെ മനസ്സിൽ അദ്ദേഹം

എത്ര പൂജ്യനായി വിചാരിക്കപ്പെട്ടിരുന്നോ അതുപോലെ തന്നെ ഇന്നും ഇരിക്കുന്നു. അദ്ദേഹം മരിച്ചു പന്തിരാണ്ടു കഴിഞ്ഞിട്ടു ൧൮൪൫-ൽ 'കൽക്കത്താറിവ്യൂ' എന്ന പത്രത്തിൽ അദ്ദേഹം ഇതന്ന കാലത്തു ചെയ്തിട്ടുള്ള പ്രവൃത്തികളെപ്പററി ഒരാൾ എഴുതിയിരിക്കുന്നതിനെ ഇന്നും നാട്ടുകാർ ശരി എന്നു് ആദരിക്കുന്നു. 'കൽക്കത്താറിവ്യൂ'വിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:—"റാംമോഹൻറായി നിശ്ചയമായി ഒരു മഹാനായിരുന്നു. അദ്ദേഹത്തിൻെറ ബുദ്ധിവൈഭവം അനേകപ്രകാരമായിരുന്നതുകൂടാതെ അത്യന്താപകാരപ്രദവുമായിരുന്നു. ഉദാരമായും സുശിക്ഷിതമായുമുള്ള മനസ്സും ശരിയായ ബോധവും അദ്ദേഹത്തിനുണ്ടായിരുന്നു. അനേകവിഷയങ്ങളുടെ പരിജ്ഞാനത്തിലും, യുക്തിവാദങ്ങളുടെ അഗാധതയിലും വാസനയുടെ സൌഷ്ഠവത്തിലും നാട്ടുകാരിൽ ഒരുത്തരും അദ്ദേഹത്തിനോടു സമന്മാരായിരുന്നില്ല. മനുഷ്യവൎഗ്ഗത്തിൽ ബുദ്ധിശക്തികൊണ്ടും സന്മാൎഗ്ഗനിഷ്ഠകൊണ്ടും, അദ്ദേഹം ഉത്തമനായിരുന്നു. അദ്ദേഹത്തിനു മഹത്തായ ബുദ്ധിശക്തി മാത്രമല്ല ഉദാരമായ മനസ്സുമുണ്ടായിരുന്നു. "സന്ദേഹംവേണ്ട പരനുപകാരത്തിനാകാത്തതെങ്കിൽ കിന്ദേഹംകൊണ്ടൊരു ഫലമിഹ പ്രാണിനാം ക്ഷോണിതന്നിൽ?" എന്നുള്ള തത്വത്തെ അദ്ദേഹം ധരിച്ചിരുന്നതുപോലെ മററാരും ധരിച്ചിരുന്നില്ല. തന്നോടു മററുള്ളവർ പ്രവൎത്തിക്കേണമെന്നുവിചാരിക്കുന്നതുപോലെ മററുള്ളവരോടു തങ്ങളും പ്രവൃത്തിക്കണമെന്നുള്ള ന്യായത്തെ അദ്ദേഹം പലപ്പോഴും ഉപദേശിച്ചു. മററുള്ളവൎക്കു ഗുണം ചെയ്ക അദ്ദേഹത്തിനു വളരെ സന്തോഷകരമായ ജോലിയായിരുന്നു. മററുള്ളവരുടെ കഷ്ടതകൾക്കു നിവൃത്തി ചെയ്തു അവരുടെ സുഖത്തെ വൎദ്ധിപ്പിക്കുന്നതുപോലെ ആനന്ദപ്രദമായി മറെറാന്നുമില്ലെന്നായിരുന്നു അദ്ദേഹത്തിൻെറ വിചാരം.........മതഭ്രാന്തന്മാരുടെ വിരോധത്തെ ഇല്ലായ്മ ചെയ്യത്തക്ക മനശ്ശക്തിയോടും, ക്ഷീണമാകാത്ത ക്ഷമയോടും, ദ്രോഹത്തെ അധഃകരിക്കുന്ന ഉൽക്കൎഷത്തോടും, സൎവ്വസ

മാനമായ ഔദാൎയ്യത്തോടും, മദാന്ധവും ഭ്രാന്തവുമല്ലെങ്കിലും ഭക്തിശ്രദ്ധകളോടുകൂടിയ മതപ്രതിപത്തിയോടും; തന്റെ അറിവിന് അനുസരിച്ചു; ഹിന്ദുക്കളുടെ ഹൃദയത്തെ അജ്ഞാനത്തിന്റെ ദ്രോഹത്തിൽനിന്നും മോചിപ്പിച്ചു. യുക്തിക്കു ചേൎന്നതായ ഒരു മതത്തിന്റെ ഉൽകൃഷ്ടതാംശങ്ങളായ തത്വങ്ങളെ ഉപദേശിക്കുന്നതിന്നു് അദ്ദേഹം ശ്രമിച്ചു.”

# കേശബ് ചന്ദർസേൻ

കേശബ് ചന്ദർസേൻ ൧൮൩൮-ാം വൎഷം നവംബർ മാസം ൧൯-ാംനു കൽക്കത്തായിൽ ജനിച്ചു. അദ്ദേഹത്തിന്റെ പൂൎവ്വന്മാർ ഹൂഗ്ലിതീരത്തിൽ ഗാറെഫ് എന്ന ഗ്രാമക്കാരായിരുന്നു. അദ്ദേഹത്തിന്റെ കുടുംബം വൈശ്യജാതിയിൽ ചേൎന്നതായിരുന്നു. അതു പണ്ടത്തെ സേനരാജാക്കന്മാരുടെ വംശത്തിൽനിന്നു വന്നിട്ടുള്ളതെന്നാണു പറയുന്നതു്. എന്നാൽ കേശബ് ചന്ദരുടെ പിതാമഹൻ രാമകമ്ല്സെൻ ആയിട്ടാണു് ഈ കുടുംബത്തിനു കല്ക്കത്തായിൽ പ്രാധാന്യം നേടിയതു്. രാംകമ്ല്സെൻ സ്വപരിശ്രമം കൊണ്ടു പ്രസിദ്ധി സമ്പാദിച്ച ഒരാളായിരുന്നു. അദ്ദേഹം എട്ടു രൂപാ മാസപ്പടിയോടുകൂടിയ അച്ചുനിരത്തുന്ന വേലയിൽനിന്നും ൨,൦൦൦ രൂപാ ശമ്പളമുള്ള ബെംഗാൾബാങ്കിന്റെ ദിവാൻ ആയിത്തീൎന്നു. അയാൾ നല്ല യോഗ്യനും പണ്ഡിതനും ബുദ്ധിമാനുമായിരുന്നു. ഇംഗ്ലീഷും വംഗഭാഷയും ചേൎന്ന നിഘണ്ടു ഉണ്ടാക്കീട്ടുള്ള ഡാക്ടർ വിൽസൺ അദ്ദേഹത്തിനെ വളരെ ബഹുമാനിച്ചുവന്നു. രാംകമലിനു നാലു പുത്രന്മാരുണ്ടായിരുന്നു. അവരിൽ പ്യാരിമോഹൻ രണ്ടാമനായിരുന്നു. അദ്ദേഹം കുറേക്കാലം കൽക്കത്തായിലെ കമ്മട്ടത്തിൽ ദിവാനായിരുന്നു. പ്രസിദ്ധനായ പിതാവി

ൻെറ മരണാനന്തരം മൂന്നു വർഷം കഴിഞ്ഞ് ൧൮൪൪-ൽ അദ്ദേഹം മരിച്ചു. അദ്ദേഹം ദയാവാരംരഞ്ജനയുള്ളവനുമായ ഒരു യുവാവായിരുന്നു. എന്നാൽ അദ്ദേഹത്തിന് അധികം പ്രസിദ്ധി കിട്ടീട്ടുള്ളതു മഹാനുഭാവനായ ഒരു പിതാവിൻെറ പുത്രനാണെന്നും താദൃശനായ ഒരു പുത്രൻെറ പിതാവാണെന്നും ഉള്ളതുകൊണ്ടാണ്. മുപ്പത്തിനാലാം വയസ്സിൽ മരിച്ചു എങ്കിലും അദ്ദേഹത്തിനു മൂന്നു പുത്രന്മാരുണ്ടായിരുന്നു. കേശബ് ചന്ദർ അവരിൽ രണ്ടാമനായിരുന്നു.

അച്ഛൻ മരിക്കുന്ന കാലത്തിൽ കേശബിനു പത്തുവയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ. ഭാഗ്യവശാൽ അദ്ദേഹത്തിൻെറ അമ്മ ഒരു വിശിഷ്ടയായ സ്ത്രീയായിരുന്നു. അമ്മയുടെ വാത്സല്യത്തോടും ജാഗ്രതയോടും കൂടിയ ശുശ്രൂഷയിൽ കേശബ് വളൎന്നു. കുട്ടിയായിരിക്കുമ്പോൾ, കേശബിനു നല്ല വസ്ത്രങ്ങളിലും നല്ല പെട്ടികളിലും എന്നു വേണ്ട, എല്ലാം നല്ല സാമാനങ്ങളിലും ആഗ്രഹമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ സാമാനങ്ങളെ മററാരും എടുക്കുന്നതു അദ്ദേഹത്തിനിഷ്ടമില്ലായിരുന്നു. അദ്ദേഹം സുശീലനും ശാന്തനുമായിരുന്നു. വളരെ അപൂൎവ്വമേ അദ്ദേഹത്തിനു കോപം വരികയുള്ളൂ. ദുസ്സ്വഭാവങ്ങൾ ഒന്നുംതന്നെ അദ്ദേഹത്തിനില്ലായിരുന്നു. സ്വഗൃഹത്തിൽ വെച്ച് അല്പകാലം നാട്ടുഭാഷ പഠിച്ചതിൽപിന്നെ ൧൮൪൫-ൽ അദ്ദേഹം ഹിന്ദുകാളേജിൽ അയക്കപ്പെട്ടു. അദ്ദേഹം നല്ല പരിശ്രമശീലനായ ഒരദ്ധ്യേതാവായിരുന്നു. ആണ്ടുതോറുമുള്ള പരീക്ഷകളിൽ ഒരു സമ്മാനമെങ്കിലും അദ്ദേഹം വാങ്ങിക്കാതെയിരിക്കയില്ല, ചിലപ്പോൾ രണ്ടും അധികവുമായി എന്നു വരാം. ൧൮൫൦-ൽ അദ്ദേഹം ഒന്നാം ജൂനിയർ ക്ലാസിൽ പഠിക്കുമ്പോൾ ഗണിതശാസ്ത്രത്തിൽ ഒരു വളരെ വലിയ പുസ്തകത്തെ സമ്മാനമായി വാങ്ങി. അന്നുമുതൽ അദ്ദേഹത്തിനെ 'വലിയ പുസ്തകത്തോടുകൂടിയ ചെറിയ കുട്ടി' എന്ന് എല്ലാവരും വിളിച്ചുവന്നു. ൧൮൫൨-ൽ അദ്ദേഹം സ്ക്കൂൾ ഡിപ്പാർട്ടുമെൻറിൽ ഒന്നാം ജൂനിയർ ക്ലാ

സിലായി. അസാമാന്യനായ അദ്ദേഹത്തിൻെറ ബുദ്ധി പരിശ്രമത്തോടു ചേൎന്നപ്പോഴേയ്ക്കു് അദ്ദേഹം മഹാ പണ്ഡിതനായി തീരുമെന്നു് എല്ലാവരും പ്രതീക്ഷിച്ചുകൊണ്ടിരുന്നു. എന്നാൽ ആ പ്രതീക്ഷ ഫലിച്ചില്ല. ഏകദേശം ഇക്കാലത്തിൽ ഹിന്ദുകാളേജിൻെറ ഉടമസ്ഥന്മാർ തമ്മിൽ ഛിദ്രമുണ്ടായി മെട്രൊപ്പൊളിട്ടൻകാളേജ് എന്നു പേരായി കൽക്കത്തായിൽ ഒരു എതിരു പള്ളിക്കൂടം സ്ഥാപിക്കപ്പെട്ടു. കേശബിനെ ഹിന്ദുകാളേജിൽനിന്നും വിടുതൽ ചെയ്യിപ്പിച്ച് എതിരു പള്ളിക്കൂടത്തിൽ ഉയൎന്ന ക്ലാസിൽ എടുപ്പിച്ചു. ഈ എതിരുപള്ളിക്കൂടം ഒന്നു രണ്ടു വൎഷത്തിനുള്ളിൽ നാമാവശേഷമായി. അതിനാൽ കേശബ് തിരിയെ ഹിന്ദുകാളേജിൽ ചെന്നുചേൎന്നു. പള്ളിക്കൂടങ്ങളുടെ ഈ മാററം അദ്ദേഹത്തിൻെറ പഠിത്വത്തിനു ഹാനികരമായി തീൎന്നു. തന്നിമിത്തം അദ്ദേഹത്തിനു മററു പരീക്ഷകളിലൊന്നിലും ജയിക്കാൻ സാധിച്ചില്ല. ൧൮൫൮ വരെ അദ്ദേഹം കാളേജിൽ പഠിച്ചു. ഒടുവിൽ രണ്ടുവൎഷം അദ്ദേഹം തത്വശാസ്ത്രങ്ങളെ അഭ്യസിച്ചു. സർ. വില്യം ഹാമിൽട്ടനെ അദ്ദേഹത്തിനു വളരെ ഭ്രമമായിരുന്നു. കവികളിൽ അദ്ദേഹം ഷെക്സ്പിയരുടേയും മിൽടൻെറയും യംഗിൻെറയും കൃതികളെ വായിച്ചു.

ബാല്യത്തിൽ തന്നെ കേശബിന് ഈശ്വരപ്രാൎത്ഥനയുടെ സാഫല്യത്തിൽ നല്ല വിശ്വാസമുണ്ടായിരുന്നു. റവറണ്ഡ് ടി. എച്ച്. ബർൻസ്, റവറണ്ഡ് ജെ. ലാങ്, റവറണ്ഡ് സി. എച്ച്. എ. ഡാൾ എന്നീ പാതിരിമാർ അദ്ദേഹത്തിന് അപ്പോഴേ പരിചിതന്മാരായിരുന്നു. ഇവരുടേയും പിന്നെ ചില സ്നേഹിതന്മാരുടേയും സഹായത്തോടുകൂടി അദ്ദേഹം "ബ്രിട്ടീഷ് ഇൻഡ്യാ സൊസയററി" എന്ന് ഒരു പണ്ഡിതസമാജത്തെ ഏൎപ്പെടുത്തി. അതിൻെറ ഉദ്ദേശ്യം ശാസ്ത്രീയമായും മററുമുള്ള ഗ്രന്ഥങ്ങളുടെ ജ്ഞാനത്തെ സമ്പാദിക്കുകയായിരുന്നു. ജ്ഞാനാഭിവൃദ്ധിക്കുവേണ്ടി അദ്ദേഹം പിന്നേയും അനേകം സംഘങ്ങളെ ആരംഭിച്ചു. ൧൮൫൭-ൽ അ

DISTRIBUTING LIBRARY No. KOTTAYAM

ദ്ദേഹം "കൽക്കത്താ സായന്തനപാഠശാല" എന്നൊരു പള്ളിക്കൂടത്തെ ഏർപ്പെടുത്തി, അവിടെ ഇംഗ്ലീഷിലുള്ള ഉയൎന്നതരം ഗ്രന്ഥങ്ങളെ പഠിപ്പിക്കുകയും മതത്തേയും ധൎമ്മത്തേയും പററി പ്രസംഗങ്ങൾ ചെയ്കയും ചെയ്തു. ഷേക്സ്പിയരുടെ നാടകങ്ങളിലുള്ള ഭ്രമം നിമിത്തം അദ്ദേഹം നാടകസംഘങ്ങളെ ചേർക്കയും ഹാംലററിൻെറ വേഷം താൻതന്നെ ധരിച്ചു നന്നായി അഭിനയിക്കുകയും ചെയ്തു. മൂന്നുനാലു വൎഷം കഴിഞ്ഞപ്പോൾ കൽക്കത്താ സായന്തനപാഠശാല നിറുത്തലായി. ൧൮൫൯-ൽ മതപ്രോത്സാഹനത്തിനുവേണ്ടി "ഗുഡ്വിൽ ഫ്രെറ്റേർണിററി" എന്നൊരു സമാജത്തെ അദ്ദേഹം ഉണ്ടാക്കി. ഈശ്വരനാണു, നമ്മുടെ എല്ലാവരുടേയും സ്രഷ്ടാവു് എന്നും അതുകൊണ്ടു് എല്ലാവരും സഹോദരന്മാരാണു് എന്നുമുള്ള വിഷയത്തെപ്പററി ആ സംഘത്തിൽ അദ്ദേഹം സോത്സാഹം പ്രസംഗിച്ചു. ആ സംഘത്തിൽ നിത്യമായി വായിച്ചുവന്ന പുസ്തകങ്ങൾ ഡാക്ടർ ചാൽമറുടെ "ഔൽസൂക്ത്യം" തിയൊഡോർ പാർക്കരുടെ "ദിവ്യജ്ഞാനം" ഇവയായിരുന്നു. ആ വൎഷത്തിൽതന്നെ കേശബ് ബ്രഹ്മസമാജത്തിൽ ചേൎന്നു് അതിനുള്ള അച്ചടിച്ച ഉടമ്പടിയിൽ ഒപ്പിട്ടു. അതിൽ ചേരാനുള്ള കാരണത്തെ അയാൾ ഇപ്രകാരം പറഞ്ഞിരിക്കുന്നു:—"എനിക്കു് ഒരു മതത്തിൽ ചേരണമെന്നു തോന്നിയപ്പോൾ എൻെറ ഉദ്ദേശ്യത്തിനു് അനുരൂപമായതൊന്നുമില്ലെന്നു കണ്ടു. അപ്പോൾ കൽക്കത്തായിലുള്ള ബ്രഹ്മസമാജക്കാരാൽ പ്രസിദ്ധപ്പെടുത്തപ്പെട്ട ഒരു ചെറിയ പുസ്തകം എൻെറ കയ്യിൽ കിട്ടി. അതിൽ 'ബ്രഹ്മമതം എന്താണു്?' എന്നുള്ള അദ്ധ്യായത്തെ വായിച്ചപ്പോൾ എൻെറ ആന്തരമായ വിശ്വാസത്തിനോടു് അതു് ഒത്തിരുന്നു. ആത്മാവിനു് ഏതിൽ വിശ്വാസം തോന്നുന്നോ അതിനേയാണു വിശ്വസിക്കേണ്ടതു്. അല്ലാതെ പുസ്തകങ്ങളിൽ എഴുതിട്ടുള്ളതിനെയല്ല; ഈശ്വരൻ നമ്മുടെ അന്തഃകരണത്തിൽ ഉദിപ്പിക്കുന്ന തത്വബോധത്തിനെ മനുഷ്യൻ അന്യഥാകരി

ക്കാൻ ശ്രമിക്കരുത്; അതിനെ സൎവാത്മനാ വിശ്വസിക്കണം; എന്നാണ് എനിക്ക് എല്ലായ്പോഴും തോന്നീട്ടുള്ളത്. അതിനാൽ ഉടനെ ബ്രഹ്മസമാജത്തിൽ ചേരാൻ ഞാൻ ഉറച്ചു.” ൧൮൫൯ൽ ബ്രഹ്മപാഠശാല ഏൎപ്പെടുത്തപ്പെട്ടു. അവിടെ കേശബ്ചന്ദ്രനും ദേവേന്ദ്രനാഥ്ഠാകോറുംകൂടി ആസ്തിക്യവാദത്തെപ്പറ്റി അനേകം പ്രസംഗങ്ങൾ ചെയ്തു. അനന്തരം ഒരു നാടകസംഘത്തെ അദ്ദേഹം സ്ഥാപിച്ചു. വിധവാവിവാഹനാടകത്തെ അഭിനയിപ്പിച്ചു. ഈ നാടകം എല്ലാവൎക്കും വന്നു കാണാവുന്നതായിരുന്നതിനാൽ ഇതു കണ്ടു കൽക്കത്തായിൽ ഒരു ഇളക്കമുണ്ടായി.

കേശബിന്റെ സംബന്ധക്കാർ അദ്ദേഹത്തിന് എന്തെങ്കിലും ഒരു സ്വതന്ത്രമായ ഉപജീവനമാൎഗ്ഗമുണ്ടാക്കി കൊടുക്കേണമെന്നാലോചിച്ചു ബെംഗാൾ ബാങ്കിൽ ൨൫ രൂപാ ശമ്പളത്തിൽ ഒരു രായസവേല ഉണ്ടാക്കിക്കൊടുത്തു. ഒരു വൎഷത്തിനുള്ളിൽ അദ്ദേഹത്തിന്റെ ശമ്പളം ഇരട്ടിയായി. പിന്നേയും അവിടെത്തന്നെ സ്ഥിരമായിരുന്നെങ്കിൽ ഉയൎന്ന പദത്തെ ലഭിക്കുന്നതിന് അവസരമുണ്ടായേനെ. എന്നാൽ ൧൮൬൧ൽ അദ്ദേഹം ആ വേല രാജികൊടുത്തു. അദ്ദേഹത്തിന്റെ വംശക്കാർ വളരെ തലമുറകളായി നോക്കിവരുന്ന ജോലി വിട്ടുപോകാതെ ഇരിക്കുന്നതിനുവേണ്ടി ൧൮൬൨ൽ കൽക്കത്താകമ്മട്ടത്തിൽ ഒന്നുരണ്ടു മാസത്തേക്കു ഖജാൻജിവേല അദ്ദേഹം ഏറ്റു. അദ്ദേഹം തന്റെ ജീവിതകാലത്തിന്റെ ശിഷ്ടഭാഗമെല്ലാം ബ്രഹ്മമതവാദിയായി തന്നെ കഴിച്ചുകൂട്ടി.

അദ്ദേഹം ൧൮൬൦ൽ ‘ബംഗാളത്തിലുള്ള യുവാക്കന്മാരേ! നിങ്ങൾക്കാണിതു്’ എന്നു പേരോടുകൂടി ഒരു ചെറിയ പുസ്തകത്തെ പ്രസിദ്ധപ്പെടുത്തി. ഇതിനെ തുടൎന്ന് അദ്ദേഹം പിന്നെ പത്തുപന്ത്രണ്ടു പുസ്തകത്തോളം അച്ചടിപ്പിച്ചു. അതേവൎഷത്തിൽ അദ്ദേഹം മതവാദിയുടെ നിലയിൽ ആദ്യമായി കൃഷ്ണനഗരിലേക്കു പുറപ്പെട്ടു. അവിടെ അദ്ദേഹം

ക്രിസ്തുമതവാദികളുമായി ഇടപെടുകയും അവരെ തോല്പിക്കയും ചെയ്കതിൽ ഹിന്ദുക്കളായ ആസ്തികപണ്ഡിതന്മാർ അദ്ദേഹത്തിനെ അഭിനന്ദിച്ചു. പിന്നീട് അദ്ദേഹം ദേവേന്ദ്രനാഥ്ഠാകോറിൻെറ കൂടെ തൻെറ ബന്ധുജനങ്ങളറിയാതെ സിലോണിൽ പോയി. തിരിയെ കൽക്കത്തായിൽ വന്നു മതവിഷയവാദങ്ങൾ നടത്താനായി ഒരു സഭയെ ഏൎപ്പെടുത്തി. ൧൮൬൧-ൽ അദ്ദേഹം 'ഇൻഡ്യൻമിറർ' (ഇൻഡ്യാദപ്പണം) എന്ന പത്രത്തെ രണ്ടാഴ്ചയിൽ ഒരിക്കൽ അച്ചടിപ്പിയ്ക്കാൻ തുടങ്ങി. ഇതിനു വേറെ ചില സ്നേഹിതന്മാരും സഹായിച്ചു. അവരിൽ പ്രധാനിയായിരുന്നതു മരിച്ചുപോയ മനോമോഹൻ ഘോസ് ആയിരുന്നു. അടുത്ത വൎഷത്തിൽ അദ്ദേഹം കൽക്കത്താകാളേജ് സ്ഥാപിച്ചു. അവിടെയും യുവാക്കന്മാരെ ധൎമ്മശാസ്ത്രങ്ങളും മതതത്വങ്ങളും അഭ്യസിപ്പിച്ചു. ൧൮൬൨-ാമാണ്ടു ഒരു വിശേഷമുണ്ടായി. അതു എന്തെന്നാൽ ദേവേന്ദ്രനാഥ്ഠാകോർ കേശബ്ചന്ദരിനെ ബ്രഹ്മസമാജത്തിൻെറ ആചാൎയ്യസ്ഥാനത്തിൽ ആക്കിയതായിരുന്നു. ആ സന്ദൎഭത്തിൽ ഭാൎയ്യകൂടെ വന്നിരുന്നാൽ കൊള്ളാമെന്നു കേശബിനു വളരെ ആഗ്രഹമുണ്ടായിരുന്നു. എന്നാൽ അതു പാടില്ലെന്നു സംബന്ധികൾ വളരെ വിരോധിച്ചു. എന്നിട്ടും അദ്ദേഹം ഭാൎയ്യയെ കൂടെക്കൊണ്ടുപോയി. ആ പ്രവൃത്തി അദ്ദേഹത്തിനു അശുഭോദൎക്കമായിത്തീൎന്നു. അദ്ദേഹം ഇനിമേൽ കുടുംബഗൃഹത്തിൽ പ്രവേശിച്ചുകൂടാ എന്നു മാതുലനും ജ്യേഷ്ഠനും ആജ്ഞാപിച്ചു. കേശബും ഭാൎയ്യയുംകൂടെ ദേവേന്ദ്രനാഥിൻെറ ഗൃഹത്തിൽ ചെന്നു താമസിച്ചു. അന്നുമുതൽ ബ്രഹ്മസമാജത്തിൽ സ്ത്രീജനങ്ങൾക്കും അതിൽ ഒരു പ്രാധാന്യം ലഭിച്ചു. ഒടുവിൽ കേശബ് സ്വഗൃഹത്തിൽ പിന്നെയും പ്രവിഷ്ടനായി.

അനന്തരം കേശബ് മതവാദിയായി പുറപ്പെടുകയും ഇത്തവണ ബൊംബെ, മദ്രാസ് ഈ പട്ടണങ്ങളിൽ സഞ്ചരിയ്ക്കയും ചെയ്തു. ഈ രണ്ടു പട്ടണങ്ങളിലും അദ്ദേഹത്തിനു

വേണ്ട സൽക്കാരങ്ങൾ ലഭിച്ചു. അവിടെ അദ്ദേഹം ബ്രഹ്മസമാജത്തെ ഏൎപ്പെടുത്തി. തിരിയെ അദ്ദേഹം കൽക്കത്തായിൽ എത്തിയതിന്റെശേഷം ദേവേന്ദ്രനാഥടാഗോറുമായി ഒന്നിടയാൻ സംഗതിയായി. വിധവാവിവാഹത്തേയും എല്ലാ ജാതികളും തമ്മിലുള്ള വിവാഹത്തേയും കേശബ്ചന്ദർസേൻ സഹായിച്ചു. ദേവേന്ദ്രനാഥടാഗോറിന് ഇതു രണ്ടും സമ്മതമല്ലായിരുന്നു. ബ്രഹ്മസമാജത്തിൽ ചേരുന്നവരെല്ലാം യജ്ഞോപവീതത്തെ കളയണമെന്നും കേശബ് നിർബ്ബന്ധിച്ചു. ഇതും ടാഗോറിന്നു ഹിതമല്ലായിരുന്നു. ഈ അഭിപ്രായഭേദങ്ങൾ നിമിത്തം ഈ രണ്ടു പ്രധാനികളും തമ്മിൽ അകന്നു് ആദിബ്രഹ്മസമാജമെന്നു പിന്നീടു വിളിച്ചുവന്നു. ആ സംഘത്തിൽനിന്നു കേശബ് ചന്ദർസേനും മറ്റേതാനും ചിലരും ൧൮൬൫-ൽ പിൻവാങ്ങി.

൧൮൬൬ നവെംബർ ൧൧-ാംനു- ഇൻഡ്യാബ്രഹ്മസമാജത്തെ കേശബ്ചന്ദർസേൻ സ്ഥാപിച്ചു് അദ്ദേഹവും വേറെ ചില യുവാക്കന്മാരും ബ്രഹ്മമതവാദികളായി ചേർന്നു. ആയാണ്ടു മാർച്ച്മാസത്തിൽ 'യൂറോപ്പിലും ഏഷ്യായിലും ജീസസ് ക്രൈസ്റ്റ്" എന്ന വിഷയത്തെപ്പറ്റി കേശബ് ഒരു പ്രബലമായ പ്രസംഗത്തെ ചെയ്കയും, അതിൽ ക്രിസ്തുവിന്റെ ഗുണങ്ങളെ വൎണ്ണിച്ചതിന്റെ ശേഷം ക്രിസ്തു ഒരു അതിമാനുഷനായിരുന്നു എന്നു സ്ഥാപിക്കയും ചെയ്തു. ഈ പ്രസംഗം എല്ലാവരുടെ മനസ്സിലും ഒരിളക്കമുണ്ടാക്കി. കേശബ് ക്ഷണത്തിൽ ക്രിസ്ത്യൻമതത്തിൽ ചേരുമെന്നു ക്രിസ്ത്യാനികളും അദ്ദേഹം ഒരു ക്രിസ്ത്യനാണെന്നു ഹിന്ദുക്കളും സന്തോഷിക്കാനും നിന്ദിക്കാനും തുടങ്ങി. എന്നാൽ രണ്ടുകൂട്ടരുടേയും ആലോചന തെറ്റിപ്പോയി. എന്തെന്നാൽ 'മഹാന്മാർ' എന്ന വിഷയത്തെപ്പറ്റി പിന്നീടുചെയ്ത പ്രസംഗത്തിൽ ക്രിസ്തുവിനു നൽകിയ സ്ഥാനത്തെ മറ്റു മഹാന്മാൎക്കും അദ്ദേഹം കൊടുത്തു. പിന്നീടു് അദ്ദേഹം സമത്വത്തെക്കുറിച്ചു പ്രസംഗം ചെയ്തുകൊണ്ടു ബംഗാളത്തിന്റെ കിഴക്കൻദേശങ്ങ

ളിൽ സഞ്ചരിച്ച് അനേകംപേരെ അതിൽ ചേൎത്തു. ഇതു കൊണ്ടു ഭയാസ്ഥന്മാരായ ആസ്തികഹിന്ദുക്കൾ സ്വമതരക്ഷയ്ക്കുവേണ്ടി 'ഹിന്ദുധൎമ്മരക്ഷിണിസഭയെ' സ്ഥാപിച്ചു. ഈ യാത്രയിൽനിന്നു തിരിച്ചു വന്നതിന്റെ ശേഷം കേശബ് ബ്രാഹ്മമതക്കാൎക്ക് ആരാധനകളെ നടത്താൻ ശരിയായി ഒരു സ്ഥലമില്ലെന്നു കണ്ടു ൧൮൬൯ ജനവരി ൨൪-ാംനു ബ്രഹ്മമന്ദിരം കെട്ടുന്നതിന്നു തുനിഞ്ഞു. ഈ മന്ദിരസ്ഥാപനം കേശബിന്റെ സ്വാതന്ത്ര്യത്തെ വൎദ്ധിപ്പിച്ചു. രണ്ടു മാസം കഴിയുന്നതിനു മുമ്പിൽ അദ്ദേഹം വടക്കുപടിഞ്ഞാറു ദേശങ്ങളിലേയ്ക്കും ബാംബെയിലേയ്ക്കും മതവാദിയായി പിന്നെയും യാത്രചെയ്തു. അവിടങ്ങളിൽ മതസംബന്ധമായും ആചാരസംബന്ധമായും ഉൗൎജ്ജിതമായി പ്രസംഗങ്ങൾ ചെയ്തതിന്റെ ശേഷം മാംഗിർ എന്ന സ്ഥലത്തിൽ തിരിച്ചെത്തി. അവിടെ താമസിക്കുമ്പോൾ അദ്ദേഹം മതത്തിൽ ഒരു വലുതായ നവീകരണം ചെയ്തു. ബ്രഹ്മമതക്കാരുടെ സാധാരണകൎമ്മാനുഷ്ഠാനങ്ങളെ അവർ ഉത്സവങ്ങളെപ്പോലെ ഘോഷിക്കയും അവയിൽ ജനങ്ങൾ അത്യന്തം ഭക്തിയെ പ്രദൎശിപ്പിക്കയും ചെയ്തു. ഇതുവരേയും യഥേഷ്ടം കൎമ്മങ്ങളെ അനുഷ്ഠിച്ചുവന്ന ബ്രഹ്മസമാജക്കാർ മനുഷ്യാരാധനത്തിൽ പ്രതിപത്തിയുള്ളവരായിത്തീൎന്നു. കേശബ്ചന്ദ്രിനെ അവർ സാധാരണഭക്തിയോടെ ആരാധിച്ചു. ഇതു് അദ്ദേഹത്തിന്റെ മതാനുയായികൾക്കുതന്നെ ഭയാവഹമായിത്തിരുകയും അന്നുമുതൽ ആ സമാജം രണ്ടായി പിരികയും ചെയ്തു. അതിൽ ഒരു കൂട്ടക്കാർ കേശബിനെ ഈശ്വരനെപ്പോലെ ആദരിച്ചു. മറ്റനേകം അദ്ദേഹത്തിന്റെ തത്വങ്ങളിലും ഉദ്ദേശങ്ങളിലും സംശയാലുക്കളായി അദ്ദേഹത്തെ നിരാകരിച്ചു.

മാംഗീരിൽനിന്നു് അപേക്ഷപ്രകാരം അദ്ദേഹം വൈസരായിരായ ലാറൻസ് പ്രഭുവിനെ കാണുന്നതിനു സിംലായിലേയ്ക്കു പുറപ്പെട്ടു വൈസ്രായിയുമായി അദ്ദേഹം കഴ

ത്തെ വർഷത്തിൽ പരിചിതനായിരുന്നു. മുന്നേപ്പാടനുസരിച്ച് അദ്ദേഹം ബാങ്കിപൂരത്തിൽവെച്ചു വൈസ്രായിയെ കണ്ടു. അവർ തമ്മിലുണ്ടായ സംഭാഷണത്തിൽ ബ്രഹ്മമതക്കാരുടെ വിവാഹത്തെ സാധൂകരിക്കുന്നതിൻെറ ആവശ്യകതയെ കേശബ് പ്രതിപാദിച്ചു. വൈസ്രായി അദ്ദേഹത്തിൻെറ അഭിപ്രായത്തെ സമ്മതിക്കയാൽ ൧൮൬൮ സപ്തംബർ ൧൦-ാംനു ബ്രഹ്മവിവാഹബിൽ വൈസ്രായിയുടെ നിയമനിർമ്മാണസഭയിൽ കൊണ്ടുവരപ്പെട്ടു. ആയാണ്ട് ഒടുവിലോടെ കേശബ് തിരിയെ കല്ക്കത്തയിൽ എത്തി. ബ്രഹ്മമന്ദിരത്തിൻെറ പണി ത്വരയോടെ നടത്തിച്ചു. ൧൮൬൯ൽ ആഗസ്റ്റ ൨൨-ാംനു അതിനെ ഉപയോഗിച്ചുതുടങ്ങി.

അടുത്ത വർഷം ഫെബ്രുവരി ൧൫-ാംനു കേശബ് ശീമക്കു പുറപ്പെട്ടു. മാർച്ചുമാസം ൨൧-ാംനു ബിലാത്തിയിൽ എത്തി. മാറിപ്പോയ വൈസറായി ലാറൻസ് പ്രഭുവിൻേറയും മിസിസ് കാബ്ബി, മിസിസ കാർപ്പെൻറർ ഇവരുടേയും ആതിഥ്യം അദ്ദേഹത്തിനു ലഭിച്ചു. ഇൻഡ്യയിൽ ഇരിക്കുമ്പോൾ തന്നെ അദ്ദേഹം ഇവരുമായി എഴുത്തുകുത്തു ചെയ്തുവന്നിരുന്നു. ബ്രിട്ടണിലേയും അന്യദേശങ്ങളിലേയും യൂണിറേറിയൻ അസോസിയേഷൻ (ഐക്യസംഘം)ൻെറ അപേക്ഷപ്രകാരം ഹാനോവർ സ്ക്വയർ റൂംസ് എന്ന സ്ഥലത്തിലാണ് അദ്ദേഹം ആദ്യമായി പബ്ലിക്കിൽ വന്നതു്. അവിടെ അദ്ദേഹം വളരെ ഘോഷമായി സൽക്കരിക്കപ്പെട്ടു. അതിൽ പിന്നീട് അദ്ദേഹം പോയ സ്ഥലങ്ങളിലൊക്കെയും ആദരപുരസ്സരം സൽകൃതനായി. അദ്ദേഹം യൂണിറേറിയന്മാരുടേയും കാൺഗ്രിഗേഷനിസ്ടുകളുടേയും സദസ്സുകളിലാണു മിക്കവാറും പ്രസംഗങ്ങൾ ചെയ്തിട്ടുള്ളതു്. എന്നാൽ 'പീസ് സൊസയിററി', 'ററഗഡ്ഡ് സ്കൂൾ യൂണിയൻ', 'സ്വീഡൻബർഗ് സൊസയററി,' 'പലടെമ്പറൻസ് സൊസയററികൾ' ഇവയും അദ്ദേഹത്തിനോടു പ്രസംഗം ചെയ്യുന്നതിന്നാവശ്യപ്പെട്ടു. അദ്ദേഹം മിസ്റ്റർ ഗ്ലാഡ്സ്റ്റനെയും പിന്നീടു

ബെക്കൺസ്ഫീൽഡിലെ പ്രഭുവായിത്തീൎന്ന മിസ്റ്റർ ഡി സ്രേലിയേയും ചെന്നു കാണുകയും ജാൺസ്ടവെട്ട്മിൽ, പ്രൊഫെസ്സർ ന്യൂമൻ, പ്രൊഫസ്സർ മാക്സ്മുള്ളർ, ഡീൻ സ്ററാലി ഇവർ അദ്ദേഹത്തിനെ വന്നു കാണുകയും ചെയ്തു. അദ്ദേഹം വിക്ടോറിയാ മഹാരാജ്ഞിയേയും ലൂയിസി എന്ന രാജകുമാരിയേയും കാണുകയും അവൎക്ക തൻെറ ഭാൎയ്യയുടെ ഫോട്ടോ കൊടുക്കയും ചെയ്തു. മഹാരാജ്ഞി അദ്ദേഹത്തിൻെറ ഫോട്ടോ ഒന്നു വേണമെന്നു ചോദിക്കയും അതു കൊടുത്തതിന്നു പകരമായി തൻെറ ഒരു നല്ല പടവും താൻ എഴുതിയ രണ്ടു പുസ്തകങ്ങളും സമ്മാനമായി കൊടുക്കയും ചെയ്തു. ബ്രിസ്ററൽ പട്ടണത്തിൽ കേശബ് ചന്ദർസെൻ പോയിരുന്നതിൻെറ സ്മാരകമായി മിസ്സ് കാപ്പ്രാർ 'നാഷണൽ ഇൻഡ്യൻ അസോസിയേഷൻ' എന്ന സംഘത്തെ ഏൎപ്പെടുത്തി. അദ്ദേഹം ഇംഗ്ലണ്ടിൽ താമസിച്ച കാലം മുഴുവനും എല്ലാവരും അദ്ദേഹത്തിൻെറ പ്രവൃത്തികളെ കുറിച്ചു തന്നെ പ്രസംഗിച്ചുവന്നു. അദ്ദേഹം അവിടെ ചെയ്തതിനെപ്പററി താഴെ പറയുംപ്രകാരം രസജനകമായ ഒരു സംക്ഷിപ്തവിവരണം അക്കാലത്തു് എഴുതപ്പെട്ടിട്ടുണ്ടായിരുന്നു. "അദ്ദേഹം ഇംഗ്ലണ്ടിലും സ്കാട്ലണ്ടിലുമായി പതിനാലു നഗരങ്ങളെ വീക്ഷിക്കയും, ബാപ്ടിസ്ററു കാൺഗ്രിഗേഷണൽയൂണിറേററിയൻ ഈ വൎഗ്ഗക്കാരുടെ പള്ളികളിൽ വെച്ചു പ്രസംഗിക്കയും ആരാധന നടത്തുകയും ചെയ്തു. നാല്പതിലധികം പട്ടണങ്ങളിൽനിന്നു ക്ഷണനം കിട്ടി എങ്കിലും അദ്ദേഹത്തിന് അവിടെയെല്ലാം പോകാൻ കഴിഞ്ഞില്ല. സമാധാനം, മിതഭോഗം, ദുൎഗ്ഗുണപരിഹാരപാഠശാലകൾ, പാവപ്പെട്ടവൎക്കുള്ള പള്ളിക്കൂടങ്ങൾ, സാമാന്യവിദ്യാഭ്യാസം ഈ വിഷയങ്ങളെപ്പററി അദ്ദേഹം പ്രസംഗങ്ങൾ നടത്തി. പല സ്ഥലങ്ങളിലും കുട്ടികളോടു സദുപദേശരൂപങ്ങളായ പ്രസംഗങ്ങൾ ചെയ്തു. ഇതു കൂടാതെ വൈദ്യസംഘങ്ങളിലും വിദ്യാസമാജങ്ങളിലും തത്വജ്ഞസഭകളിലും അദ്ദേഹം പ്രസംഗി

ച്ചു. 'ഇംഗ്ലണ്ടിന് ഇൻഡ്യായോടുള്ള കൃത്യങ്ങൾ,' 'അന്തഃപുരസ്ത്രീകൾ അല്ലെങ്കിൽ സ്ത്രീവിദ്യാഭ്യാസം' ഈ വിഷയങ്ങളെപ്പററി ഈ ബാബു ഈസ്റ്റിൻഡ്യാ യോഗസ്ഥലത്തും മററും വെച്ചു പ്രസംഗങ്ങൾ നടത്തി. ലണ്ടൻപട്ടണത്തിന്റെ കിഴക്കഭാഗത്തുള്ള പാവപ്പെട്ടവരോട് അദ്ദേഹം മതോപദേശങ്ങൾ ചെയ്തു. ഇപ്രകാരം ഇംഗ്ലണ്ടിൽ വന്നതിന്റെ ശേഷം കേശബ് ചന്ദർ എഴുപതിലധികം സഭസ്സുകളിലായി നാല്പതിനായിരത്തിലധികം ജനങ്ങളോടു പ്രസംഗം ചെയ്തിരിക്കുന്നു. ഇതു കൂടാതെ ഇത്രയും പബ്ളിക്കല്ലാത്ത പല സമാജങ്ങളിലും അദ്ദേഹം കാൎയ്യവശാൽ സന്നിഹിതനായിരുന്നു.

സെപ്റ്റെംബർ ൧൭-ാംനു- ലണ്ടനിൽനിന്നും തിരിച്ചു് അക്ടോബർ ൧൫-ാംനു- കേശബ് ചന്ദർസെൻ ബാംബെയിൽ എത്തി. അവിടെയുള്ള ജനങ്ങളുടെ ആദരപൂർവ്വമായ സൽക്കാരത്തെ വാങ്ങിക്കൊണ്ട് അദ്ദേഹം കൽക്കത്തയിലേക്കു പുറപ്പെട്ടു. കൽക്കത്തായിലുണ്ടായ സൽക്കാരം ബാംബേയിലേതിലും അധികം കേമമായിരുന്നു. കേശബ് ഇൻഡ്യായിൽ തിരിയെ വന്നതിൽ പിന്നീട് ആദ്യമായി ചെയ്ത കൃത്യം നാട്ടുകാരുടെ അഭിവൃദ്ധിയ്ക്കുവേണ്ടി 'ഇൻഡ്യൻപരിഷ്കാരസംഘത്തെ' ഏൎപ്പെടുത്തുകയായിരുന്നു. അതിൽ വില കുറഞ്ഞ പുസ്തകങ്ങൾ, ധൎമ്മം, സ്ത്രീകളുടെ പരിഷ്കാരം, വിദ്യാഭ്യാസം, മിതഭോഗം, എന്നിങ്ങിനെ അഞ്ചു ഭാഗങ്ങൾ ഉണ്ടായിരുന്നു. വില കുറഞ്ഞ പുസ്തകങ്ങളെ ജനങ്ങൾക്കുണ്ടാക്കിക്കൊടുക്കുന്നതിനായി അദ്ദേഹം "സുലഭസമാചാർ" എന്നൊരു പത്രം ഒരു തുട്ടു വിലയ്ക്കു് ആഴ്ചതോറും പ്രസിദ്ധപ്പെടുത്തി. സ്ത്രീകളുടെ പരിഷ്കാരത്തിനായി നാട്ടുസ്ത്രീകൾക്ക് ഒരു നാൎമ്മൽ പള്ളിക്കൂടവും, അനന്തരം 'ഭാമാഹിതൈഷിണീസഭാ' എന്നൊരു സഭയും ഏൎപ്പെടുത്തപ്പെട്ടു. കൈത്തൊഴിലുകളെ അഭ്യസിപ്പിക്കുന്നതിന് ഒരു കരകൌശലശാലയും സ്ഥാപിക്കപ്പെട്ടു. കഴിയുന്നേടത്തോളം ബ്രഹ്മമതക്കാരെ എ

 81887

ല്ലാം ഒരിടത്തു കൂട്ടി ചേക്കണമെന്നു ൧൮൭൨-ൽ അദ്ദേഹ ത്തിനു തോന്നുകയും അതിന്നായി 'ഭാരതാശ്രമം' എന്നു പേരായി ഒരു ബോർഡിങ്ങു സ്ഥാപിക്കപ്പെടുകയും ചെയ്തു. അവിടെ പട്ടണവാസികളല്ലാത്ത ബ്രഹ്മമതക്കാരുടെ ഭാൎയ്യ മാരും കുട്ടികളും പാൎപ്പാൻ ഏൎപ്പാടുചെയ്യപ്പെട്ടു. അതേവൎഷം മാർ ച്ചുമാസത്തിൽ ബ്രഹ്മവിവാഹചട്ടം നടപ്പായിക്കണ്ടു കേശബ് ചന്ദർസേനിനു കൃതാൎത്ഥതയുണ്ടായി. ഈ ചട്ടത്തെ മതപ്ര വൎത്തകനായി താൻ കഴിച്ചുകൂട്ടിയ ജീവിതകാലത്തിന്റെ ജ യപതാകയായി അദ്ദേഹം ഗണിച്ചു. ൧൮൭൭ മുതൽ ൧൮൭൮ വരെ കേശബ് ബ്രഹ്മസമാജത്തെ പരിഷ്കരിക്കുന്നതിൽ ഉദ്യു ക്തനായിരുന്നു. ഈ മതത്തിൽ വ്രതനിഷ്ഠകളെ അദ്ദേഹം ഏൎപ്പെടുത്തുകയും കല്ക്കത്തായിൽനിന്നും പന്ത്രണ്ടു മൈൽ ദൂരത്തിൽ ഒരു തോട്ടം വാങ്ങി. അവിടെ താൻ ഒരു മുനി യായിരുന്നു കാലക്ഷേപം ചെയ്കയും ചെയ്തു. ൧൮൭൮-ൽ അ ദ്ദേഹം കൽക്കത്തായിൽ കുറേക്കൂടി വലുതായി ഒരു കെട്ടിടം വാങ്ങി അതിനു 'ലില്ലികാട്ടേജ്' എന്നു പേരിട്ടു. അതിലുള്ള പ്രധാന മുറിയെ സ്വമതാനുയായികളായ സ്ത്രീപുരുഷന്മാൎക്ക് ആരാധനകൾ നടത്താനായി അദ്ദേഹം തിരിച്ചുവെച്ചു. സ്വ ല്പവൎഷങ്ങൾക്കുള്ളിൽ അവരെ തന്റെ ഗൃഹത്തിനു സമീപം തന്നെ വരുത്തി താമസിപ്പിക്കയും അവർ അവിടെ ഒരു ചെറിയ കുടിപ്പാൎപ്പുസംഘമായിത്തീരുകയും ചെയ്തു. കാലക്ര മേണ കേശബിന്റെ അധികാരവും കൂടിവന്നു; എന്നാൽ ബ്രഹ്മമതക്കാരിൽ ഒരു കൂട്ടക്കാരുമായി അദ്ദേഹം രഞ്ജന ഇ ല്ലാത്തവനായിത്തീൎന്നു. അതിനു കാരണം ഈശ്വരന്റെ ആദേശപ്രകാരമാണു താൻ ചില അസംഗതപ്രവൃത്തികൾ ചെയ്യുന്നതെന്ന് അദ്ദേഹം വാദിച്ചതായിരുന്നു. കൂച്ച്ബീ ഹാറിലെ മഹാരാജാവു് അദ്ദേഹത്തിന്റെ മകളെ വിവാഹം ചെയ്തപ്പോഴാണ് അദ്ദേഹത്തിന്റെ രഞ്ജനയില്ലായ്മ മൂൎച്ഛി ച്ചത്. അദ്ദേഹത്തിന്റെ മകൾക്കു വിവാഹകാലത്തിൽ പ

തിന്നാലു വയസ്സുതന്നെ തികഞ്ഞിട്ടില്ലായിരുന്നു. മഹാരാജാവിന് ഏകദേശം പതിനേഴുവയസ്സേ പ്രായമായിരുന്നുള്ളു. അതിനാൽ ബ്രമ്മവിവാഹചട്ടത്തിനു വിരുദ്ധമായിട്ടാണു കേശബ് ചന്ദർ ചെയ്തതെന്നും മേലാൽ ആ സമാജത്തിൻെറ നേതൃസ്ഥാനം വഹിപ്പാൻ അദ്ദേഹം അർഹനല്ലെന്നും തീരുമാനിയ്ക്കപ്പെട്ടു. അദ്ദേഹത്തിനെ സ്ഥാനഭ്രഷ്ടനാക്കാൻ ആളുകൾ ശ്രമിച്ചു. എന്നാൽ പോലീസ്സുകാരുടെ സഹായത്തോടെ ആ സ്ഥാനത്തെ അദ്ദേഹം ബലാൽക്കാരേണ വെച്ചുകൊണ്ടിരുന്നു. ഇതു് ഒരു ഛിദ്രത്തിനു കാരണമായി. ൧൮൭൮ മേ മാസം ൧൫-ാംനു 'സാധാരണ ബ്രമ്മസമാജം' എന്ന പേരോടുകൂടി ഒരു നൂതനസമാജം ഏൎപ്പെടുത്തപ്പെട്ടു.

൧൮൮൦-ൽ അദ്ദേഹം ഒരു പുതിയ നിയമത്തെക്കുറിച്ചു പറയാൻ തുടങ്ങി. അതിൻെറ മൂന്നു മുഖ്യഫലങ്ങൾ, ഒരു സ്വാഭാവികമതം, ഒരു സർവ്വസമ്മതമായ മതം, ഒരു ഈശ്വരഭക്തമതം, ഇവയായിരുന്നു. ൧൮൮൧-ൽ ഈ പുതിയ നിയമത്തിൻെറ ആവിർഭാവത്തെ അദ്ദേഹം പ്രഖ്യാപനം ചെയ്തു. ൧൮൮൨-ൽ അദ്ദേഹത്തിന്നു നല്ല സുഖമില്ലാതെയായി. കൂടക്കൂടെ ഒരു തളൎച്ചയും വന്നു തുടങ്ങി. ൧൮൮൩ ഏപ്രിൽ മാസത്തിൽ വൈദ്യന്മാരുടെ ഉപദേശപ്രകാരം അദ്ദേഹം കല്ക്കത്തയിൽനിന്നും സിംലയിൽ പോയി. അക്ടോബറിൽ അദ്ദേഹം തിരിയെ കൽക്കത്തയിൽ വന്നു ൧൮൮൪ ജനുവരി ൮-ാംനു അദ്ദേഹം നാമാവശേഷനായി. അദ്ദേഹത്തിൻെറ മരണം സകലമനുഷ്യൎക്കും വിഷാദഹേതുവായി. വൈസ്രായി ആയിരുന്ന റിപ്പൺപ്രഭുമുഖേന വിക്ടോറിയാചക്രവൎത്തിനി കേശബിൻെറ കുടുംബക്കാരോടു വ്യസനത്തെ കമ്പിവഴിയായി അറിയിച്ചു. ഇൻഡ്യാസംസ്ഥാനത്തേയ്ക്കു് ഇതൊരു വലിയ നഷ്ടമാണെന്നു റിപ്പൺപ്രഭു എഴുതി അയച്ചു. ഇംഗ്ലീഷുകാരും ഇൻഡ്യന്മാരും അധികം വ്യസനമെ

ന്നു തീരുമാനിയ്ക്കാൻ പ്രയാസമായിരുന്നു. ഫ്രവ്വര് ജനവരി ൧൮൮൪-ാംനു കൽക്കത്താ ടൌൺഹാളിൽവെച്ചു സർ വില്യംഹെണ്ടറുടെ അഗ്രാസനാധിപത്യത്തിൽ ഇൻഡ്യയിലുള്ള സകല സംഘങ്ങളിലേയും പ്രതിനിധികൾ ചേൎന്ന് ഒരു സ്മാരകസഭസ്സു നടന്നു. കൽക്കത്താ യൂണിവർസിററികോൺവക്കേഷനിലുണ്ടായ പ്രസംഗത്തിൽ വൈസ് ചാൻസെൽറായ ബഹുമാനപ്പെട്ട എച്ച്. ജെ. റെനാൾഡ്സ് കേശബ് ചന്ദറിനേക്കുറിച്ച് ഇപ്രകാരം പറഞ്ഞു:—

"ഇനി മേലുള്ള ആളുകൾ കേശബ് ചന്ദറിൻെറ ചരിത്രം നോക്കി അഭിപ്രായം പറയുന്ന അവസരത്തിൽ അതിലുള്ള നാലു പ്രധാന സംഗതികളെ സൂക്ഷിച്ചു മനസ്സിലാക്കാതിരിയ്ക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഒന്നാമത്, പാശ്ചാത്യപണ്ഡിതന്മാരുടെ അറിവും പരിഷ്കാരവും പൌരസ്ത്യന്മാരുടെ ബുദ്ധിശക്തിയോടും ഗാഢാലോചനയോടും അസാധാരണമായ വിധത്തിൽ അദ്ദേഹത്തിൻെറ മനസ്സിൽ ചേൎന്നുണ്ടായ ഫലം. രണ്ടാമത് വിചാരവും പ്രവൃത്തിയും ഒരുപോലെ നടത്തിവന്നിരുന്നതായ അദ്ദേഹത്തിൻെറ ശീലം. അത്യന്തം ഈശ്വരഭക്തിയുള്ളവനായിരുന്നു എങ്കിലും അദ്ദേഹം കേവലം പ്രവൃത്തിഹീനമായ മുനിവൃത്തിയെ ആശ്രയിച്ചില്ല. അദ്ദേഹത്തിൻെറ നിശ്ചേഷ്ടമായ അദ്ധ്യായം പിന്നിട്ട് അധികതരമായ അഭിവേശത്തോടെ കാൎയ്യസിദ്ധിയ്ക്കുവേണ്ടി പ്രവൎത്തിക്കാൻവേണ്ട ശക്തിയെ സംഗ്രഹിയ്ക്കുന്നതിനായിരുന്നു. മൂന്നാമത്, എല്ലാം മതങ്ങളിലുമുള്ള തത്വങ്ങളെ സമ്മതിയ്ക്കയും അവയെ എല്ലാം എടുത്തു ചേൎക്കയും ചെയ്യുന്നതിൽ അദ്ദേഹം പ്രദൎശിപ്പിച്ച സമതാബുദ്ധി. നാലാമത്, ജീവിതകാലം മുഴുവനും സൎവ്വപ്രകാരേണയുള്ള അജ്ഞാനത്തേയും അക്രമത്തേയും ദൂരീകരിയ്ക്കുന്നതിനായി പ്രവൃത്തിച്ച അദ്ദേഹത്തിൻെറ ഔദാൎയ്യവും മഹാമനസ്കതയും. ദീനരക്ഷ, വിദ്യാഭിവൃദ്ധി, മാദകദ്രവ്യനിഷേധം, ബാലികാവിവാഹദൂഷണം,

വിധവാനിസ്താരണം ഈ വിഷയങ്ങളിലാണ് അദ്ദേഹം തന്റെ ചുററുമുള്ള ജനങ്ങൾക്കു ശരിയായ ബോധത്തെ ജനിപ്പിച്ച് അവക്ക് അഭിവൃദ്ധി നൽകാൻ തുനിഞ്ഞത്. ഉത്തമയായ ആസ്തികബുദ്ധി അവരിൽ ജനിപ്പിച്ച് ഈശ്വരതത്വത്തെ മനസ്സിലാക്കുന്നതിലും അദ്ദേഹം ചെയ്ത ശ്രമം അല്പമല്ല.”

കേശബ് ചന്ദർസേൻ വിശിഷ്ടാകൃതിയോടുകൂടിയ ഒരാളായിരുന്നു. അദ്ദേഹത്തിനു തികച്ച് ആറടി കിളരവും ബൃഹത്തായ സ്കന്ധവും വ്യൂഢമായ ഉരസ്സും, ഉയൎന്ന നെററിയും നല്ല നിറവും ഉണ്ടായിരുന്നു. അദ്ദേഹത്തിനെ കുറിച്ച് ഒരു യോഗ്യനായ അമരിക്കാക്കാരനായ നടൻ ഇപ്രകാരം പറഞ്ഞു:—“ഞാൻ ഇൻഡ്യായിൽ കണ്ട ആളുകളിൽ വെച്ച് എയുത്രം സുന്ദരനായ പുരുഷൻ കേശബ് ചന്ദർസേൻ ആണ്. കെത്തല്ലെപ്പാ’വിന്റെ വേഷത്തിനു തക്ക പ്രൗഢാകൃതിയുള്ള പുരുഷനായി ഞാൻ ഗണിച്ചിരിക്കുന്നു. മഹത്തും, വ്യായാമദൃഢീകൃതവും ആൎക്കും ശങ്ക ജനിപ്പിക്കത്തക്കതുമായ അദ്ദേഹത്തിന്റെ ശരീരവും, ശ്രേഷ്ഠമായ മുഖഭാവവും ഗൌരവവും കണ്ടാൽ പണ്ടുള്ള റോമൻപ്രഭുക്കന്മാരെ ആരും ഓൎമ്മിക്കും.” അദ്ദേഹത്തിന്റെ ദിനചൎയ്യ സുഖാനുഭോഗങ്ങളില്ലാത്തതായിരുന്നു. പ്രകൃത്യാ അദ്ദേഹം ഒരു കൎക്കശസ്വഭാവമുള്ളയാളായിരുന്നു. എന്നാൽ അദ്ദേഹത്തിനു സ്നേഹിതന്മാരെ സമ്പാദിക്കാൻ അസാധാരണമായ സാമൎത്ഥ്യമുണ്ടായിരുന്നു. അദ്ദേഹം ശാന്തനും അനുസരണയുള്ളവനും ആയിരുന്നു എങ്കിലും മാനുഷദാസത്വത്തിൽ ഒരിക്കലും ഉൾപ്പെട്ടില്ല. അദ്ദേഹം ദൃഢമായി ആത്മസ്വാതന്ത്ര്യത്തെ രക്ഷിച്ചു. അദ്ദേഹം അത്യന്തം ഒതുങ്ങിയവനും മററുള്ളവരുടെ ഉൽകൃഷ്ടതരങ്ങളായ ഗുണങ്ങളെ സമ്മതിക്കുന്നവനും അവരുമായി സാമ്യം ഭാവിക്കുന്നതിൽ വളരെ ശങ്കയുള്ളവനും ആയിരുന്നു. സ്ഥാനമാനങ്ങളിൽ അദ്ദേഹത്തിന് ഒട്ടും ആസ്ഥയില്ലായിരുന്നു. ഫവ്വന്റെ-ൽ സർ റിച്ചേർഡ് ടൊംപിൾ ഗവൎണ്ണരായിരുന്ന

കാലത്തിൽ 'മുനിസിപ്പൽ കമ്മീഷണർ,' ജസ്റ്റിസ് ആഫ് ദിപീസ് ഈ സ്ഥാനങ്ങൾ കൊടുക്കാമെന്നു പറഞ്ഞതിനെ അദ്ദേഹം നിരസിച്ചു. പിന്നെയും ൧൮൭൭-ൽ ഇംപീരിയൽ അസ്സംബ്ളേജിൽനിന്നു ബഹുമാനസൂചകമായി ഒരു മുദ്ര കൊടുക്കാൻ നിശ്ചയിച്ചിരുന്നതിനെയും അദ്ദേഹം ഒഴികഴിവുപറഞ്ഞു വാങ്ങിയില്ല. കേശബ്ചന്ദർസേൻ ഇൻഡ്യയിൽ ഇദം പ്രഥമമായി ഉണ്ടായ വാഗ്മിയായിരുന്നു. അദ്ദേഹത്തിൻെറ കാലത്തിനു മുമ്പിൽ പബ്ളിക്കു് പ്രസംഗം എന്തെന്നുള്ളതു ആരുമറിഞ്ഞിട്ടില്ല. മതസംബന്ധമായും തത്വശാസ്ത്രസംബന്ധമായും കേവലം വാചാപ്രസംഗം ചെയ്ക എന്ന പതിവു് അദ്ദേഹമായിട്ടാണുണ്ടാക്കിയതു്. സർ റിച്ചേർഡ് ടെംപിൾ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "അദ്ദേഹത്തിൻെറ ഇംഗ്ലീഷിലുള്ള പ്രസംഗങ്ങൾ ബംഗാളികൾ ആശ്ചര്യമഗ്നന്മാരായി ശ്രവിച്ചു. ഇംഗ്ലീഷുകാരും അവയെ ഉൽകൃഷ്ടങ്ങളെന്നു വിചാരിച്ചു." അദ്ദേഹത്തിൻെറ വാഗ്മിതയും ശ്രോതാക്കന്മാരുടെ മനസ്സിനെ ഇളക്കാനുള്ള ശക്തിയും ജനങ്ങളെ തനിക്കു വശംവദന്മാരാക്കി. അദ്ദേഹത്തിൻെറ കല്പനാശക്തിയും, ആലോചനാശക്തിയും, ഗ്രഹണശക്തിയും, ദയാർദ്രമായ മനസ്സും ജനങ്ങളുടെ സ്വഭാവത്തെ അറിയാനുള്ള സാമത്ഥ്യവും, അതിസാധാരണമായ കാലക്ഷേപവും അദ്ദേഹത്തിനെ ജനങ്ങളുടെ ഒരു വിജയിയായ നേതാവാക്കിത്തീർത്തു.

## ഈശ്വർ
# ചന്ദർ വിദ്യാസാഗർ.

---

൧൮൨൦-ാം വർഷത്തിൽ മിഡ്നപ്പൂരിൽ ഒരു ചെറിയ ഗ്രാമത്തിൽ ഈശ്വർചന്ദർ വിദ്യാസാഗർ ജനിച്ചു. അദ്ദേഹം ഒരു പാവപ്പെട്ട കുലീനബ്രാഹ്മണകുടുംബത്തിൽ ചേർന്നവനായിരുന്നു. ഈശ്വർചന്ദറിന്റെ പിതാമഹൻ രാമജയബാനർജി ഒരു അലഞ്ഞു നടന്ന സന്യാസിയും, പിതാവു് ഠാക്കൂർദാസ് ബാനർജി പത്തുരൂപാ ശമ്പളത്തിൽ ഒരു നാട്ടുകച്ചവടക്കാരന്റെ ദായസവേലക്കാരനുമായിരുന്നു. ഈശ്വർചന്ദറിന്റെ ബാലപാഠം തന്റെ ഗ്രാമത്തിലുണ്ടായിരുന്ന ഒരു ചെറിയ എഴുത്തുപള്ളിയിൽ കഴിഞ്ഞതിന്റെ ശേഷം, എട്ടാമത്തെ വയസ്സിൽ സംസ്കൃതകലാശാലയിൽ ചേരുന്നതിനായി അദ്ദേഹം കൽക്കത്തായിൽ അയയ്ക്കപ്പെട്ടു. അവിടെ അദ്ദേഹം വ്യാകരണം, അലങ്കാരം, ജ്യോതിഷം, മീമാംസ, വേദാന്തം ഇവയെ പഠിച്ചു. അദ്ദേഹം ക്ലാസ്സിൽ ഒന്നാമനായി അനേകം സമ്മാനങ്ങൾ വാങ്ങി. അക്കാലത്തു വളരെ കഠിനമെന്നു വിചാരിക്കപ്പെട്ടുവന്നിരുന്ന കോർട്ടുപണ്ഡിതപരീക്ഷയിൽ പതിനേഴു വയസ്സിൽ അദ്ദേഹം ജയിച്ചു. ഈ പരീക്ഷയിൽ ജയിച്ച ഉടനെ 'കോളേജ്'യിലെ കോർട്ടുപണ്ഡിതസ്ഥാനം അദ്ദേഹത്തിനു കൊടുക്കാൻ ആലോചനയുണ്ടായി. എന്നാൽ അദ്ദേഹത്തിനെ കൽക്കത്തായിൽ നിന്നും ദൂരെ അയയ്ക്കുന്നതിന് അദ്ദേഹത്തിന്റെ പിതാവിനു മനസ്സില്ലായിരുന്നു. രണ്ടുവർഷംകൂടെ അദ്ദേഹം പഠിക്കയും അതിനിടയിൽ ഷഡ്ദർശനങ്ങളിലും അദ്ദേഹം പാണ്ഡിത്യത്തെ സമ്പാദിക്കയും ചെയ്തു. ൧൮൪൧-ൽ ഒന്നാന്തരം സംസ്കൃതഗദ്യകൃതിക്കായുള്ള നൂറുരൂപാ സമ്മാനവും പദ്യകൃതിക്കായുള്ള അമ്പതുരൂപാ സമ്മാനവും അദ്ദേഹത്തിനു കിട്ടി. ൧൮൪൬ൽ

21041

ഹിന്ദുനീതിശാസ്ത്രത്തില്‍ ഒരു പരീക്ഷയില്‍ ജയിച്ച 'വിദ്യാസാഗര്‍' എന്ന സ്ഥാനപ്പേര്‍ വാങ്ങി പഠിത്തത്തെ അദ്ദേഹം നിറുത്തി. ഇതിനിടയില്‍ അല്പം ഇംഗ്ലീഷ്ഭാഷാജ്ഞാനത്തേയും അദ്ദേഹം സമ്പാദിച്ചു.

ഈശ്വര്‍ചന്ദര്‍ സംസ്കൃതകലാശാലയില്‍ വ്യാകരണപണ്ഡിതരായി ആദ്യം വേല നോക്കിത്തുടങ്ങി. പിന്നീട ൧൮൪൧-ല്‍ മാസം ൫൦ രൂപാ ശമ്പളത്തില്‍ അദ്ദേഹം ഫോട്ട് വില്യം കാളേജില്‍ മുഖ്യപണ്ഡിതനായി നിയമിക്കപ്പെട്ടു. അക്കാലത്തു് അദ്ദേഹം ബാബു സുരേന്ദ്രനാഥ് ബാനര്‍ജ്ജിയുടെ പിതാവായ ഡാക്ടര്‍ ദുര്‍ഗ്ഗാചരണ്‍ ബാനര്‍ജ്ജിയുടെ സഹായത്തോടെ മനസ്സിരുത്തി ഇംഗ്ലീഷ് പഠിക്കാന്‍ തുടങ്ങി. ൧൮൪൬-ല്‍ അദ്ദേഹം സംസ്കൃതകലാശാലയില്‍ അസിസ്ററന്‍റ് സിക്രട്ടറിയായി നിയമിക്കപ്പെട്ടു. അപ്പോഴാണു് 'വേതാളപഞ്ചവിംശതി' എന്ന അദ്ദേഹത്തിന്‍റെ പ്രഥമകൃതി പ്രസിദ്ധപ്പെടുത്തപ്പെട്ടതു്. ഈ കാവ്യം വംഗഭാഷയില്‍ ഗദ്യരീതിക്കു് ഒരു വിശിഷ്ടമാതൃകയായിത്തീന്നു. ഈശ്വര്‍ ചന്ദരുടെ കൃതിയിലെ രചനാചാതുര്യവും അത്ഥപുഷ്ടിയും അസാധാരണമായിരുന്നു. വംഗഭാഷയില്‍ ഇത്ര നന്നായി ഗദ്യകാവ്യം രചിക്കാമെന്നു മുമ്പില്‍ ആരുംതന്നെ ഓര്‍ത്തിട്ടില്ലായിരുന്നു. അദ്ദേഹം സംസ്കൃതകലാശാലയില്‍ അനേകപരിഷ്കാരങ്ങള്‍ ചെയ്തു. എന്നാല്‍ അദ്ദേഹം അഭിപ്രായപ്പെട്ടിരുന്ന ചില ഭേദഗതികളെ വിദ്യാഭ്യാസസംഘം അനുവദിക്കായ്കയാല്‍ അദ്ദേഹം കുറഞ്ഞൊരു കാലത്തിനുള്ളില്‍ വേല രാജി കൊടുത്തു. ൧൮൪൯-ല്‍ അയാറം ൮൦ രൂപാ ശമ്പളത്തില്‍ ഹെഡ്ക്ലാക്കായി പിന്നേയും ഫോട്ട് വില്യം കാളേജില്‍ പ്രവേശിച്ചു. ഹെഡ്ക്ലാക്ക് ജോലിയില്‍ ഇരിക്കുമ്പോള്‍ അദ്ദേഹം ബെത്യൂണ്‍ എന്ന ആളോടു ചേന്നു് ബംഗാളത്തില്‍ സ്ത്രീവിദ്യാഭ്യാസത്തിനു പ്രചാരം വരുത്താനായി ശ്രമം ചെയ്തു. അടുത്ത വഷത്തില്‍ ൩൦൦ രൂപാ ശമ്പളത്തോടുകൂടി അദ്ദേഹം സംസ്കൃതകലാശാലയില്‍ സാഹിത്യഭാഗത്തിലെ

പ്രൊഫെസ്സറായി നിയമിയ്ക്കപ്പെട്ടു. പിന്നീടു അദ്ദേഹം അതിലെ പ്രിൻസിപ്പാലായിത്തീൎന്നു. ആ നിലയിൽ അദ്ദേഹം സംസ്കൃതവിദ്യാഭ്യാസമാൎഗ്ഗത്തെ നന്നായി പരിഷ്കരിയ്ക്കുകയും, അന്നു മുതൽ ബംഗാളത്തിൽ സംസ്കൃതം എളുപ്പത്തിൽ പഠിക്കാറായിത്തീരുകയും ചെയ്തു. ൧൮൫൦-ൽ അദ്ദേഹത്തിന്റെ സ്നേഹിതനായ ബെത്യൂൺ മരിച്ചു. അനന്തരം ലെഫ്ടനെന്റു ഗവൎണ്ണരായിരുന്ന സർ ഫ്രെഡറിക്ക ഹാല്ലിഡെ അദ്ദേഹത്തിനെ ബെത്യൂൺ പള്ളിക്കൂടത്തിന്റെ അദ്ധ്യക്ഷനായി നിയമിച്ചു. സാഹായികധനം കൊടുത്തു ബംഗാളത്തിൽ പള്ളിക്കൂടങ്ങളെ സ്ഥാപിക്കുന്നതിനുള്ള ഒരു മഹോദ്യമത്തെ അദ്ദേഹം ൧൮൫൪-ൽ ആരംഭിച്ചു. പ്രിൻസിപ്പാൽസ്ഥാനത്തോടുകൂടെ തന്നെ അദ്ദേഹം ഹുഗ്ലി, ബർദ്വാൻ, നഡ്ഡിയാ, മിഡ്നപ്പൂർ ഈ ഡിസ്ത്രിക്ടുകളിലുള്ള പള്ളിക്കൂടങ്ങളുടെ ഇൻസ്പെക്ടരായി ൧൮൫൫ൽ നിയമിക്കപ്പെട്ടു. ഈ രണ്ടുവകയ്ക്കും കൂടി അദ്ദേഹം ൫൦൦ രൂപാ ശമ്പളം മൊത്തമായി വാങ്ങിവന്നു. ഇൻസ്പെക്ടരായിരുന്ന കാലത്തു് അദ്ദേഹം ഹുഗ്ലിയിലും ബർദ്വാനിലുംകൂടി നാല്പതിലധികം പെൺപള്ളിക്കൂടങ്ങൾ ഏൎപ്പെടുത്തുകയും കൽക്കത്തായിലെ നാൎമ്മൽ പള്ളിക്കൂടത്തേയും സംസ്കൃതകലാശാലയേയും പരിശോധിക്കയും ചെയ്തുവന്നു. ഈ രണ്ടുകൂട്ടം ജോലികളും നോക്കിക്കൊണ്ടിരിക്കുമ്പോൾ വിദ്യാഭ്യാസംവക ഡിറക്ടരുമായി അദ്ദേഹത്തിനു കൂടെക്കൂടെ ഇടയാൻ സംഗതിയായി. ഡിറക്ടരായ ലിസ്റ്റർയങ്ങ് ഉദ്ധതനായ ഒരു ഉദ്യോഗസ്ഥനായിരുന്നതിനാൽ ഈശ്വരചന്ദ്രനെപ്പോലെ സ്വാതന്ത്ര്യസ്വഭാവമുള്ളവൎക്കു് അയാളുടെ ശീലം അസഹ്യമായിരുന്നു. പല അല്പസംഗതികളിൽ വെച്ചാണു് ഇവർ തമ്മിൽ മുഷിച്ചിലിനു ഇടയായതു്. ഒടുവിൽ ൧൮൫൮-ൽ ഈശ്വരചന്ദർ ഹിന്ദുകാളേജിലെ പ്രിൻസിപ്പാലിന്റെ അടുക്കൽ ചെന്നു് ആ കാളേജിലുള്ള രണ്ടുമുറി ഒഴിച്ചുതന്നാൽ കൊ

ള്ളാമെന്നു ചോദിക്കണമെന്നു മിസ്റ്റര്‍ യങ്ങ് ആവശ്യപ്പെട്ടു. മിസ്റ്റര്‍ യങ്ങ് കൂടെ വരികയാണെങ്കില്‍ പോകാമെന്നു് ഈശ്വര്‍ചന്ദര്‍ പറഞ്ഞു. ഇങ്ങനെ പറയാന്‍ അദ്ദേഹത്തിനു സ്വന്തകാരണങ്ങളുണ്ടായിരുന്നു. എന്നാല്‍ ഈശ്വര്‍ചന്ദര്‍ തനിച്ചുതന്നെ പ്രിന്‍സിപ്പാലിന്‍െറ അടുക്കല്‍ പോകണമെന്നു മിസ്റ്റര്‍ യങ്ങ് ഉദ്യോഗഗൌരവത്തോടെ നിര്‍ബ്ബന്ധിച്ചു പറഞ്ഞു. ഉടനെ അദ്ദേഹം ചേപ്പില്‍നിന്നു് ഒരു കടലാസു തുണ്ടെടുത്തു രാജി എഴുതി ഡിറക്ടറുടെ കയ്യില്‍ കൊടുത്തു് ഇപ്രകാരം പറഞ്ഞു:—'എനിക്കു ചെയ്യാന്‍ പാടില്ലാത്തതിനെ ഇനിമേല്‍ ഞാന്‍ ചെയ്യുന്നമെന്നു് ആരും എന്നോടു് ആവശ്യപ്പെടരുതു്.' ആ നാട്ടിലെ ഗവര്‍ണ്ണറും ഈശ്വര്‍ചന്ദരുടെ പ്രത്യേകബന്ധുവുമായിരുന്ന സര്‍ ഫ്രെഡറിക്ക ഹല്ലിഡെ ഈ വര്‍ത്തമാനം കേട്ടു രാജി പിന്‍വലിക്കുന്നതിനു് അദ്ദേഹത്തിനോടു നിര്‍ബ്ബന്ധിച്ചു പറഞ്ഞു. എന്നാല്‍ യാതൊന്നും ഈശ്വര്‍ചന്ദരുടെ ദൃഢനിശ്ചയത്തെ ഭേദിപ്പിച്ചില്ല. ഇപ്രകാരം അദ്ദേഹത്തിന്‍െറ ഉദ്യോഗകാലക്ഷേപം പെട്ടന്നു് അവസാനിച്ചു.

സര്‍ക്കാര്‍ ജോലിയില്‍നിന്നും പിന്‍മാറിയതിന്‍െറ ശേഷം ഈശ്വര്‍ചന്ദര്‍ തന്‍െറ നാട്ടുകാര്‍ക്കു മുന്‍പിലത്തേതില്‍ കുറെക്കൂടെ ഉപകാരിയായിത്തീര്‍ന്നു. അദ്ദേഹത്തിന്‍െറ പ്രവൃത്തിവ്യവസായം ബഹുമുഖമായിരുന്നു. ഒരു ഗ്രന്ഥകാരനായും വിദ്യാഭ്യാസപ്രവര്‍ത്തകനായും ആചാരപരിഷ്കാരകനായും ധാര്‍മ്മികനായും അദ്ദേഹം പ്രസിദ്ധി സമ്പാദിച്ചു. വംഗഭാഷയില്‍ അദ്ദേഹം ഉണ്ടാക്കീട്ടുള്ള ഗ്രന്ഥങ്ങള്‍ വാചകശുദ്ധിക്കു് ഉത്തമോദാഹരണങ്ങളായി ഗണിക്കപ്പെട്ടിരിക്കുന്നു. മുമ്പില്‍ പ്രസ്താവിച്ചിട്ടുള്ള കൃതി കൂടാതെ ൧൮൪൮-ല്‍ ബംഗാളത്തിന്‍െറ ചരിത്രം എന്നൊരു പുസ്തകത്തെ അദ്ദേഹം പ്രസിദ്ധപ്പെടുത്തി. തദനന്തരം ൧൮൪൯-ല്‍ ജീവചരിതം' ൧൮൫൧-ല്‍ 'ബോധോദയം' ൧൮൫൫-ല്‍ 'വിധവാ

വിവാഹം' ൧൮൬൨-ൽ 'സീതാവനവാസം' എന്നിങ്ങിനെ അനേകം കൃതികളെ അദ്ദേഹം പ്രസിദ്ധപ്പെടുത്തി. അദ്ദേഹത്തിന്റെ മിക്ക ഗ്രന്ഥങ്ങളും സംസ്കൃതം, ഇംഗ്ലീഷ്, ഹിന്ദി ഈ ഭാഷകളിലുള്ള കൃതികളിൽ നിന്നു് എടുത്തു ഭേദത്തെഴുതപ്പെട്ടിട്ടുള്ളവയാകുന്നു. എങ്കിലും അവയിൽ സ്വന്തകല്പനകൾക്കു കുറവില്ലായിരുന്നു.

ഈശ്വർചന്ദരിനു വിദ്യാഭ്യാസവിഷയത്തിൽ വളരെ താല്പര്യമുണ്ടായിരുന്നു; അതിലും വിശിഷ്യ സ്ത്രീവിദ്യാഭ്യാസത്തിൽ. ഇരുപതു വർഷകാലം അദ്ദേഹം ബെത്യൂൻ പള്ളിക്കൂടത്തെ ഭരിച്ചു. അതിന്റെ അഭിവൃദ്ധിയ്ക്കു മുഖ്യകാരണം അദ്ദേഹത്തിന്റെ രഞ്ജനയും പ്രതിഫലേച്ഛ കൂടാതെയുള്ള പരിശ്രമവും സ്വാർത്ഥപരിത്യാഗവുമായിരുന്നു. അയാളെ ഇന്നും ബംഗാളത്തിലുള്ള യുവതികൾ ഓർമ്മിക്കുന്നുണ്ടു്. ബെത്യൂൻ കോളേജിൽ മൂന്നാംക്ലാസ്സിൽ ജയിച്ചു യൂണിവേർസിററിയിലെ ആദിമപരീക്ഷയ്ക്കു പഠിക്കാൻ ആഗ്രഹിക്കുന്ന ഹിന്ദുബാലികയ്ക്കു് അദ്ദേഹത്തിന്റെ സ്മാരകമായ ഒരു സ്കാളർഷിപ്പ് ഇന്നും കൊടുത്തുവരുന്നുണ്ടു്. ബംഗാളത്തിൽ പല സ്ഥലങ്ങളിലും അദ്ദേഹം പെൺപള്ളിക്കൂടങ്ങളെ സ്ഥാപിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ ഗ്രാമത്തിലുള്ള പാവപ്പെട്ട ജനങ്ങളുടെ മക്കളെ പഠിപ്പിക്കാനായി ബീർസിൻഹാ എന്ന സ്ഥലത്തു ൧൮൫൩-ൽ അദ്ദേഹം ഒരു പള്ളിക്കൂടം ഏർപ്പെടുത്തി. അതിനു തന്റെ അമ്മയുടെ പേർ കൊടുത്തു. ഈശ്വർചന്ദർ വിദ്യാഭ്യാസവിഷയത്തിൽ ചെയ്തിട്ടുള്ള ശ്രമത്തിന്റെ ഒരു ഫലമാണു മെട്രോപ്പൊളിററൻ കോളേജ്. ഇംഗ്ലീഷുപണ്ഡിതന്മാർ അദ്ധ്യാപകന്മാരായുള്ള കാളേജുകളെപ്പോലെതന്നെ നാട്ടുപണ്ഡിതന്മാരാലും ഒരു ഒന്നാംതരം കാളേജു നടത്തപ്പെടാമെന്നു പ്രത്യക്ഷീകരിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശ്യം. വംഗഭാഷയിൽ ശരിയായ പാഠപുസ്തകങ്ങളെ എഴുതിയുണ്ടാക്കിയതു് ഈശ്വർചന്ദർ ആയിരുന്നു. ഈ

പുസ്തകങ്ങൾ നാട്ടുഭാഷാപള്ളിക്കൂടങ്ങളിൽ ധാരാളമായി ഉപയോഗിക്കപ്പെട്ടുവന്നു. അതിൽനിന്നും മാസം ഒന്നിന് അദ്ദേഹത്തിനു ൫,000 രൂപയോളം ആദായം ഉണ്ടായിരുന്നതായി പറയപ്പെട്ടിരിക്കുന്നു. ൧൮൫൭-ൽ കൽക്കത്തായൂണിവേർസിററി സ്ഥാപിക്കപ്പെട്ടപ്പോൾ അദ്ദേഹത്തിന് അതിലെ ഫെല്ലോ എന്ന സാമാജികസ്ഥാനം കൊടുക്കപ്പെട്ടു.

ആചാരങ്ങളെ പരിഷ്കരിക്കുന്നതിനു ബംഗാളത്തിൽ ആദ്യമായി പുറപ്പെട്ടതു് ഈശ്വരചന്ദർ അല്ലായിരുന്നുവെവെങ്കിലും അദ്ദേഹത്തിനെക്കാളധികം അതിനുവേണ്ടി ശ്രമംചെയ്തിട്ടുള്ളവർ ആരുമില്ല. വിധവകളായ ബാലികകളെക്കുറിച്ച് അദ്ദേഹത്തിനു് അത്യന്തം കരുണ തോന്നി. അവരുടെ പുനർവിവാഹത്തെ ശാസ്ത്രങ്ങൾകൂടെ സമ്മതിക്കുന്നതായി കണ്ടപ്പോൾ താൻ നടത്തേണ്ടതായ ഒരു കൃത്യമുണ്ടെന്ന് അദ്ദേഹത്തിനു തോന്നി. അതിനായി പരിശ്രമിക്കാൻ അദ്ദേഹം ഉടനെ തുനിഞ്ഞു. ‘വിധവാവിവാഹം’ എന്ന പ്രസിദ്ധപ്പെട്ട കൃതിയെ അദ്ദേഹം അച്ചടിപ്പിച്ചു. തന്നിമിത്തം ശാസ്ത്രിമാരും അദ്ദേഹവുമായി ശണ്ഠയുണ്ടായി. എന്നാൽ ഇവരുടെ വിരോധം അദ്ദേഹത്തിൻെറ നിശ്ചയത്തെ ഒന്നുകൂടി ഉറപ്പിച്ചതേയുള്ളു. അതുവരേയും കേവലം വാഗ്വാദമാത്രത്തിലിരുന്നതിനെ അദ്ദേഹം പ്രവർത്തിക്കാൻ തുടങ്ങി. സ്വന്തചിലവിന്മേൽ അദ്ദേഹം അനേക വിധവാവിവാഹങ്ങളെ നടത്തിച്ചു. ൧൮൫൬-ൽ നടപ്പായ വിധവാവിവാഹചട്ടം മുഖ്യമായി അദ്ദേഹത്തിൻെറ പരിശ്രമംകൊണ്ട് ഉണ്ടായതാണ്. കുലീനബ്രാഹ്മണരുടെ ഇടയിൽ നടപ്പായിരുന്ന ബഹുദാരതയുടെ ആധിക്യം അദ്ദേഹത്തിൻെറ ശ്രദ്ധയെ അനന്തരം ആകർഷിച്ചു. കുലീനബ്രാഹ്മണർ വിവാഹത്തെ ഒരു തൊഴിലായി വിചാരിച്ചുവന്നു. അവരിൽ ചിലക്കു നാല്പതു ഭാര്യമാരോളം ഉണ്ടായിരുന്നു. ഏതു ഭാര്യമാരുടെ മാതാപിതാക്കന്മാർ അവക്ക് അധികം ധനം കൊടുക്കുമോ, ആ ഭാ

ശ്ശമാരുടെ കൂടെ മാത്രമേ അവർ താമസിക്കയുള്ളു. ഈ വിഗർഹിതമായ ആചാരത്തെ നിറുത്തൽചെയ്യുന്നതിനു ൧൮൫൫ൽ അദ്ദേഹം ആരംഭിച്ചു. ഈ വിഷയത്തെപ്പറ്റി ഒരു ഹരജി എഴുതിയുണ്ടാക്കി പ്രധാനികളായ അനേകം ആളുകളെക്കൊണ്ടു ഒപ്പിടുവിച്ചു് ഇൻഡ്യാഗവർമ്മെണ്ടിന് അദ്ദേഹം അയപ്പിച്ചു. ഹരജിക്കാരുടെ അപേക്ഷ ശരിയാണെന്നു് അന്നത്തെ ലഫ്ടനെൻറുഗവർണ്ണർക്കു തോന്നിയെങ്കിലും ഹരജി ഫലിച്ചില്ല. ൧൮൬൬ൽ ഈ വിഷയത്തെപ്പറ്റി ഒരു ബിൽ വൈസ്റായിയുടെ നിയമനിർമ്മാണസഭയിൽ കൊണ്ടുവരുന്നതിന് അദ്ദേഹം ശ്രമിച്ചു. ൧൮൭൧-ലും ൭൩-ലും ഈ നടപ്പിനെ ദൂഷിച്ചു പല പുസ്തകങ്ങളും അദ്ദേഹം പ്രസിദ്ധപ്പെടുത്തി. എന്നാൽ ഈ വിഷയത്തിൽ അദ്ദേഹം ചെയ്ത ശ്രമം വിധവാവിവാഹസംഗതിയിലെന്നപോലെ ഫലപ്രദമായി തീർന്നില്ല.

ഈശ്വർ ചന്ദരുടെ ജനോപകാരപരത്വം ബഹുമുഖമായിരുന്നു. ദരിദ്രന്മാരോടും, നിസ്സഹായന്മാരോടും, രോഗികളോടും, അംഗഹീനന്മാരോടും അദ്ദേഹം ദയാലുവായിരുന്നു. അനേകം യുവതികളായ വിധവകളെ അദ്ദേഹം രക്ഷിച്ചു. നിർദ്ധനന്മാരായ സ്നേഹിതന്മാർക്കു വേണ്ട ധനസഹായം ചെയ്യുന്നതിന് അദ്ദേഹം സദാ സന്നദ്ധനായിരുന്നു. ബംഗാളി കവിയായ മധുസൂദനദത്തന് അദ്ദേഹം ൧൫൦൦ രൂപ ഉടനെ കടം കൊടുക്കയാൽ ഫ്രെഞ്ചുജേലിൽ കയറാൻ ഇടയായില്ല. സ്വജനങ്ങൾക്കും ബന്ധുക്കൾക്കും അവരുടെ ദരിദ്രകുടുംബക്കാർക്കും വേണ്ടുംവണ്ണം ചിലവിനു കൊടുത്തു് അദ്ദേഹം രക്ഷിച്ചു. കൽക്കത്തായിൽനിന്നും അദ്ദേഹം ഗ്രാമത്തിലേയ്ക്കു പോകുന്ന കാലങ്ങളിൽ ആ ഗ്രാമക്കാർക്കു കൊടുക്കുന്നതിന് ഉദ്ദേശം ൫൦൦ രൂപയ്ക്കു വസ്ത്രങ്ങൾ വാങ്ങി കൊണ്ടുപോക പതിവായിരുന്നു. അദ്ദേഹം തന്റെ ഗ്രാമത്തിൽ ഒരു ആസ്പത്രി ഏർപ്പെടുത്തി. അതിനെ വളരെ നാൾ നടത്തി. ഇൻഡ്യൻ അസ്സോസിയേഷൻ (ഇൻഡ്യൻ സംഘം) വകയ്ക്കു ഒരു

കെട്ടിടം കെട്ടുന്നതിന് അദ്ദേഹം ആയിരം രൂപ കൊടുത്തു. 'ഹിന്ദുകുടുംബവർഷാശനമൂലധനം' എന്നു പേരോടുകൂടിയ ബംഗാളത്തിൽ പ്രധാനപ്പെട്ട ഒരു ഏർപ്പാട് അദ്ദേഹത്തിന്റെ ശ്രമത്താൽ നിർവ്വഹിക്കപ്പെട്ടതാകുന്നു. ൧൮൬൬-ൽ ബംഗാളത്തിൽ കഠിനമായി ഒരു ക്ഷാമം ഉണ്ടായി. അതിന്റെ നിവാരണത്തിനായി അനേകവേലകൾ ആരംഭിക്കുന്നതിനു ഗവർമ്മേന്റിനെ പ്രേരിപ്പിച്ചതു് ഈശ്വർചന്ദരായിരുന്നു. ക്ഷാമനിവാരണാർത്ഥം അദ്ദേഹത്തിന്റെ സ്വന്തചിലവിന്മേലും അനേകം ഏർപ്പാടുകൾ ചെയ്യപ്പെട്ടു. ൧൮൬൯-ൽ ബർദ്വാനിൽ ഒരുവക ജ്വരം കലശലായി തുടങ്ങി. വേണ്ടുംവണ്ണം ചികിത്സകൾ ഇല്ലാതെ അനേകം ജനങ്ങൾ മരിച്ചു. ഈശ്വർചന്ദർ ഉടനെ അവിടെ ചെന്നു താൻ താമസിച്ചിരുന്ന ഗൃഹത്തിൽതന്നെ ഒരു ധർമ്മാശുപത്രി ഏർപ്പെടുത്തി. ഹോമിയോപതി എന്ന വൈദ്യത്തിൽ അദ്ദേഹത്തിനു വളരെ വിശ്വാസമുണ്ടായിരുന്നു. അദ്ദേഹം ആ മാതിരി വൈദ്യത്തെ പഠിക്കയും അതിനുവേണ്ട മരുന്നുകൾ ധർമ്മമായി കൊടുക്കുന്നതിനും തദ്വിഷയപുസ്തകങ്ങൾ വരുത്തുന്നതിനും കൂടി ആണ്ടൊന്നുക്കു ൨൦൦ രൂപയോളം ചിലവിടുകയും ചെയ്തു.

൧൮൬൬-ൽ മിസ്സ് മേരി കാർപ്പെന്റർ കൽക്കത്തായിൽ വന്നിരുന്നപ്പോൾ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റിന്റെ അദ്ധ്യക്ഷൻ ആ മദാമ്മയെ ഏതാനും പെണ്ണുള്ളിക്കൂടങ്ങളിൽ കൊണ്ടുപോയി കാട്ടുന്നതിന് ഈശ്വർചന്ദരോട് അപേക്ഷിച്ചു. അപ്രകാരം അദ്ദേഹം അവരെ ചില പള്ളിക്കൂടങ്ങളിൽ കൊണ്ടുപോയി കാണിച്ചു മടങ്ങിവരുംവഴി യദൃച്ഛയാ അദ്ദേഹത്തിന്റെ വണ്ടി മറികയും ബോധമില്ലാതെ അദ്ദേഹം തെരുവിൽ വീഴുകയും ചെയ്തു. അവിടെനിന്നും ഭദ്രമായി എടുത്തു ഗൃഹത്തിൽ കൊണ്ടുപോയി അദ്ദേഹം നന്നായി ചികിത്സിക്കപ്പെട്ടു. ഈ അപായത്തിൽനിന്നു് അദ്ദേഹം രക്ഷപ്പെട്ടു. പി

ന്നീട് ഇരുപത്തഞ്ചു വർഷത്തിനു മേൽ അദ്ദേഹം ജീവിച്ചിരു ന്നെങ്കിലും മുമ്പിലുണ്ടായിരുന്ന ദേഹബലം വിട്ടുപോയി. സ ന്താൾ പർഗണ്ണാസ് എന്ന ദിക്കിൽ കർമ്മതാർ എന്ന സ്ഥല ത്തു സ്ഥിരവാസമാക്കി അവിടെ ജീവിതശേഷത്തെ നയി ക്കാൻ അദ്ദേഹം ഉറച്ചു. ൧൮൯൦ ഡിസെംബറിൽ അദ്ദേ ഹത്തിനു നിശ്ശേഷം ഇല്ലാതെയായി. അനന്തരം അദ്ദേഹം ചന്ദർനഗ്ഗൂരിൽ പോയി അവിടെ ഏതാനും മാസം താമസി ച്ചു. ഒടുവിൽ അവിടെനിന്നും കൽക്കത്തായിൽ വന്നു. അവി ടെ വെച്ച് അദ്ദേഹത്തിൻെറ രോഗം വർദ്ധിക്കയും ൧൮൯൧ ജൂലായി ൨൯-ാംനു- അദ്ദേഹം മരിക്കയും ചെയ്തു.

ഈശ്വർ ചന്ദർ അസാധാരണമാംവണ്ണം സത്യവാനാ യിരുന്നു. മരിക്കുന്നതിന് ഏതാനും വർഷങ്ങൾക്കു മുമ്പിൽ അദ്ദേഹം സ്വന്തകണക്കുകളെ പരിശോധിച്ചതിൽ കണ ക്കിൽ വളരെ അധികം ഇരിപ്പു കണ്ടു, ഇതു ഒരുവേള താൻ ഇൻസ്പെക്ടരായി വേല നോക്കിയ കാലത്തിൽ ഗവമ്മേൻറു വക പണം തൻെറ കൈവശം ഇരുന്നുപോയിട്ടുള്ളതായിരി ക്കുമോ എന്നു ശങ്കതോന്നി ഉടനെ ഈവക രൂപാ തിരിയെ ഖജനാവിൽ അയച്ചിരിക്കുന്നതായി അക്കൌണ്ടൻറു ജനറാ ലിന് എഴുതി അയച്ചു. ഇത്രയും രൂപാ ഗവമ്മേൻറിലേക്ക് ഈടാകാനുള്ളത് എങ്ങിനെ എന്ന് അക്കൌണ്ടൻറു ജനറാ ലിനു കണ്ടുപിടിക്കാൻ കഴിഞ്ഞില്ല. എങ്കിലും ഈശ്വർച ന്ദർ അതിനെ ഗവമ്മേൻറിൽ കൊടുത്തു തൻെറ മനസ്സിനു സംശയനിവൃത്തി വരുത്തി.

സത്യസന്ധതയും, വെച്ചുകെട്ടില്ലാത്ത സംഭാഷണവും, സ്വതന്ത്രമായ മനസ്സും, അതിരററ അനുകമ്പയും, ഒതുങ്ങിയ നടത്തയും നിമിത്തം ഈശ്വർ ചന്ദർ ബംഗാളത്തിൽ ഏററ വും രഞ്ജനയുള്ള ഒരാളായിരുന്നു. അദ്ദേഹം അത്യന്തം ഉദ്യമ ശാലിയായിരുന്നു. സ്വാത്ഥപരിത്യാഗത്തിലും സദാചാരനി ഷ്ഠയിലും നാട്ടുകാൎക്ക് അദ്ദേഹം ഒരു ഉത്തമോദാഹരണമായി

രുന്നു. ജനങ്ങളുടെ സ്തുതിയേയും നിന്ദയേയും അദ്ദേഹം ഗണ്ണിച്ചില്ല. ജാതിഭ്രഷ്ടനാക്കികളയുമെന്നോ ദ്രോഹിയ്ക്കുമെന്നോ ഭയപ്പെട്ട് അദ്ദേഹം സ്വകൃത്യത്തിൽനിന്നും വിരമിച്ചില്ല. അദ്ദേഹത്തിൻെറ ചരിത്രത്തെ എഴുതീട്ടുള്ള മിസ്റ്റർ ശ്രീചരണചക്രവൎത്തി ഇപ്രകാരം പറഞ്ഞിരിക്കുന്നു:—'വിദ്യാസാഗരൻ നിവ്യാജയായ ചിത്തവൃത്തിയും, അപാരയായ അനുകമ്പയും, ഉദാരസ്വഭാവവും, സ്വതന്ത്രമനസ്സും, ആത്മവിശ്വാസവും, സൂക്ഷ്മബുദ്ധിയും നല്ല കാൎയ്യജ്ഞാനവുമുള്ള ഒരാളായിരുന്നു. അക്കാലത്തുള്ളവരിൽവെച്ച് അദ്ദേഹം നിൎദ്ദാക്ഷിണ്യനെങ്കിലും ആൎദ്രഹൃദയനും, നിഷ്ഠുരനെങ്കിലും ദയാലുവും, ബുദ്ധിശക്തിയുള്ളവനെങ്കിലും എളുപ്പത്തിൽ മനസ്സിളകുന്നവനും, അത്യന്തം ധൎമ്മിഷ്ഠനുമായിരുന്നു. പൂൎവ്വപശ്ചിമദേശങ്ങളിലെ പഠിപ്പും ജ്ഞാനവും, തദനുരൂപപ്രവൃത്തിയും, മഹതിയായ ബുദ്ധിയും, ശ്രേഷ്ഠമായ മനസ്സും, ദയയും, ധൈൎയ്യവും അദ്ദേഹത്തിൽ ഒന്നുപോലെ ചേൎന്നിരുന്നു. ഇപ്രകാരമുള്ള ഒരു ചേൎച്ച അപൂൎവ്വമേ ഉണ്ടാകയുള്ളു.'

൧൮൭൭ ജനവരി ൧-ാംനു കൽക്കത്തായിൽവെച്ചുണ്ടായ ഡർബാറിൽ സമ്മാനസൂചകമായ ഒരു സർട്ടിഫിക്കേററും ൧൮൮൦ ജനവരി ൧-ാംനു സി. ഐ. ഇ. എന്ന സ്ഥാനപ്പേരും ഈശ്വർ ചന്ദ്രിനു ലഭിച്ചു.

---

# ദേവേന്ദ്രനാഥ് മിത്തർ.

ദേവേന്ദ്രനാഥ് മിത്തർ ബംഗാളത്തിൽ ഹൂഗ്ലി ഡിസ്ത്രിക്കടിൽ അംഗുന്നിസി എന്ന ഗ്രാമത്തിൽ ൧൮൩൩-ാം വൎഷത്തിൽ ജനിച്ചു. അദ്ദേഹത്തിൻെറ അച്ഛൻ ഹൂഗ്ലി കോടതികളിൽ വാദിച്ചുവന്ന ഒരു വക്കീലായിരുന്നു. മററുള്ള കുട്ടികളുടെ കൂട്ടത്തിൽ ദേവേന്ദ്രനാഥും ഗ്രാമത്തിലുള്ള പള്ളിക്കൂ

ടത്തിൽ പഠിത്തം ആരംഭിച്ചു. ഏഴാമത്തെ വയസ്സിൽ അദ്ദേഹം ഹുഗ്ലിബ്രാഞ്ചു സ്കൂളിൽ ചേൎന്നു. ൧൮൭൫-ൽ കലാശാലയിലെ പള്ളിക്കൂടത്തിൽ രണ്ടാം ക്ലാസിലായി. അദ്ദേഹം കലാശാലയിലെ അദ്ധ്യേതാക്കന്മാരിൽ ഒന്നാമനായിരുന്നു. ൧൮൭൬-ൽ മാസം ൮ രൂപയുള്ള ജൂനിയർ സ്കാളർഷിപ്പു സമ്പാദിച്ചു. ൧൮൭൯-ൽ ൧൮ രൂപായുള്ള "കാത്യായനിറാണിസ്കാളർഷിപ്പ്" അദ്ദേഹത്തിനു കിട്ടി. ൧൮൮൦-ൽ സീനിയർ സ്കാളർഷിപ്പുകൾ കൊടുക്കുന്നതിനു നടത്തിയ പരീക്ഷയിൽ അദ്ദേഹം ഒന്നാമനായി ജയിച്ചു മാസം ഒന്നുക്കു ൪൦ രൂപ സ്കാളർഷിപ്പു വാങ്ങി. അടുത്ത വർഷത്തിൽ കലാശാലയിൽ ഒന്നാം ക്ലാസ്സിലേയ്ക്കു കയററം കിട്ടി. ൧൮൮൨-ൽ ഒന്നാം തരം ഇംഗ്ലീഷ് ഗദ്യകവിതയ്ക്കുള്ള സ്വൎണ്ണമുദ്ര വാങ്ങി. ൧൮൮൪-ൽ രണ്ടു സ്വൎണ്ണമുദ്രകൾ കൂടെ ലഭിച്ചു. പള്ളിക്കൂടത്തിൽ പഠിക്കുന്ന കാലങ്ങളിൽ തന്നെ ദിവാക്കാനാഥിനു ദേശചരിത്രവിഷയത്തിൽ താൽപര്യമുണ്ടായിരുന്നു. ഇംഗ്ലീഷ് കവികളിൽ ഷെല്ലിയേയും ബറൺസിനേയും കുറിച്ചായിരുന്നു അദ്ദേഹത്തിന് അധികപ്രതിപത്തിയുണ്ടായിരുന്നതു്. ഗണിതശാസ്ത്രത്തിലും അദ്ദേഹം സമൎത്ഥനായിരുന്നു. അദ്ദേഹം കണക്കുകൾ ക്രിയ ചെയ്യുന്നതിലുള്ള പാടവത്തെക്കണ്ടു് 'അപൂൎവ്വകല്പനാശക്തിയുള്ളതായി ഞാൻ അറിഞ്ഞിട്ടുള്ള നാട്ടുകാരൻ താൻ മാത്രമാണു്' എന്നു അദ്ധ്യാപകൻ പറഞ്ഞുപോയി. കലാശാലയിലെ പഠിത്തം അവസാനിച്ച് അധികകാലം കഴിയുന്നതിനു മുമ്പെ പിതൃവിയോഗദുഃഖത്തെ അദ്ദേഹത്തിനു സഹിക്കേണ്ടിവന്നു. തന്നിമിത്തം കുടുംബഭരണം അദ്ദേഹത്തിന്റെ ചുമതലയായി തീൎന്നു. എന്നാൽ സൎക്കാർ ജോലിയിൽ പ്രവേശിക്കുന്നതിൽ അദ്ദേഹത്തിന് ഏററവും വൈമുഖ്യമുണ്ടായിരുന്നു. അതുകൊണ്ടു ദാരിദ്ര്യദുഃഖം സഹിച്ചും അദ്ദേഹം വക്കീൽ പണിക്കു പഠിച്ചു. എന്നാൽ ദാരിദ്ര്യം അദ്ദേഹത്തിന്റെ നിശ്ചയത്തെ ക്ഷണേന ഭേദിപ്പിച്ചു. കൽക്കത്തായിൽ ജൂനിയർ പോലീസു മജിസ്ട്രേട്ടുകോ

ടതിയിൽ ൧൨൦ രൂപാ മാസപ്പടിയുള്ള ഒരു ഗുമസ്തവേല ഒഴിവു വന്നതു ദ്വാൎക്കാനാഥ് സ്വീകരിച്ചു. എന്നാൽ അദ്ദേഹം ആ വേലയിൽ അധികനാളിരുന്നില്ല. അതു വിട്ടു പിന്നേയും വക്കീൽ വേലയ്ക്കു പഠിക്കയും പരീക്ഷയിൽ ജയിച്ചു ൧൮൭൦-ൽ വക്കീലായിത്തീരുകയും ചെയ്തു.

ഒരു നല്ല വക്കീലായി തീരുന്നതിനു ദ്വാൎക്കാനാഥ് നന്നായി പരിശ്രമിച്ചു. ഒരു നല്ല സമൎത്ഥനായ വക്കീലും പ്രസിദ്ധി സമ്പാദിക്കുന്നതിനു ശരിയായ അവസരം കിട്ടാതെ പലപ്പോഴും അപ്രസിദ്ധനായിരുന്നുപോകും. എന്നാൽ ദ്വാൎക്കാനാഥ് ഈ വിഷയത്തിൽ ഭാഗ്യവാനായിരുന്നു. വക്കീൽപ്പണി ആരംഭിച്ച് ആറുമാസം കഴിയുന്നതിനുമുമ്പേ ഒരു വലിയ കേസ്സിൽ അദ്ദേഹം ജൂനിയർ വക്കീലായി ഏല്പെട്ടു. കേസു ഹിയരിങ്കിന്ന് എടുത്തപ്പോൾ സീനിയർ വക്കീൽ വേറെ ഏതോ കോടതിയിൽ പോയിരുന്നു. അപ്പോഴാണു ദ്വാൎക്കാനാഥിന് അവസരം ലഭിച്ചതു്. അദ്ദേഹം ആ കേസ്സിനെ നന്നായി വാദിച്ചതിൽ വെച്ചു ജഡ്ജിമാൎക്ക് അദ്ദേഹത്തിനെക്കുറിച്ച് ഒരു നല്ല അഭിപ്രായം ജനിച്ചു. ക്ഷണേന അദ്ദേഹം പ്രസിദ്ധനായി. അദ്ദേഹത്തിന്റെ വക്കീൽപണിയിലുള്ള ആദി ചരിത്രത്തെക്കുറിച്ചു യൂറോപ്യർ വക്കീലന്മാരിൽ പ്രധാനിയായ ഒരാൾ ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—'എന്റെ കക്ഷിയുടേയോ പ്രതികക്ഷിയുടേയോ വക്കീലായി ദ്വാൎക്കാനാഥ വാദിക്കുവാൻവന്ന അവസരങ്ങളിലൊക്കെയും അയാളുടെ വാദത്തിലുള്ള ശേഷിയും, ന്യായവും, ഉൽക്കണ്ഠയും എല്ലാവരുടേയും, വിശിഷ്യ എന്റേയും, ആശ്ചൎയ്യത്തിനു വിഷയമായിരുന്നു. അയാൾ വക്കീലായിരുന്ന കാലത്തെ സ്ഥിതി പിന്നീട് അയാൾക്കു ലഭിച്ച മാന്യപദത്തിനു പൂൎവ്വാംഗമായിരുന്നു.' ൧൮൬൨-ൽ ബംഗാൾ ഹൈക്കോടതി ഏൎപ്പെട്ടായപ്പോൾ അദ്ദേഹത്തിനു വക്കീലായി മുമ്പിലുണ്ടായിരുന്നതിലധികം പ്രാധാന്യം ലഭിച്ചു. അദ്ദേഹത്തിനേക്കാൾ യോഗ്യന്മാർ എന്നു ഗണിക്കപ്പെട്ടിരുന്ന നാട്ടുവക്കീലന്മാർ രണ്ടു

പേർ ഉണ്ടായിരുന്നവരിൽ ഒരാൾ മരിച്ചു പോകയും മറേറയാൾ ജഡ്ജിയാക്കപ്പെടുകയും ചെയ്തു. അതിനാൽ ഡാക്ടർ ഘോഷ് നാട്ടുവക്കീലന്മാരിൽ അഗ്രേസരനാകയും എല്ലാവരും അദ്ദേഹത്തിന്റെ അടുക്കൽ കേസ്സുകളെ ഏല്പിക്കുകയും ചെയ്തു. അദ്ദേഹം ധീരനും സ്വതന്ത്രനുമായ വക്കീലായിരുന്നതു കൂടാതെ പീസ്സു വാങ്ങാതെതന്നെ സാധുക്കളായവരുടെ കേസ്സുകളെ നടത്തുന്നതിൽ സദാ ജാഗരൂകനുമായിരുന്നു. ഏതാനും യൂറോപ്യൻ കൃഷിക്കാരും ജമീൻദാരന്മാരുംകൂടി ബംഗാളത്തിലുള്ള കുടിയാന്മാരുടെ മേൽ ഫ്രവൃന്നമേൽ നടത്തിയ പ്രസിദ്ധപ്പെട്ട കരക്കേസ്സിൽ അദ്ദേഹം പ്രതിഭാഗം വക്കീലായി ഏററ്റു പതിനഞ്ചു ജഡ്ജിമാർ കൂടിയിരുന്ന കോടതിയിൽ വളരേ ദിവസം വാദിച്ചു തന്റെ കക്ഷിക്കാർക്കു ജയം സമ്പാദിച്ചു കൊടുത്തു. അന്നു നടന്ന സംഗതികളെ കുറിച്ചെടുത്ത ഒരാൾ ഇപ്രകാരം എഴുതിയിരിക്കുന്നു:—'ദിവസംതോറും അയാൾ രാവിലെ ൧൧ മണിക്കു എഴുന്നേററാൽ വയ്യിട്ടു ൬ മണി, ചിലപ്പോൾ ൯ മണിവരെ നിന്നു വാദിക്കും. എന്നിട്ടും ദേഹത്തിനു ക്ഷീണത തട്ടുന്നതല്ലാതെ അയാളുടെ യുക്തികളും തർക്കങ്ങളും അക്ഷീണങ്ങളായിത്തന്നെ ഇരുന്നു. ഈ പ്രധാനപ്പെട്ട കേസ്സിൽ അയാളുടെ എതിരുവാദികൾ ഗംഭീരന്മാരായിരുന്നു. എന്നു മാത്രമല്ല, ചീഫ്ജസ്ററിസ് അയാളോട് ഇടവിടാതെ ചോദ്യങ്ങളെ അമ്പുകൾ പോലെ ചോരിഞ്ഞുകൊണ്ടിരുന്നു. എന്നാൽ ആ വിദ്യാവൃദ്ധനായ ജഡ്ജിയുമായി യുവാവായ ഇയാൾ ശേഷിയോടും സാമർത്ഥ്യത്തോടും നിന്നു പൊരുതുന്നതിനെ കാണുന്നതു് ഒരു ആനന്ദമായിരുന്നു.' ഈ കേസ്സിൽ പ്രദർശിപ്പിച്ച സാമർത്ഥ്യം നിമിത്തം സർക്കാർ വക്കീലായി അദ്ദേഹം നിയമിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പിന്നത്തെ കയററം ഹൈക്കോടതിയിൽ ജഡ്ജിയുടെ സ്ഥാനത്തിലേയ്ക്കായിരുന്നു.

നാട്ടുകാരിൽ ഒന്നാമതായി ഹൈക്കോട്ട് ജഡ്ജി ഉദ്യോ

ഗം വഹിച്ച ശംഭുനാഥപണ്ഡിതൻ ൧൮൬൭ ജൂൺ ൬-ാംനു-മരിച്ചു. ആ ഉദ്യോഗം ദ്വാരക്കാനാഥിനു കൊടുക്കപ്പെട്ടു. അദ്ദേഹത്തിന് അപ്പോൾ മുപ്പത്തിമൂന്നു വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ. അദ്ദേഹം ആറു വൎഷം ആ ഉദ്യോഗത്തിലിരുന്നു. ചീഫ് ജസ്റ്റിസായിരുന്ന സർ ബാർനെസ് പീക്കാക്ക് അദ്ദേഹത്തിൻെറ തീരുമാനങ്ങളെ വിലയേറിയവയായി ഗണിച്ചു. തനിയ്ക്കു് അദ്ദേഹത്തിൻെറ അഭിപ്രായത്തിൽനിന്നും ഭിന്നമായ അഭിപ്രായം വരുന്ന സംഗതികളിൽ വളരെ ശങ്കയോടെയാണ് ആ അഭിപ്രായത്തെ സർ ബാർനെസ് പറയാറുണ്ടായിരുന്നതു്. ജഡ്ജിയായിരുന്ന കാലത്തിൽ ദ്വാരക്കാനാഥ് കൈക്കൂലി മുതലായ അന്യായങ്ങളെ നിർദ്ദാക്ഷിണ്യമായി അമൎച്ച വരുത്തിയതു നിമിത്തം അദ്ദേഹത്തിനു ചില കൂട്ടക്കാർ വിരോധികളായിത്തീൎന്നു. ആംഗ്ലോ ഇന്ത്യന്മാർ പ്രസിദ്ധപ്പെടുത്തിയ വൎത്തമാനപത്രങ്ങൾ അദ്ദേഹത്തിനെ ദൂഷിച്ചു. അദ്ദേഹം ഇതൊന്നും ഗണിച്ചില്ല. എന്നാൽ സർ ബാർനെസ് പീക്കാക്ക് അദ്ദേഹത്തിനെ ഈ ദോഷാരോപണങ്ങളിൽ നിന്നും രക്ഷിയ്ക്കണമെന്നുറച്ചു് ഒരിക്കൽ ജഡ്ജിയുടെ സ്ഥാനത്തിലിരുന്നു് ഇപ്രകാരം പറഞ്ഞു:—'ജഡ്ജിയാകുന്നതിനു മുമ്പിൽതന്നെ അയാളെ ഞാൻ അറിയും. പിന്നെ അയാൾ ആ ഉദ്യോഗത്തെ വഹിച്ചു തുടങ്ങിയതിൻെറ ശേഷം അയാളുമൊരുമിച്ചിരുന്നു ഞാൻ വേല നോക്കീട്ടുണ്ടു്. അതുകൊണ്ടു് അയാളുടെ സ്വഭാവത്തെ അറിയുന്നതിനു മറ്റെല്ലാവരെക്കാളും അധികം അവസരം എനിയ്ക്കുണ്ടായിട്ടുണ്ടു്. അയാൾ നല്ല ശേഷിയും പഠിപ്പുമുള്ളവനും, അഹംഭാവലേശമില്ലാത്തവനും, ഉദാരമനസ്കനും, ദയവാനും, സൌമ്യഗുണവും സ്വതന്ത്രബുദ്ധിയുമുള്ളവനും, തൻെറ അഭിപ്രായത്തെ ശരിയെന്നു തോന്നിയാൽ നിൎഭയമായി അതിനെ പറയുന്നവനും, തെറ്റെന്നു ബോധം വന്നു കഴിഞ്ഞാൽ അതിനെ ഉപേക്ഷിയ്ക്കുന്നവനുമായ ഒരാളാണെന്ന് അയാളുടെ മുമ്പിൽ വെച്ചുതന്നെ പറയുന്നതിന് എനിയ്ക്കു മടിയില്ല'.

ഒഴിവുള്ള സമയങ്ങളിൽ ഡാക്ടർനാഥ് ഫ്രഞ്ചും ലാററിനും താൽപര്യത്തോടെ പഠിച്ചു. ഒരു വർഷത്തിനുള്ളിൽ കാംട്ടിന്റെ പുസ്തകങ്ങളെ വായിച്ചു മനസ്സിലാക്കത്തക്ക ഫ്രെഞ്ചുഭാഷാജ്ഞാനത്തെ അദ്ദേഹം സമ്പാദിച്ചു. അദ്ദേഹത്തിന്റെ പുസ്തകശാലയിൽ ആയിരത്തിലധികം ഒന്നാന്തരം ഫ്രെഞ്ചുകൃതികൾ ഉണ്ടായിരുന്നു. അദ്ദേഹം കാംട്ടിന്റെ ക്ഷേത്രഗണിതത്തെ ഇംഗ്ലീഷിൽ തർജ്ജമചെയ്തു മുഖർജ്ജിയുടെ ജർണലിൽ പ്രസിദ്ധപ്പെടുത്തി. കാംട്ടിന്റെ പുസ്തകങ്ങൾ വായിച്ചു് അദ്ദേഹത്തിന്റെ മനസ്സിനു് ഒരു വികാസമുണ്ടായി. ഈ ഗ്രന്ഥങ്ങളേയും അതിലുള്ള തത്വങ്ങളേയും കുറിച്ചു റിച്ചർഡ് കാൺഗ്രീവു മുതലായ തത്വശാസ്ത്രജ്ഞന്മാരുമായി അദ്ദേഹം എഴുത്തുകുത്തുകൾ നടത്തിവന്നു. കൽക്കത്താ യൂണിവേർസിററിയിലെ ഒരു സാമാജികനായുള്ള ജോലികളിലും അദ്ദേഹം താല്പര്യത്തോടുകൂടി വ്യാപൃതനായിരുന്നു.

൧൮൭൦-ൽ ഡാക്ടർനാഥിനു വിഷൂചി പിടിപെട്ടു. ഭാഗ്യവശാൽ ആ രോഗം അപായകരമായിത്തീർന്നില്ല. ൧൮൭൨-ൽ അദ്ദേഹം മുടന്തൻപനി പിടിച്ചു കുറേനാൾ കിടപ്പിലായിപ്പോയി. അതു ഭേദമായി എങ്കിലും അതിന്റെ ചിഹ്നങ്ങൾ അദ്ദേഹത്തിന്റെ ദേഹത്തിൽ ശേഷിച്ചിരുന്നു. ൧൮൭൩ നവംബർ മാസത്തിൽ അദ്ദേഹത്തിന്റെ കണ്ഠത്തിൽ അർബ്ബുദവ്രണമുണ്ടെന്നു വെളിപ്പെട്ടു. ൧൮൭൪ ജനവരിയിലും അദ്ദേഹം ജോലി നോക്കിവന്നു. എന്നാൽ അതിനെ അദ്ദേഹത്തിനു് അധികകാലം തുടരാൻ കഴിഞ്ഞില്ല. രോഗാധിക്യത്താൽ ജീവനിലുള്ള ആശയെ അദ്ദേഹം ത്യജിച്ചു. അന്ത്യകാലം സ്വഗൃഹത്തിൽ കഴിച്ചുകൂട്ടുന്നതിനായി അദ്ദേഹം സ്വന്തഗ്രാമത്തിലേയ്ക്കു തിരിച്ചുവന്നു. ൧൮൭൪ ഫെബ്രുവരി ൨൫-ാംനു- നാല്പതാമത്തെ വയസ്സിൽ അദ്ദേഹം പരലോകത്തെ പ്രാപിച്ചു. മരിയ്ക്കുന്നതിന്റെ തലേദിവസം 'ക്വീൻമാബ്' എന്ന കൃതിയിൽനിന്നും അദ്ദേഹത്തിനു് ഏ

റവും പ്രിയങ്ങളായിരുന്ന ഏതാനും ഭാഗങ്ങളെ വായിച്ചുകേട്ട് ആ പുസ്തകത്തെ വാങ്ങി ചുകന്ന പെൻസിൽകൊണ്ട് ആ ഭാഗങ്ങൾക്കെതിരെ 'പരമാൎത്ഥമായി ജീവിച്ചിരിക്കു' എന്നു സ്വഹസ്തത്താൽ എഴുതി.

ജഡ്ജിയായിരുന്ന ദ്വാരകാനാഥ് നല്ല പേരു സമ്പാദിക്കുകയും ന്യായശാസ്ത്രനൈപുണ്യം കൊണ്ടു നാട്ടുകാൎക്കുണ്ടായിരുന്ന യശസ്സിനെ വൎദ്ധിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ തുല്യസ്ഥാനീയനായ ഒരു ജഡ്ജി അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു:—'അയാളുടെ വിപുലയായ അഭിജ്ഞതയും, സൂക്ഷ്മദൎശിതയും, സൽഗുണവും ന്യായം നടത്തുന്നതിലുള്ള സഹജപ്രതിപത്തിയും, അയാളെ ഒരു നല്ല ജഡ്ജിയാക്കിത്തീൎത്തു. അയാളുടെ കൂടെ പണിചെയ്യുന്നതു ഒരു സന്തോഷം തന്നെയായിരുന്നു. അയാളുടെ വിശേഷസാമൎത്ഥ്യങ്ങളിൽവെച്ച് ഒന്ന് ഇംഗ്ലീഷുഭാഷയിലുള്ള അസാധാരണനൈപുണ്യമായിരുന്നു. ആ ഭാഷയെ സ്വഭാഷയായി സംസാരിക്കുന്നവരിൽ കൂടിയും അതിനെ ഇത്ര ശരിയായും ബലത്തോടും ഉപയോഗിക്കാൻ കഴിയുന്നവർ ചുരുക്കമാണ്. ഇതു എല്ലാവൎക്കും ആശ്ചൎയ്യകരമായിരുന്നു'. വക്കീലന്മാരുടെ കൂട്ടത്തിലും അദ്ദേഹം എല്ലാവരുടേയും ബഹുമാനത്തിനു പാത്രമായിരുന്നു. യൂറോപ്യൻ വക്കീലന്മാരുടെ പ്രതിനിധിയായി ഒരാൾ അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച് ഇപ്രകാരം പറഞ്ഞു:—'ഇതിലധികം ബുദ്ധിമാനായ ഒരു ജഡ്ജിയെ ഞങ്ങൾ അറിഞ്ഞിട്ടില്ല. അയാളെക്കുറിച്ചു ഞങ്ങൾക്ക് ഏററവും ബഹുമാനമുണ്ടായിരുന്നു. ഒരു സംഗതിയെ വാദിച്ചാൽ അതിനെ ഇത്ര സൂക്ഷ്മമായും ഉദാരബുദ്ധിയോടുകൂടിയും ഗ്രഹിക്കുന്നവർ മററാരുമുണ്ടെന്നു ഞങ്ങൾക്കു വിശ്വാസമില്ല'. ജഡ്ജിയായിരിക്കുമ്പോൾ ദ്വാരകാനാഥ് അധികാരത്തെ ദുർവ്വിനിയോഗം ചെയ്യുന്നവരെ നിൎദ്ദാക്ഷിണ്യമായി ശിക്ഷിച്ചു വന്നു. പ്രസിദ്ധപ്പെട്ട മാൾഡാ കേസ്സിൽ അപ്പോൾ ലെഫ്ടനെന്റ് ഗവൎണ്ണ

രായിരുന്ന സർ ജോർജ്ജ് കാമിലിന്റെ അപ്രീതിയെ ഗണി ക്കാതെ ഒരാൾ ഏകാകിയായി രാജ്യകാൎയ്യം നടത്തുന്നതിൽ വെച്ചുണ്ടാകുന്ന ദോഷങ്ങളെ അദ്ദേഹമാണ് ആദ്യം വെളി പ്പെടുത്തിയതു്. ആ കേസ്സിൽ അദ്ദേഹം ചെയ്ത ആക്ഷേപ ങ്ങൾ സിവിൽ ഉദ്യോഗസ്ഥന്മാരുടെ ദുരഭിമാനത്തെ നന്നാ യി പ്രതിപാദിച്ചു. അതിൽവെച്ചു് അവരിൽ പ്രധാനി യായ സർ ജോർജ്ജ് കാമിലിനു് അപ്രീതിയുണ്ടായി. എ ന്നാൽ തന്നിമിത്തം ലോക്നാഥ് സ്വകൃത്യത്തെ ചെയ്യാ തിരുന്നില്ല.

ലോക്നാഥ് സ്നേഹിതന്മാരോടു വളരെ വിനീതനും നിഷ്കപടനുമായിരുന്നു. അദ്ദേഹം തീരെ ഡംഭമില്ലാത്തവനും ഉദാരഹൃദയനുമായിരുന്നു. ഗൎവ്വമെന്നുള്ളതു് അദ്ദേഹം അറി ഞ്ഞിട്ടേയില്ല. വക്കീലാകുന്നതിനു മുമ്പെ അദ്ദേഹം ഹരിപാ ല്ച് എന്ന ദിക്കിലുള്ള ഒരു നല്ല കുലത്തിൽനിന്നും ഒരുസ്ത്രീയെ വിവാഹം ചെയ്തിരുന്നു. അവളിൽ അദ്ദേഹത്തിനു രണ്ടു കുട്ടി കളുണ്ടായി. ഫിബ്രുവരി-ൽ അദ്ദേഹത്തിന്റെ ആദ്യത്തെ ഭാൎയ്യ മരിച്ചു. ഒരു വൎഷത്തിനുള്ളിൽ അദ്ദേഹം രണ്ടാമതു വിവാ ഹം ചെയ്തു.

അദ്ദേഹം വളരെ വായിക്കുന്നവനും നല്ല ഓൎമ്മയുള്ളവ നുമായിരുന്നു. ഒരിക്കൽ 'ആലിസൺന്റെ യൂറോപ്പ്' എന്ന പുസ്തകം മുഴുക്കെ ഒരു പക്ഷത്തിനുള്ളിൽ വായിച്ചു തീൎത്തു് ഒ രു സ്നേഹിതനോടു് ആ പുസ്തകത്തിൽതന്നെ പരിക്ഷിക്കുന്ന തിനു പറഞ്ഞു. അദ്ദേഹം എല്ലാ ചോദ്യത്തിനും ഉത്തരം പ റഞ്ഞു എന്നു മാത്രമല്ല, ആ പുസ്തകത്തിലെ വാചകങ്ങൾ ത ന്നെ കാണാതെ ചൊല്ലുകയും ചെയ്തു. നെപ്പോളിയൻ ബോ ണപാർട്ടിനെ അദ്ദേഹത്തിനു വലിയ ഭ്രമമായിരുന്നു. ആ മ ഹാന്റെ പടത്തെ അദ്ദേഹം തന്റെ മുറിയിൽ തൂക്കിയിരു ന്നു. അദ്ദേഹത്തിന്റെ ആചാരോപചാരങ്ങളിൽ കൃത്രിമപ രിഷ്കാരമില്ലായിരുന്നു. വെളിയിൽ കണ്ടാൽ അദ്ദേഹം അല്പം കഠിനനെന്നു തോന്നിയേക്കാമെങ്കിലും ഉള്ളിൽ നല്ല ദയയു

ള്ളവനായിരുന്നു. ഹരിശ്ചന്ദർ മുക്കർജി അദ്ദേഹത്തിൻെറ പ്രധാനസ്നേഹിതന്മാരിലൊരുത്തനായിരുന്നു. ൧൮൬൧-ൽ അയാൾ അപ്രാപ്തകാലമായി മരിച്ചതു ദ്വാക്കാനാഥിനു വളരെ വ്യസനത്തിനു കാരണമായി. വക്കീലായി വ്യവഹരിക്കുന്ന സമയം ഒരു തുവലെടുത്തു രണ്ടു കൈകൊണ്ടും പിടിച്ചു പിരിച്ചു മറിച്ചുകൊണ്ടിരുന്ന ഒരു വിലക്ഷണശീലം ദ്വാക്കാനാഥിനുണ്ടായിരുന്നു. തുവൽ പിടിച്ചു പിരിച്ചു മറിക്കുന്നതിലാണ് അദ്ദേഹത്തിൻെറ വാദത്തിൻെറ ശക്തി അവലംബിച്ചിരിക്കുന്നതു്. തുവൽ മുഴുവനും പിരിച്ചു മറിച്ചതിന്നു് ഒട്ടു വിലത്തെ ഖണ്ഡം കയ്യിൽ നിന്നും വീണുപോയാൽ അദ്ദേഹത്തിനു യുക്തികളും നിലച്ചുപോകും. ഇങ്ങിനെ അബദ്ധം വരാതെ ഇരിക്കാൻ അദ്ദേഹത്തിൻെറ ഗുമസ്ഥാ എപ്പോഴും ഒരു കെട്ടു പേനാ കയ്യിൽ കൊണ്ടുവന്നു് ഒന്നു താഴെ വീണാൽ മററൊന്നു് ഉടനെ അദ്ദേഹത്തിൻെറ കയ്യിൽ കൊടുത്തു കൊണ്ടിരിക്കും.

# രാമ്ഗോപാല്ഘോസ്.

രാമ്ഗോപാല്ഘോസ്, ഗോവിന്ദചന്ദ്രഘോസ് എന്നു പേരായ ഒരു ചില്ലറക്കച്ചവടക്കാരൻെറ മകനായിരുന്നു. അദ്ദേഹം ൧൮൧൫-ാമാണ്ടു് അക്ടോബർ മാസത്തിൽ കൽക്കത്തായിൽ ജനിച്ചു. ഷേർബ്രിപ്പുറേട്ടറി പള്ളിക്കൂടത്തിൽ ആദിപാഠം കഴിച്ചു. രാമ്ഗോപാല് ൧൮൨൪-ാം വൎഷത്തിൽ ഹിന്ദുകാളേജിൽ ചേൎന്നു. അപ്പോൾ അദ്ദേഹത്തിന്ന് ഏകദേശം ഒമ്പതു വയസ്സു പ്രായമുണ്ടായിരുന്നു. ഹാമിൽട്ടൺ കമ്പനിയിൽ ഒരു പങ്കുകാരനായ മിസ്റ്റർ റാജേർസ് എന്ന സായിപ്പാണ് അദ്ദേഹത്തിൻെറ പീസിൽ ഏതാനും ഭാഗം കൊടുത്തുവന്നതു്. രാമ്ഗോപാല് ആ പള്ളിക്കൂടത്തിലുണ്ടായിരുന്ന വൎദ്ധിഷ്ണുക്കളായ കുട്ടികളിൽ ഒരുവനായിരുന്നു. അതു

കൊണ്ടു് ഉദാരശീലനായ ഡേവിഡ് ഹേർ അദ്ദേഹത്തിനെ പീസ്സുകൂടാതെ പഠിപ്പിച്ചു. പതിന്നാലാം വയസ്സിൽ രാമ്ഗോപാലിനു കാളേജിൽ രണ്ടാം ക്ലാസ്സിൽ കയററം കിട്ടി. ആ ക്ലാസ്സിലെ അദ്ധ്യാപകൻ മിസ്റ്റർ ഹാലിഫാക്സ് ആയിരുന്നു. ഏകദേശം ഇക്കാലത്തിൽ ബംഗാളത്തിൽ മഹാനായ വിദ്യാഭ്യാസപ്രവൎത്തകനായിത്തീൎന്ന ഹെൻറി ലൂയി വിവിയൻ ഡെറോസിയോ ആ കാളേജിൽ ഒരു അദ്ധ്യാപകനായി നിയമിക്കപ്പെട്ടു. അയാളുടെ ശിക്ഷയിൽ രാമ്ഗോപാല് പിന്നീടു വേണ്ടുംവണ്ണം ഉപയോഗിച്ചു തൻെറ അറിവും ശേഷിയും സമ്പാദിച്ചു. ഡെറോസിയോവിൻെറ അടുക്കൽ അദ്ദേഹം ലാക്കിൻേറയും സ്റ്റൂവേർട്ടിൻേറയും തത്വശാസ്ത്രഗ്രന്ഥങ്ങളും, റസ്സലിൻെറ 'ആധുനികയൂറോപ്പു്' എന്ന പുസ്തകവും, ഷേക്സ്പീയരുടെ നാടകങ്ങളും, പ്രകൃതിശാസ്ത്ര തത്വങ്ങളും പഠിച്ചു.

൧൮൩൨-ൽ മിസ്റ്റർ ജോസഫ് എന്ന ഒരു ജൂദൻ കച്ചവടക്കാരൻ ബുദ്ധിമാനായ ഒരു ഹിന്ദുയുവാവിനെ ലേഖകനായി വേണമെന്നു കാൾപിൻ കമ്പനിയിൽ ചേൎന്ന മിസ്റ്റർ ആൻഡർസണോടു് അപേക്ഷിച്ചു. മിസ്റ്റർ ആൻഡർസൺ മിസ്ററർ ഹേറിനോടു് ഒരാളെ ഉണ്ടാക്കിക്കൊടുക്കണമെന്നു പറഞ്ഞു. മിസ്ററർ ഹേർ രാമ്ഗോപാലിനെ നിശ്ചയിച്ചു് അയച്ചു. ഇപ്രകാരം രാമ്ഗോപാല് ൪൦ രൂപാ മാസപ്പടിയിൽ മിസ്ററർ ജോസഫിൻെറ കീഴിൽ ലേഖകനായി ഏൎപ്പെട്ടു് അല്പകാലത്തിനുള്ളിൽ ആപ്പീസ്സിലെ നിത്യനിദാനജോലികളെല്ലാം നല്ലവണ്ണം മനസ്സിലാക്കി. രാമ്ഗോപാല് വേലയിൽ ഏൎപ്പെട്ടു കുറച്ചുനാൾ കഴിഞ്ഞപ്പോൾ ജെ. എസ്. കെൽസാൾ ജോസഫിൻെറ പങ്കുകാരനായി ചേൎന്നു. അപ്പോൾ രാമ്ഗോപാല് ദ്വിഭാഷിയായി നിയമിക്കപ്പെട്ടു. അല്പകാലത്തേക്കു രാമ്ഗോപാല് ആ കൂട്ടുകച്ചവടം നടത്തി. എന്നാൽ പങ്കുകാർ രണ്ടുപേരും പിരികനിമിത്തം മിസ്ററർ കെൽസാളും രാമ്ഗോപാലുംകൂടി പങ്കുകാ

രായിച്ചേൻറു. കെൽസാൾ ഘോസ് കമ്പനി എന്നൊരു കൂട്ടുകച്ചവടസംഘം ഏൎപ്പെടുത്തി. ഈ കച്ചവടത്തിൽ രാമ് ഗോപാല് വളരെ ധനം സമ്പാദിച്ചു. മിസ്റ്റർ കെൽസാളും അദ്ദേഹവുമായി എന്തോ വൈമത്യം നിമിത്തം ൧൮൪൬-ൽ അദ്ദേഹം ആ കമ്പനിയിൽ നിന്നും പിരിഞ്ഞു. ആയാണ്ടിൽ തന്നെ അദ്ദേഹം തൻെറ പേർ വെച്ച് ആർ. ജി ഘോസ് കമ്പനി എന്നൊരു കമ്പനി സ്ഥാപിച്ചു. ഇതിനെ സ്ഥാപിക്കുന്നതിൽ അദ്ദേഹത്തിൻെറ പുരാതനമിത്രമായ മിസ്റ്റർ ആൻഡർസൺ അദ്ദേഹത്തിനെ സഹായിച്ചു. ഈ കമ്പനിയുടെ ഒരു ശാഖ ആക്യാബിൽ ഏൎപ്പെടുത്തി അവിടെ അറക്കാനിൽനിന്നും ബൎമ്മായിൽനിന്നും വരുന്ന അരിയിൽ കച്ചവടം തുടങ്ങി. സത്യവും ഏൎപ്പാടുകളുടെ കണിശവും നിമിത്തം അദ്ദേഹത്തിനു കച്ചവടത്തിൽ നല്ല പിരിവുണ്ടാകയും നല്ല പേർ സിദ്ധിക്കുകയും ചെയ്തു. ൧൮൪൭-ൽ കച്ചവടത്തിന് ആകപ്പാടെ നേരിട്ട ഒരു ദുർദ്ദശയിൽ കൽക്കത്തായിലുള്ള അനേകം വലിയ കമ്പനിക്കാർ നശിച്ചു. രാമ് ഗോപാലിന് ഇംഗ്ലണ്ടിൽ പല കമ്പനിക്കാരുമായി ഇടപാടുണ്ടായിരുന്നതെല്ലാം ശരിയായി നടക്കുമോ എന്നു സംശയമുണ്ടായി. അവ നേരെ നടക്കാതെ ഇരുന്നാൽ അദ്ദേഹവും നശിച്ചകൂട്ടത്തിലാകുമായിരുന്നു. അതിനാൽ തൻെറ അനവധി വസ്തുക്കളെല്ലാം മറുപേരിലാക്കുന്നതിനു രാമ് ഗോപാലിനോടു സ്നേഹിതന്മാർ ഗുണദോഷം പറഞ്ഞു. രാമ് ഗോപാലാകട്ടെ തൻെറ കടക്കാരെ വഞ്ചിക്കാൻ ഒരിക്കലും തുനിയുകയില്ലെന്നു പറഞ്ഞു. ൧൮൪൮-ൽ കൽക്കത്താ സ്മാൾകാസ് കോടതിയിൽ രണ്ടാം ജഡ്ജി വേല അദ്ദേഹത്തിനു കൊടുക്കാൻ ആലോചനയുണ്ടായി. എന്നാൽ കമ്പനിക്കാരുടെ ചോറു തിന്നുകയില്ലെന്ന് അദ്ദേഹം ഉറച്ചിരുന്നു.

രാമ്ഗോപാല് ബങ്കാളത്തിൽ ആദ്യമായുണ്ടായ രാജകാൎയ്യവാദപ്രവൎത്തകന്മാരിൽ ഒരാളായിരുന്നു. അദ്ദേഹം പല പണ്ഡിതസംഘങ്ങളിലും രാജ്യതന്ത്രത്തെപ്പററി ആലോ

ചിക്കുന്ന സംഘങ്ങളിലും ചേൎന്നിരുന്നു. തൻെറ നാട്ടുകാരെ അടിമസ്ഥിതിയിൽനിന്നും ഉയൎത്തിക്കൊണ്ടുവരുന്നതിലായിരുന്നു അദ്ദേഹം സൎവ്വദാ പ്രവൎത്തിച്ചതു്. രാജ്യതന്ത്രചിന്തയ്ക്കുള്ള സംഘങ്ങളിലും വൎത്തമാനപത്രങ്ങളിലും ഇംഗ്ലണ്ടിൽ കൂട്ടം കൂടുന്നതിലും കാൎയ്യസാദ്ധ്യമുണ്ടാകുമെന്നു് അയാൾക്കു ദൃഢവിശ്വാസമുണ്ടായിരുന്നു. അദ്ദേഹം 'അജ്ഞാനനാശനം' എന്നൊരു വൎത്തമാനപത്രത്തിലേയ്ക്കു നിസ്തന്ദ്രനായ ലേഖകനും കുറെ കാലത്തേയ്ക്കു് അതിൻെറ പ്രധാനപ്രവൎത്തകനുമായിരുന്നു. അതു നിന്നുപോയപ്പോൾ 'സ്പെക്ടേടർ' എന്നൊരു പത്രത്തെ അദ്ദേഹം ആരംഭിച്ചു. ആ പത്രവും കുറച്ചുകാലമേ നിലനിന്നുള്ളു. പിന്നീടു് അദ്ദേഹം 'ദൎപ്പണം' എന്നൊരു പത്രം നടത്തിത്തുടങ്ങി. അതും അചിരേണ നാമാവശേഷമായി. ഇതുകൊണ്ടൊന്നും രാമ്ഗോപാല് ഘോഷ് സാഹസനായില്ല. നിന്നുപോയ 'ദൎപ്പണം' എന്ന പത്രത്തെ പുനരുജ്ജീവിപ്പിക്കുന്നതിനും ഒരു മാസികപുസ്തകത്തെ പ്രസിദ്ധപ്പെടുത്തുന്നതിനും അദ്ദേഹം ഫെബ്രുവരിൽ ഉദ്യമിച്ചു. ഒരു സ്നേഹിതനു അദ്ദേഹം ഇപ്രകാരം എഴുതിയിരിക്കുന്നു:— "ഒരു ബുദ്ധിമാനായ യുവാവു തൻെറ സമയം മുഴുവനും ഉപയോഗിക്കാൻ സന്നദ്ധനായിട്ടുണ്ടായിരുന്നാലല്ലാതെ ഈ പത്രങ്ങൾ രണ്ടുംകൂടി നടത്തുന്നതു പ്രയാസമാണു്. അതിനു നൂറു രൂപാ ചിലവുവരും. എന്നാൽ ഈ രണ്ടു പത്രങ്ങളും ഇപ്പോഴത്തെ സ്ഥിതിയ്ക്കു് ആവശ്യകങ്ങളാണെന്നാണു് എൻെറ താഴ്മയായ അഭിപ്രായം. മാസികപത്രം പഠിപ്പുള്ള സ്വദേശികളുടെ ഗവേഷണശീലത്തെ നിലനിറുത്തുന്നതിനും, നഷ്ടപ്രായങ്ങളായ ലൈബ്രെറി, 'സാധാരണജ്ഞാനാൎജ്ജനസമാജം' മുതലായവയെ ഉജ്ജീവിപ്പിക്കുന്നതിനും, തന്ദ്രാലുതയിൽനിന്നും അവരെ ഉണൎത്തുന്നതിനും, സ്ത്രീവിദ്യാഭ്യാസം വിധവാവിവാഹം തുടങ്ങിയ സംഗതികളെപ്പററി നിരൂപണം ചെയ്യുന്നതിനു് അവൎക്കു് അവസരം

കൊടുക്കുന്നതിനും ആവശ്യകമാണ്. ഇതു നമുക്കു പ്രത്യേകമായ ഒരു പത്രമായിരിക്കേണ്ടതാണ്. ദേപ്പ്ണ്‌മാകട്ടെ, നാട്ടുകാൎക്കു പൊതുവേയുള്ള ഉപയോഗത്തിനുള്ളതാണ്. അതിലെ വാചകരീതി സരളയായിരിക്കണം. ഒരു വിഷയത്തെപ്പററിയും ദീൎഘവാദങ്ങൾ അതിൽ അടങ്ങിയിരിക്കരുത്. പ്രാചീനശാസ്ത്രമതാനുസാരികളുടെ വിരോധം വരുത്താതിരിക്കാൻ ഏററവും കരുതലോടുകൂടിയതായിരിക്കണം. നാട്ടുകാൎക്കു രസകരങ്ങളായ വൎത്തമാനങ്ങൾ അടങ്ങിയതായിരിക്കണം. അപ്രകാരം ക്രമേണ അറിവിനെ വൎദ്ധിപ്പിച്ചു, മിഥ്യാജ്ഞാനങ്ങളെ അകററി അവരുടെ മനസ്സിനെ പരിഷ്കാരോന്മുഖമാക്കിത്തീൎക്കുന്നതായിരിക്കണം. നിന്നുപോയ ദേപ്പ്ണ്‌ത്തിന്റെ മാതിരിയിൽ വേണം അതിനെ നടത്തുന്നതു്."

സമാജങ്ങൾ കൂടുന്നതിനും പുസ്തകങ്ങൾ സൂക്ഷിക്കുന്നതിനും ചിത്രങ്ങളേയും പ്രതിമകളേയും വെക്കുന്നതിനും കൽക്കത്തായിൽ നാട്ടുകാർ താമസിക്കുന്നിടത്തു് ഒരു നഗരശാല പണിചെയ്യിപ്പിക്കണമെന്നു് രാമ്ഗോപാലിന് ആഗ്രഹമുണ്ടായിരുന്നു. ഹിന്തുക്കളുടെ സ്ഥിതിയെ ഇംഗ്ലണ്ടിലുള്ളവർ അറിയുന്നതിനായി അവിടെ ഉദ്യമങ്ങൾ ചെയ്യുന്നതിനും അദ്ദേഹം അത്യന്തം തല്പരനായിരുന്നു. ഇതിനായി ഇംഗ്ലണ്ടിൽ താമസിച്ചിരുന്ന മിസ്റ്റർ ആഡം എന്നൊരാളുമായി അദ്ദേഹം എഴുത്തുകുത്തു ചെയ്തു. ഹർജികൾകൊണ്ടും സംഘങ്ങൾ കൂടിയതുകൊണ്ടും ഫലസിദ്ധിയുണ്ടാകയില്ലെന്നു രാമ്ഗോപാലിനു ബോധമുണ്ടായിരുന്നു. എന്തെന്നാൽ അവയെല്ലാം ഏതാനും പരിഷ്കാരപ്രിയന്മാരായ ഇംഗ്ലീഷുകാരുടെ പ്രേരണയിന്മേലാണെന്നാണു പ്രസിദ്ധി. എന്നാൽ നാട്ടുകാർ തന്നെ അവരുടെ സങ്കടനിവൃത്തിക്കു ശ്രമിക്കുന്നതായി ഇംഗ്ലണ്ടിലുള്ള ജനങ്ങൾ അറിയുമ്പോൾ പാർല്ലിമേന്റുകാർ ആ കാൎയ്യങ്ങളെപ്പററി ഗൌനിക്കാതിരിക്കയില്ലെന്നും അപ്രകാരമായാൽ ഈ നാട്ടിലെ ഗവൎമ്മേണ്ടുകാരുടെ വിരോധപ്രവൃത്തികളൊന്നും

ഫലിക്കുയില്ലെന്നും അദ്ദേഹത്തിനു ബോധമുണ്ടായിരുന്നു. അദ്ദേഹം അനേകവിഷയങ്ങളെപ്പറ്റിയുള്ള അറിവു ശേഖരിച്ചു മിസ്റ്റർ ആഡമിന് അയച്ചുകൊടുത്തു. "പോലീസപ്പാടിന്റെ ഇപ്പോഴത്തെ സ്ഥിതി; അതിനെ പരിഷ്കരിക്കാനുള്ള ഉപായം; കലാൽ ഏപ്പാട്; അതിന്റെ ഗുണദോഷങ്ങൾ; ബംഗാളത്തിലുള്ള ജനങ്ങൾ ഉദ്യമശാലികളാകാതിരിക്കാനുള്ള കാരണം; അവരെ ഉജ്ജീവിപ്പിക്കാനുള്ള മാർഗ്ഗം; ജനസംഖ്യ കൂടി വരുന്നൊ ഇല്ലയൊ? അതിനുള്ള കാരണങ്ങൾ എന്ത്? ധനം വദ്ധിച്ചു വരുന്നൊ ഇല്ലയൊ? ജനസാമാന്യത്തിന്റെ സുഖം കൂടുന്നൊ കുറയുന്നൊ? അതിനു കാരണമെന്തു? പട്ടണങ്ങളിലും നാട്ടുപുറങ്ങളിലുമുള്ള ഹിന്തുക്കളിലും മുഹമ്മദന്മാരിലും ധമ്മബുദ്ധി കൂടിവരുന്നൊ കുറയുന്നൊ? കാരണങ്ങൾ എന്ത്? ഗവമ്മെൻറു ചട്ടങ്ങളും രാജ്യഭരണരീതിയും, ജനങ്ങളുടെ ഏപ്പാടുകളും സമുദായത്തിന്റെ അഭിവൃദ്ധിക്കൊ ഹാനിക്കൊ കാരണം? മതവാദികളുടെ ഉദ്യമങ്ങളുടെ ഫലമെന്ത്? ജനങ്ങൾ അവയെ എങ്ങിനെ ഗണിച്ചിരിക്കുന്നു?" ഇവയേയും ഇപ്രകാരമുള്ള മററു സംഗതികളേയും പററി അദ്ദേഹം അറിവു ശേഖരിച്ചയച്ചു.

രാംഗോപാല് നാട്ടുകാരിൽ ഒരു പ്രാമാണികനായി ഗണിക്കപ്പെട്ടിരുന്നു. അക്കാലത്തുണ്ടായ പബ്ലിക്കായുള്ള ഉദ്യമങ്ങൾക്കൊക്കെയും അദ്ദേഹം ജീവനായിരുന്നു. ൧൮൪൩-ൽ ഡേവിഡ് ഹേറിന്റെ സ്മാരകമായി എന്തെങ്കിലും സ്ഥാപിക്കണമെന്നുള്ള ഉദ്ദേശ്യത്തോടെ ഒരു യോഗം കൂടി. ആ സായ്പിന്റെ പ്രതിമ സ്ഥാപിക്കണമെന്നുള്ളതു ബംഗാളത്തിലുള്ള പ്രഭുക്കന്മാൎക്ക് അത്ര രുചിച്ചില്ല. എന്നാൽ അപ്രകാരം ചെയ്യുന്നതിനു രാംഗോപാല് ഉറച്ചിരുന്നു. ഡേവിഡ് ഹേറിന്റെ ഇഷ്ടന്മാരും ശിഷ്യന്മാരുമെല്ലാം ഒരു മാസത്തെ ശമ്പളം ഇതിനായി കൊടുക്കണമെന്നു രാംഗോപാല് ഒരു നോട്ടീസ് അയച്ചു. അപ്രകാരം ഒരു വലിയ സംഖ്യ പിരിഞ്ഞുവന്നു. ൧൮൪൭-ൽ ഹാർഡിൻജ് പ്രഭു

വിന് ഒരു മംഗളപത്രം കൊടുക്കുന്നതിനും പ്രഭുവിൻെറ സ്മാരകമായി എന്തെങ്കിലും ചെയ്യുന്നതിനും വേറെ ഒരു യോഗം കൂടി. ആ സദസ്സിലുണ്ടായിരുന്ന യൂറോപ്യന്മാൎക്കു് ഒരു മംഗളപത്രം മാത്രം കൊടുത്താൽ മതി എന്നായിരുന്നു അഭിപ്രായം. എന്നാൽ നാട്ടുകാൎക്കു് ആ പ്രഭുവിനോടു കൃതജ്ഞന്മാരായിരിക്കാൻ വിശേഷകാരണമുണ്ടായിരുന്നതിനാൽ കൃഷ്ണമോഹൻ ബാനൎജ്ജിയുടെ സഹായത്തോടെ രാമഗോപാല് കൊടുക്കാൻ നിശ്ചയിച്ചിരുന്ന ഔപചാരികമായ മംഗളപത്രത്തെ തിരുത്തിച്ചു് ഒരു പ്രതിമ സ്ഥാപിക്കുന്നതിന് ഏൎപ്പാടു ചെയ്തു. ആ സ്മാരകക്കമ്മററിയുടെ സിക്രട്ടറിയായി രാമ്ഗോപാല് നിയമിക്കപ്പെട്ടു.

(൧) ഈസ്റ്റിൻഡ്യാ കമ്പനിയുടെ ക്രിമിനൽ കോടതികളുടെ അധികാരത്തിലുൾപ്പെടാത്തവരെ അതിൽ ചേൎക്കുന്നതിനും (൨) ശീമരാജ്ഞിയുടെ പ്രജകളുടെ അവകാശങ്ങളെ സ്ഥാപിക്കുന്നതിനും (൩) ജൂറികളോടുകൂടി വിസ്താരം നടത്തുന്നതിനും (൪) ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരുടെ രക്ഷക്കും, നാലു നിയമങ്ങളുടെ നക്കൽ ൧൮൪൯-ൽ ഇൻഡ്യാ ഗസററിൽ ജനങ്ങളുടെ അറിവിനായി പ്രസിദ്ധപ്പെടുത്തപ്പെട്ടു. ഈ നിയമങ്ങളെ യൂറോപ്യന്മാർ 'ബ്ലാക്ക് ആക്ട്സ്' ദുഷ്ടചട്ടങ്ങൾ എന്നു ദുഷിക്കയും അവയെ നടത്തിക്കൂടെന്നുള്ളതിനെ ഗവൎമ്മെൻറിൽ തെര്യപ്പെടുത്തുന്നതിനു സംഘങ്ങൾ കൂടുകയും ചെയ്തു. രാമ്ഗോപാലിൻെറ അഭിപ്രായം ഇവരുടേതിനു വിപരീതമായിരുന്നു. അദ്ദേഹം ആ ചട്ടങ്ങളെ താങ്ങി ഒരു പുസ്തകം അച്ചടിപ്പിച്ചു. ഇതു യൂറോപ്യന്മാൎക്കു കോപകാരണമായിത്തീൎന്നു. അതിനാൽ അദ്ദേഹത്തിനെ ആഗ്രിഹോൾട്ടികൾചറൽ സൊസയററി എന്ന സമാജത്തിൻെറ ഉപാദ്ധ്യക്ഷസ്ഥാനത്തിൽനിന്നും അവർ നീക്കി. ഇവരുടെ ഈ പ്രവൃത്തിയെ ദുഷിച്ചു ഫ്രെൻഡ് ആഫ് ഇൻഡ്യാ (ഇൻഡ്യായുടെ മിത്രം) എന്ന പത്രം എഴുതിയതു കൂടാതെ മിസ്റ്റർ (പിന്നീടു സർ) സെസിൽബീഡൽ തുടങ്ങി

ചിലർ ആ സമാജത്തിൽനിന്നും പിൻവാങ്ങുകയും ചെയ്തു. ൧൮൫൩-ൽ ഒരു ഗൌരവമേറിയ സംഗതിയെപ്പറ്റി ആലോചിയ്ക്കാൻ കൂടിയ സംഘത്തിൽ കഴിഞ്ഞ വൎഷം ഹൌസ്അഫ് കാമൺസിനാൽ നിയമിയ്ക്കപ്പെട്ട കമ്മീഷൻ മുമ്പാകെ സർ ഫ്രെഡറിക്ക് ഹാല്ലിഡെ കൊടുത്ത മൊഴിയെ ആക്ഷേപിച്ച് രാമഗോപാല് ഒരു വിശിഷ്ടമായ പ്രസംഗം ചെയ്തു. ൧൮൫൮-ൽ ശ്രീമറാണിയ്ക്ക് ഒരു മംഗളപത്രം സമൎപ്പിയ്ക്കുന്നതിനുണ്ടായ സംഘത്തിലും അദ്ദേഹം പ്രധാന ഭാരവാഹിയായിരുന്നു.

വിദ്യാഭ്യാസവിഷയത്തിൽ അദ്ദേഹം വളരെ താല്പൎയ്യമുള്ളവനായിരുന്നു. പ്രധാനവിദ്യാലയങ്ങളുടെ ന്യൂനതകളെപ്പറ്റി അദ്ദേഹം പല അവസരങ്ങളിലും എഴുതീട്ടുണ്ട്. ബെത്യൂൺ പെൺപള്ളിക്കൂടം ഏൎപ്പെടുത്തിയപ്പോൾ പെൺകുട്ടികളെ അവിടെ അയച്ചു പഠിപ്പിയ്ക്കുന്നതിൽ ആൎക്കും ധൈൎയ്യമില്ലായിരുന്നു. രാംഗോപാല് നിശ്ശങ്കമായി തന്റെ മകളെ അവിടെ അയച്ചു. വിധവാവിവാഹത്തെ കുറിച്ചും അദ്ദേഹം ശ്രദ്ധിച്ചു. ഒരു നല്ല വാഗ്മിയായിരുന്നെങ്കിലല്ലാതെ ഒരു വിജയിയായ ഉദ്യമിയാകാൻ പ്രയാസമാണ്. രാമ്ഗോപാല് അനേകം ശ്ലാഘ്യങ്ങളായ പ്രസംഗങ്ങൾ ചെയ്തിട്ടുണ്ട്. 'ഇൻഡ്യായിലെ ഡിമാസ്തനീസ്' എന്ന പേർ അ അദ്ദേഹം സമ്പാദിച്ചു. ഒരു ഗൌരവമേറിയ സംഗതിയെപ്പറ്റി അദ്ദേഹം ചെയ്ത പ്രസംഗത്തെ 'ടൈംസ്' എന്ന പത്രം ഒന്നാന്തരം പ്രസംഗമെന്നു ശ്ലാഘിച്ചു. അദ്ദേഹം ഒരു യൂറോപ്യനായിരുന്നെങ്കിൽ നൈറ്റുസ്ഥാനം കൊടുത്തേനെ എന്ന് ആ പ്രസംഗത്തെ കുറിച്ച് 'ഇൻഡ്യൻഫീൾഡ്' എന്ന പത്രം പ്രസ്താവിച്ചു.

എല്ലാവിധത്തിലും രാമ്ഗോപാല് ഒരു പൊതുമനുഷ്യനായിരുന്നു. വിദ്യാഭ്യാസവിഷയമാകട്ടെ കച്ചവടവിഷയമാകട്ടെ, രാജ്യകാൎയ്യവിഷയമാകട്ടെ, അദ്ദേഹം ഉൾപ്പെടാത്ത ഒരു ഏൎപ്പാടുമില്ലായിരുന്നു. അദ്ദേഹം ബെംഗാൾ വാണി

ഹ്മസമാജത്തിലെയും കൽക്കത്താ യൂനിവേർസിററിയിലെയും ഒരു സാമാജികനും ബെംഗാൾ ബ്രിട്ടിഷ് ഇൻഡ്യൻ സംഘത്തിന്റെ അഗ്രാസനാധിപതിയും ആയിരുന്നു. ൧൮൬൨-ൽ അദ്ദേഹം ബെംഗാൾ നിയമനിൎമ്മാണസഭയിൽ ഒരു സാമാജികനായി നിയമിക്കപ്പെട്ടു. എന്നാൽ സുഖക്കേടു നിമിത്തം ജനങ്ങൾക്ക് അധികം ഉപകാരം ചെയ്‌വാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ൧൮൬൮ ജനവരി ൨൫-ാംനു അദ്ദേഹം പരലോകത്തെ പ്രാപിച്ചു.

# ഹരിശ്ചന്ദർ മുകൎജ്ജി.

കൽക്കത്തായുടെ സമീപത്തു ഭവാനിപുരമെന്ന സ്ഥലത്തിൽ ൧൮൨൪-ാമാണ്ടു ഹരിശ്ചന്ദർ മുകൎജ്ജി ജനിച്ചു. അദ്ദേഹം ദാരിദ്ര്യമുള്ള ഒരു ഉത്തമകുലീനബ്രാഹ്മണകുടുംബത്തിൽ ചേൎന്നയാളായിരുന്നു. രാമധനമുകൎജ്ജിയ്ക്കു രുക്മിണിദേവി എന്ന ഭാൎയ്യയിൽ ഉണ്ടായ രണ്ടു പുത്രന്മാരിൽ ഇദ്ദേഹം രണ്ടാമനായിരുന്നു. മാതുലഗൃഹത്തിൽ ഹരിശ്ചന്ദർ വളൎത്തപ്പെട്ടു. അഞ്ചാമത്തെ വയസ്സിൽ ആ ഗ്രാമത്തിലുണ്ടായിരുന്ന കുട്ടിപ്പള്ളിക്കൂടത്തിൽ ചേൎന്നു സ്വഭാഷ ഏതാനും പഠിച്ചു. ഏഴാമത്തെ വയസ്സിൽ ജ്യേഷ്ഠനോടുമിച്ച് ഇംഗ്ലീഷ് അക്ഷരാഭ്യാസം ആരംഭിച്ചു. പിന്നീടു യൂനിയൻ പള്ളിക്കൂടത്തിൽ ധൎമ്മമായി ചേൎത്തു പഠിപ്പിക്കപ്പെട്ടു. ആ പള്ളിക്കൂടത്തിൽ അദ്ദേഹം ആറു വൎഷം പഠിച്ചു. പതിന്നാലാം വയസ്സിൽ ഏതെങ്കിലും ഉദ്യോഗം സമ്പാദിക്കുന്നതിന് അലഞ്ഞു നടക്കേണ്ടതായി തീരുകയാൽ പള്ളിക്കൂടം വിടേണ്ടിവന്നു. മറെറാന്നും കിട്ടായ്കനിമിത്തം ഹൎജ്ജികളും എഴുത്തുകളും മററും എഴുതിക്കൊടുത്ത് ഉപജീവനം കഴിച്ചുകൊണ്ടിരുന്നു. ഒരുദിവസം പുലൎന്നപ്പോൾ അന്നത്തെ ഭക്ഷണത്തി

ന് ഒരു മണി അരിപോലും ഇല്ലെന്നു കണ്ടു് ഒരു പിച്ചളപ്പാത്രം പണയംവെച്ചു് അന്നത്തെ അഹോവൃത്തി കഴിക്കുന്നതിന് അദ്ദേഹം വിചാരിച്ചു. ആ അവസരത്തിൽ ഒരു ജമീൻദാരുടെ ഏജൻറു് ഒരു പ്രമാണം തർജ്ജമ ചെയ്തുകൊടുക്കുന്നതിന് അദ്ദേഹത്തിൻെറ അടുക്കൽ കൊണ്ടുവന്നു. അതു ചെയ്തുകൊടുത്തു് അദ്ദേഹം രണ്ടു രൂപാ സമ്പാദിച്ചു. ഈപ്രകാരം അനിശ്ചിതമായ കാലക്ഷേപം അദ്ദേഹത്തിനു വളരെ നാൾ കഴിക്കേണ്ടിവന്നില്ല. ടള്ളക് കമ്പനിയിൽ അദ്ദേഹത്തിനു ൧൦ രൂപാ ശമ്പളത്തിൽ ബില്ലെഴുത്തുവേല കിട്ടി. കുറച്ചു കാലം കഴിഞ്ഞപ്പോൾ ശമ്പളം കൂട്ടിക്കിട്ടണമെന്നു് അദ്ദേഹം അപേക്ഷിച്ചു. അതു നിരസിക്കപ്പെടുകയാൽ ഉടനെ വേല രാജിവെച്ചു. ൧൮൪൮-ൽ പട്ടാളം ആഡിററർ ജനറലിൻെറ ആപ്പീസ്സിൽ ഒരു ഒഴിവു വന്നു. അപേക്ഷക്കാരെ പരീക്ഷിച്ചു ജയിക്കുന്നവന് ആ വേല കൊടുക്കാമെന്നു നിശ്ചയിക്കപ്പെട്ടിരുന്നു. അതു ഹരിശ്ചന്ദരിന്നു കിട്ടി. ശമ്പളം ആദ്യം ൨൫ രൂപായായിരുന്നു. അദ്ദേഹത്തിൻെറ ബുദ്ധിയും വേലയ്ക്കുള്ള ശേഷിയും കണ്ടു മേലാവിലുള്ളവർ അദ്ദേഹത്തിനു താണതരം ഗുമസ്താവേലയിൽനിന്നും നാനൂറുരൂപാ മാസപ്പടിയുള്ള പട്ടാളം അസിസ്റ്റൻറു് ആഡിററർ സ്ഥാനത്തിലേക്കു കയററം കൊടുത്തു.

ഹരിശ്ചന്ദരിനു പുസ്തകവായനയിൽ അത്യന്തം താല്പര്യമുണ്ടായിരുന്നു. പത്തു രൂപാ ശമ്പളത്തിൽ ഗുമസ്തനായിരുന്ന കാലത്തിൽ തന്നെ അദ്ദേഹം പുസ്തകങ്ങൾ കടം വാങ്ങി വായിച്ചുവന്നു. അദ്ദേഹത്തിനു ശമ്പളം കൂട്ടിത്തുടങ്ങിയപ്പോൾ കൽക്കത്താ പബ്ളിക് ലൈബ്രറിയിൽ ഒരു വരിക്കാരനായി ചേർന്നു. ആപ്പീസ്സു ജോലി കഴിഞ്ഞാൽ അദ്ദേഹം ഈ ലൈബ്രെറിയിൽ ചെന്നിരുന്നു രണ്ടു മണിക്കൂർ പതിവായി വായിച്ചുവന്നു. പഴയ മാസിക പുസ്തകങ്ങൾ വായിക്കുന്നതിൽ അദ്ദേഹത്തിന് ഒരു പ്രത്യേക കൌതുകമുണ്ടായിരുന്നു. "എഡിൻബറോ റിവ്യൂ" എന്ന മാസിക

പുസ്തകത്തിൽ എഴുപത്തഞ്ചു പഴയ സംപുടങ്ങൾ മൂന്നുനാലുതവണ അദ്ദേഹം ആവർത്തിച്ചു വായിച്ചിട്ടുള്ളതായി പറയപ്പെട്ടിരിക്കുന്നു. പബ്ളിക്ക് പ്രസംഗങ്ങളെ ശ്രവിക്കുന്നതിലും അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നു. ഡാക്ടർ ഡഫിന്റെ പ്രസംഗങ്ങൾ കേൾക്കുന്നതിന് അദ്ദേഹം ഭവാനിപുരത്തിൽനിന്നും കൽക്കത്തായിലേക്കു നാലു നാഴിക ദൂരം നടന്നുപോവ പതിവായിരുന്നു. ൧൮൫൨-ൽ ബ്രിട്ടീഷ് ഇൻഡ്യൻ സംഘത്തിൽ അദ്ദേഹം ഒരു സാമാജികനായതിന്റെ ശേഷം അതിലുള്ള മററു സാമാജികന്മാരുമായി റെഗുലേഷൻ ചട്ടങ്ങളെ ഒറിച്ചു വാദങ്ങൾ ചെയ്യുന്നതിന് അവയെ എല്ലാം വായിച്ചു മനസ്സിലാക്കി. ബാല്യത്തിലേ അദ്ദേഹം പത്രങ്ങളിൽ എഴുതാൻ തുടങ്ങി. കാശിപ്രസാദഘോഷ് നടത്തിവന്ന "ഹിന്ദു ഇൻറലിജൻസർ" എന്ന പത്രത്തിലും "ഇംഗ്ലീഷ്മാൻ" എന്ന പത്രത്തിലുമാണ് അദ്ദേഹം എഴുതിത്തുടങ്ങിയതു്. ൧൮൫൦-ൽ ഈസ്റ്റിൻഡ്യാക്കാക്കുള്ള ശാസനപത്രത്തെ പുതുപ്പിക്കാൻ ആരംഭിച്ച അവസരത്തിൽ അപ്രകാരം ചെയ്യരുതെന്നുള്ളതിലേക്ക് ഒരു ഹജ്ജി ആദ്യം എഴുതിയുണ്ടാക്കുന്നതിനുള്ള ചുമതല അദ്ദേഹത്തിനോ ഏല്പിക്കത്തക്കവണ്ണം അദ്ദേഹം ഇംഗ്ലീഷുഭാഷയിൽ പാണ്ഡിത്യം സമ്പാദിച്ചിരുന്നു. ആയാണ്ടിൽ ശ്രീനാഥ്ഘോഷ് ഗിരിശചന്ദ്രഘോഷ് കേതനചന്ദ്രഘോഷ് എന്നു മൂന്നു സഹോദരന്മാർകൂടി "ഹിന്ദുപേട്രിയട്ട്" എന്നൊരു പത്രത്തെ മധുസൂദനറായിയുടെ വകയായ അച്ചുക്കൂടത്തിൽ അടിച്ചു പ്രസിദ്ധപ്പെടുത്താൻ തുടങ്ങി. അവരെ ഹരിശ്ചന്ദ്രർ സഹായിച്ചു. മുൻപറഞ്ഞ സഹോദരന്മാർ അവരുടെ വേലയിൽ അനാസ്ഥയുള്ളവരായിത്തിരുകയാൽ ആ പത്രത്തെ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള ചുമതല ഹരിശ്ചന്ദ്രർ വഹിക്കേണ്ടിവന്നു. ൧൮൫൫-ൽ ഈ പത്രം അച്ചടിച്ചുവന്ന അച്ചുക്കൂടം വിററുപോകനിമിത്തം ഭവാനിപുരത്തിലുള്ള മറെറാരു അച്ചുക്കൂടത്തിൽ ഇതിനെ കുറെ ദിവസം അച്ചടിപ്പി

ക്കേണ്ടിവന്നു. അപ്പോഴേക്ക് ഈ പത്രത്തിന്റെ സ്വാമിത്വം മുഴുവനും ഹരിശ്ചന്ദരിന്നായിത്തീരുകയാൽ സ്വന്തമായി ഒരു അച്ചുകൂടമില്ലാതെ ഇതിനെ നടത്തിക്കൊണ്ടുപോകുന്നതു പ്രയാസമെന്നു കണ്ടു് അദ്ദേഹം തന്റേതായി ഒരു അച്ചുകൂടം വാങ്ങി അതിനു ഹിന്ദുപേട്രിയട്ട് അച്ചുകൂടം എന്നു സംജ്ഞ കല്പിച്ചു. അദ്ദേഹത്തിന്റെ ഭ്രാതാവായ ഹാരാൻചന്ദർ മുകർജ്ജി അതിന്റെ മാനേജരും ഉടമസ്ഥനും ആക്കപ്പെട്ടു.

ഹരിശ്ചന്ദർ മുകർജ്ജി "ഹിന്ദുപേട്രിയട്ട്" എന്ന പത്രത്തെ പ്രസിദ്ധപ്പെടുത്തിവന്ന കാലത്തിൽ അതു പ്രബലമായിത്തീരുകയും ഹിന്ദുക്കൾ അതിനെ ആദരിക്കയും ചെയ്തു. അതിനെ പ്രസിദ്ധപ്പെടുത്തുന്നതിൽ അദ്ദേഹം വളരെ ശേഷിയേയും സ്വാതന്ത്ര്യത്തേയും പ്രദർശിപ്പിച്ചു. ൧൮൫൬-ൽ വിധവാവിവാഹമായിരുന്നു ബംഗാളത്തിൽ പ്രധാനവാദവിഷയം. ഹരിശ്ചന്ദർ ഈ വിഷയത്തിൽ പരിഷ്കാരപ്രിയനായിരുന്നു. ഡൽഹൌസിപ്രഭു അനേകസ്വതന്ത്രരാജ്യങ്ങളെ ബ്രിട്ടീഷ് രാജ്യത്തോടു ചേർത്തതിനെ ആക്ഷേപിച്ച് അദ്ദേഹം എഴുതി. ശിപായിലഹള നടന്ന ൧൮൫൭-ാമാണ്ടിൽ ഹരിശ്ചന്ദർ നാട്ടുകാർക്ക് വളരെ ഉപകാരിയായിത്തീർന്നു. അദ്ദേഹം കാനിങ്ങ് പ്രഭുവിന്റെ ഏർപ്പാടിനെ ശ്ലാഘിച്ചതു കൂടാതെ നാട്ടുപട്ടാളങ്ങളും ഗവർമ്മേണ്ടും സമാധാനമായി യോജിക്കുന്നതിനു വേണ്ട ഉദ്യമങ്ങളും ചെയ്തു. ആംഗ്ലോ ഇൻഡ്യൻ പത്രങ്ങളും യൂറോപ്യന്മാരും വലിയ ജന്മികളുടെ വസ്തുക്കളെ കണ്ടുകെട്ടി യൂറോപ്യന്മാർക്കു കൊടുത്തും മററു പ്രകാരേണയും അക്രമികളോടു പ്രതികാരം ചെയ്യണമെന്നു് അഭിപ്രായപ്പെട്ടു. എന്നാൽ 'ദയാലുവായ കാനിങ്ങ്' എന്നു പേരുകേട്ട കാനിങ്ങ് പ്രഭു ഈ അഭിപ്രായത്തെ ആദരിച്ചില്ല. ഹരിശ്ചന്ദർ ഗവർമ്മേണ്ടിന്റേയും പ്രജകളുടേയും വാസ്തവമായ സംബന്ധത്തെക്കുറിച്ച് ആഴ്ചതോറും പ്രസിദ്ധപ്പെടുത്തിവന്ന ലേഖനങ്ങൾ ഈ

പ്രഭുവിൻെറ ദൃഢനിശ്ചയത്തെ ഒന്നുകൂടി ബലപ്പെടുത്തുന്നതിന്നു കാരണമായിത്തീൎന്നു. ൧൮൬൦-ൽ ഹരിശ്ചന്ദർ നാട്ടുകാൎക്കു കുറേക്കൂടി വലുതായ ഉപകാരം ചെയ്തു. ആയാണ്ടിലാണു നീലകൃഷിക്കു് ഒരു വലിയ കഷ്ടകാലം നേരിട്ടതു്. ഈ ശതവൎഷത്തിൻെറ ആദികാലത്തിൽ കൃഷിക്കാരായ യൂറോപ്യന്മാർ വളരെ ആളുകൾ കീഴ്ബംഗാളത്തിൽ വന്നു കുടിപാൎത്തു നീലകൃഷി ആരംഭിച്ചു. ഇതിനായി അവർ വളരെ രൂപാ ചിലവുചെയ്തതു നിമിത്തം നാട്ടുപുറത്തുകാൎക്കു് അഭിവൃദ്ധി വന്നുതുടങ്ങി. എന്നാൽ ഭൂമി നന്നായതിനോടുകൂടെ സായ്പന്മാർ കുടിയാന്മാരെ വളരെ ഉപദ്രവിക്കാനാരംഭിച്ചു. പുഴുക്കൾക്കൂടെ ഉപദ്രവം സഹിക്കാൻ പാടില്ലാതെയാകുമ്പോൾ എതിൎത്തുനില്ക്കുന്നതുപോലെ കുടിയാന്മാൎക്കു് ഈ സായ്പന്മാരുടെ ദ്രോഹം അസഹ്യമായിത്തീൎന്നപ്പോൾ, തങ്ങൾക്കു കൃഷി ചെയ്വാനും അവരുമായി ഇടപെടാനും കഴികയില്ലെന്നു പറഞ്ഞു പിൻവാങ്ങി. കുടിയാന്മാർ ഇപ്രകാരം ഒത്തൊരുമയായി പിൻവാങ്ങിയതുനിമിത്തം കൃഷിക്കാൎക്കു നഷ്ടം നേരിട്ടു. ഇതിനു പകരം ചെയ്യണമെന്നുറച്ചു കൃഷിക്കാർ കുടിയാന്മാരോടു ബലാൽകാരം തുടങ്ങി. തന്നിമിത്തം രണ്ടു കൂട്ടക്കാരും തമ്മിൽ പ്രബലമായ ഒരു കലശലുണ്ടായി. ഈ കലശലിൽ ഹരിശ്ചന്ദ്രർ കുടിയാന്മാരുടെ പക്ഷത്തിൽ ധൈൎയ്യമായി ചേൎന്നു് "ഹേപട്രിയട്ടു്" എന്ന പത്രത്തിൽ ഈ കൃഷിക്കാരുടെ അതിക്രമത്തെ നന്നായി പ്രതിപാദിച്ചു. അദ്ദേഹം ഇപ്രകാരം ബലമായി താങ്ങിയതുനിമിത്തം ജനങ്ങളുടെ ആവലാതികളെ വിചാരണ ചെയ്യുന്നതിന്നും ഒരു കമിഷൻ ഏൎപ്പെടുത്തപ്പെട്ടു. ആ കമിഷൻ മുമ്പാകെ വിസ്തരിച്ച സാക്ഷികളിൽവെച്ചു പ്രധാനി ഹരിശ്ചന്ദ്രരായിരുന്നു. അദ്ദേഹത്തിൻെറ തെളിവു തൻെറ ഭാഗത്തേക്കു് അത്യന്തം ഗുണമായിരുന്നു. ഈ ദുൎദ്ദശാകാലത്തിൽ കുടിയാന്മാൎക്കുവേണ്ടി അദ്ദേഹം ഹൎജ്ജികൾ എഴുതിക്കൊടുക്കയും, ഭക്ഷണവും

വസ്ത്രങ്ങളും കൊടുത്തു് അവരെ രക്ഷിക്കയും ചെയ്തു. ഭവാനിപുരത്തിൽ അദ്ദേഹത്തിന്റെ ഗൃഹം പാവപ്പെട്ട ഈ ജനങ്ങൾക്കു് ഒരു രക്ഷാസ്ഥലമായി തീൎന്നു കൂടാതെ അദ്ദേഹത്തിന്റെ ധൎമ്മത്തെ ആളുകൾ സ്തുതിപ്പു ഗാനം ചെയ്തുതുടങ്ങി. ൧൮൬൦-ൽ നീലകൃഷിക്കാർ അദ്ദേഹത്തിന്റെ മേൽ സിവിലായും ക്രിമിനലായും അന്യായം കൊടുത്തു. ൧൮൬൧ ജൂൺമാസത്തിൽ അദ്ദേഹം പെട്ടെന്നു മരിച്ചതിന്റെശേഷം അദ്ദേഹത്തിന്റെ മേൽ ഒരു വിധി സമ്പാദിച്ചു. അതിനാൽ അദ്ദേഹത്തിന്റെ വീടു ജപ്തിചെയ്തു വില്ക്കപ്പെട്ടു. അദ്ദേഹത്തിന്റെ ശേഷക്കാർ നിൎഗ്ഗതികളായിത്തീൎന്നു.

ഹരിശ്ചന്ദർ ഇരുന്ന കാലത്തും മരിച്ച കാലത്തും ദരിദ്രൻതന്നെ ആയിരുന്നു. അദ്ദേഹം 'പേട്രിയട്ട്' എന്ന പത്രം നടത്തിവന്ന കാലത്തിൽ അതിനു വളരെ പ്രചാരവും പ്രശസ്തിയുമുണ്ടായി. എങ്കിലും അദ്ദേഹത്തിനു വളരെ ചിലവു നേരിട്ടു. ഹരിശ്ചന്ദർ ഒരു സൎക്കാരുദ്യോഗസ്ഥനായിരുന്നിട്ടും ഒരു പത്രം പ്രസിദ്ധപ്പെടുത്താൻ അനുവദിക്കപ്പെട്ടതു വിശേഷമായിരിക്കുന്നു. ഈ സംഗതി എല്ലാവൎക്കും അറിയാമായിരുന്നു; എന്നുതന്നെയല്ല, അദ്ദേഹത്തിന്റെ മേലാവിലുള്ളവർ ഈ വിഷയത്തിൽ അദ്ദേഹത്തിനെ പ്രോത്സാഹിപ്പിച്ചിട്ടുമുണ്ടായിരുന്നു. എങ്കിലും നീലകൃഷിക്കാരുടെ സംഗതിയെ വിചാരണ ചെയ്യാൻ ഇരുന്ന കമീഷൻ മുമ്പാകെ അദ്ദേഹം മൊഴികൊടുത്തപ്പോൾ 'പേട്രിയട്ട്' പത്രത്തെ പ്രസിദ്ധപ്പെടുത്തുന്നതു താൻ തന്നെയൊ എന്നു ചോദിച്ചതിനു ഞാൻ അതിന്റെ ചുമതലക്കാരനല്ല; എന്നാൽ ഏതുവിധത്തിലും അതിനെക്കൊണ്ടു പ്രസ്താവിപ്പിക്കത്തക്കവണ്ണം എനിക്കു ശക്തിയുണ്ടു്, എന്നു് ഒഴിവുകഴിവായിട്ടാണു് അദ്ദേഹം ഉത്തരം പറഞ്ഞതു്. അതിൽ പ്രസിദ്ധപ്പെടുത്തുന്നതിനു വരുന്ന എഴുത്തുകളെ എല്ലാം അദ്ദേഹംതന്നെയാണു വാങ്ങും ചൊട്ടിച്ചു നോക്കാറും പതിവെന്നു പിന്നീടു് അദ്ദേഹം സമ്മതിച്ചു.

നാട്ടുകാരാൽ പ്രസിദ്ധി സമ്പാദിച്ച പത്രപ്രവർത്തകന്മാരിൽ ഒന്നാമൻ ഹരിശ്ചന്ദർ മുകർജ്ജിയായിരുന്നു. സിവിൽ സർവ്വീസ്സ് പരീക്ഷ ഇംഗ്ലണ്ടിലും ഇന്ത്യയിലും ഏകകാലത്തിൽ നടത്തേണ്ടതാണെന്നുള്ള വിഷയത്തെപ്പററി ആദ്യമായി ഇന്ത്യാ സിക്രട്ടറിക്കു ഹരജി കൊടുത്തതും അദ്ദേഹമാണു്. ഹിന്ദുയുവാക്കന്മാർ നാടുവിട്ടു് ഇംഗ്ലണ്ടിൽ പോയി ഈ പരീക്ഷയ്ക്കു ചേരുന്നതു് അസാദ്ധ്യമാണെന്നു അദ്ദേഹം വാദിച്ചു. ൧൮൬൧ ജൂലായി ൧൨-ാംനു- കൂടിയ സഭയിൽവെച്ചു രാമ് ഗോപാൽഘോഷ് ഹരിശ്ചന്ദരിനേയും അദ്ദേഹത്തിൻെറ പ്രവൃത്തിയേയും കുറിച്ചു് ഇപ്രകാരം പറഞ്ഞു:—'ഹിന്ദുപേട്രിയട്ട്' എന്ന പത്രത്തിൻെറ പ്രവർത്തകനായി അയാൾ നാട്ടുകാരുടെ അഭിവൃദ്ധിക്കുവേണ്ടി അനിർവ്വചനീയമായ ശ്രമം ചെയ്തിരിക്കുന്നു. ആ പത്രം തുടങ്ങിയ കാലത്തിൽ ഗൌരവമേറിയ ഒരു സംഗതിയായിരുന്നു വാദവിഷയം. ആ വിഷയത്തെ അയാൾ നന്നായി വിശദീകരിച്ചു. പിന്നീടു ശിപായിലഹള ഉണ്ടായപ്പോൾ ആ പത്രം ജനങ്ങൾക്കും ഗവർമ്മേണ്ടിനും ഒരു താങ്ങായി നിന്നു. ആ കഷ്ടസംഗതിയാൽ രണ്ടു കൂട്ടക്കാർക്കുംതമ്മിൽ കഠിനമായ ദോഷം ഉണ്ടായി എന്നുള്ളതു് എല്ലാവക്കും പ്രത്യക്ഷമായി അറിവുള്ളതാണു്. അസ്വാസ്ഥ്യഹേതുവായിതീരാവുന്ന ആ കാര്യത്തെപ്പററി അധികം പ്രസ്താവിക്കുന്നില്ല. എന്നാൽ ഈ അവസരത്തിൽ നമ്മുടെ സ്നേഹിതൻ ഏത്രയും ശുഷ്കാന്തിയോടുകൂടി ജനങ്ങൾക്കു ഗവർമ്മേണ്ടിനെ കുറിച്ചു സ്വാമിഭക്തിയും വിശ്വാസവും ജനിപ്പിക്കുന്ന വിധത്തിലെല്ലാം ശ്രമിച്ചു. ഈ ഏകമായ ഉദ്ദേശ്യത്തെ നേടുന്നതിന്നു് അയാൾ ദൃഢനിശ്ചയനായി പ്രവർത്തിച്ചതു് ആശ്ചര്യജനകമായിരിക്കുന്നു. തൻെറ ധനവാന്മാരായ സ്നേഹിതന്മാരെ പാവപ്പെട്ടവരുടെ കാര്യത്തെ സാധിക്കാനുള്ള മാർഗ്ഗത്തിൽ പ്രവർത്തിപ്പിക്കുന്നതിലും സാധുക്കൾക്കു ഹരജികൾ എഴുതി കൊടുക്കുന്നതിലുമായിരുന്നു അയാൾ സദാ വ്യാപൃതനായിരുന്നതു്. അതു് അയാളുടെ സ്വഭാവത്തിൽ ഒരു മുഖ്യ

ഘ്നമായിരുന്നു.' ഹരിശ്ചന്ദ്രിന്റെ മരണം നിമിത്തമുണ്ടായ നഷ്ടത്തെക്കുറിച്ചു ബ്രിട്ടീഷ് ഇൻഡ്യൻ സംഘം ഇപ്രകാരം എഴുതിയിരിക്കുന്നു:— 'ഈ സംഘത്തിന്റെ ഉദ്ദേശ്യസിദ്ധിക്കുവേണ്ടി അയാൾ ശ്രദ്ധാപൂർവ്വം ചെയ്തിട്ടുള്ള ശ്രമം ഇതിലുള്ള സകല സാമാജികന്മാരുടേയും നന്ദിക്കു കാരണമായിരിക്കുന്നു.' അദ്ദേഹത്തിന്റെ മരണാനന്തരം 'പേട്രിയട്ട്' പത്രത്തെ പ്രസിദ്ധപ്പെടുത്തിയ പത്രാധിപർ ഇപ്രകാരം അദ്ദേഹത്തിന്റെ വേലകളെ അഭിനന്ദിച്ചിരിക്കുന്നു:—"വിനയവാനെങ്കിലും ഉറപ്പുള്ളവനും, ശിഷ്ടാചാരനെങ്കിലും ഊർജ്ജസ്വലനും, എല്ലായ്പോഴും ഉദാരനും, ചിലപ്പോൾ പക്ഷപാതിയും, സദാ സത്യസന്ധനും, ബുദ്ധിമാനാകയാൽ സഹനശീലനും, ആഡംബരമില്ലാത്ത ധീരനും, പ്രതിഭാശാലിയുമായ ഹിന്ദുപേട്രിയട്ടിന്റെ പത്രാധിപരെപ്പോലെ യൂറോപ്പ് പത്രപംക്തികളുടെ കിഴക്കുവശത്ത് ഒരുത്തനുണ്ടായിട്ടില്ല. അയാൾ നാട്ടുകാരുടെ ബുദ്ധിയെ വിനോദകരങ്ങളായ കാവ്യങ്ങളിൽനിന്നും അന്നന്നു നടന്നുവരുന്ന രാജ്യകാര്യങ്ങളിലേക്കു പ്രവർത്തിപ്പിച്ച് അവരെ യൂറോപ്യന്മാരുടെ ആദരവിനു പാത്രമാക്കി."

ഹരിശ്ചന്ദ്ര് ചെറുപ്പത്തിലേ മരിച്ചുപോയതു കുറേക്കൂടെ വ്യസനത്തിനു കാരണമായി. അയാൾക്കു മരിക്കുമ്പോൾ മുപ്പത്തേഴു വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ.

---

# ക്രിസ്റ്റോദാസ് പാൽ.

---

ക്രിസ്റ്റോദാസ് പാൽ ക്രിസ്ത്വബ്ദം ൧൮൩൮-ാമതിൽ ജനിച്ചു. അദ്ദേഹത്തിന്റെ അച്ഛൻ ഈശ്വരചന്ദ്രപാൽ ഒരു ദരിദ്രനായിരുന്നു. അന്നു ഗൌർമോഹൻ അഡ്ഡിയുടെ പള്ളിക്കൂടം എന്നു പേരുണ്ടായിരുന്ന ഓറിയന്റൽ സെമിനാരി

യിൽ ക്രിസ്റ്റോദാസ് ആദ്യം വംഗഭാഷ അഭ്യസിച്ചു. ആ ഭാഷയിലുള്ള പാണ്ഡിത്യത്തിന് അദ്ദേഹത്തിന് ഒരു വെള്ളിമുദ്ര കിട്ടി. ൧൮൪൮-ൽ അദ്ദേഹം ആ പള്ളിക്കൂടത്തിലെ ഇംഗ്ലീഷുഭാഗത്തിൽ ചേരുകയും ൧൮൫൦-ൽ ആ പള്ളിക്കൂടം വിടുകയും ചെയ്തു. പിന്നീടു സ്കാട്ലണ്ഡ് ഫ്രീച്ചർച്ചിലെ ഒരു പാതിരിയായ റെവറണ്ടു മിസ്റ്റർ മില്നിയുടെ അടുക്കൽ അല്പകാലം പ്രൈവെററായി പഠിച്ചു. അനന്തരം കൽക്കത്താ ഫ്രീഡിബേറ്റിംഗ് ക്ലബ്ബ് എന്ന വായനശാലയിൽ ചേന്നു. അവിടെ റെവറെണ്ടു ഡാക്കടർ മാഗ്ഗൻെറ പ്രസംഗങ്ങൾ കേൾക്കാൻ അദ്ദേഹത്തിനു സാധിച്ചു. ൧൮൪൯-ൽ അദ്ദേഹം രാജേന്ദ്രലാല് മിത്രൻ ഏപ്പെട്ടുത്തിയിരുന്ന ഹിന്ദുമെട്രോപ്പാലിററൻ കലാശാലയിൽ ചേന്നു മൂന്നുവഷം പഠിച്ചു. കുട്ടിയായിരിക്കുമ്പോൾ തന്നെ രാജ്യകാൎയ്യങ്ങളിൽ അദ്ദേഹത്തിനു വളരെ ശ്രദ്ധയുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ലേഖനങ്ങളും പ്രസംഗങ്ങളും ആ പ്രായത്തിലുള്ള കുട്ടികളുടേവയെക്കാൾ വിശിഷ്ടങ്ങളായിരുന്നു. അദ്ദേഹത്തിനു അറിവിൽ പ്രായം ചെന്നവരുടെ അഭിപ്രായം തൻെറതിനു വിരുദ്ധമായിരുന്നാൽ അതിനെ ധീരതയോടെ അദ്ദേഹം പ്രസ്താവിക്കയും, ഒരിക്കൽ ൧൮൫൧-ൽ ഡാക്കടർ ഡഫിനെ കൂടെ ഖണ്ഡിക്കുകയും ചെയ്തു. അക്കാലത്തു മിസ്റ്റർ ജാർജ് താംസൻ എന്നൊരാൾ രാജ്യകാൎയ്യങ്ങളെപ്പററി പ്രബലങ്ങളായ പ്രസംഗങ്ങൾ ചെയ്തുവന്നു. അയാൾ ഒരു നല്ല വാഗ്മിയായിരുന്നു. ക്രിസ്റ്റോദാസു തൻെറ സമാജത്തിൻെറ ഒരു യോഗത്തിൽ അഗ്രാസനാധിപത്യം വഹിക്കണമെന്നു മിസ്റ്റർ താംസനോട് അപേക്ഷിച്ചതിനു, തനിക്കു രാജ്യതന്ത്രവിഷയങ്ങളിലേ രസമുള്ളു എന്നും സാഹിത്യസമാജത്തിൽ പ്രസംഗം ചെയ്യുന്നതു് അയാൾക്കു ഗണ്യമില്ലെന്നും മിസ്റ്റർ താംസൻ ഉത്തരം പറഞ്ഞതിൻെറ ശേഷം 'ഹിന്ദുപേട്രിയട്ട്' പത്രത്തിൻെറ ഒരു പ്രതി എടുത്തു കാണിച്ചു, ഇൻഡ്യയിൽ രാജ്യതന്ത്രത്തെപ്പററി അറിവുള്ള ഒരു നാട്ടുകാരനേയുള്ളു എന്നും, അതു 'ഹി

ന്ദുപേട്രിയട്ട്' പത്രാധിപർ ഹരിശ്ചന്ദർ മുകർജിയാണെന്നും പ്രസ്താവിച്ചു. അന്നുമുതൽ ക്രിസ്റ്റോദാസു ഹരിശ്ചന്ദർ മുകർജിയെ അനുകരിക്കുന്നതിനുറച്ചു. 'പേട്രിയട്ട്' പത്രത്തെ സ്വന്തമായി വരുത്തുന്നതിനു കഴിവില്ലാഞ്ഞതുകൊണ്ടു ഫ്രീഡിബേററിങ്ങു ക്ലബ്ബിലെ സിക്രട്ടറിയോടു കടം വാങ്ങി അദ്ദേഹം ആ പത്രത്തെ നിത്യമായി വായിച്ചു. 'മാർണ്ണിങ്ങ് ക്രാണിക്കിൾ', 'സിററിസൺ' മുതലായ മററു പത്രങ്ങളേയും അദ്ദേഹം വായിക്കയും അവയിലേക്കു ലേഖനങ്ങൾ അയയ്ക്കുയും ചെയ്തുവന്നു. പിന്നീട് 'ഹിന്ദുപേട്രിയട്ടി'ലേയ്ക്കു തന്നെ ധൈര്യമായി താൻ അയച്ച ലേഖനം സ്വീകരിക്കപ്പെട്ടു കണ്ടപ്പോൾ അദ്ദേഹത്തിനുണ്ടായ സന്തോഷത്തിന് അതിരില്ലായിരുന്നു.

കലാശാല വിട്ടതിൻെറ ശേഷം ഒരു ഡിസ്ത്രിക്ട കോടതിയിൽ പരിഭാഷകൻെറ സ്ഥാനം അദ്ദേഹത്തിനു കിട്ടി. കുറേദിവസം ഈ വേല നോക്കിയതിൻെറ ശേഷം വേലയ്ക്കു കൊള്ളുകയില്ലെന്നുള്ള കാരണത്തിന്മേൽ ഡിസ്ത്രിക്ട ജഡ്ജിയായ മിസ്റ്റർ ലാറൂർ അദ്ദേഹത്തിനെ അതിൽനിന്നും തള്ളി. പിന്നീടു സർ വില്യം ഗ്രേ ഒരു വേല കൊടുക്കാമെന്നു പറഞ്ഞതിനെ അദ്ദേഹം സ്വീകരിച്ചില്ല. ക്രിസ്റ്റോദാസു പുസ്തകങ്ങളേയും പത്രങ്ങളേയും അത്യാൎത്തിയോടെ വായിച്ചുവന്നു എങ്കിലും, വിദ്യാവ്യവസായത്താൽ ഒരു പ്രാശസ്ത്യം ലഭിക്കാമെന്നുള്ള മോഹം അദ്ദേഹത്തിനു ദാരിദ്ര്യം നിമിത്തം മിക്കവാറും നശിച്ചുപോയി. അപ്പോൾ അദ്ദേഹം ചേൎന്നിരുന്ന ക്ലബ്ബ് പീസ്സ് കൊടുക്കുന്നതിൽനിന്ന് അദ്ദേഹത്തിനെ ഒഴിച്ചു. അദ്ദേഹം അപ്രശസ്തമായ ഒരു ഇടത്തെരുവിൽ ഓടിട്ട് ഒരു കുടിലിൻെറ മേൽക്കൂട പൊളിഞ്ഞു സൂര്യരശ്മി കടക്കുന്ന തിണ്ണയിൽ ഒരു കീറപ്പായിലിരുന്നു പുസ്തകങ്ങളെ വായിച്ചു തള്ളുകയും, പത്രങ്ങൾക്കു ലേഖനങ്ങളെ എഴുതുകയും ചെയ്തിരുന്നു എന്ന് അദ്ദേഹത്തിനെ പരിചയമുള്ള ഒരു സ്നേ

ഹിതൻ അപ്പോഴത്തെ അദ്ദേഹത്തിന്റെ സ്ഥിതിയെപ്പററി പറഞ്ഞിരിക്കുന്നു. ദരിദ്രനായിരുന്നു എങ്കിലും വലിയ ഉൽക്കർഷേച്ഛ അദ്ദേഹത്തിനുണ്ടായിരുന്നു. ൧൮൫൫-ൽ അദ്ദേഹം ഏതാനും സ്നേഹിതന്മാരോടു ചേന്നു 'കൽക്കത്താ മാഗസീൻ' എന്നൊരു പത്രത്തെത്തുടങ്ങി. അതു് ആറുമാസമേ നടന്നുള്ളു. പിന്നീടു 'മാർണിങ്ങ് ക്രാണിക്കൾ', 'സിററിസൺ', 'ഹിനിക്സ്', 'ഹർകാറു' ഈ പത്രങ്ങൾക്കു നിയമേനയും, 'ഇംഗ്ലീഷ്മാൻ' എന്ന പത്രത്തിനു ചിലപ്പോഴും ലേഖനങ്ങൾ അയച്ചുവന്നു. കാൺപൂരിൽ 'സെൻട്രൽ സ്റ്റാർ' എന്ന പത്രം ആരംഭിക്കപ്പെട്ടപ്പോൾ അദ്ദേഹം അതിന്റെ കപ്പത്തായിലുള്ള ലേഖകനായിത്തീന്നു. അനന്തരം 'ഹിന്ദു ഇൻറലിജൻസർ' എന്ന പത്രം അദ്ദേഹത്തിനെ അതിന്റെ ലേഖകന്മാരിൽ ഒരുവനായി സ്വീകരിച്ചു. ഇൻഡ്യായിലുണ്ടായ ലഹളയെപ്പററി തുടന്നു് അനേകം ലേഖനങ്ങളെ 'ഹിന്ദുപേട്രിയട്ട്' എന്ന പത്രത്തിനു് അയച്ചതു കണ്ടു് 'ഈശ്വരകൃപയാൽ ക്രിസ്റ്റോദാസ് പാൽ ജീവിച്ചിരുന്നാൽ സ്വരാജ്യത്തിനു് ഏറിയ ഗുണങ്ങൾ ചെയ്യാൻ അയാൾക്കു കഴിയും' എന്നു ഹരിശ്ചന്ദർ മുകർജ്ജി വിചാരിച്ചു. 'ബംഗാളിയുവാക്കന്മാരുടെ നിർദ്ദോഷീകരണം' 'ലഹളകളും ജനങ്ങളും', 'നീലകൃഷി' ഇതുപോലുള്ള വിഷയങ്ങളെപ്പററി പല ചെറിയ പുസ്തകങ്ങളെ അദ്ദേഹം പ്രസിദ്ധപ്പെടുത്തി. ഇതിൽ ആദ്യത്തേതു ഡേവിഡ് ഹേറിന്റെ സ്മരണക്കായി നടന്ന വാർഷികസംഘത്തിൽ വായിക്കപ്പെടുകയും സ്മാൾകാസ് ജഡ്ജിയായ ഹരിശ്ചന്ദ്രഘോസിനായി സമർപ്പിക്കപ്പെട്ടു് അദ്ദേഹത്തിന്റെ ചിലവിന്മേൽ അച്ചടിപ്പിക്കപ്പെടുകയും ചെയ്തു. ഈ പ്രസംഗം പലരുടെ ശ്രദ്ധയെ ആകർഷിച്ചതു മാത്രമല്ല, മിസ്റ്റർ മെരിഡിത്ത ടൌൺസെൻഡ് 'ഫ്രെൻഡ് ഓഫ് ഇൻഡ്യ' എന്ന പത്രത്തിൽ 'ദാംഭികതമതവം' എന്ന തലവാചകത്തോടുകൂടി ഇതിനെ ദൂഷിച്ചു് എഴുതുകയും ചെയ്തു. ഈ പ്രസംഗകത്താവു കേവലം പള്ളിക്കൂടത്തിൽ പഠിക്കുന്ന

കട്ടിയാണെന്നു 'കൽക്കത്താ ലിററി ഗസററ്' എന്ന പത്രം പ്രസംഗിച്ചപ്പോൾ ബംഗാളത്തിലുള്ള ജനങ്ങൾ ആശ്ചര്യപ്പെട്ടു. ൧൮൬൧-ൽ 'ഹിന്ദുപേട്രിയട്ടിൻെറ' പത്രാധിപരായ ഹരിശ്ചന്ദർ മുകർജ്ജി മരിച്ചു. പിന്നെ ആ പത്രം പലരുടെ കൈമറിഞ്ഞു് അടുത്ത വഷത്തിൽ ക്രിസ്റ്റോദാസിൻെറ കയ്യിൽ വന്നുചേന്നു. അദ്ദേഹത്തിൻെറ പത്രാധിപത്യത്തിൽ ആ പത്രത്തിനു നാട്ടുകാർ അച്ചടിപ്പിച്ച ഒരു പത്രത്തിനു മുൻപിലും പിന്നെയും ഉണ്ടാകാത്ത ഒരു പ്രാശസ്ത്യം ലഭിച്ചു. ഹരിശ്ചന്ദ്രൻെറ മരണാനന്തരം ക്രിസ്റ്റോദാസു ബ്രിട്ടീഷു ഇൻഡ്യൻ സംഘത്തിൻെറ അസിസ്ററൻറു സിക്രട്ടറിയായിരുന്നു. ഒരു പ്രധാനപത്രത്തിൻെറ പത്രാധിപരായും, ഒരു പ്രധാനസംഘത്തിൻെറ അസിസ്ററൻറു സിക്രട്ടറിയായും ക്രിസ്റേറാദാസ് പ്രസിദ്ധി സമ്പാദിച്ചു. ൧൮൬൩-ൽ ഒരു മുനിസിപ്പൽ കമ്മീഷണരായും ജസ്ററിസ് അഫ് ദി പീസായും അദ്ദേഹം നിയമിക്കപ്പെട്ടു. ൧൮൭൨-ൽ ബംഗാളത്തെ നിയമനിമ്മാണസഭയിൽ ഒരു സാമാജികനാക്കപ്പെട്ടു. ൧൮൭൭ ജനുവരി ൧-ാംനു നടന്ന വൈസറായിയുടെ സഭയിൽവെച്ചു 'രായിബഹദൂർ' എന്നുള്ള സ്ഥാനപ്പേർ അദ്ദേഹത്തിനു കൊടുക്കപ്പെട്ടു. അടുത്ത വഷത്തിൽ സി. ഐ. ഇ. എന്ന സ്ഥാനവും അദ്ദേഹത്തിനു ലഭിച്ചു. ൧൮൮൩-ൽ വൈസറായിയുടെ അനുവാദപ്രകാരം ബ്രിട്ടീഷു ഇൻഡ്യൻ സംഘത്തിൻെറ പ്രതിപുരുഷനായി അദ്ദേഹം വൈസറായിയുടെ നിയമനിമ്മാണസഭയിൽ എടുക്കപ്പെട്ടു. അദ്ദേഹം കൽക്കത്താ യൂനിവേർസിററിയിലെ ഒരു ഫെല്ലോവും ആയിരുന്നു. ഈ മാതിരി നിലയിലും അദ്ദേഹം നന്നായി വേലചെയ്തു പ്രസിദ്ധി സമ്പാദിച്ചു. കുറച്ചു കാലം ദീനമായി കിടന്നതിൻെറ ശേഷം ൧൮൮൪ ജൂലായി ൨൪-ാംനു അദ്ദേഹം മരിച്ചു.

പത്രാധിപനായി അദ്ദേഹം പ്രസ്താവിച്ച അഭിപ്രായങ്ങ

ളും ആക്ഷേപങ്ങളും ഒട്ടുംതന്നെ അതിരുകവിഞ്ഞവയല്ലാതേയും ന്യായാനുസാരികളായുമിരുന്നിട്ടും പലതവണയും അധികാരികളുമായി വിരോധത്തിന്നിടവന്നു ക്ഷാമത്തെപ്പററി 'ഹിന്ദുപേട്രിയട്ടിൽ' എഴുതിയിരുന്ന ചില സംഗതികൾക്കു ൧൮൭൪-ൽ ബംഗാളത്തിൽ ലഫ്ററനെൻറ ഗവർണ്ണരായിരുന്ന സർസെസിൽ ബീഡൺ പബ്ലിസ്സായി ഉത്തരം പറഞ്ഞു. ൧൮൭൮-ൽ സർ ജോർജ്ജ്കാമൽ 'ഹിന്ദുപേട്രിയട്ട്' ഗവൎമ്മേണ്ടിനോടു വിരോധമുള്ള ഒരു പത്രമാണെന്നു റിക്കാർട്ട് ചെയ്തു. അതിനു ക്രിസ്റേറാദാസ് ശരിയായ ഒരു മറുവടി കൊടുക്കയും ചെയ്തു. പിന്നീട് ഇടക്കാലങ്ങളിൽ അധികാരികൾക്ക് ഈ പത്രത്തെക്കുറിച്ച നല്ല അഭിപ്രായമുണ്ടായതു മാത്രമല്ല, അവർ നാട്ടുകാരുടെ ഇംഗിതമറിയുന്നതിന് ഇതിനെ നോക്കിയും വന്നു. ഇരുപത്തിമൂന്നു വൎഷകാലത്തേയ്ക്കു ക്രിസ്റ്റോദാസ് ഈ പത്രത്തെ ശേഷിയോടെ പ്രസിദ്ധപ്പെടുത്തി. വൈസറായിയുടെ കൌൺസിലിൽ മെമ്പറായിരുന്ന മിസ്റ്റർ ഇൽബട്ട് അദ്ദേഹത്തിൻെറ പത്രാധിപത്യസംബന്ധമായ ചരിത്രത്തെപ്പററി ഇപ്രകാരം പറഞ്ഞിരിയ്ക്കുന്നു: — "ഇക്കാലത്തെ പരീക്ഷാവിജയികളുടെ പ്രായത്തിൽ ഇയാൾ ഈ നാട്ടിൽ വളരെക്കാലമായി ജനങ്ങളുടെ അഭിപ്രായങ്ങളെ പ്രസിദ്ധപ്പെടുത്തിവന്നിരിയ്ക്കുന്ന ഒരു പത്രത്തിൻെറ ഭാരവാഹിയായിത്തീൎന്നു. ലേഖനങ്ങൾ എഴുതുന്നതിലുള്ള സാമൎത്ഥ്യവും പ്രസിദ്ധിയും നിമിത്തവും, എഴുതുന്ന സംഗതികളെ സൂക്ഷ്മമായി പരിശോധിച്ച ഗാഢാലോചന ചെയ്തു മനസ്സിലാക്കുന്നതിൽ ക്ഷമയോടുകൂടി പ്രദൎശിപ്പിച്ച വ്യവസായം നിമിത്തവും, ലേഖനങ്ങളിൽ വ്യഞ്ജിപ്പിച്ച ന്യായവും വിശാലമനസ്കതയും അടക്കവും നിമിത്തവും, പത്രാധിപനായിരുന്ന ഇരുപത്തിമൂന്നു വൎഷകാലവും മരണോന്മുഖമായിരുന്ന ആ പത്രത്തെ ഉയൎത്തിക്കൊണ്ടുവന്ന് ഇൻഡ്യാമഹാരാജ്യത്തിലുള്ള പത്രങ്ങളിൽ വെച്ച് ഒന്നാമത്തേതിനുള്ള സ്ഥാനത്തിൽ പ്രതിഷ്ഠിപ്പിച്ചു."

സമകാലീനന്മാരായ എല്ലാവരേക്കാളും ഇംഗ്ലീഷുഭാഷയിൽ നല്ലവണ്ണം എഴുതുന്ന ആൾ എന്നുള്ള പേർ ക്രിസ്റ്റോദാസ് നേടി. "നല്ല ശരിയായി ഇംഗ്ലീഷ് എഴുതുന്ന പഴയ കൂട്ടക്കാർ ക്രിസ്റ്റോദാസിനോടുകൂടി അവസാനിച്ചു." എന്നു ൧൮൭൦-ൽ 'കൽക്കത്താറിവ്യൂ'വിന്റെ പത്രാധിപരായ മിസ്റ്റർ ജി. ഏ. സ്റ്റാക്ക് 'കൺകോർഡ്' എന്ന പത്രത്തിൽ എഴുതി. വാഗ്മിതയിൽ അക്കാലത്തുള്ളവരിൽ അദ്ദേഹം അതിസമർത്ഥനായിരുന്നു. "ഇംഗ്ലീഷിൽ പ്രസംഗിക്കുന്ന നാട്ടുകാരുടെ ഇടയിൽ സാധാരണമായ വാചകദോഷവും അഭിപ്രായനിസ്സാരതയും അയാളുടെ പ്രസംഗങ്ങളിൽ ഇല്ലായിരുന്നു" എന്നു "പില്ലേർസ് ആഫ് ദി എമ്പയർ" എന്ന പുസ്തകത്തിന്റെ കർത്താവ് അഭിപ്രായപ്പെട്ടിരിക്കുന്നു. പാർല്ലിമെന്റസഭയിൽ പ്രസംഗം ചെയ്യുന്നവരുടേതുപോലെ അദ്ദേഹത്തിന്റെ പ്രസംഗം മിതമായും യുക്തിയുക്തമായുമിരുന്നു. 'ഇംഗ്ലീഷ്മാൻ' എന്ന പത്രത്തിന്റെ അഭിപ്രായപ്രകാരം "അയാൾ നാട്ടുകാരിൽ വെച്ച് ഒന്നാമനായ വാഗ്മിയും ഇംഗ്ലീഷുകാരേക്കാൾ കൂടിയും ചില വിഷയങ്ങളിൽ വക്തൃത്വംകൊണ്ടുള്ള യോഗ്യതയുള്ള ധനമായിരുന്നു." 'സാറ്റർഡേറിവ്യൂ' എന്ന പത്രം ഇപ്രകാരം എഴുതി:—"ബാബു ക്രിസ്റ്റോദാസ് ഇംഗ്ലീഷുകാരെപ്പോലെ തന്നെ വാദിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു; എന്നുമാത്രമല്ല, അയാൾ തന്റെ അദ്ധ്യാപകന്മാരെക്കാൾ സമർത്ഥനായിരിക്കുന്നു. അയാളെപ്പോലെ ഭംഗിയായും യുക്തിയുക്തമായും ജ്ഞാനപ്രദമായും പ്രസംഗിക്കാൻ കഴിഞ്ഞെങ്കിൽ കൃതാർത്ഥന്മാരാകുമായിരുന്ന അനേകം തൊപ്പിക്കാരുണ്ട്." ക്രിസ്റ്റോദാസ്പാലിന്റെ പ്രസംഗങ്ങളെപ്പറ്റി ൧൮൭൭ ജനുവരി ൧൦-ാംനു ഉണ്ടായ സഭയിൽവെച്ചു മിസ്റ്റർ എച്ച്. എൽ. ഹാരിസൺ ഇങ്ങിനെ പറഞ്ഞു:—"ഒരു അന്യഭാഷയിൽ വിസ്മയനീയമായ പ്രാവീണ്യത്തോടും ധാടിയോടുംകൂടി അയാൾ ചെയ്തിട്ടുള്ള പ്രസം

ഗങ്ങളിൽ, ശ്രോതാക്കളെ തന്റെ പക്ഷത്തിലേക്കു് അവരറിയാതെ തന്നെ ചേർത്തു തനിക്കുള്ള ഔൽസുക്യത്തെ അവരിൽ പ്രതിഫലിപ്പിച്ച അവസരോചിതങ്ങളായ സംഗതികളെ പ്രതിപാദിച്ചു് അവരുടെ മനസ്സിനെ ഹഠാൽ ആകർഷിച്ചു് ഉൽകണ്ഠയെ വർദ്ധിപ്പിക്കുന്നതായുള്ള വാക്സാമർത്ഥ്യം പ്രകടമായിരിക്കുന്നതിനെ ആസ്വദിച്ചു് ആനന്ദിക്കുന്നതിനായി അവയെ ഞാൻ ആവർത്തിച്ച വായിക്കാറുണ്ടു്."

ക്രിസ്റ്റൊദാസിന്റെ മരണം എല്ലാവർക്കും വ്യസനകാരണമായിത്തീർന്നു. അദ്ദേഹത്തിന്റെ മരണാനന്തരം അടുത്തുണ്ടായ നിയമനിർമ്മാണസഭായോഗത്തിൽ വെച്ച റിപ്പൺ പ്രഭു ഇപ്രകാരം പറഞ്ഞു:—"അയാളുടെ ബുദ്ധി അസാമാന്യമായിരുന്നു. അയാൾ സംസാരിക്കുന്നതു കേട്ടിട്ടുള്ളവരെല്ലാം അയാളുടെ വാക്സാമർത്ഥ്യത്തെ അഭിനന്ദിച്ചിരിക്കുന്നു. ഈ സഭയിൽ പ്രസംഗിക്കുമ്പോൾ അയാൾ പ്രകാശിപ്പിച്ചിട്ടുള്ള ഇംഗ്ലീഷുഭാഷാനൈപുണ്യം അന്യാദൃശമായിരുന്നു." "അയാൾ ഒരു മഹാവാഗ്മിയും, ഒരു സമർത്ഥനായ പത്രാധിപനും, ഏതുനാട്ടിലും അഗ്രഗണ്യതയെ സമ്പാദിക്കുന്നതിനു ശേഷിയുള്ളയാളും ആയിരുന്നു." എന്നു കൽക്കത്താ യൂനിവേർസിറ്റി വൈസ് ചാൻസലറായ മിസ്റ്റർ ഇൽബർട്ട പറഞ്ഞു. വിസ്മയനീയമായ വിചാരണാശക്തി, അഭേദ്യമായ നിഷ്കാപട്യം, അക്ഷോഭ്യമായ പ്രകൃതി, അദ്ദേഹത്തിന്റെ സ്വഭാവത്തിലുള്ള ഈ മൂന്നു പ്രധാനഗുണങ്ങളെ സർസ്റ്റ്യൂവേർട്ടു് ബേലി അഭിനന്ദിച്ചു. സർ റിച്ചർഡ് ടെമ്പിൾ താനുണ്ടാക്കിയ "എന്റെ കാലത്തിൽ ഇൻഡ്യായിലുണ്ടായിരുന്ന ജനങ്ങളും നടന്ന സംഗതികളും" എന്ന പുസ്തകത്തിൽ ക്രിസ്റ്റൊദാസ് പാലിനെക്കുറിച്ചു് ഇപ്രകാരം പറയുന്നു.—"ബംഗാളത്തെ നിയമനിർമ്മാണസഭയിലുള്ള നാട്ടുകാരായ സാമാജികന്മാരിൽ എന്റെ കാലത്തിലേറ്റവും ഉപകാരിയായിരുന്നതു ക്രിസ്റ്റൊദാസ് പാൾ ആയിരുന്നു.

വാസ്തവമായ। എതിർവാദിയുടെ കൃത്യങ്ങൾ ആയാൾ മാത്രമേ നടത്തിവന്നുള്ളു. ആ സഭയിലെ വാദങ്ങളെല്ലാം ഇംഗ്ലീഷിലായിരുന്നു. അയാൾ സാധാരണ ഇംഗ്ലീഷുകാരേക്കാൾ ധാടിയോടും ഉച്ചാരണസൌഷ്ഠവത്തോടുംകൂടി ഇംഗ്ലീഷിൽ പ്രസംഗങ്ങൾ ചെയ്യുന്ന ഒരു വാഗ്മിയായിരുന്നു. വാദങ്ങളിൽ അയാൾ ശീഘ്രഗ്രാഹിയും സൂക്ഷ്മദർശിയുമായിരുന്നു. സർ മാധവരായർ കഴിഞ്ഞാൽ ഞാൻ അറിഞ്ഞിട്ടുള്ള ഹിന്ദുക്കളിൽവെച്ചു നല്ല അറിവുള്ള ഒരു നാട്ടുകാരൻ അയാളായിരുന്നു. നിയമനിർമ്മാണവിഷയത്തിൽ അയാളുടെ സഹായം വളരെ സാരവത്തായിരുന്നു. പൊതുകാര്യങ്ങളിലുള്ള നിഷ്ഠയിൽ ബംഗാളികളിൽവെച്ച് അയാൾ അഗ്രഗണ്യനായിരുന്നു.'' മിസ്ററർ ജേമ്സ്‌ററ്ലെജ് എന്ന ആൾ ''കെൻഡാൽ മെർക്യൂറി ആൻഡ് ടൈമ്സ്'' എന്ന പത്രത്തിൽ ഇപ്രകാരം എഴുതി:—''ഒരു ഗവമ്മേൻറിനുപോലും അയാളുടെ അസാധാരണമായ വാക്സാമർത്ഥ്യത്തെ വിലയ്ക്കു വാങ്ങുകയോ, അയാളുടെ അന്തഃകരണബോധത്തിനു അനുസരിച്ച മാർഗ്ഗത്തിൽനിന്നു അയാളെ അല്പമെങ്കിലും ചലിപ്പിയ്ക്കുകയോ, ചെയ്യാൻ ഒരിക്കലും കഴിഞ്ഞിട്ടില്ല.'' കൽക്കത്താ ഹൈക്കോട്ടിലെ മാറിപ്പോയ ഒരു ജഡ്ജിയായ സർ റിച്ചേർഡ് ഗാത്ത് ഇപ്രകാരം പറഞ്ഞു:—''എത്ര ക്ലേശമുള്ള സംഗതികളിലും അയാൾ പ്രദർശിപ്പിച്ച ക്ഷമയും ശാന്തതയും സാമർത്ഥ്യവും അന്നാളിൽ ഒരു വിശേഷഗുണമാണ്. ഒരു സംഗതിയെക്കുറിച്ചും അയാൾക്കു സ്ഥിരബോധമുണ്ടായിരിയ്ക്കുകയും, തൻെറ അഭിപ്രായം ശരിയെന്നുള്ളതിനെ ഏററവും വാക്സാമർത്ഥ്യത്തോടെ ബോധിപ്പിയ്ക്കാൻ കഴിയുകയും ചെയ്യുമെങ്കിലും തൻെറ മനസ്സിലെ ഔത്സുക്യത്തെ തീരെ പ്രദർശിപ്പിയ്ക്കാതെ സഭയിൽ വാദിക്കയും പത്രത്തിൽ എഴുതുകയും ചെയ്യുന്നതിനുള്ള ക്ഷമാശീലവും അടക്കവും അയാൾക്കുണ്ടായിരുന്നതിനെ നാട്ടുകാർ കണ്ടുപഠിയ്ക്കേണ്ടുന്ന ഒരു വിഷയമാണ്.''

ഗാർഹസ്ഥ്യത്തിൽ ക്രിസ്റ്റോദാസ് അത്ര സുഖിയായിരുന്നില്ല. ൧൮൫൯-ൽ അദ്ദേഹത്തിൻെറ ആദ്യത്തെ വിവാഹത്താലുണ്ടായ രണ്ടു സന്താനങ്ങൾ മരിച്ചു. ഭാൎയ്യയും ൧൮൭൨-ൽ കഥാവശേഷയായി. ൭൪ ൽ അദ്ദേഹം പിന്നെയും വിവാഹം ചെയ്തു. രണ്ടാമത്തെ ഭാൎയ്യയിലുണ്ടായ മകനും ശൈശവത്തിൽ മരിച്ചു. അദ്ദേഹത്തിൻെറ നിത്യവൃത്തി സാധാരണരീതിയിലായിരുന്നു. അദ്ദേഹത്തിനുള്ള ആവശ്യങ്ങൾ ചുരുക്കവും, കാലക്ഷേപം തീരെ ആൎഭാടമില്ലാത്തതുമായിരുന്നു. ശാന്തമായും സരളമായുമുള്ള ശീലം അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹം ഹിന്ദുക്കളിൽവെച്ചു ഹിന്ദുവായിരുന്നെങ്കിലും കരുതലോടും ശാന്തതയോടുംകൂടി പരിഷ്കാരങ്ങൾ ചെയ്യുന്നതു് അദ്ദേഹത്തിനു ഹിതമായിരുന്നു. ഇൻഡ്യയിൽ ഉൽകൃഷ്ടവിദ്യാഭ്യാസത്തെ വൎദ്ധിപ്പിക്കുന്നതിൽ അദ്ദേഹം അശ്രാന്തപരിശ്രമശാലിയായിരുന്നു. ഉൽകൃഷ്ടവിദ്യാഭ്യാസത്തിന്നു കുറവു വരുത്തി പ്രാഥമികവിദ്യാഭ്യാസം വൎദ്ധിപ്പിക്കുന്നതിൽ അദ്ദേഹത്തിനു തീരെ തൃപ്തിയില്ലായിരുന്നു. അദ്ദേഹം സത്യവാദിയും സ്വതന്ത്രബുദ്ധിയുള്ള ആളുമായിരുന്നു. ബഹുമതികളെ സമ്പാദിക്കണമെന്നുള്ള ആഗ്രഹം അദ്ദേഹത്തിനു തീരെ ഇല്ലായിരുന്നു. കൊടുക്കപ്പെട്ടപ്പോൾ അവയെ അദ്ദേഹം സ്വീകരിച്ചതു സന്തോഷത്തോടുകൂടിയല്ലായിരുന്നു. ൧൮൭൭-ൽ 'റായിബഹദൂർ' എന്ന പേർ അദ്ദേഹത്തിനു കൊടുക്കപ്പെട്ടു. അതിനെക്കുറിച്ച് അദ്ദേഹം ഇങ്ങിനെ എഴുതി:— "റായിബഹദൂർ എന്നുള്ള സ്ഥാനം കൊടുക്കപ്പെട്ടവരുടെ കൂട്ടത്തിൽ നമ്മുടെ പേരും ചേൎത്തിരിക്കുന്നതു കണ്ടിട്ടു നമുക്കുണ്ടായ ആശ്ചൎയ്യം അല്പമല്ല. ഈ ഗൌരവമുള്ള സംഗതിയെ പ്രസ്താവിക്കുമ്പോൾ ലാഘവബുദ്ധിയെ പ്രദൎശിപ്പിക്കാമെങ്കിൽ, ഇപ്രകാരമുള്ള ശിക്ഷയ്ക്കു പാത്രമാകത്തക്കവിധത്തിൽ നാം എന്താണു കഠിനകുറ്റം ചെയ്തിരിക്കുന്നതെന്നു ചോദിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള സ്ഥാനപ്പേരുകൾക്കു ന

മുക്ക് ഒട്ടുംതന്നെ സംശയില്ല. സൎക്കാരിൽനിന്നും നമ്മുടെ വേലകളെ ഇപ്രകാരം അഭിനന്ദിച്ചതിനെക്കുറിച്ചു നാം നിശ്ചയമായി കൃതജ്ഞതയോടുകൂടിയിരിക്കുന്നു; എന്നാൽ ഈ വിഷയത്തിൽ നമ്മുടെ അഭിപ്രായംകൂടി ചോദിച്ചിരുന്നെങ്കിൽ, ഈ വിധമുള്ള അലങ്കാരങ്ങളെക്കൊണ്ടു തങ്ങളുടെ പേരിനെ അലങ്കരിക്കാത്ത പ്രസിദ്ധന്മാരായും ബഹുമതന്മാരായും നമ്മേക്കാൾ സൎവ്വഥാ ഉൽകൃഷ്ടന്മാരായും ഉള്ള ഇംഗ്ലീഷു മനുഷ്യരുടെ പംക്തികളെ പിന്തുടൎന്നു കാലക്ഷേപം ചെയ്യുന്നതിനു നമ്മുടെ യോഗ്യതകളും മഹാത്മ്യങ്ങളും ആയ ഭരണകൎത്താക്കന്മാരോടു നാം അനുവാദത്തിനപേക്ഷിക്കുമായിരുന്നു.”

# രാജേന്ദ്രലാല് മിത്രൻ.

രാജേന്ദ്രലാല് മിത്രൻ ബംഗാളത്തിലെ ഒരു മാന്യമായ ശൂദ്രകുടുംബത്തിൽ ൧൮൨൪-ൽ സൂരാ എന്ന സ്ഥലത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ അച്ഛൻ ജനമേജയന് ആറു പുത്രന്മാരുണ്ടായവരിൽ അദ്ദേഹം മൂന്നാമനായിരുന്നു. അദ്ദേഹത്തിനെ വളൎത്തിയതു കല്ക്കത്തായിൽ അദ്ദേഹത്തിന്റെ വിധവയായ അമ്മാവിയായിരുന്നു. ചട്ടവിരുദ്ധമായിരുന്നില്ലെങ്കിൽ ആ അമ്മാവി അദ്ദേഹത്തിനെ ദത്തെടുത്തു തന്റെ വസ്തുക്കളൊക്കയും അദ്ദേഹത്തിനു കൊടുക്കുമായിരുന്നു. കുടുംബാദ്ധ്യാപകന്റെ കീഴിൽ അദ്ദേഹം വംഗഭാഷയെ അഭ്യസിച്ചു. അക്കാലത്തു ക്ഷേമബോസിന്റെ പള്ളിക്കൂടമെന്നും ഗോവിന്ദബൈസാക്കിന്റെ പള്ളിക്കൂടമെന്നും കല്ക്കത്തായിൽ രണ്ടു പ്രസിദ്ധപാഠശാലകളുണ്ടായിരുന്നതിനാലാണ് അദ്ദേഹം ഇംഗ്ലീഷു പഠിക്കാൻ ആരംഭിച്ചതു്. അമ്മാവി മരിച്ചതിന്റെ ശേഷം രാജേന്ദ്രലാല് തന്റെ അച്ഛന്റെ ഒരു

കൂടുതൽ ഭാരമായിത്തീൎന്നു. എല്ലാം മക്കളിലുംവെച്ച ബുദ്ധിമാനായ ഈ പുത്രനെ ഏതുപ്രകാരത്തിലാണു വളൎത്തേണ്ടതെന്നു ജനമേജയനു തീൎച്ചപ്പെടുത്താൻ കഴിഞ്ഞില്ല. രാജേന്ദ്രലാലിനു ഒരു മാൎഗ്ഗമേ ഉണ്ടായിരുന്നുള്ളു. അതെന്തെന്നാൽ സ്കാളൎഷിപ്പ് കിട്ടുന്ന ഒരു പള്ളിക്കൂടത്തിൽ ചേരുകതന്നെ. കൽക്കത്താ വൈദ്യശാലയിൽ കുട്ടികൾക്കു മാസമൊന്നുക്കു വ രൂപാ സ്കാളൎഷിപ്പു കൊടുക്കയും പിസ്കൂടാതെ പഠിപ്പിക്കയും ചെയ്തു വന്നു. അവിടെ ചെന്നു പഠിക്കാൻ അദ്ദേഹം തീൎച്ചയാക്കി. എന്നാൽ കഠിനമായ ഒരു ജ്വരം നിമിത്തം കിടപ്പിലായിപ്പോയതുകൊണ്ട് അപ്രകാരം ഉടനെ ചെയ്യുന്നതിന് അദ്ദേഹത്തിനു കഴിഞ്ഞില്ല. ൧൮൪൦-ൽ അദ്ദേഹം സൂരായിൽനിന്നും കൽക്കത്തായിലെത്തി മെഡിക്കൽ കാളേജിൽ ചേൎന്നു. അദ്ദേഹം ക്രമേണ പഠിത്തത്തിൽ അഭിവൃദ്ധിയെ പ്രാപിച്ചു. ൧൮൪൧-ൽ ദ്വാരകാനാഥ്മിത്തർ അദ്ദേഹത്തിന്റെ പഠിത്തം മുഴുവനാക്കുന്നതിനു തന്റെകൂടെ ഇംഗ്ലണ്ടിലേക്കു കൂട്ടിക്കൊണ്ടുപോകാമെന്നു പറഞ്ഞു. പക്ഷേ അദ്ദേഹത്തിന്റെ അച്ഛൻ അതിനു സമ്മതിച്ചില്ല.

മെഡിക്കൽ കാളേജിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തു രാജേന്ദ്രലാല് ഒരു ദിവസം വിചാരബുദ്ധികൂടാതെയുള്ള ഒരു പ്രവൃത്തിയാൽ ഗവൎമ്മേന്റിന് ഏകദേശം ൫൦൦ രൂപായുടെ നഷ്ടം വരുത്തി. അദ്ദേഹം ഏതാനും ലോഹങ്ങളെ ഉരുക്കിക്കൊണ്ടിരുന്നപ്പോൾ പ്ലാറ്റിനം എന്ന ലോഹംകൊണ്ടുണ്ടാക്കപ്പെട്ടതും, ഏകദേശം ൫൦൦ രൂപാ വിലയുള്ളതും ആയ ഒരു കരു എടുത്ത് ഉരുക്കുന്ന പാത്രത്തിന്മേൽ വെച്ചു. അല്പനേരം കഴിഞ്ഞു നോക്കുമ്പോൾ ആ കരു ഉരുകിപ്പോയതായിക്കണ്ടു് അദ്ദേഹം പേടിച്ചു വിറച്ചുകൊണ്ടു തന്റെ പ്രൊഫസ്സറായ ഡാക്ടർ ഓഷാണെസ്സിയോടു ഈ സംഗതിയെ ചെന്നു അറിയിച്ചു. അദ്ദേഹം വളരെ ദ്വേഷ്യപ്പെട്ടു. എന്നാൽ രാജേന്ദ്രലാലിനെ സസ്പെണ്ടുചെയ്യുകയോ, കീൾക്ലാസിലാക്കയോ,

പിഴ ഏല്പിക്കയോ ഒന്നും ചെയ്തില്ല. ചട്ടപ്രകാരം ഈ വിവരത്തെ കലാശാലയിലെ സിക്രട്ടറിയോട റിപ്പോർട്ട ചെയ്തു. അക്കാലത്തിൽ ഡേവിഡ് ഹേർ ആയിരുന്നു ആ സ്ഥാനത്തെ വഹിച്ചിരുന്നതു്. അദ്ദേഹത്തിന്നു രാജേന്ദ്രലാലിനെ പരിചയമുണ്ടായിരുന്നു. അതുകൊണ്ടു വിളിച്ചു വരുത്തി മേലാൽ കരുതലോടുകൂടിയിരിക്കണമെന്നു ചട്ടംകെട്ടുക മാത്രമേ ചെയ്തുള്ളു. രാജേന്ദ്രലാല് അധികകാലം വൈദ്യകലാശാലയിൽ ഇരുന്നില്ല. ഏതാനും അദ്ധ്യേതാക്കന്മാരുടെ മേൽ വലിയ കുററങ്ങൾ വെളിപ്പെട്ടു. രാജേന്ദ്രലാല് അവരുടെ കൂട്ടത്തിൽ ഒരുവനല്ലായിരുന്നു. എന്നാൽ അതിനെപ്പററി വിചാരണ നടത്തിയപ്പോൾ തൻെറ കൂട്ടക്കാരായ കുട്ടികളുടെ അകൃത്യങ്ങളെ വെളിപ്പെടുത്തി പറയാതെ ഇരുന്നതിന് അല്പകാലത്തേക്ക് അദ്ദേഹം കലാശാലയിൽനിന്നും തള്ളപ്പെട്ടു. ഇനി തിരച്ച് ഈ കലാശാലയിൽ പ്രവേശിക്കേണ്ട എന്ന് അദ്ദേഹം ഉറച്ചു. വൈദ്യകലാശാലയിൽ പഠിക്കുമ്പോൾ തന്നെ അദ്ദേഹം ഇംഗ്ലീഷിൽ പണ്ഡിതനെന്നു പ്രസിദ്ധനായിരുന്ന മിസ്റ്റർ കാമറൺ എന്ന ആളുടെ കീഴിൽ ആ ഭാഷയെ അഭ്യസിച്ചുവന്നു. രാജേന്ദ്രലാലിൻെറ വാചകസൌഷ്ഠവം മിസ്ററർ കാമറൺനിൻെറ അടുക്കൽ നിന്നും ലഭിച്ചിട്ടുള്ളതാണെന്നു പറയപ്പെട്ടിരിക്കുന്നു.

അനന്തരം അദ്ദേഹം ചട്ടങ്ങളെ പഠിക്കാൻ തുടങ്ങി. വക്കീൽ പരീക്ഷയ്ക്കു് അദ്ദേഹം പഠിച്ചു പരിക്ഷിക്കപ്പെട്ടു. അതിൽ ജയിക്കുമെന്നു് അദ്ദേഹം മോഹിച്ചിരുന്നു. എന്നാൽ പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പിൽ ചോദ്യക്കടലാസുകൾ പരീക്ഷയ്ക്കു മുമ്പായി വെളിപ്പെട്ട വിവരം അറിയപ്പെട്ടതിനാൽ ആ പരിക്ഷ ദുർബ്ബലപ്പെടുത്തപ്പെട്ടു. ഒരു ഡാക്കടരാകുന്നതിനോ വക്കീലാകുന്നതിനോ രാജേന്ദ്രലാലിനു യോഗമില്ലായിരുന്നു.

അദ്ദേഹം ഭാഷകളെ പഠിക്കുന്നതിൽ അശ്രാന്തമായി

പരിശ്രമിച്ചു. പെൎഷ്യൻഭാഷയിൽ അദ്ദേഹത്തിനു സാമാന്യം അറിവുണ്ടായിരുന്നു; എന്നാൽ അദ്ദേഹത്തിന്റെ സംസ്കൃതജ്ഞാനം വളരെ അല്പമായിരുന്നു. അതുകൊണ്ടു ആ ഉൽകൃഷ്ടഭാഷയെ പഠിക്കുന്നതിൽ അദ്ദേഹം നല്ലവണ്ണം ശ്രദ്ധിച്ചു. പണ്ഡിതന്മാർ കൂടി തന്റെ ജ്ഞാനം അഗാധമെന്നു സമ്മതിക്കത്തക്കവിധം ആ ഭാഷയിൽ പാണ്ഡിത്യം സമ്പാദിച്ചു. ഇതുകൂടാതെ അദ്ദേഹം ഗ്രീക്കും ലാററിനും ഫ്രെഞ്ചും പഠിച്ചു. ഹിന്ദിയും ഉറുദുവും അദ്ദേഹത്തിനു നല്ലവണ്ണം അറിയാമായിരുന്നു. എന്നാൽ നിത്യവൃത്തിക്കു് എന്തെങ്കിലും മാൎഗ്ഗമുണ്ടാക്കിയില്ലെങ്കിൽ ഈ പഠിത്തംകൊണ്ടു മാത്രം ജീവധാരണം ശക്യമല്ലെന്നു് അദ്ദേഹത്തിനു തോന്നി. എവിടെ എങ്കിലും ഒരു പണി കിട്ടിയാൽ കൊള്ളാമെന്നു് അദ്ദേഹത്തിനു വളരെ താൽപൎയ്യമുണ്ടായിരുന്നു. ൧൮൪൬-ൽ ബംഗാൾ ഏഷ്യാററിക്കു് സൊസൈയററിയുടെ സിക്രട്ടറിയും ലൈബ്രേറിയനുമായി അദ്ദേഹം ഒരു ഉദ്യോഗം നേടി. ഇക്കാലത്തിൽ അദ്ദേഹത്തിനു വെറും വയസ്സേ പ്രായമുണ്ടായിരുന്നുള്ളൂ. ലൈബ്രേറിയനായിരിക്കവേ പുസ്തകശാല മുഴുവനും തന്റെ സ്വാധീനത്തിലായതുനിമിത്തം അദ്ദേഹത്തിനു ജ്ഞാനാഭിവൃദ്ധിക്കു നല്ല തക്കം കിട്ടി. അദ്ദേഹം അതിലുള്ള പുസ്തകങ്ങളെ വായിക്കുന്നതിൽ നന്നായി ശ്രമിച്ചു. മററുള്ള സിക്രട്ടറിമാരുടെ കിഴിൽ വേലനോക്കി പരിചയിച്ചതുനിമിത്തം അദ്ദേഹത്തിന്റെ വാചകരചനക്രമം നന്നാകയും ഇതരസഹായം കൂടാതെ എഴുത്തുകൾക്കു നക്കൽ ഉണ്ടാക്കുന്നതിനു താൻ ശക്തനാകയും ചെയ്തു. സൊസൈയററി വകയായുള്ള പുസ്തകങ്ങൾക്കു് അദ്ദേഹം ഒരു പട്ടികയുണ്ടാക്കയും സൊസൈയററി വകയായി ഒരു മാസികപുസ്തകം ആരംഭിക്കുകയും ചെയ്തു. ൧൮൫൧-ൽ അദ്ദേഹം ശാസ്ത്രത്തെയും സാഹിത്യത്തെയും കുറിച്ചു പ്രതിപാദിക്കുന്നതായി "വിവിധാൎത്ഥസംഗ്രഹം" എന്നൊരു ബംഗാളിപത്രം പടങ്ങളോടുകൂടി സ്വ

ന്തമായി നടത്താൻ ആരംഭിച്ചു. ഏഴു വർഷം അതിനെ നടത്തി. ൧൮൫൬-ൽ അദ്ദേഹം വാർഡസ് ഇൻസ്റ്ററിറ്റ്യൂഷന്റെ ഡിറെക്ടറായി നിയമിക്കപ്പെട്ടു. അപ്രകാരം അദ്ദേഹം അനേകം ജെമീൻദാരന്മാരുടെ ബാലന്മാരായ പുത്രന്മാൎക്ക രക്ഷകൎത്താവായിത്തീൎന്നു. ൧൮൮൦-ൽ ആ ഏൎപ്പാടിൻപ്രകാരം ബാലന്മാരായ ജെമീൻദാരന്മാരുടെ വിദ്യാഭ്യാസം വേണ്ടതുപോലെ ഫലവത്തായി കാണായ്കയാൽ അതു നിറുത്തപ്പെട്ടു. രാജേന്ദ്രലാലിന് അടുത്തൂൺ കൊടുക്കപ്പെട്ടു. എന്നാൽ അദ്ദേഹം തന്റെ കൃത്യങ്ങളെ നല്ലവണ്ണം ചെയ്തുവന്നു. സർ ആഷ്ലി ഈഡൻ ഗവൎമ്മേൻറിലേയ്ക്ക് ഇങ്ങിനെ എഴുതി:—"ഇപ്രകാരം ഒരു ഏൎപ്പാടു നടത്തിക്കൊണ്ടുപോകുന്നതിനു വളരെ ക്ലേശമുണ്ട്. എന്നാൽ അതൊക്കെയും നീക്കിക്കളയപ്പെട്ടു എന്നു മാത്രമല്ല, അതിന്റെ ഭരണക്രമം ഡിറെക്ടരുടെ യോഗ്യതയെ നന്നായി വെളിപ്പെടുത്തീട്ടുണ്ട്." പിന്നീടുള്ള കാലത്തിൽ പ്രസിദ്ധന്മാരായി വന്ന ഏതാനും ജെമീൻദാരന്മാർ അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നു. അദ്ദേഹത്തിന്റെ അടുക്കൽ പഠിച്ചതിന്റെ ഫലം തങ്ങൾക്കു വളരെ ഗുണപ്രദമായതിനാൽ അവർ അദ്ദേഹത്തിനോടു വളരെ കൃതജ്ഞന്മാരായിരുന്നു.

രാജേന്ദ്രലാല് പുരാണഗ്രന്ഥങ്ങളെ പഠിച്ചു പരിശോധിയ്ക്കുന്നതിൽ തന്റെ മിക്ക സമയത്തേയും നയിച്ചു. ആ ശ്രമത്തിന്റെ ഫലം ഏഷ്യാററിക്ക് സൊസയററിയുടെ മാസികപുസ്തകത്തിലും 'കൽക്കത്താ റിവ്യൂ'വിലും 'ആൻറിക്വാറി'യിലും വെളിപ്പെട്ടു. അവയിൽ പ്രധാനങ്ങളായവ "ഒറിസ്സായിലെ പുരാതന കഥകളും" "ബുദ്ധഗായ"വും ആയിരുന്നു. അദ്ദേഹം അപ്പോഴപ്പോൾ പ്രസിദ്ധപ്പെടുത്തിയ ഉപന്യാസങ്ങൾ "ഇൻഡോ ആൎയ്യന്മാർ" എന്ന പേരോടുകൂടി രണ്ടു പുസ്തകമായി പിന്നീട് അച്ചടിപ്പിയ്ക്കപ്പെട്ടു. അദ്ദേഹം മുൻസിപ്പൽ കമിഷണരും ജസ്ററീസ് ആഫ് ദി പീസുമായിരുന്നു. ഈ രണ്ടു നിലയിലും അദ്ദേഹം സ്വത

ന്ത്രബുദ്ധിയെ പ്രദർശിപ്പിച്ചു. അദ്ദേഹം കൂടക്കൂടെ 'ഹിന്ദുപേട്രിയട്ടിൽ' ലേഖനങ്ങൾ അയച്ചുവന്നു. ക്രിസ്റ്റോദാസ് പാൾ മരിച്ചതിന്റെ ശേഷം അദ്ദേഹം വാസ്തവത്തിൽ ആ പത്രത്തിന്റെ പ്രസാധകനായിത്തന്നെ തീൎന്നു. എന്നാൽ ആ പത്രത്തെ പ്രസിദ്ധപ്പെടുത്തുന്നതിനു വേണ്ട കഠിനശ്രമത്തെ എടുക്കുന്നതിന് അദ്ദേഹത്തിനു ശേഷിപോരാതിരുന്നു. അദ്ദേഹം ൬൯-ാം വയസ്സിൽ ൧൮൯൧-ൽ പക്ഷവാതരോഗത്താൽ മരിച്ചു.

ബുദ്ധിമാനായ ഒരാൾ അശ്രാന്തപരിശ്രമശാലിയായിരുന്നാൽ ആ പരിശ്രമം എത്ര ഫലപ്രദമായിരിക്കുമെന്നുള്ളതിലേക്കു രാജേന്ദ്രലാല് മിത്രന്റെ ചരിത്രം ഒരു ഉത്തമോദാഹരണമാകുന്നു. അദ്ദേഹത്തിന് ഇംഗ്ലീഷുഭാഷ വശംവദയും അദ്ദേഹത്തിന്റെ ലേഖനങ്ങൾ തൈക്ഷ്ണ്യമുള്ളവയുമായിരുന്നു. സർ റിച്ചേർഡ് ടെംപിൾ "എന്റെ കാലത്തിലുള്ള ജനങ്ങളും നടന്ന സംഗതികളും" എന്ന പുസ്തകത്തിൽ രാജേന്ദ്രലാലിനെ "ഇംഗ്ലീഷിലും ഏതദ്ദേശിയഭാഷകളിലും ഹിന്ദുക്കളിൽവെച്ച് ഉത്തമപണ്ഡിതൻ" എന്നു നിർദ്ദേശിച്ചിരിക്കുന്നു. എന്നു മാത്രമല്ല, പ്രാചീനഹിന്ദുക്കൾ എത്ര മാത്രം അത്ഭുതകരമായ ജ്ഞാനത്തെ സമ്പാദിച്ചിരിക്കുന്നു എന്നറിയുന്നതിൽ തനിക്കു ന്യായമായ ഒരു ഗർവ്വം തോന്നുന്നുണ്ടെന്നും അവർ അന്യാധിപത്യത്തിന് അധീനന്മാരായിപ്പോയല്ലോ എന്നുവെച്ചു തനിക്കു വ്യസനമുണ്ടെന്നും സർ റിച്ചേർഡ് പറഞ്ഞിരിക്കുന്നു. "ചിപ്സ് ഫ്രം എ ജർമ്മൻ വർക്ക്ഷാപ്പ്" എന്ന പുസ്തകത്തിൽ പ്രൊഫസ്സർ മാക്സ്മുള്ളർ രാജേന്ദ്രലാലിനെക്കുറിച്ച് ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—"അയാൾ സ്വതേ ഒരു പണ്ഡിതനാണ്. അതുകൂടാതെ അയാൾ ഒരു നല്ല പഠിത്തക്കാരനും ഗുണദോഷവിവേചകനുമാണ്. ബംഗാളത്തിലെ ഏഷ്യാറ്റിക്ക് സൊസയററി വകയായ മാസികപുസ്തകത്തിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള ഉപന്യാസങ്ങളിൽ അയാൾ സാധാരണ ബ്രാഹ്മണർക്ക് ഹിന്ദുഗ്ര

ന്ഥങ്ങളേയും ചരിത്രത്തേയും പററിയുള്ള മിഥ്യാജ്ഞാനവും സ്വതന്ത്വാഭിമാനവുമില്ലാതെ കോൾബ്രൂക്ക് ലാസ്സൻ, ബർനാഫ്, മുതലായവർ പ്രദർശിപ്പിച്ചിട്ടുള്ള നിഷ്പക്ഷപാതമായ ഗവേഷണസമ്പ്രദായത്തെ ഉപയോഗിച്ചിരിക്കുന്നു. അയാളുടെ ഇംഗ്ലീഷ് വാചകം സരളവും സ്വച്ഛവുമായിരിക്കുന്നു. അയാളുടെ യുക്തിവാദങ്ങൾ ഇംഗ്ലണ്ടിലുള്ള ഏതു സംസ്കൃതപണ്ഡിതനും പ്രശംസാവഹമായിരിക്കും.' ആ പുസ്തകത്തിൽ മറെറാരിടത്തു മാക്സ് മുള്ളർ പറയുന്നു—"അശ്രാന്തപരിശ്രമശീലനായ രാജേന്ദ്രലാൽമിത്രൻ കൽക്കത്തായിലുള്ള ഏഷ്യാററിക്ക് സൊസയററിയുടെ മാസികപുസ്തകത്തിൽ നല്ല ഉപന്യാസങ്ങളെ പ്രസിദ്ധപ്പെടുത്തുന്നു. അയാൾ ഇംഗ്ലണ്ടിലുള്ള സംസ്കൃതപണ്ഡിതന്മാരുടെ വാദങ്ങളെ ഒരു ഇംഗ്ലീഷ് പരിശോധകനെന്നപോലെ തന്നെ പരിശോധനചെയ്യുന്നു. ഇതു നിസ്തന്ദ്രമായ പരിശ്രമത്തേയും, ഗാഢമായും അനേകമുഖമായുമുള്ള ജ്ഞാനത്തേയും, ആപാതപ്രതീയമാനങ്ങളായ സാമ്യങ്ങളെ വഞ്ചിപ്പു തത്വത്തെ ഗ്രഹിച്ചു വാദിക്കുന്നതിനുള്ള ശക്തിയേയും വ്യഞ്ജിപ്പിക്കുന്നു." രാജേന്ദ്രലാലിന്റെ കൃതികൾ ആകെ മവച്ചു വാല്യമായി വിഭജിക്കപ്പെട്ടു ൧൦ പുസ്തകങ്ങളിലായി ൩൩,൦൨൯ വശങ്ങളിൽ കുറയാതെയുണ്ട്. ഈ പുസ്തകങ്ങളിൽ ഇൻഡ്യായിലെ പുരാണസംഗതികൾ, ഇൻഡോ ആര്യന്മാരുടെ പൂർവകാലത്തിലേയും ഇക്കാലത്തിലേയും ചരിത്രത്തെ വെളിവാക്കുന്നതിനുള്ള ലേഖനങ്ങൾ, ഇൻഡ്യായിലെ പുരാതനസംഗതികളെപ്പററി സങ്കീർണ്ണങ്ങളായ ലേഖനങ്ങൾ, ഇവ അടങ്ങിയിരിക്കുന്നു. ഈ ലേഖനങ്ങളെല്ലാം ബംഗാൾ, ഗ്രേററു ബ്രിട്ടൻ, ഈ സ്ഥലങ്ങളിലുള്ള ഏഷ്യാററിക്ക സൊസയററിയുടെ മാസികപുസ്തകങ്ങളിലും ഇംഗ്ലണ്ടിൽ ആന്ത്രോപ്പോളജിക്കൽ, ബങ്കാൾ ഫോട്ടോഗ്രാഫിക്ക സൊസയററി ഇവയുടെ പുസ്തകങ്ങളിലും 'കൽക്കത്താറിവ്യൂ', 'ഇംഗ്ലീഷ്മാൻ', 'ഇൻഡ്യാഡേലിന്യൂസ്', 'സ്റ്റേററുസ്മൻ', 'ഫിനിക്സ്', 'സിററിസൺ'

'പ്രിൻസ് ഓഫ് ഇൻഡ്യാ', ഇൻഡ്യൻ ഫീൽഡ്, 'ഹിന്ദു പേട്രിയട്ട്' മുതലായ പത്രങ്ങളിലും ഏകദേശം ൨൦൦൦ ലേഖനങ്ങളായി പ്രസിദ്ധപ്പെടുത്തിട്ടുള്ളവയും പബ്ലിക്ക സമാജങ്ങളിൽ നടത്തിയ പ്രസംഗങ്ങളും സംസ്കൃതത്തിൽനിന്നും വംഗഭാഷയിൽ തർജ്ജമ ചെയ്തിട്ടുള്ളവയുമാകുന്നു. മുൻ വിവരിച്ച പട്ടികയിൽനിന്നും ഇദ്ദേഹം സ്വരാജ്യത്തിലുള്ള ഗ്രന്ഥങ്ങൾക്കുവേണ്ടി എത്രമാത്രം പരിശ്രമിച്ചിരിക്കുന്നു എന്നു വെളിവാകുന്നു.

൧൮൮൫-ൽ അദ്ദേഹം ബങ്കാൾ ഏഷ്യാററിക്ക സൊസയററിയുടെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു. നാട്ടുകാരിൽ ഈ സ്ഥാനം ആദ്യം ലഭിച്ചതു രാജേന്ദ്രലാലിനാണ്. അതിൽവെച്ചു ജനങ്ങൾക്കു വളരെ സന്തോഷമുണ്ടായി. അദ്ദേഹം ൧൮൮൬-ൽ രണ്ടാമത്തെ നാഷണൽകാൺഗ്രസ്സിൽ ചേന്നു് ആ സമാജത്തിന്നായി വന്നവക്കു് ആതിഥ്യം ചെയ്വാൻ നിയമിക്കപ്പെട്ടിരുന്ന കമ്മിററിയിൽ അഗ്രാസനസ്ഥാനം വഹിച്ചു് ഒരു നല്ല പ്രസംഗം ചെയ്തു. ബങ്കാളത്തിലുള്ള പ്രധാനജന്മികളും പണ്ഡിതന്മാരും യോഗ്യന്മാരുമായ പലരും ചേന്നിരുന്ന ബ്രിട്ടിഷ് ഇൻഡ്യൻ അസ്സോസിയേഷൻ എന്ന സംഘത്തിൻെറ അഗ്രാസനാധിപതിയും അദ്ദേഹമായിരുന്നു. ഈ സംഘം ബങ്കാളത്തിലുള്ള ജനങ്ങൾക്കു് അനേകം ഗുണങ്ങൾ ചെയ്തിട്ടുള്ളതു രാജേന്ദ്രലാലിൻെറ ഉദ്യമത്താലാകുന്നു. പാണ്ഡിത്യവും പുരാതനസംഗതികളെ ചച്ച ചെയ്യുന്നതിലുള്ള സാമത്ഥ്യവും നിമിത്തം അദ്ദേഹം പണ്ഡിതസംഘങ്ങളിലും സാമാജികനാക്കപ്പെട്ടു. അദ്ദേഹം ഇംഗ്ലണ്ടിലെ റായൽ ഏഷ്യാററിക്ക് സൊസയററിയിലും, വിയന്നായിലുള്ള ഫിസിക്കൽ ക്ലാസ് ആഫ് ദി ഇംപീരിയൽ അക്കാഡമി ആഫ് സയൻസിലും, ഇററലിയിലുള്ള ഇൻസ്ററിറ്റ്യൂട്ട ഫാർ ദി അഡ്വാൻസ്മെൻറു ആഫ് നാളെജ്ജിലും, അമേരിക്കാവിലുള്ള ഓറിയൻറൽ സൊസയററിയിലും ഇററലിയിലുള്ള ഏഷ്യാററിക്ക സൊസയററിയിലും, ബാം

ബേയിലുള്ള ഏഷ്യാററിക്ക സൊസയററിയിലും സാമാജിക നായിരുന്നു. അദ്ദേഹം ജർമ്മനിയിലുള്ള ഓറിയൻറൽ സൊസയററിയുടേയും, ഹംഗരിയിലുള്ള റായൽ അക്കാഡ്മി ആഫ് സയൻസിൻേറയും, ബെർല്ലിനിലുള്ള എത്നാളാജിക്കൽ സൊസയററിയുടേയും സാമാജികനും ലേഖകനുമായിരുന്നു. അദ്ദേഹം കോപ്പൻഹേഗനിലുള്ള റായൽ സൊസയററി ആഫ് നാർതേൻ ആൻറിക്വിററീസിലേയും മററു അനേകം പ്രധാനസമാജങ്ങളിലേയും ഫെല്ലോ ആയിരുന്നു. കൽക്കത്താ സർവ്വകലാശാല അദ്ദേഹത്തിന്നു ഡാക്കടർ ആഫ് ലാസ് എന്ന സ്ഥാനപ്പേർ കൊടുത്തു. ആ സർവ്വകലാശാലയിലെ വൈസ് ചാൻസലർ ആയിരുന്ന ആണറബിൾ സർ ആർതർ ഹാബ്ഹൌസ് രാജേന്ദ്രലാലിനെക്കുറിച്ച് ഇപ്രകാരം പറഞ്ഞു:—രാജേന്ദ്രലാലിനെ ബഹുമാനപുരസ്സരം അറിയാത്ത പണ്ഡിതസംഘം യൂറോപ്പിൽ യാതൊന്നുമില്ല. അനേകം സംഘങ്ങൾ ഇയാളെ സന്തോഷപൂർവ്വം സാമാജികനാക്കീട്ടുണ്ട്. പുരാതനചരിത്രങ്ങളിലും ഏതദ്ദേശീയഭാഷകളിലുള്ള ശബ്ദങ്ങളായ പല സംഗതികളേയും ഇയാൾ വെളിവാക്കിയിരിക്കുന്നു.' 'സി. ഐ. ഇ.' എന്നും 'റായി ബഹദൂർ' എന്നും 'രാജാ' എന്നുമുള്ള സ്ഥാനങ്ങളെ ഇൻഡ്യാ ഗവമ്മേണ്ട് അദ്ദേഹത്തിന്നു കൊടുത്തു. ഹവ്വൈൽ ബൽവ്ഡിയർ ഡർബാറിൽ വെച്ചു സർ ആഷ്ളി ഇഡൻ അദ്ദേഹത്തിനോട് ഇപ്രകാരം പറഞ്ഞു—വളരെക്കാലം യുവാക്കന്മാരായ ജമിൻദാരന്മാരെ പഠിപ്പിക്കാനുള്ള ചുമതല നിങ്ങൾക്കുണ്ടായിരുന്നു. ഇപ്പോൾ അവരിൽ മിക്കവരും സമ്പാദിച്ചിട്ടുള്ള ജ്ഞാനത്തിന് അവർ നിങ്ങളോട് അത്യന്തം കൃതജ്ഞന്മാരായിരിക്കുന്നു. സംസ്കൃതപണ്ഡിതനെന്നും പുരാണതത്വശോധകനെന്നും നാട്ടോടെ നിങ്ങൾ പ്രസിദ്ധി സമ്പാദിച്ചിട്ടുണ്ട്. ഇവയിലും മററനേക വിഷയങ്ങളിലുമുള്ള നിങ്ങളുടെ യോഗ്യതകളെ അറിഞ്ഞു ഗവമ്മേണ്ടിൽനിന്നും നിങ്ങൾക്ക 'റായി ബഹദൂർ' എന്നുള്ള സ്ഥാനപ്പേർ തന്നിരിക്കുന്നു.

തന്റെ വൎഗ്ഗത്തിലുള്ള ആളുകൾക്ക് ഏതെങ്കിലും ഒരു ദോഷം ആരെങ്കിലും ചെയ്തു എന്നു രാജേന്ദ്രലാലിനു ബോധപ്പെട്ടുകഴിഞ്ഞാൽ അതിനെ വെളിപ്പെടുത്തുന്നതിൽ അശ്രാന്തമാകുംവണ്ണം അദ്ദേഹം ശ്രമിച്ചുവന്നു. അതിന് ഒരു ഉദാഹരണം പറയാം. നീലകൃഷിക്കാർ ബങ്കാളത്തിലെ കുടിയാന്മാരെ ഉപദ്രവിച്ചുംകൊണ്ടിരുന്നപ്പോൾ രാജേന്ദ്രലാല് കൽക്കത്തായിൽ കൂടിയ ഒരു പബ്ലിക്ക സഭയിൽവെച്ചു ധൈൎയ്യമായി ആ കൃഷിക്കാരുടെ പ്രവൃത്തിയെ അധിക്ഷേപിച്ചു. യൂറോപ്യന്മാർ ഇതുകൊണ്ടു വിരോധികളായിത്തീൎന്നു. രാജേന്ദ്രലാല് ഒരു സാമാജികനായിരുന്ന ഫൊട്ടോഗ്രാഫിക്ക് സംഘത്തിന്റെ ഒരു യോഗത്തിൽ താഴെ പറയുന്ന പ്രകാരം ഒരു നിശ്ചയം ചെയ്തു. 'രാജേന്ദ്രലാല് മിത്രൻ ടൌൺഹാളിൽവെച്ചു ചെയ്ത പ്രസംഗത്തിൽ അനേകവ്യാജങ്ങൾ പറകയാൽ അയാൾ ഈ സംഘത്തിൽ ഒരു സാമാജികനായിരിക്കാൻ അയോഗ്യനെന്നു വിചാരിക്കുന്നു. എന്നാൽ ഒരു സാമാജികനെ നീക്കിക്കളയുന്നതിന് ഇതിലെ ചട്ടങ്ങൾ അനുവദിക്കുന്നില്ലെന്നു കാണുകയാൽ സാമാജികത്വത്തെ രാജി വെച്ചൊഴിയുന്നതിന് അയാളോട് അപേക്ഷിക്കണം.' യൂറോപ്യന്മാർ ഹിന്തുക്കളെപ്പറ്റി ഇതിലധികം ചിത്തയായി പറഞ്ഞിട്ടുണ്ടെന്നും രാജേന്ദ്രലാല് ഇപ്പോൾ അധിക്ഷേപിച്ചതു നീലകൃഷിക്കാരെ മാത്രമല്ലാതെ ബങ്കാളത്തിലുള്ള എല്ലാം യൂറോപ്യന്മാരെയും അല്ലെന്നും മേജർ ത്രുള്ളിയർ രാജേന്ദ്രലാലിനെ താങ്ങി പറഞ്ഞു. മിസ്റ്റർ ഹ്യൂമും പിന്നേയും ചിലരും ഇതിനെ അനുവദിച്ചു. എന്നാൽ ഭൂരിപക്ഷം വിരോധകക്ഷിയിൽ ആയിരുന്നു. അതുകൊണ്ടു മേജർ ത്രുള്ളിയർ രാജിവെച്ചു.

പശ്ചിമവിദ്യാഭ്യാസം ഏതാനും സമ്പാദിച്ചു തൊട്ടതിന്നുന്നതുപോലെ ആയിത്തീൎന്നിരുന്ന കൂട്ടക്കാരെ ജേംസ് ഡാൎമ്മെസ്റ്റെററർ അയാളുടെ 'ഇംഗ്ലീഷ് സ്റ്റഡീസ്' എന്ന പുസ്തകത്തിൽ ആക്ഷേപിക്കുന്ന അവസരത്തിൽ പൌരസ്ത്യപാശ്ചാ

ത്യബുദ്ധികളുടെ സമ്മിശ്രണത്തിൽനിന്നും അതിമേധാവികളായി അപൂർവ്വം ചിലർ ഉണ്ടായിട്ടുണ്ടെന്നു സമ്മതിയ്ക്കുന്നു. ഡാമ്മേസ്റ്ററർ ഈ പ്രകാരം പറയുന്നു:—'ഈ കൂട്ടത്തിൽ മതപരിഷ്കാരകൻ കേശബ് ചന്ദർസേൻ; സരളകവിയായ തോരുദത്ത; പണ്ഡിതനായ രാജേന്ദ്രലാല് മിത്രൻ; ഇങ്ങിനെ ഏതു ജാതിയിലും തിലകങ്ങളായിരിയ്ക്കാൻ യോഗ്യതയുള്ള ഏതാനും പേർ ഉണ്ട്.' കേശബ് ചന്ദിരനേക്കാളും രാമ്മോഹനേക്കാൾ കൂടിയും ഉൽകൃഷ്ടമായ സ്ഥാനമാണു രാജേന്ദ്രലാലിന് ഇന്ത്യായിലുള്ള പത്രങ്ങൾ കൊടുത്തിരിയ്ക്കുന്നത്. അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ച് എഴുതിയ സമയം 'ഇന്ത്യൻ സ്പെക്ടേറർ' ഈ പ്രകാരം എഴുതി:—'രാജേന്ദ്രലാലിന്റെ മരണത്തോടുകൂടി ബംഗാളത്തിൽ ഇതിനു കീഴിൽ ഉണ്ടായിട്ടുള്ളവരിൽ വെച്ച് ഏററവും ബുദ്ധിമാനായ ആൾ പൊയ്പ്പോയി. രാമ്മോഹൻറായിയ്ക്കും കേശബ് ചന്ദർസേനിനും പ്രസിദ്ധി സമ്പാദിച്ച മററു യാതൊരു ബംഗാളിയ്ക്കും ഡാക്കടർ രാജേന്ദ്രലാലിനെപ്പോലെ നിർമ്മലമായും പ്രസരിപ്പുള്ളതായും സ്വതന്ത്രമായുമുള്ള ബുദ്ധിവൈഭവം ഇല്ലായിരുന്നു. ഒരു ബംഗാളിയുടെ ബുദ്ധി നല്ലവണ്ണം അഭ്യാസം കൊണ്ടു പരിഷ്കരിയ്ക്കപ്പെട്ടാൽ എത്ര നന്നാകുമെന്നുള്ളതിനു അയാൾ ഒരു ദൃഷ്ടാന്തമാകുന്നു.'

# കൃഷ്ണമോഹൻബാനർജി.

കൃഷ്ണമോഹൻ ബാനർജി കൽക്കത്തായിൽ തോറന്തോണിയാ എന്ന സ്ഥലത്തിനു സമീപം ൧൮൧൩ മേ മാസത്തിൽ ഒരുത്തമബ്രാഹ്മണകുടുംബത്തിൽ ജനിച്ചു. അഞ്ചു വയസ്സു പ്രായമായപ്പോൾ അദ്ദേഹം വംഗഭാഷയിൽ ഏതാനും വായിയ്ക്കാനും എഴുതാനും പഠിപ്പിയ്ക്കപ്പെട്ടു. ഏഴാം വയ

സ്സിൽ ഡേവിഡ് ഹേറുടെ വകയായ സിംലാ പാഠശാലയിൽ ചേക്കപ്പെട്ടു. പതിനൊന്നാം വയസ്സിൽ ഹിന്ദുകലാശാലയിൽ ചേന്നു ഇംഗ്ലീഷും സംസ്കൃതവും പഠിച്ചു. ൧൮൨൮-ൽ വിഷൂചിരോഗത്താൽ അദ്ദേഹത്തിന്റെ അച്ഛൻ മരിച്ചുപോയി. ആയാണ്ടിൽതന്നെ അദ്ദേഹം എഡ്യുക്കേഷണൽ കമ്മിററിവകയായ ൧൬ രൂപാ സ്കാളർഷിപ്പു സമ്പാദിച്ചു. അടുത്ത വഷത്തിൽ ഡൽഹി കലാശാലയിൽ ഒരു വാദ്ധ്യാർ പണി കൊടുക്കാമെന്നു പറഞ്ഞതിനെ കുടുംബകാൎയ്യം നിമിത്തം അദ്ദേഹം സ്വീകരിച്ചില്ല. എന്നാൽ ൧൮൨൯ നവേമ്പർ ൧൮-ാംനു കൽക്കത്തായിൽ ഹേർ പള്ളിക്കൂടത്തിൽതന്നെ അതുപോലെ ഒരു പണി അദ്ദേഹത്തിനു ലഭിച്ചു.

ഏകദേശം ഇക്കാലത്തിൽ തത്വജ്ഞാനിയും മതപരിശോധകനുമായ മിസ്റ്റർ ഡേറാസിയോവും ആയി അദ്ദേഹത്തിനു പരിചയമായി. അക്കാലത്തിൽ ബംഗാളത്തിലുണ്ടായിരുന്ന യുവാക്കന്മാരുടെ നടത്തയെ പരിഷ്കരിക്കുന്നതിൽ മിസ്റ്റർ ഡേറോസിയോവിന്റെ യത്നം അനല്പമായിരുന്നു. അയാൾ ശിഷ്യന്മാരുടെ മനസ്സിൽ ഒരു ശ്രദ്ധോന്മാദത്തെ ഉദിപ്പിക്കനിമിത്തം പരിഷ്കാരകന്മാരായി ഒരു കൂട്ടക്കാർ ഉണ്ടായിത്തീന്നു. അവക്ക ഹിന്ദുമതത്തെ പരിഷ്കരിക്കുന്നമെന്നല്ല, സമൂലോച്ഛേദനം ചെയ്യണമെന്നായിരുന്നു താല്പൎയ്യം. ൧൮൩൧-ൽ കൃഷ്ണമോഹൻ 'എൻകചയറർ' എന്നൊരു പത്രത്തെ പ്രസിദ്ധപ്പെടുത്താൻ തുടങ്ങി. അതിൽ അദ്ദേഹം ഹിന്ദുമതത്തിലുള്ള അബദ്ധങ്ങളേയും വിരുദ്ധതത്വങ്ങളേയും പ്രതിപാദിച്ചു വീറോടെ ചില ലേഖനങ്ങൾ എഴുതി. ഖണ്ഡനമായിരുന്നു അദ്ദേഹത്തിന്റെ പ്രധാനപ്രവൃത്തി. ആ വിഷയത്തിൽ അദ്ദേഹം നന്നായി നിഷ്കർഷിക്കുകയും ചെയ്തു. ഇപ്രകാരം ഹിന്ദുമതത്തെ അദ്ദേഹം പരസ്യമായി ആക്ഷേപിച്ചതു ഒരു കടുനൽക്കുട കത്തിയിറക്കിയ കൂട്ടത്തിലായി. എന്തെന്നാൽ അദ്ദേഹം സ്വഗൃഹ

ത്തിൽനിന്നു ബഹിഷ്കരിയ്ക്കപ്പെടുകയും ബന്ധുക്കളിൽനിന്നും ഹിന്ദുക്കളുടെ കൂട്ടത്തിൽ നിന്നും ദൂരീകരിയ്ക്കപ്പെടുകയും ചെയ്തു. കൃഷ്ണമോഹൻ ഇപ്രകാരം ഭ്രഷ്ടനാക്കപ്പെട്ടതുനിമിത്തം അദ്ദേഹത്തിനെപ്പോലെതന്നെ ഹിന്ദുമതവിരോധികളായ മറ്റു ചിലർ ഭയപ്പെട്ടു പുറമെമാത്രം മതാചാരങ്ങളെ അനുഷ്ഠിച്ചുവന്നു. കൃഷ്ണമോഹൻ ഇന്ത്യയിൽ വന്ന പാതിരിമാരിൽ വെച്ച് അതിസമർത്ഥനായ ഡാക്കടർ സഫിനെ അറികയും ബഹുമാനിയ്ക്കയും ചെയ്യാനിടയായി. മതത്തിനുള്ള തെളിവുകളെ പഠിയ്ക്കുന്നതിൽ കൃഷ്ണമോഹൻ ശ്രദ്ധിയ്ക്കയും കുറെത്താരു കാലത്തിനുള്ളിൽ ക്രിസ്തുമതതത്വങ്ങളെ വിശ്വസിയ്ക്കയും ചെയ്തു. നാവികസൈന്യത്തിൽ കപ്പിത്താനായ കാർബൈൻ എന്നയാൾ അദ്ദേഹത്തിനെ ക്രിസ്തുമതത്തിൽ ചേരുന്നതിനു പ്രോത്സാഹിപ്പിച്ചു. ഈ കപ്പിത്താൻെറ ഗൃഹത്തിൽ വെച്ചായിരുന്നു കൃഷ്ണമോഹൻ മൂന്നു മണിക്കൂർ നേരം ഹാറൻ എന്ന ആൾ ഉണ്ടാക്കിയ 'വേദാഭ്യാസം' എന്ന പുസ്തകത്തെ വായിച്ചതു്. കണ്ണൽ പൌണിയും മറെറാരു സ്നേഹിതനും ഒരു ദിവസം കൃഷ്ണമോഹനോടുകൂടി ഒരു പുകക്കപ്പലിൽ സാംഗർ ദ്വീപത്തിലേയ്ക്കു പോയി. ഈ യാത്രയിൽ കപ്പൽഛർദ്ദി പിടിപെട്ടു കൃഷ്ണമോഹനു വളരെ ക്ഷീണമായി. ഈ അവസരത്തിൽ യൂറോപ്യന്മാരായ അദ്ദേഹത്തിൻെറ സ്നേഹിതന്മാർ ക്രിസ്തുമതത്തെ അദ്ദേഹത്തിനു് ഉപദേശിച്ചതാണു് അദ്ദേഹം എളുപ്പത്തിൽ ആ മതത്തിൽ ചേരാൻ കാരണമായതെന്നു പറയപ്പെട്ടിരിയ്ക്കുന്നു. ൧൮൩൨-ൽ ഡാക്കടർ സഫിനാൽ അദ്ദേഹം ക്രിസ്തുമതത്തിൽ ചേർക്കപ്പെട്ടു. ൧൮൩൩-ൽ അദ്ദേഹം വടക്കുപടിഞ്ഞാറു രാജ്യങ്ങളിൽ സഞ്ചരിച്ചു. ൧൮൩൪-ൽ കൽക്കത്തായിൽ തിരിച്ചു വന്നതിൻെറ ശേഷം ടെൻറിഫാർ പെർഗണ്ണാസ് എന്ന സ്ഥലത്തിലെ മജിസ്ത്രേററിൻെറ സഹായത്താൽ കുടുംബത്തിൽനിന്നും ഭാര്യയെ അദ്ദേഹം സ്വാധീനയാക്കി. അദ്ദേഹം ക്രിസ്തുമതത്തിൽ ചേർന്നതിൽ പിന്നീടു കുറച്ചുദിവസം കൽക്ക

ത്തായിൽ അമർസ്റ്റ് തെരുവിലുള്ള സി. എം. എസ്. പള്ളിക്കൂടത്തിൽ വാദ്ധ്യാരായിരുന്നു. പിന്നീട് അദ്ദേഹം ചർച്ച് ആഫ് ഇംഗ്ലണ്ടിൽ ചേരുകയും ബിഷപ്പ് വിൽസൺ അദ്ദേഹത്തിനു പാതിരിസ്ഥാനം കൊടുക്കുകയും ചെയ്തു. ഉടനേതന്നെ ക്രൈസ്റ്റ് ചർച്ച് അദ്ദേഹത്തിന്റെ അധീനതയിൽ വിട്ടുകൊടുക്കപ്പെട്ടു. ആ പള്ളി ഇന്നും 'ക്രിസ്റ്റോബന്ദോസ് ഗിരിജാ' എന്നു വിളിക്കപ്പെട്ടുവരുന്നു. ഒരു പാതിരിയായി വളരെ കാലം അദ്ദേഹം വേലചെയ്കയും നാട്ടുകാരെ പലരേയും ക്രിസ്തുമതത്തിൽ ചേർക്കയും ചെയ്തു.

൧൮൫൨-ൽ അദ്ദേഹം ബിഷപ്പിന്റെ കലാശാലയിൽ ഒരു കീഴ് പ്രൊഫെസ്സരായി നിയമിക്കപ്പെട്ടു. അവിടെവെച്ചാണ് അദ്ദേഹം പിന്നീട് അനേകപുസ്തകങ്ങളിലും പ്രസംഗങ്ങളിലും പത്രങ്ങളിലുമായി പ്രദർശിപ്പിച്ച ജ്ഞാനത്തെ സമ്പാദിച്ചതു്. ൧൮൬൮-ൽ അദ്ദേഹം ആ കലാശാലയിൽനിന്നും ഒഴിഞ്ഞു. കൽക്കത്താ സർവ്വകലാശാലയിലെ ഒരു സാമാജികനായി അദ്ദേഹം മുമ്പിൽത്തന്നെ നിയമിക്കപ്പെടുകയും അതിലെ കാര്യങ്ങളെ താൽപര്യത്തോടെ നോക്കിവരികയും ചെയ്തു. ആ സർവ്വകലാശാലയിൽ സംസ്കൃതം, ഉരിയാ, ഈ ഭാഷകൾക്ക് അദ്ദേഹം വളരെ നാൾ പരീക്ഷകനായിരുന്നു. ൧൮൭൬-ൽ എൽ. എൽ. ഡി. എന്ന സ്ഥാനപ്പേർ സർവ്വകലാശാലയിൽ നിന്നും അദ്ദേഹത്തിനു കൊടുക്കപ്പെട്ടു. അദ്ദേഹം ഏഷ്യാററിക്ക സൊസയററിയിലെയും കൽക്കത്താ മുനിസിപ്പാലിററിയിലേയും ഒരു മുഖ്യ സാമാജികനായിരുന്നു. അദ്ദേഹം ചേർന്നിരുന്നിട്ടില്ലാത്ത യാതൊരുദ്യമവും അക്കാലത്തിലില്ലായിരുന്നു. എന്നാൽ ഒരു പണ്ഡിതനായ ഭാഷാജ്ഞാനിയായിട്ടാണു് അദ്ദേഹത്തിന്റെ പേർ നിലനിൽക്കുന്നതു്. അദ്ദേഹത്തിനു ബംഗാളി, ഇംഗ്ലീഷു, സംസ്കൃതം, ലാററിൻ, ഗ്രീക്ക്, ഹീബ്രു, പേർഷ്യൻ, ഉറുദു, ഹിന്ദി, ഉരിയ ഇങ്ങിനെ പത്തു ഭാഷകൾ അറിയാമായിരുന്നു.

അദ്ദേഹം എഴുതീട്ടുള്ള പുസ്തകങ്ങളിൽവെച്ചു മുഖ്യങ്ങളായുള്ളവ "ഹിന്ദുതത്ത്വപ്രശ്നോത്തരങ്ങൾ" എന്നും 'ആര്യൻസാക്ഷി' എന്നും രണ്ടാണ്. 'പ്രശ്നോത്തരങ്ങൾ' എന്ന പുസ്തകം ഹിന്ദുതത്ത്വശാസ്ത്രത്തിലെ ഏതാനും മുഖ്യസംഗതികളെ സ്പഷ്ടമായി പ്രതിപാദിക്കയാൽ ഇന്ത്യയിലെ പാതിരിമാൎക്കുപയോഗമുള്ള ഒരു ചെറിയ പുസ്തകമാണ്. അദ്ദേഹത്തിന്റെ രണ്ടാമതു പറയപ്പെട്ട പുസ്തകമാണു കുറെക്കൂടെ പ്രസിദ്ധമായിട്ടുള്ളതു്. അതിൽ അദ്ദേഹം വേദങ്ങളിൽനിന്നും ചില ഭാഗങ്ങളെ എടുത്തെഴുതി മുമ്പിലുള്ള ഋഷികൾക്കു ക്രിസ്തുമതതത്ത്വങ്ങളുടെ ജ്ഞാനമുണ്ടായിരുന്നു എന്നും, വേദത്തിൽ പ്രജാപതി എന്നു പറയുന്നതു ക്രിസ്തുവിനെത്തന്നെയാണെന്നും പ്രതിപാദിച്ചിരിക്കുന്നു. കൃഷ്ണമോഹൻ ൭൨-ാം വയസ്സിൽ ൧൮൮൫ മേ ൧൧-ാംനു- മരിച്ചു.

കൃഷ്ണമോഹൻ ബാനൎജ്ജി ഒരു സ്വഭാവസ്ഥൈൎയ്യവും സ്വതന്ത്രബുദ്ധിയുമുള്ള ആളായിരുന്നു. അദ്ദേഹത്തിന്റെ ബുദ്ധി പ്രസന്നയും ഊൎജ്ജസ്വലയുമായിരുന്നു. അപരിചിതന്മാരോട് അദ്ദേഹം കുറെ ഉദാസീനനായിരുന്നെങ്കിലും ഒരു രസികനായ സ്നേഹിതനും നല്ല ഫലിതക്കാരനുമായിരുന്നു. ഒരു പാതിരിയായി അദ്ദേഹം സ്വകൃത്യങ്ങളെ വേണ്ടുംവണ്ണം നടത്തി. അദ്ദേഹത്തിനു മതത്തിൽ വളരെ പ്രതിപത്തിയുണ്ടായിരുന്നെങ്കിലും ശുദ്ധോന്മാദമില്ലായിരുന്നു. ക്രിസ്തുമതത്തിൽ ചേൎന്നതിന്റെ ശേഷം അദ്ദേഹം ആ മതം ഉത്തമമെന്നു സ്ഥാപിക്കാൻ ശ്രമിക്കയും നാട്ടുകാരെ അതിൽ ചേരുന്നതിനു പ്രേരിപ്പിക്കയും ചെയ്തു. ആദ്യം ഈ മതത്തിൽ ചേൎന്നപ്പോൾ ഇതരമതാസഹിഷ്ണുത അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ പ്രായം ചെന്നതിനോടുകൂടി അതില്ലാതെയായി. ഒരു മുനിസിപ്പൽ കമീഷണരായി പൌരവാസികൾക്ക് അദ്ദേഹം വളരെ ഗുണത്തെ ചെയ്തു. പിന്നീട് ഇന്ത്യൻ അസ്സോസിയേഷന്റെ അദ്ധ്യക്ഷനായി ജനങ്ങളുടെ ക്ഷേമത്തിനുവേണ്ട ഗുണങ്ങളെ ചെയ്യുന്നതിൽ അദ്ദേഹം പരിശ്ര

മിച്ചു. സർ റിച്ചർഡ് ടെമ്പിൾ "എന്റെ കാലത്തിലുണ്ടായിരുന്ന ജനങ്ങളും നടന്ന സംഗതികളും" എന്ന പുസ്തകത്തിൽ കൃഷ്ണമോഹനനെക്കുറിച്ചു് ഇപ്രകാരം പറഞ്ഞിരിക്കുന്നു:—"നാട്ടുകാരായ ക്രിസ്തുമതക്കാരിൽവെച്ചു് ഉത്തമൻ ചർച്ച് ആഫ് ഇംഗ്ലണ്ടിലെ പാതിരിയായ റവറന്റ് കൃഷ്ണമോഹൻ ബാനർജ്ജിയായിരുന്നു. അയാൾ ക്രിസ്തുമതത്തിൽ പ്രതിപത്തിയുള്ളവനും അക്രിസ്ത്യന്മാരായ ബ്രാഹ്മമതക്കാരെ ആക്ഷേപിക്കുന്നതിൽ തല്പരനുമായിരുന്നെങ്കിലും ക്രിസ്തുമതക്കാരല്ലാത്ത ഹിന്ദുക്കളുടെ ഇടയിൽ മദ്ധ്യസ്ഥിതിയിലുള്ള ആളുകൾ അയാൾക്കു സ്വാധീനന്മാരായിരുന്നു. ഉത്തമജാതിയിൽ ജനിച്ച ക്രിസ്തുമതത്തിന്റെ തത്വത്തെ അയാൾ ഗ്രഹിക്കയാൽ പാവപ്പെട്ട നാട്ടുകാരുടെ മേൽ അയാൾക്കു ദയ തോന്നുകയും, ഇതരന്മാരെ ക്രിസ്തുമതത്തിൽ ചേർക്കുന്നതിനു മുഖ്യസാധകം ആ മതത്തിലുള്ള അനുകമ്പയുടെ സ്വരൂപത്തെ അവരെ ഗ്രഹിപ്പിക്കയാണെന്നു് അയാൾ അറിയുകയും ചെയ്തിരുന്നു. ഉയർന്ന ജാതിക്കാർ അയാൾക്കു ജനങ്ങളുടെ മേലുള്ള ശക്തിയെ സമ്മതിച്ചിരുന്നില്ലെങ്കിലും തലസ്ഥാനത്തിലുള്ള പഠിച്ച ഹിന്ദുക്കളിൽ അധികം പേരും അയാൾക്കു വശപ്പെട്ടിരുന്നു.

# മധുസൂദനദത്തൻ.

---

മധുസൂദനദത്തൻ ബംഗാളത്തു ജെസ്സൂർ എന്ന ഡിസ്ത്രിക്കിൽ സഗന്ദരി എന്ന ഗ്രാമത്തിൽ ഫെബ്രവരി -ാമാണ്ടു ജനിച്ചു. അദ്ദേഹത്തിന്റെ അച്ഛൻ രാജനാരായണൻ സദർദിവാനി അദാലത്തു കോടതിയിൽ ഒരു വക്കീലായിരുന്നു. അദ്ദേഹത്തിനു നാലു ഭാര്യമാരുണ്ടായിരുന്നവരിൽ മൂത്ത സ്ത്രീയുടെ പുത്രനായിരുന്നു മധുസൂദനൻ. ബംഗാ

ളത്തിലെ മററുള്ള കുട്ടികളെപ്പോലെ സ്വഭാഷ അഭ്യസിച്ചതിനെൻറ ശേഷം അദ്ദേഹം ൧൮൩൭-ൽ ഹിന്ദുകലാശാലയിൽ ചേൎന്നു. ആ കലാശാല അപ്പോൾ മിസ്റ്റർ ഡേറാസിയോവിൻെറ കീഴിലായിരുന്നു. അയാൾ ബംഗാളത്തിലുള്ള യുവാക്കന്മാരുടെ സ്വഭാവത്തെ അല്പമല്ല പരിഷ്കരിച്ചിരിക്കുന്നതു്. അയാളുടെ ശിഷ്യന്മാരെല്ലാം പരിഷ്കാരപ്രിയന്മാരും, ഹിന്ദുമതത്തെ അതിലുള്ള ഹാനികരങ്ങളായ ആചാരങ്ങളെ എല്ലാം കളഞ്ഞു ശുചിയാക്കണമെന്നു് അത്യന്തം കാംക്ഷയുള്ളവരും ആയിരുന്നു. മധുസൂദനദത്തനും ആ കൂട്ടത്തിൽ ഒരുവനായിരുന്നു. അവർ രാജ്യഭരണത്തെസ്സംബന്ധിച്ച സ്വദേശീയൎക്കുള്ള സ്ഥിതിയെ ഗുണപ്പെടുത്തണമെന്നും, നാട്ടുഭാഷാഗ്രന്ഥങ്ങൾക്കു് അഭിവൃദ്ധിയുണ്ടാക്കണമെന്നും, താല്പൎയ്യമുണ്ടായിരുന്നു. ഇംഗ്ലീഷിൽ ഉത്തമമായ വിദ്യാഭ്യാസം അവൎക്കു ലഭിക്കയാൽ ആ ഭാഷയിൽ കവികളായും കഥാഗ്രന്ഥകാരന്മാരായും പ്രസിദ്ധി സമ്പാദിക്കുന്നതു ശക്യമാണെന്നു് അവൎക്കു വിശ്വാസമുണ്ടായിരുന്നു. മധുസൂദനദത്തനും ഈ ആഗ്രഹങ്ങളെല്ലാമുണ്ടായിരുന്നില്ലെന്നില്ല. ൧൮൩൭ മുതൽ ൧൮൪൨ വരെ അദ്ദേഹം ഹിന്ദുകലാശാലയിൽ അദ്ധ്യേതാവായിരുന്ന കാലത്തു പല ഇംഗ്ലിഷു പദ്യങ്ങളും എഴുതിയുണ്ടാക്കി. ഹിന്ദുകലാശാലയിൽ വിളങ്ങിയ നക്ഷത്രങ്ങളിൽ അക്കാലത്തു മധുസൂദനൻ ബൃഹസ്പതിയായി ഗണിക്കപ്പെട്ടു. സ്നേഹം, ലോകദ്വേഷം, സ്വദേശസ്നേഹം, ഈ വിഷയങ്ങളെപ്പററിയാണു് അദ്ദേഹം പ്രധാനമായി കവിതകൾ എഴുതിയതു്. ഇംഗ്ലാണ്ടിൽ പോയാൽ കൊള്ളാമെന്നു് അക്കാലത്തിൽത്തന്നെ അദ്ദേഹത്തിനു് ആഗ്രഹമുണ്ടായിരുന്നു. അതിനെപ്പററി അദ്ദേഹം ഇപ്രകാരം വ്യസനിച്ചു് എഴുതിയിരിക്കുന്നു :—

“ചെററല്ലററ്ലാൻറിക്കാംഭോനിധിതിരകൾമഹാ-
നൌകയേറിക്കടന്നാ-
ള്ളൂറെൻ കുന്നുംപുറങ്ങൾക്കരികിൽ മരകത-
ച്ഛായസാനുക്കളോടെ

ഉഴററംകോലും ബിലായത്തിയിലൊരുവരുമെ
ക്കൂററരില്ലെങ്കിലും പോയ്
മുററും കീർത്തിക്കരുന്നോ ബത മരണമതോ-
നേടുവാനെന്റെ മോഹം.'

ഏകദേശം ഇക്കാലത്തിൽ മധുസൂദനന്റെ അച്ഛൻ അദ്ദേഹത്തിനെക്കൊണ്ടു് ഒരു പെൺകുട്ടിയെ കല്യാണം കഴിപ്പിയ്ക്കുന്നമെന്നു വിചാരിച്ച് അതിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. നാലു ഭാര്യമാരെ വേളി കഴിച്ചിട്ടുള്ള തന്റെ അച്ഛന്റെ അഭിപ്രായംപോലെ അല്ലായിരുന്നു മധുസൂദനന്റെ കല്യാണത്തെക്കുറിച്ചുള്ള അഭിപ്രായം. അതിനാൽ കല്യാണകാലം അടുത്തപ്പോഴയ്ക്ക് അദ്ദേഹം ഒളിച്ചുപോയ്ക്കളഞ്ഞു. ക്രിസ്തുമതവാദികളുടെ അടുക്കൽ ചെന്നു് അദ്ദേഹം കൃഷ്ണമോഹൻ ബാനർജ്ജിയുടെ സഹായത്താൽ നാലുദിവസം ഒളിച്ചിരുന്നു. ഒടുവിൽ ൧൮൪൩ ഫെബ്രുവരിയിൽ അദ്ദേഹം ക്രിസ്തുമതത്തിൽ ചേർന്നു. അന്നുമുതൽ അദ്ദേഹത്തിനെ മൈക്കേൽ മധുസൂദനൻ എന്നാണു പേർ വിളിച്ചുവന്നതു. കല്യാണത്തിന് ഇപ്രകാരം അച്ഛനാൽ നിർബ്ബന്ധിക്കപ്പെടാതെ ഇരുന്നെങ്കിൽ മധുസൂദനൻ പുറമെ എങ്കിലും തന്റെ മററുള്ള സഹാദ്ധ്യായികളെപ്പോലെ ഹിന്ദുമതത്തെ അനുവർത്തിച്ചുകൊണ്ടിരിയ്ക്കുമായിരുന്നു. എന്നാൽ ഈ നിർബ്ബന്ധം വന്നുചേർന്നപ്പോൾ കൃഷ്ണമോഹൻ ബാനർജ്ജിയെപ്പോലെ പ്രവർത്തിയ്ക്കുയല്ലാതെ മാർഗ്ഗാന്തരമില്ലെന്നു് അദ്ദേഹത്തിനു തോന്നി.

അദ്ദേഹത്തിന്റെമേൽ വാത്സല്യമുണ്ടായിരുന്ന അച്ഛന്റെ സംരക്ഷണയിൽ മധുസൂദനൻ നാലുവർഷംകൂടി ബിഷപ്പ കലാശാലയിൽ പഠിച്ചു. എന്നാൽ ക്രമേണ അദ്ദേഹത്തിന്റെ അച്ഛന് അദ്ദേഹത്തിന്റെമേൽ തൃപ്തിയില്ലാതെ ആകയാൽ അദ്ദേഹം അനാഥനായിത്തീർന്നു. ബിഷപ്പ കലാശാലയിൽ പഠിച്ചുകൊണ്ടിരുന്ന ഏതാനും മദ്രാസുകാരായ

അദ്ധ്യേതാക്കളുടെ നിർബ്ബന്ധം നിമിത്തം അദ്ദേഹം കൽക്കത്തായിൽനിന്നും മദ്രാസ്സിൽ വന്നു കാലക്ഷേപമാർഗ്ഗത്തെ നോക്കാനാരംഭിച്ചു. വന്നയിടക്കു് ആദ്യം അദ്ദേഹം ദാരിദ്ര്യദുഃഖം അനുഭവിച്ചു. മുഖ്യമായി വർത്തമാനപത്രങ്ങളിൽ ലേഖനങ്ങൾ എഴുതീട്ടാണു് അദ്ദേഹം അക്കാലം കാലക്ഷേപം നടത്തിയതു്. എങ്കിലും ഇംഗ്ലീഷു പദ്യരചനയെ അദ്ദേഹം വിട്ടില്ല. ൧൮൪൯-ൽ അദ്ദേഹം "ക്യാപ്റ്റീവ്ലേഡി" എന്ന പദ്യകൃതിയെ പ്രസിദ്ധപ്പെടുത്തി. മദ്രാസ്സിൽ അതിനെ എല്ലാവരും അനുമോദിച്ചതുകൂടാതെ 'അത്തീനിയം' എന്ന പത്രത്തിൽ അതിനെക്കുറിച്ചു "സ്കോട്ടും ബൈറണും തങ്ങളുടേതെന്നു സമ്മതിക്കുന്നതിനു ലജ്ജിക്കാത്ത പല ഭാഗവും ഇതിലുണ്ടു്" എന്നു പ്രസ്താവിച്ചിരുന്നു. കൽക്കത്തായിൽ പ്രസിദ്ധനായ 'ഡ്രിങ്ക്‌വാട്ടർ' എന്ന ആൾക്കു് ഈ കൃതിയുടെ ഒരു പ്രതി കവി അയച്ചുകൊടുത്തതിനു് അയാൾ കവിക്കു് ഇപ്രകാരം മറുപടി അയച്ചു:—"ഇംഗ്ലീഷ് അഭ്യസിച്ചു സമ്പാദിച്ചിരിക്കുന്ന ഈ വാസനയെയും കവിതയെയും സ്വഭാഷയിലുള്ള പദ്യകൃതികളുടെ ഗുണത്തെയും എണ്ണത്തെയും വർദ്ധിപ്പിക്കുന്നതിനായി ഉപയോഗിച്ചെങ്കിൽ രാജ്യത്തിനു് അധികം പ്രയോജനകരമായും തനിക്കു കുറെക്കൂടെ യശസ്കരമായും ഇരുന്നേനെ"

മദ്രാസ്സിൽ എട്ടു വർഷം താമസിച്ചതിന്റെ ശേഷം യഥാപൂർവ്വം നിർദ്ധനനായിത്തന്നെ ൧൮൫൬-ൽ മധുസൂദനൻ മടങ്ങി കൽക്കത്തായിലെത്തി. നിവൃത്തിയില്ലാതെയായിട്ടു് അദ്ദേഹം കൽക്കത്താ പോലീസുകോടതിയിൽ ഒരു എഴുത്തുവേലക്കു് ഏർപ്പെട്ടു. അതിൽനിന്നും പിന്നീടു ദ്വിഭാഷിയായി. ഇപ്രകാരം ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അദ്ദേഹം ബെത്യൂണിന്റെ ഉപദേശത്തെ അനുവർത്തിക്കാൻ തുനിഞ്ഞു. വംഗഭാഷയിൽ കുറെക്കൂടി ശ്രദ്ധവെച്ചു് ൧൮൫൮-ൽ 'ശർമ്മിഷ്ഠാ' എന്ന തന്റെ ആദ്യമായ നാടകത്തെ പ്രസിദ്ധപ്പെടുത്തി. അനന്തരം 'പത്മാവതി' എന്ന നാടക

ത്തെ ൧൮൫൯-ൽ ഉണ്ടാക്കി അച്ചടിപ്പിച്ചു. ബംഗാളത്തിലുള്ള യുവാക്കന്മാരുടെ ദുർഗ്ഗുണങ്ങളേയും തെറ്റുകളേയും വൃദ്ധന്മാരുടെ ദുരാചാരങ്ങളേയും വ്യാജങ്ങളേയും പ്രതിപാദിച്ച് അദ്ദേഹം രണ്ടു പ്രഹസനങ്ങളേയും എഴുതി.

പിന്നീടുണ്ടാക്കിയ കവിതകൾനിമിത്തമാണു മധുസൂദനത്തന് ഒരു ബംഗാളികവി എന്നു പ്രസിദ്ധി വന്നതു്. പ്രാസത്തിൽ അദ്ദേഹത്തിനു താല്പര്യമില്ലായിരുന്നതിനാൽ പ്രാസം കൂടാതുള്ള കവിതകളെ ഇദംപ്രഥമമായി വംഗഭാഷയിൽ എഴുതുന്നതിന് അദ്ദേഹം നിശ്ചയിച്ചു. വംഗഭാഷയിൽ പ്രാസംകൂടാതെ കവിതകൾ എഴുതിയാൽ നന്നായിരിക്കുമെന്ന് ആരും വിശ്വസിച്ചിരുന്നില്ല. മധുസൂദനന്റെ അത്യന്തമിത്രവും രക്ഷിതാവുമായ സർ ജൊതേന്ദ്രമോഹൻ ടാക്കോർ എന്ന ആൾക്കുകൂടി ഈ വിഷയത്തിൽ സംശയമുണ്ടായിരുന്നു. എങ്കിലും അപ്രകാരം ഒരു കൃതി എഴുതിയാൽ അതിനെ അച്ചടിപ്പിക്കുവാനുള്ള ചിലവു കൊടുക്കാമെന്ന് അദ്ദേഹം സമ്മതിച്ചു. അതുനിമിത്തം ൧൮൬൦-ൽ "തിലോത്തമ" എന്ന കൃതി ആവിർഭവിച്ചു. "ബംഗാളത്തിലുള്ള സാഹിത്യഗ്രന്ഥങ്ങൾ" എന്ന രസകരമായ പുസ്തകത്തിൽ രാമേശചന്ദ്രദത്തൻ പ്രാസമില്ലാതെ നൂതനമായി എഴുതപ്പെട്ട ഈ ബംഗാളി പദ്യകൃതിയെപ്പററി ഇപ്രകാരം ആക്ഷേപിച്ചിരിക്കുന്നു:—"പ്രാസമില്ലാത്ത ഈ പദ്യകൃതി പുറത്തുവന്നപ്പോൾ സഹൃദയന്മാക്ക് എല്ലാവക്കും ആശ്ചര്യം തോന്നി. കല്പനാവൈഭവവും വർണ്ണനാവൈചിത്ര്യവും ഈ കൃതിക്കുണ്ടെന്നു സമ്മതിക്കേണ്ടതാണെങ്കിലും, തന്റെ കവിതയെ എല്ലാവരും അഭിനന്ദിക്കുമെന്ന് ഈ കവി വിചാരിച്ച ദുർമ്മോഹത്തെപ്പററി എല്ലാവരും ആശ്ചര്യപ്പെട്ടു. ഈ യശസ്കാമനായ കവിയെ എല്ലാവരും ആക്ഷേപിക്കുന്നതിനും ഇയാളുടെ പദ്യങ്ങളെ അനുകരിച്ചു പരിഹാസകവനങ്ങളെ പ്രസിദ്ധപ്പെടുത്തുന്നതിനും ആളുകൾ ആരംഭിച്ചു. ഈശ്വരഗുപ്തന്റെ അഭിപ്രായക്കാരും നവീനാഭിപ്രായക്കാരായ അക്ക

യകന്മാരൻേറയും വിദ്യാസാഗരൻേറയും കൂട്ടുകാരും ഈ പുതിയ കവിത നന്നായില്ലെന്നു പറഞ്ഞു. ഗുണമെവിടെയുണ്ടോ അതിനെ അഭിനന്ദിയ്ക്കുന്ന വിദ്യാസാഗരൻ കൂടിയും "തിലോത്തമ" എന്ന കൃതിയെ നന്നെന്നു ഗണിച്ചില്ല. അദ്ദേഹത്തിനേക്കാൾ പ്രസിദ്ധി കുറഞ്ഞ പണ്ഡിതന്മാരും കവികളും ഇതിനെ വല്ലരെ ആക്ഷേപിച്ചു." എന്നാൽ "തിലോത്തമ"യുടെ വാസ്തവമായ ഗുണത്തെ അഭിനന്ദിച്ചവർ ചിലരുണ്ടായിരുന്നു. അക്കൂട്ടത്തിലായിരുന്നു. സർ ജോതേന്ദ്രമോഹൻ ററാക്കോർ, ഡാക്കടർ രാജേന്ദ്രലാല് മിത്രൻ, രാജനാരായണബാസു ഈ യോഗ്യന്മാർ. ജൊതേന്ദ്രമോഹൻ ഈ കൃതിയുടെ ഗുണത്തെ അഭിനന്ദിച്ച് അതിനെ അച്ചടിപ്പിച്ചു. പ്രാസരഹിതങ്ങളായ പദ്യങ്ങൾ ഇത്ര നന്നായി വംഗഭാഷയിൽ എഴുതിയതിനെ രാജേന്ദ്രലാല് അനുമോദിച്ചു. രാജനാരായണബാസു അതിനെപ്പററി ഇപ്രകാരം എഴുതി:— "ഇന്ദ്രൻ വംഗഭാഷയിൽ സംസാരിച്ചിരുന്നെങ്കിൽ അത് ഈ കവിയുടെ രീതിയിലായിരുന്നേനെ. ഈ കവിയുടെ കല്പനകളുടെ പ്രൌഢിയും സൌന്ദര്യവും, സ്വഭാവാനുഗുണമായ വർണ്ണനയും, രസികത്വവും വാചകത്തിൻെറ അസാമാന്യമായ പാകഗുണവും, പദ്യങ്ങളുടെ ഒഴുക്കും എല്ലാവരേയും അപഹൃതചിത്തന്മാരാക്കിത്തീർക്കുന്നു." പിന്നീടു മധുസൂദനൻ "മേഘനാഥവധം" എന്നു വേറെയും ഒരു കൃതി പ്രസിദ്ധപ്പെടുത്തിയതു് അധികതരമായി അഭിനന്ദിക്കപ്പെട്ടപ്പോൾ മുമ്പിൽ ദൂഷിച്ചുകൊണ്ടിരുന്നവർ സംഭ്രാന്തന്മാരായി. പലരും ഈ മാതിരി കവിത നല്ലതാണെന്നു മനസ്സില്ലാതെ സമ്മതിക്കേണ്ടിവന്നു. എന്നാൽ പണ്ഡിതവിദ്യാസാഗരനെപ്പോലെ ഭംഗിയായി അതിനെ ആരും അഭിനന്ദിച്ചില്ല. "മഹാഭാരത"ത്തെ തർജ്ജമചെയ്ത കാളീപ്രസന്നസിംഹനെന്നയാൾ മധുസൂദനൻെറ സ്മാരകമായി ഒരു സമാജത്തെ ഏർപ്പെടുത്തി. ആയാണ്ടിൽ മധുസൂദനൻ "കൃഷ്ണകുമാരി" എന്നൊരു നാടകത്തേയും അസംപൂർണ്ണയായ 'വീരാംഗന' എന്ന കൃതിയേയും പ്രസിദ്ധപ്പെടുത്തി.

ഇവ്വണ്ണം മധുസൂദനദത്തൻ തനിക്കു വളരെക്കാലമായിട്ടുണ്ടായിരുന്ന ആഗ്രഹത്തെ സാധിക്കുന്നതിനായി യൂറോപ്പിലേക്കു പുറപ്പെട്ടു. അവിടെ അദ്ദേഹം അഞ്ചുവർഷം താമസിച്ചതിനിടയ്ക്കു ബാരിസ്റ്റർപരീക്ഷയ്ക്കു പഠിച്ചു ജയിക്കയും വംഗഭാഷയിൽ ചില ഖണ്ഡകാവ്യങ്ങളെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഇവ്വണ്ണം അദ്ദേഹം യൂറോപ്പിൽനിന്നു മടങ്ങിവന്നു കൽക്കത്തായിൽ ഒരു വക്കീലായി പണി എടുത്തു. അദ്ദേഹം ആദ്യം നല്ല പേർ സമ്പാദിച്ചു എങ്കിലും വളരെ പ്രസിദ്ധനായി തീർന്നില്ല. പിന്നിട്ട് അദ്ദേഹം ആറു വർഷകാലം ജീവിച്ചിരുന്നു. ആക്കാലം മുഴുവനും കഷ്ടപ്പെട്ടും പട്ടിണി കിടന്നുമാണു കഴിച്ചതു്. ഇവ്വണ്ണം ആലിപ്പൂർ ധർമ്മാശുപത്രിയിൽ കിടന്നു് അദ്ദേഹം മരിച്ചു. അദ്ദേഹം മരണശയ്യയിൽ കിടക്കുമ്പോഴാണു "മായാകനാർ" എന്ന കൃതിയെ എഴുതിയതു്. അതിൽ അദ്ദേഹത്തിൻെറ ചരമകാലത്തെ ദുഃഖം സ്ഫുരിക്കുന്നുണ്ടു്.

അദ്ദേഹം മദ്രാസ്സിൽ താമസിച്ച കാലത്തിൽ നീലകൃഷിക്കാരനായ ഒരു യൂറോപ്യൻെറ മകളെ വിവാഹം ചെയ്തു. ഈ വിവാഹം ഒട്ടും സുഖകരമായി തീർന്നില്ല. ഏതാനും വർഷങ്ങൾക്കുള്ളിൽ അദ്ദേഹം ആ ഭാര്യയെ ഉപേക്ഷിക്കയും വേറെ ഒരു യൂറോപ്യൻ സ്ത്രീയെ വിവാഹം ചെയ്കയും ചെയ്തു. അവൾ പതിവ്രതയായിരുന്നു എന്നു മാത്രമല്ല, ചരമകാലംവരെ തൻെറ ഭർത്താവിൻെറ സുഖദുഃഖങ്ങൾക്കു ഭാഗിനിയായുമിരുന്നു. അദ്ദേഹം മരിക്കുന്നതിനു മൂന്നു ദിവസം മുമ്പിൽ അവൾ മരിച്ചു. ആ വർത്തമാനം കേട്ടിട്ടു മധുസൂദനൻ "മാക്ബെത്ത്" എന്ന നാടകത്തിലെ താഴെ പറയുന്ന പ്രസിദ്ധങ്ങളായ പാദങ്ങളെ ചൊല്ലി:—

നാളെനാളെ നാളെയെന്നു നീളെ നീളുന്നു നാളുകൾ
പ്രളയാന്തമിവ ണ്ണം താന്നുപോക ന്നഹസ്ഗതി.'

രണ്ടാമത്തെ ഭാൎയ്യയിൽ അദ്ദേഹത്തിനു രണ്ടു കുട്ടികളുണ്ടായിരുന്നു.

മധുസൂദനദത്തൻ ൧൯-ാം ശതവൎഷത്തിൽ ബംഗാളത്തിലുണ്ടായ വിദ്വാന്മാരിൽവെച്ച് ഉത്തമനായിരുന്നു. അദ്ദേഹം ഒരു കവി മാത്രമല്ല, നാനാഭാഷാഭിജ്ഞനും ആയിരുന്നു. ഹിന്ദുകാളേജിൽവെച്ച് അദ്ദേഹം ഇംഗ്ലീഷും പെൎഷ്യനും, ബിഷപ്പ് കാളേജിൽവെച്ചു ഗ്രീക്കും, ലാററിനും, സംസ്കൃതവും, മദ്രാസ്സിൽ വെച്ചു തമിഴും തെലുങ്കും, യൂറോപ്പിൽവെച്ചു ഫ്രെഞ്ചും, ജൎമ്മനും, ഇററാലിയനും, ഹിബ്രുവും, പഠിച്ചു. ബംഗാളി അദ്ദേഹത്തിൻെറ മാതൃഭാഷതന്നെ ആയിരുന്നല്ലോ.

മധുസൂദനദത്തന് ഉപകാരികളായ സ്നേഹിതന്മാരിൽ വെച്ചു പ്രധാനികൾ പണ്ഡിതവിദ്യാസാഗരനും, മനോമോഹൻഘോസും ആയിരുന്നു. വിദ്യാസാഗരൻ ഫ്രെഞ്ചുഠാണാവിൽനിന്നും അദ്ദേഹത്തിനെ ഒരിക്കൽ രക്ഷിച്ചു. മനോമോഹൻ അനാഥന്മാരായ അദ്ദേഹത്തിൻെറ രണ്ടു കുട്ടികളേയും സഹായിച്ചു.

---

# ബാംകിംചന്ദർചാററൎജ്ജി.

---

ബാംകിംചന്ദർചാററൎജ്ജി ൧൮൩൮-ൽ ജനിച്ചു. അദ്ദേഹത്തിൻെറ അച്ഛൻ യാദവചന്ദർബാനൎജ്ജിക്കു ബ്രിട്ടീഷ് ഗവൎമ്മെൻറിൽ ഡെപ്യൂട്ടി കലെക്ടർ വേലയുണ്ടായിരുന്നു. ബാംകിംചന്ദർ ഹൂഗ്ലികലാശാലയിൽ ഇംഗ്ലീഷ്‌വിദ്യാഭ്യാസം ആരംഭിച്ചു. പിന്നീടു പ്രസിഡൻസി കലാശാലയിൽ പോയി പഠിത്തത്തെ അവസാനിപ്പിച്ചു. കൽക്കത്താ സൎവ്വകലാശാലയിൽ ബംഗാളത്തിൽനിന്നും ഒന്നാമതായി ബി. ഏ. പരീക്ഷ ജയിച്ചതു് അദ്ദേഹമായിരുന്നു. ഒരു പത്രാധി

പനായി തീരുന്നതിനായിരുന്നു ബാംകിം ചന്ദർ ആദ്യം താല്പര്യപ്പെട്ടത്. അദ്ദേഹം ബി. എ. പരീക്ഷയിൽ ജയിച്ചതിനു മുമ്പെതന്നെ ഈശ്വരചന്ദ്രഗുപ്തൻ നടത്തിവന്ന 'പ്രഭാകർ' എന്ന നാട്ടുഭാഷാപത്രത്തിൻെറ ആപ്പീസിൽ ഇരുന്നു പത്രസംബന്ധമായ ജോലിയെ അഭ്യസിച്ചു. എന്നാൽ ബി. എ. ജയിച്ച ഉടനെ ഒരു ഡെപ്യൂട്ടി കലെക്ടർ വേല കൊണ്ടുക്കാമെന്നു പറഞ്ഞതു നിരസനയോഗ്യമല്ലാതിരുന്നതിനാൽ ആ വേലയിൽ അദ്ദേഹം പ്രവേശിച്ചു. എങ്കിലും 'പ്രഭാകർ' പത്രശാലയിൽ പഠിച്ചു പരിചയിച്ചു സമ്പാദിച്ചു എഴുതാനുള്ള വാസനയെ ഉപയോഗിക്കുന്നതിന് അദ്ദേഹത്തിന് അവസരമുണ്ടായി. അക്കാലത്തു മധുസൂദനദത്തൻ ആക്കം അഭിലഷിക്കത്തക്കതായ ഉത്തമകവിയശസ്സിനെ പ്രാപിച്ചിരുന്നതുപോലെ തനിക്കും പ്രശസ്തി കിട്ടണമെന്നുദ്ദേശിച്ചു ബാങ്കിംചന്ദർ അശ്രാന്തം പരിശ്രമിച്ചു. എന്നാൽ കവിതയ്ക്കു വേണ്ട വാസന ഇല്ലായിരുന്നതിനാൽ അദ്ദേഹം ഗദ്യകൃതികളെ എഴുതാൻ ആരംഭിച്ചു. ഇംഗ്ലീഷ്കഥകളെ വായിച്ച് അദ്ദേഹത്തിന് ഒരിക്കലും തൃപ്തിവന്നിട്ടില്ലായിരുന്നു. സർ വാൾട്ടർ സ്കാട്ടിൻെറ ആഖ്യായികകളാണ് അദ്ദേഹത്തിനു വിശിഷ്യ രസിച്ചിരുന്നത്. വംഗഭാഷയിൽ സർവാൾട്ടർസ്കാട്ടിൻെറ കൃതികളെ തർജ്ജമ ചെയ്യുന്നതു പ്രയാസമാണെങ്കിലും അവയുടെ രീതി അനുസരിച്ചു പണ്ഡിതന്മാർക്കു രസിക്കത്തക്കവണ്ണം ആഖ്യായികകളെ വംഗഭാഷയിൽ എഴുതുന്നതു് അശക്യമല്ലെന്ന് അദ്ദേഹത്തിനു ബോദ്ധ്യപ്പെട്ടു. ൧൮൬൪-ൽ 'ദുർഗ്ഗേശനന്ദിനി' എന്നു പേരായ ഒരു ആഖ്യായികയെ ആദ്യമായി അദ്ദേഹം പ്രസിദ്ധപ്പെടുത്തി. ഇന്നും വംഗഭാഷയിലുള്ള കൃതികളിൽവെച്ച് ഇതു് ഉത്തമസ്ഥാനത്തെ വഹിക്കുന്നു—ഈ വിഷയമായ ഗ്രന്ഥത്തിലെ കല്പനാശക്തിയും വാക്ചാതുര്യവും ഇതിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള പാത്രങ്ങളുടെ ജീവനും പുതുമയും കവിയുടെ ശ്രേഷ്ഠമായ ബുദ്ധിശക്തിയെ പ്രദർശിപ്പിക്കുന്നു; ബംഗാളിയിലുള്ള ഗ.

ദ്യകൃതികളിൽ ഇത്ര നന്നായി മറ്റൊന്നു കണ്ടിട്ടില്ല. ആഖ്യായികകളിൽ ഇത്ര സജീവമായും ശക്തിയുള്ളതായും വേറെ ഒന്നില്ല' എന്നു് ഒരു വംഗഭാഷാചരിത്രകാരൻ എഴുതിയിരിക്കുന്നു. മധുസൂദനനെന്നപോലെ ബങ്കിംചന്ദ്രനും അതിരു കവിഞ്ഞ രീതിയിൽ ഗദ്യകൃതിയെ എഴുതിയതിനു് ആക്ഷേപിക്കപ്പെട്ടു. അദ്ദേഹത്തിന്റെ വാചകരീതിയേയും, കഥാസന്ദർഭത്തേയും, കല്പനകളുടെ സ്വാതന്ത്ര്യത്തേയും പറ്റി ആക്ഷേപങ്ങൾ അനവധിയുണ്ടായി. എന്നാൽ ഈ ദൂഷണങ്ങൾ അദ്ദേഹത്തിന്റെ ഉദ്യമത്തെ തടുക്കാൻ ശക്തങ്ങളായില്ല, എന്നുമാത്രമല്ല, വംഗഭാഷാഗദ്യത്തിനു് ഒരു പുതിയ രീതി അദ്ദേഹത്തിനാൽ സ്ഥാപിക്കപ്പെടുകയും ചെയ്തു. ആദ്യത്തെ ആഖ്യായികയെ തുടൎന്നു പിന്നേയും ചിലതു പുറപ്പെട്ടു. 'കപാലകുണ്ഡല' എന്ന കഥ വളരെ ഭയങ്കരിയായിരുന്നു. 'മൃണാളിനി' എന്ന കഥയിൽ ലോകസ്വഭാവം രസകരമായി വർണ്ണിക്കപ്പെട്ടിട്ടുണ്ടു്.

൧൮൭൨-ൽ ബങ്കിംചന്ദ്രർ 'വംഗദർശനം' എന്നു പേരായി ഒരു ബങ്കാളി പത്രം പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. വളരെ ശ്രേഷ്ഠിയോടെ നടത്തപ്പെട്ടതിനാൽ അതു കാലക്രമത്തിൽ ജനങ്ങളാൽ അഭിനന്ദിക്കപ്പെട്ടു. തന്റെ കൃതികളെല്ലാം ഒരേ മട്ടിലായിരുന്നാൽ പോരെന്നു കരുതി ബാങ്കിംചന്ദർ അക്കാലത്തു ബങ്കാളത്തിലുണ്ടായിരുന്ന ജനസമുദായത്തിന്റെ സ്ഥിതിയെ വർണ്ണിച്ചു് ഒരു കഥ എഴുതാൻ ഉദ്ദേശിച്ചു. അപ്രകാരം 'വംഗദർശന'ത്തിൽ ആ മാതിരി ഒരു കഥ പുറപ്പെട്ടു. അതിനെ സ്വജനങ്ങളും വളരെ അഭിനന്ദിച്ചു. എന്നാൽ അദ്ദേഹത്തിന്റെ ഏററവും പ്രസിദ്ധയായ ആഖ്യായിക 'വിഷവൃക്ഷ' എന്നതായിരുന്നു. അതു ഭാഗംഭാഗമായി 'വംഗദർശന'ത്തിൽ പ്രസിദ്ധപ്പെടുത്തപ്പെട്ടു. പിന്നീടു് അതു് ഇംഗ്ലീഷിലും ഫ്രഞ്ചിലും തർജ്ജമ ചെയ്യപ്പെടുകയാൽ ആ രണ്ടു ഭാഷകളിലും പണ്ഡിതന്മാരായുള്ളവരുടെ ദൃഷ്ടിയിൽ പെട്ടു. ജേംസ് ഡാർമെസ്റ്ററർ എന്ന

യരാം തന്റെ 'ഇംഗ്ലീഷ്സ്റ്റഡീസ്' എന്ന പുസ്തകത്തിൽ ഈ കഥയെപ്പററി ഇപ്രകാരം എഴുതിയിരിക്കുന്നു:— 'വിഷവൃക്ഷ' എന്ന കഥ ഈ പ്രസിഡൻസിയിൽ ബംഗാളി നാവൽ എഴുത്തുകാരിൽവെച്ച് ഒന്നാമനായ ബാബുബാങ്കിംചന്ദർ ചാററജ്ജിയാൽ എഴുതപ്പെട്ടതാകുന്നു. ഈ കഥ ബംഗാളത്തിലെ തല്ക്കാലികലൌകികാചാരങ്ങളെ കുറിച്ച് ആദ്യമായി എഴുതപ്പെട്ടതാകയാൽ ഇവിടെ ഒരു അസ്വാസ്ഥതയെ ജനിപ്പിച്ചിട്ടുണ്ട്. ഇതു ബംഗാളത്തിലെ യുവാക്കന്മാരെ ആക്ഷേപിച്ചും, സ്വതന്ത്രമതക്കാരെയും, ദൈവവാദികളേയും, ബ്രഹ്മസമാജക്കാരേയും, ഇതുപോലെ ഇപ്പോഴുള്ളവരും വരാൻ പോകുന്നവരുമായ മററുള്ള പരിഷ്ക്കാരകന്മാരെയും, ദുഷിച്ചും ഇവരുടെ പ്രവൃത്തികളാൽ പണ്ടുപണ്ടേ ഉള്ള ആചാരങ്ങൾ ലുപ്തങ്ങളായി പോകുമെന്നു സൂചിപ്പിച്ചും, പുറപ്പെട്ടിരിക്കുന്ന ഒരു കൃതി ആകകൊണ്ട് ഇതിനെ പ്രസിദ്ധപ്പെടുത്തിയതു് ഒരു വലിയ അതിക്രമപ്രവൃത്തിയാണെന്നു ഗണിക്കപ്പെട്ടിരിക്കുന്നു. 'വിഷവൃക്ഷ' എന്ന ഈ ആഖ്യായികയൂറോപ്പിൽ എഴുതപ്പെടാവുന്നതായിരുന്നു!" എന്നു ഈ പുസ്തകത്തെ ഇംഗ്ലീഷിൽ തർജ്ജമചെയ്ത മിസിസ്സ് നൈററ് പറഞ്ഞിരിക്കുന്നു. ആ സ്ത്രീ ലാളിത്യവും വൈദഗ്ദ്ധ്യവുമുള്ള ഇംഗ്ലീഷു വാചകത്തിൽ ഈ കഥയെ തർജ്ജമചെയ്തു ഇംഗ്ലീഷുകാൎക്കു വായിക്കാറാക്കിത്തീൎത്തിരിക്കുന്നു. ജാർജ്ജ് സാൻഡിന്റെ 'ജാക്കെ' എന്ന കൃതിയിൽ വ്യംഗ്യമായുള്ളതിനെ ഇതിൽ വെളിപ്പെടുത്തി പറഞ്ഞിരിക്കുന്നു. സമുദായസംബന്ധമായും ചരിത്രസംബന്ധമായും വേറെ അനേകം കഥകളേയും ബാങ്കിംചന്ദർ എഴുതി. അവയിൽ പ്രധാനമായുള്ളവ 'ദേവിചന്ദ്രറാണി', 'ആനന്ദമഠം', 'കൃഷ്ണകാന്തവ്വിൽ' ഇവയാകുന്നു. ഈ കഥകളെ എല്ലാ ജനങ്ങളും അഭിനന്ദിക്കയും ബംഗാളത്തിലുള്ള യുവാക്കന്മാരായ പുരുഷന്മാരും സ്ത്രീകളും വളരെ അഭിരുചിയോടെ വായിക്കയുംചെയ്തു. അദ്ദേഹത്തിനു പ്രായം ചെന്നതിനോടുകൂടി മതത്തിൽ അധികപ്ര

തിപത്തി ജനിച്ചുതുടങ്ങി എന്നുള്ളതു കൃഷ്ണനെക്കുറിച്ച് അദ്ദേഹം എഴുതിട്ടുള്ള വലിയ കൃതിയിൽ വെളിപ്പെട്ടുന്നുണ്ട്. അതിൽ കൃഷ്ണനെ ഒരു അനുകരണീയനായ ഉൽകൃഷ്ടപുരുഷനായി അദ്ദേഹം സ്ഥാപിച്ചിരിക്കുന്നു. കൃഷ്ണന്റെ രാസക്രീഡ മുതലായ പ്രവൃത്തികളെല്ലാം കവികല്പിതകളാണെന്നും പ്രാചീനതരങ്ങളായ സംസ്കൃതഗ്രന്ഥങ്ങളിൽ അവയെക്കുറിച്ചു പറഞ്ഞിട്ടില്ലെന്നും അദ്ദേഹം പ്രതിപാദിച്ചിട്ടുണ്ട്. വേദങ്ങളെ അദ്ദേഹം നന്നായി പഠിച്ചു പുരാതനമായ ശുദ്ധഹിന്ദുമതത്തെ പുനരുജ്ജീവിപ്പിക്കുന്നതിനു ശ്രമിച്ചു. ബാങ്കിംചന്ദർ ൧൮൯൪-ൽ മരിച്ചു. അദ്ദേഹത്തിനു 'റായിബഹാദർ' എന്നും 'സി. ഐ. ഇ.' എന്നുമുള്ള സ്ഥാനപ്പേരുകളുണ്ടായിരുന്നു.

---

# മനോമോഹൻഘോസ്.

---

മനോമോഹൻഘോസ് ഡാക്കാ ഡിസ്ത്രിക്കടിൽ വിക്രമപുരത്തിലുള്ള ഒരു വളരെ പുരാതനമായ കായസ്ഥകുടുംബത്തിൽ ചേൎന്ന ആളായിരുന്നു. അദ്ദേഹത്തിന്റെ അച്ഛൻ രാമലോചനഘോസ് ഒരു സബ്ജഡ്ജിയും രാംമോഹൻറായിയുടെ അത്യന്തമിത്രവും സമാനാഭിപ്രായക്കാരനും ആയിരുന്നു. ഡാക്കായിൽ ബൈരാഗഡി എന്ന സ്ഥലത്തു ൧൮൪൪ മാൎച്ച് ൧൩-ാംനു മനോമോഹൻ ജനിച്ചു. അദ്ദേഹത്തിന്റെ ബാല്യപാഠം കൃഷ്ണനഗരത്തിലുള്ള കോളിജിയെറ്റു പള്ളിക്കുടത്തിലായിരുന്നു. ൧൮൫൯ മാൎച്ചിൽ അദ്ദേഹം കൽക്കത്താ സൎവ്വകലാശാലയിലെ എൻട്രൻസ് പരീക്ഷ ജയിച്ചു ൧൮൬൦-ൽ പ്രസിഡൻസി കലാശാലയിൽ ചേൎന്നു. ഇവിടെ അദ്ദേഹം ഒരു വൎഷമേ പഠിച്ചുള്ളു. അടുത്ത വൎഷ

ത്തിൽ സിവിൽ സർവ്വീസ്സ പരീക്ഷയ്ക്കു പഠിയ്ക്കാനായി ഇംഗ്ലാണ്ടിലേയ്ക്കു പുറപ്പെട്ടു. ൧൮൬൨-ൽ അദ്ദേഹം കൃഷ്ണനഗരത്തിൽ പാൎക്കുമ്പോൾ നീലക്ഷാമം നിമിത്തമുണ്ടായ കഷ്ടതകൾ അദ്ദേഹത്തിന്റെ മനസ്സിൽ പതിഞ്ഞിരുന്നു. ആ വിഷയത്തെപ്പററി 'ഹിന്ദുപേട്രിയട്ട്' പത്രത്തിൽ അദ്ദേഹം എഴുതിക്കൊണ്ടിരുന്നു. ഹരിശ്ചന്ദ്രമുകർജ്ജി പെട്ടെന്നു മരിച്ചതിന്റെ ശേഷം ഹിന്ദുപേട്രിയട്ടിന്റെ ഭാരവാഹിത്വത്തിനു ഐകമാററം ഉണ്ടായപ്പോൾ ജനങ്ങളുടെ സങ്കടങ്ങളെ പ്രസിദ്ധപ്പെടുത്തുന്നതിനു മറെറാരു പത്രം വേണ്ടിയിരിക്കുന്നതായി കണ്ടു മനോമോഹൻ വേറെ ചിലരുടെ സഹായത്തോടുകൂടി 'ഇൻഡ്യൻമിറർ' (ഇൻഡ്യായിലെ ദൎപ്പണം) എന്നൊരു പത്രത്തെ രണ്ടാഴ്ചവട്ടത്തിൽ ഒരിക്കൽ അച്ചടിപ്പിക്കാൻ തുടങ്ങി.

൧൮൬൪-ലും ൬൫-ലും മനോമോഹൻ സിവിൽ സർവ്വീസ്സ പരീക്ഷയ്ക്കു ചേൎന്നു. എന്നാൽ രണ്ടു തവണയും അദ്ദേഹത്തിനു ജയം കിട്ടിയില്ല. ഇൻഡ്യയിലെ നാട്ടുഭാഷകൾക്കു മാൎക്കു കുറയ്ക്കുകയും പരീക്ഷയ്ക്കു വേറെ ചില വ്യത്യാസങ്ങൾ വരുത്തുകയും ചെയ്ത നിമിത്തമാണ് അദ്ദേഹം തോററുപോയത്. ഇൻഡ്യൻ സിവിൽ സർവ്വീസ്സ പരീക്ഷയേയും അതിൽ ചേരുന്നതിൽ ഹിന്ദുക്കൾക്കുള്ള ബുദ്ധിമുട്ടുകളേയും കുറിച്ച് അദ്ദേഹം ഒരു ചെറിയ പുസ്തകം എഴുതി. സിവിൽ സർവ്വീസ്സിനു പഠിയ്ക്കുന്ന കാലത്തിൽ തന്നെ അദ്ദേഹം 'ലിങ്കൺസ് ഇൻ' എന്ന നീതിശാസ്ത്രാഭ്യാസശാലയിലും ചേൎന്നിരുന്നു. സിവിൽ സർവീസ് പരീക്ഷയിൽ ജയിച്ചില്ലെങ്കിലും ൧൮൬൬ ജൂണിൽ അദ്ദേഹം ബാരിസ്റ്റർ പരീക്ഷയിൽ ജയിച്ചു. ഇക്കാലത്തിൽ തന്റെ അച്ഛൻ മരിച്ചനിമിത്തം മനോമോഹൻ ഉടനെ ഇൻഡ്യയിലേയ്ക്കു പുറപ്പെട്ടു. ൧൮൬൭ ജനവരി ൧൦-ാംനു അദ്ദേഹം കൽക്കത്താ ഹൈക്കോട്ടിൽ ഒരു അഡ്വൊക്കേററായി ചേൎന്നു. ആ കോട്ടിൽ ആദ്യത്തെ എതദ്ദേശീയനായ ബാരിസ്റററർ അദ്ദേഹമായിരുന്നു. അവിടത്തെ യൂറോപ്യൻ

ബാരിസ്റ്റർമാർ അദ്ദേഹത്തിനെ തങ്ങൾക്കൊപ്പം ഭാവിച്ചില്ല. വക്കീലന്മാരുടെ ലൈബ്രറിയിൽക്കൂടെ ഇരിപ്പാൻ അദ്ദേഹത്തിനെ അവർ സമ്മതിച്ചില്ല. വേണ്ട കാലം മുഴുവൻ അദ്ദേഹം വക്കീൽപണി എടുത്തു കഴിഞ്ഞിട്ടില്ലെന്നുള്ള കാരണത്തിന്മേൽ ആ കോടതിയിൽ വ്യവഹരിച്ചുകൂടെന്നും അവർ തക്കിച്ചു. ഇതൊന്നും ദൃഢനിശ്ചയനായ മനോമോഹന്റെ ജയത്തിനു പ്രതിബന്ധകമായില്ല. സർ വില്യം ഗ്രേ അദ്ദേഹത്തിനെ കൽക്കത്തായിൽ ജൂനിയർ പോലീസ് മജിസ്ട്രേട്ടായി നിയമിക്കാമെന്നു പറഞ്ഞു. എന്നാൽ സീനിയർ മജിസ്ട്രേട്ട്, വക്കീൽപണിയിൽ തന്നേക്കാൾ സർവീസ്സു കുറഞ്ഞ ആളായിരുന്നതിനാൽ മനോമോഹൻ അതിനു സമ്മതിച്ചില്ല.

ഇംഗ്ലണ്ടിൽനിന്നും തിരിച്ചുവന്ന ഉടനെ മനോമോഹൻ അപ്പോൾ നടന്നുവന്ന 'ഇൻഡ്യൻ സിവിൽ സർവീസ്' പരീക്ഷയുടെ ഏപ്പാടിനെ ദുഷിച്ച് അനേകം പ്രസംഗങ്ങൾ ചെയ്തു. ൧൮൬൯ ഏപ്രിൽ ൨൯-ാംനു- അദ്ദേഹം ബെത്യൂൺ സംഘത്തിന്റെ ഒരു യോഗത്തിൽവെച്ച് 'ഇംഗ്ലീഷു വിദ്യാഭ്യാസം നിമിത്തം ബംഗാളി ജനസമുദായത്തിനു സിദ്ധിച്ചിട്ടുള്ള ഫലങ്ങൾ' എന്ന വിഷയത്തെപ്പററി ഒരു പ്രസംഗം ചെയ്തതു കുറെ ആക്ഷേപകാരണമായിത്തീൎന്നു. ഏതാനും വാസ്തവസംഗതികളെ അദ്ദേഹം വെളിപ്പെടുത്തിപ്പറഞ്ഞതു ഹിന്തുക്കൾക്കു രസിച്ചില്ല. ൧൮൮൫-ൽ മനോമോഹൻ ഇംഗ്ലാണ്ടിലേക്കു പോയി. ഇൻഡ്യായിലെ കാൎയ്യങ്ങളെപ്പററി അവിടെ സംസാരിക്കുന്നതിനു മദ്രാസിൽനിന്നും ബാംബയിൽനിന്നും പ്രതിനിധികൾ പോയവരുടെ കൂട്ടത്തിൽ ഇദ്ദേഹം ബംഗാളത്തിലെ പ്രതിനിധിയായി നിയമിക്കപ്പെട്ടു. അക്കാലം പാർല്ലിമെൻറു സഭക്കു സാമാജികന്മാർ പുതുതായി തിരഞ്ഞെടുക്കപ്പെടുന്ന അവസരമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ജനങ്ങളുടെ മനസ്സിൽ പതിയുകയും അവരാൽ അഭിനന്ദിക്കപ്പെടുകയും ചെയ്തു.

 81887 

മനോമോഹൻ ഒരു ബാരിസ്ററരായി ഇന്ത്യയിൽ നാട്ടുകാരും വെള്ളക്കാരുമായ വക്കീലന്മാർ സമ്പാദിക്കാവുന്നതായ ഉത്തമയശസ്സിനെ നേടി. അദ്ദേഹം ആദ്യം വക്കീലായി വ്യവഹരിച്ചതു് ഒരു രാജ്യകാൎയ്യസംബന്ധമായ വിചാരണയിലായിരുന്നു. ആ അവസരത്തിൽ അദ്ദേഹം ജൂനിയർ വക്കീലായിട്ടാണു് ഏൎപ്പെട്ടിരുന്നതു്. കേസ്സു വിചാരണയ്ക്കു് ഏതാനും ദിവസങ്ങൾക്കു മുമ്പിൽ സീനിയർ വക്കിൽ പെട്ടെന്നു മരിച്ചുപോയി. അതിനാൽ പ്രതിഭാഗവാദം മുഴുവനും മനോമോഹൻ ചെയ്യേണ്ടതായി വന്നു. അക്കേസിൽ അദ്ദേഹം ജയിച്ചില്ലെങ്കിലും വാദം നടത്തിയ ശേഷിയെക്കണ്ടു പ്രധാനന്യായാദ്ധ്യക്ഷൻ അദ്ദേഹത്തിനെ വളരെ സ്തുതിച്ചു. ക്ഷണേന ജനങ്ങൾക്കു മനോമോഹനിൽ വിശ്വാസം ജനിച്ചു. ക്രിമിനൽ കേസുകളിൽ കുററക്കാരെന്നു ശങ്കിക്കപ്പെട്ടവരെ നിംപരാധന്മാരായി സ്ഥാപിയ്ക്കുന്നതിൽ അദ്ദേഹം പ്രദൎശിപ്പിച്ച സാമൎത്ഥ്യം പരക്കെ പ്രസിദ്ധമായി. പിസ്സുകൂടാതെ അദ്ദേഹം പല കേസിലും വാദിയ്ക്കുകയും നിരപരാധന്മാരായുള്ള കുററക്കാരെ പലരേയും മരണശിക്ഷയിൽനിന്നു രക്ഷപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. ജനപദന്മാരായ പോലിസ്സുകാർക്കും മജിസ്ത്രേട്ടന്മാൎക്കും അദ്ദേഹത്തിനെക്കുറിച്ചു വളരെ ഭയമുണ്ടായിരുന്നു. അവരുടെ ചാപല്യങ്ങളെ അദ്ദേഹം പലപ്പോഴും വെളിപ്പെടുത്തി. "ടാൻഗേലിലെ വീരപുരുഷനും ജനപദന്മാൎക്കു ഭയങ്കരനും" ആണു് അദ്ദേഹം എന്നു് 'ഇംഗ്ലീഷുമാൻ' എന്ന പത്രം പ്രസ്താവിച്ചു. അദ്ദേഹം വക്കിലായി വാദിച്ചിട്ടുള്ള പ്രസിദ്ധപ്പെട്ട കേസ്സുകളിൽ പ്രധാനമായി താഴെ പറയുന്നവയാകുന്നു:— അമില്ലദ്ദീൻകേസ്സു്, പൂൎന്നിയാകേസ്സു്, ലാലിചന്ദ് ചൌധരികേസ്സു്, ഫെമ്പംകേസ്സുകൾ, ലോകനാഥപുരംകേസ്സു്, ഉകാശ്ശരികുലക്കേസ്സു്, കൃഷ്ണനഗരത്തിലെ അദ്ധ്യേതാക്കളുടെ കേസ്സു്, മാലുക്ചന്ദചൌക്കിദാർ കേസ്സു്, രംഗപുരത്തിലെ മാൻകേസ്സു്, രാജാ സൂൎയ്യകാന്താചാൎയ്യചൌധരിക്കേസ്സു്, ബുദ്ധഗയകോവിൽക്കേസ്സു്, ഷാ

പൂർ കലക്കേസ്സ്, ആനന്ദപ്രസാദരായിക്കേസ്സ്, നാട്ടൂർ കേസ്സ്, മണിപൂരരാജാക്കന്മാരുടെ കേസ്സ് ഈ മാതിരി കേസ്സുകളും നടന്ന കാലത്തു വളരെ പ്രസിദ്ധങ്ങളായിരുന്നു. നദ്ദീയായിൽ മാലുക്ചന്ദ് ചൌക്കിദാർ എന്നു പേരായ ഒരു അക്ഷരജ്ഞാനഹീനനായ കൃഷിക്കാരൻ ഒമ്പതു വയസ്സു പ്രായമുള്ള തൻെറ കുഞ്ഞിനെ കൊന്നു എന്ന സംഗതിക്കു് അവനെ തൂക്കാൻ വിധിച്ചപ്പോൾ നിരപരാധനായ അവനെ ആ ശിക്ഷയിൽനിന്നു മോചിപ്പിക്കുന്നതിനായി മനോമോഹൻ സന്തോഷപൂവ്വം ചെയ്ത ശ്രമം അദ്ദേഹത്തിൻെറ മഹാമനസ്കതയേയും ഉദാരതയേയും വ്യഞ്ജിപ്പിക്കുന്നു. മനോമോഹൻ മരിക്കുന്നതുവരെ ഈ മാലുക്ചന്ദ് ആണ്ടിൽ രണ്ടുതവണ കാഴ്ചദ്രവ്യങ്ങളോടുകൂടി നിയമേന അദ്ദേഹത്തിനെ ചെന്നു കണ്ടു വന്നു. സാക്ഷിക്കാരോടു ക്രാസ്സു ചോദിക്കുന്നതിലാണു മനോമോഹൻെറ പ്രത്യേകസാമത്ഥ്യം. ഒരിക്കൽ അദ്ദേഹത്തിൻെറ ക്രാസ്സുചോദ്യങ്ങളിൽ അകപ്പെട്ടു് ഒരു ഡിപ്യൂട്ടികലക്ടർ പൂവ്വാപരവിരുദ്ധങ്ങളായി മൊഴികൾ പറഞ്ഞു പോയതിനാൽ ഭയാകുലനായി മൂർഛയെ പ്രാപിച്ചു സാക്ഷിക്കൂട്ടിൽ വീണുപോയി.

മനോമോഹൻ ബാല്യകാലം മുതൽതന്നെ സ്ത്രീവിദ്യാഭ്യാസത്തിൽ അത്യന്തം ശ്രദ്ധാലുവായിരുന്നു. ൧൮൭൩-മതിൽ ബെത്യൂൺ കലാശാലയിലെ കായ്യങ്ങൾ നടത്തുന്നതിനുള്ള കമ്മിററിയിൽ ഒരു സാമാജികനായി അദ്ദേഹം നിയമിക്കപ്പെട്ടു. പിന്നീടു് ആ കലാശാലയിലെ സിക്രട്ടറിയായി അദ്ദേഹം കായ്യങ്ങളെ ജാഗ്രതയോടെ അന്വേഷിച്ചു. അദ്ദേഹം ഇൻഡ്യൻ നാഷനൽ കാൺഗ്രെസ്സിൽ ചേർന്നിരുന്നു. ൧൮൯൦-ൽ കൽക്കത്തായിൽ വെച്ചു നടന്ന ആറാം കോൺഗ്രസ്സിൽ സൽക്കാരസംഘത്തിൻെറ അഗ്രാസനാധിപതിയും, ൧൮൯൬-ൽ കൃഷ്ണനഗരത്തിൽ വെച്ചു നടന്ന രണ്ടാം ബെംഗാൾ പ്രൊവിൻഷ്യൽ കാൺഫെറൻസിൽ അഗ്രാസനാധിപതിയും അദ്ദേഹമായിരുന്നു. ൧൮൯൬ൽ ജൂ

ധിഷ്ട്യലുമായ അധികാരങ്ങളെ വേർതിരിക്കുന്നതിൽ അദ്ദേഹത്തിനു പ്രത്യേകനിഷ്കർഷയുണ്ടായിരുന്നു. ഈ രണ്ടു് അധികാരങ്ങളും ഒരുദ്യോഗസ്ഥനുതന്നെയാണു സാധാരണമായി ഇന്ത്യയിൽ കൊടുത്തുവരുന്നതു്. കൺഗ്രെസ്സിൻെറ അഭിപ്രായങ്ങളിൽ മുഖ്യമായുള്ള ഒരു സംഗതി ഇതിനെ ഭേദപ്പെടുത്തണമെന്നായിരുന്നു. ഈ വിഷയത്തിൽ അഭിപ്രായംപറയുന്നതിനു മനോമോഹനെക്കാൾ അധികം പ്രാമാണികനായ ആൾ ഇല്ലായിരുന്നു. ൧൮൯൫-ൽ അദ്ദേഹം ഇംഗ്ലണ്ടിൽ പോയപ്പോൾ ഈ വിഷയത്തെപ്പററി അവിടെ ഒരു ഇളക്കം ചെയ്തു. പൂനായിൽ നടന്ന കൺഗ്രസ്സിനു തക്കവണ്ണം അദ്ദേഹം തിരിച്ചുവന്നു് അവിടെവെച്ചു് ഇതിനെക്കുറിച്ചു സാരങ്ങളായ പ്രസംഗങ്ങൾ ചെയ്തു. പിന്നീടു താമസിയാതെ ഈ വിഷയത്തെപ്പററിയുള്ള റിക്കാർട്ടുകളെ അദ്ദേഹം രണ്ടു പുസ്തകമായി കൽക്കത്തായിൽ പ്രസിദ്ധപ്പെടുത്തി. ആ റിക്കാർട്ടുകൾ ഈ പരിഷ്കാരം അത്യാവശ്യകമെന്നു തെളിയിച്ചു. മനോമോഹൻഘോസിൻെറ അഭിപ്രായങ്ങളെ ആക്ഷേപിച്ചു മാറിപ്പോയ ലഫ്ടനെൻറ് ഗവൎണ്ണർ സർ, ചാർത്സ് എലിയട്ടു് 'ഏഷ്യാററിക്‌റിവ്യൂ'വിൽ എഴുതി. അതു വായിച്ചഉടനെ അതിനു മറുവടി എഴുതണമെന്നു മനോമോഹൻ ഉറച്ചു. എന്നാൽ ആ നിശ്ചയത്തെ സാധിക്കാൻ കഴിഞ്ഞില്ല. ൧൮൯൬ അക്ടോബറിൽ അദ്ദേഹം കൃഷ്ണനഗരത്തിലുള്ള സ്വഭവനത്തിൽ വെച്ചു മരിച്ചുപോയി.

൧൮൯൬-ൽ കൽകത്താ സൎവ്വകലാശാലയിൽ നടന്ന കാൺവൊക്കേഷന്നിൽ വൈസ് ചാൻസലറായ സർ ചാർത്സ് ട്രെവില്യൻ മനോമോഹനെക്കുറിച്ചു് ഇപ്രകാരം പറഞ്ഞു:— പന്ത്രണ്ടു വൎഷകാലം അയാൾ സിനെററിൽ ഒരു സാമാജികനായിരുന്നു. വിശേഷിച്ചു്, നീതിശാസ്ത്രപരീക്ഷകസംഘത്തിൽ അയാളുടെ സഹായം വളരെയുണ്ടായിരുന്നു. എന്നാൽ രാജ്യത്തിനും ജനങ്ങൾക്കും വേണ്ടി അയാൾക്കു ചെയ്യാൻ കഴിഞ്ഞിട്ടുള്ള സഹായങ്ങൾപോലെ മറ

ണപയ്യന്തം അയാൾക്ക സ്വകലാശാലയ്ക്കുവേണ്ടി പരിശ്രമിയ്ക്കാൻ കഴിഞ്ഞില്ല. ഇംഗ്ലീഷു വക്കീലന്മാരുടെ ക്കൂട്ടത്തിൽ ആദ്യമായി വക്കീൽപണി ശരിയായി ചെയ്തുവന്നതു മനോമോഹനായിരുന്നു. ഇപ്രകാരം അയാൾ പിന്നീടുള്ളവൎക്കു ഒരു മാൎഗ്ഗം കാണിച്ചുകൊടുക്കയും തന്നിമിത്തം ന്യായസംരക്ഷണത്തിന്നു ഒരു പ്രത്യേകഗുണത്തെ സമ്പാദിച്ചുകൊടുക്കയും ചെയ്തു. മറേറതു പരിഷ്കൃത രാജ്യങ്ങളിലുമുള്ളതുപോലെതന്നെ നിഷ്പക്ഷപാതമായി ഈ രാജ്യത്തിലുള്ള ജനങ്ങൾക്ക നടത്തിക്കൊടുക്കേണ്ടതാണെന്നാണ് നാടുവാഴുന്നവൎക്കു ഒരു വമ്പുള്ളതു്. ഇതിനു മുഖ്യകാരണം സ്വതന്ത്രന്മാരായ വക്കീലന്മാരുടെ സാന്നിധ്യമാകുന്നു. മനോമോഹൻ ജീവിതകാലം മുഴുവനും സ്വതന്ത്രമനസ്കനായിരുന്നതു കൂടാതെ, കോടതിയുടെ അധികാരത്തെ ക്രമമായി ആദരിച്ചുകൊണ്ടു സ്വതന്ത്രമായി വാദങ്ങൾ നടത്തിയാൽ ജഡ്ജിമാരും ജനങ്ങളും ഒരുപോലെ ബഹുമാനിയ്ക്കുമെന്നുള്ളതിനെ തന്റെ പ്രവൃത്തികളാൽ ദൃഷ്ടാന്തപ്പെടുത്തിക്കൊടുക്കയും ചെയ്തു. മിസ്റ്റർ ഘോസിന്റെ ചരിത്രത്തിലുള്ള വിശേഷസംഗതികളിൽ ഇതു് ഒന്നേയാകുന്നുള്ളു. എന്നാൽ അയാളുടെ സ്മരണയെ എന്നേയ്ക്കും നിലനിൎത്തുന്നതു് അയാൾ തന്റെ ജീവിതത്തിന്റെ ഒടുവിലത്തെ അനേകവൎഷങ്ങളിൽ ഏററവും ശേഷിയോടും ഔത്സുക്യത്തോടും കൂടി നടത്തിവന്ന ജോലിയാകുന്നു. ഒരു തക്കപ്പെട്ട സംഗതിയിൽ ഒരു ഭാഗത്തെ ഗുണങ്ങളെ നല്ലവണ്ണം വെളിപ്പെടുത്തുന്നവയായ അയാളുടെ പ്രസംഗങ്ങളുടേയും ലേഖനങ്ങളുടേയും അഭാവത്തെക്കുറിച്ചു് അനല്പമായി വ്യസനിയ്ക്കേണ്ടിയിരിയ്ക്കുന്നു. ന്യായസംരക്ഷണത്തിന്നു ഈ സംഗതിയുടെ പൎയ്യാലോചന എത്രയും സാരമേറിയതാകുന്നു. ഈ വിഷയത്തിൽ മിസ്റ്റർ ഘോസ് ചെയ്തിട്ടുള്ള പ്രവൃത്തികൾ വളരെ കാലത്തേയ്ക്കു ജനങ്ങളുടെ മനസ്സിൽനിന്നും മാഞ്ഞുപോകുന്നതല്ല."

ലൌകികവിഷയങ്ങളിൽ മനോമോഹൻ പ്രവീണനായിരുന്നു. അദ്ദേഹം വിനീതനും സ്നേഹിതന്മാൎക്കു് ഒരിക്കലും അസന്തോഷം ജനിപ്പിക്കാത്തവനുമായിരുന്നു. സൎവ്വഥാ അദ്ദേഹം ഒരു യോഗ്യപുരുഷനും ഹിന്ദുക്കളോടും യൂറോപ്യന്മാരോടും സ്നേഹമുള്ളവനുമായിരുന്നു. രണ്ടുകൂട്ടക്കാൎക്കും അദ്ദേഹത്തിനെക്കുറിച്ചു സ്നേഹവും ബഹുമാനവുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണാനന്തരം നാഷണൽ ഇൻഡ്യൻ അസ്സോസിയേഷൻ കമ്മറ്റിക്കാർ അദ്ദേഹം ഹിന്ദുക്കൾക്കും യൂറോപ്യന്മാൎക്കും തമ്മിൽ രഞ്ജനയുണ്ടാകുന്നതിനും, സ്ത്രീപുരുഷവിദ്യാഭ്യാസത്തിനും, ജനങ്ങളുടെ ഗൌരവത്തിനും, ക്ഷേമത്തിനും വേണ്ടി ചെയ്തിട്ടുള്ള മഹത്തായ ശ്രമത്തെ അഭിനന്ദിച്ചു പ്രസ്താവിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ ഔദാൎയ്യം അപരിമിതമായിരുന്നു. പാവപ്പെട്ട കുട്ടികൾക്കും, ബാലന്മാരുടെ സംഘങ്ങൾക്കും, ധൎമ്മാൎത്ഥമായി പ്രവൎത്തിക്കുന്ന സമാജങ്ങൾക്കും, ദാരിദ്ര്യത്താൽ വലയുന്ന വൎത്തമാനപത്രങ്ങൾക്കും അദ്ദേഹം വളരെ സഹായിച്ചിട്ടുണ്ടു്. ബംഗാളികവിയായ മധുസൂദനദത്തനെ അദ്ദേഹം വളരെ സഹായിക്കയും, ഒടുവിൽ ആ കവി മരിക്കുമ്പോൾ അദ്ദേഹത്തിന്റെ അഗതികളായ രണ്ടു കുട്ടികളെയും സംരക്ഷിച്ചുകൊള്ളാമെന്നു് ഏല്ക്കുകയും, അദ്ദേഹത്തിന്റെ മരണാനന്തരം ആ രണ്ടു കുട്ടികളേയും രക്ഷിക്കുന്നതിന് ഒരു കമ്മിററി ഏൎപ്പെടുത്തുകയും ചെയ്തു. അവരെ വേണ്ടുംവണ്ണം പഠിപ്പിച്ചു ഗവൎമ്മേൻറ് ഉദ്യോഗത്തിൽ ആക്കിച്ചതെല്ലാം മുഖ്യമായി മനോമോഹന്റെ ഉത്സാഹത്താലാകുന്നു.

# സർ രമേശചന്ദ്രമിത്രൻ.

രമേശചന്ദ്രമിത്രൻ ഡംഡമിന് അടുത്തുള്ള ബിസ്സാപ്പൂരെന്ന പട്ടണത്തിൽ രാജർഹാററിൽ ഒരു മാന്യമായ കായ

സ്ഥകുടുംബത്തിൽ ൧൮൪൦-ൽ ജനിച്ചു. അദ്ദേഹത്തിൻെറ പിതാമഹനായ രാമമമിത്രൻ ബിസ്സാപ്പൂരിലെ മുൻസീപ്പും പിതാവായ രാമചന്ദ്രമിത്രൻ അക്കാലത്തെ ഹൈക്കോട്ടായിരുന്ന സദർ ദിവാനി അദാലത്തിലെ ഹേഡ് ഉദ്യമസ്ഥനുമായിരുന്നു. അദ്ദേഹം പിതാവിൻെറ ആറു മക്കളിൽവെച്ച് ഇളയ പുത്രനായിരുന്നു. നിർഭാഗ്യവശാൽ അമ്മ ബാല്യത്തിൽ തന്നെ മരിച്ചുപോകയാൽ അദ്ദേഹം അമ്മാവൻെറ ഗൃഹത്തിലാണു വളൎന്നത്. അദ്ദേഹം ഭവാനിപ്പൂരിലുള്ള ഒരു പള്ളിക്കൂടത്തിൽ നിലത്തെഴുത്തു പഠിച്ചു. അതിൻെറ ശേഷം ഹിന്ദുസ്കൂളിൽ ചേൎന്നു പഠിച്ചു. മെട്രിക്കുലേഷൻ പരീക്ഷയും പിന്നീടു കൽക്കട്ടായിലുള്ള പ്രസിഡൻസി കാളേജിൽ ചേൎന്നു. ൧൮൬൦-ൽ ബി. എ. പരീക്ഷയും ജയിച്ചു. അടുത്തയാണ്ടിൽ തന്നെ ബി. എൽ. പരീക്ഷ ജയിച്ചു ഹൈക്കോട്ടിൽ വക്കീലായി ചേൎന്നു. അദ്ദേഹം ബാറിൽ ചേൎന്നപ്പോൾ ഇരുപത്തിരണ്ടു വയസ്സു പ്രായമുണ്ടായിരുന്നുള്ളു. എങ്കിലും അദ്ദേഹം വേഗത്തിൽ പ്രസിദ്ധനായിത്തീൎന്നു. അന്നത്തെ പ്രധാനവക്കീലന്മാരായ ദ്വാരകാനാഥമിത്രനും, കിസൻകിസൻ ഘോസും, അനുകൂലചന്ദ്രമുഖൎജ്ജിയും അദ്ദേഹം അതിയോഗ്യനായിത്തീരുമെന്നു ആശിച്ചിരുന്നു. ജോലിയിൽ പ്രവേശിച്ച് ഏറെനാൾ കഴിയുന്നതിനു മുമ്പുതന്നെ അദ്ദേഹത്തിനെ അന്നത്തെ അഡ്വക്കേറ്റു ജനറലായിരുന്ന മിസ്റ്റർ ടി. എച്ച്. ഹേയുടെ റിപ്പോർട്ടുകൾ തെയ്യാറാക്കുന്ന ജോലിയിൽ ചേൎത്തു. കുറച്ചുകാലംകൊണ്ടു അദ്ദേഹം ഒന്നാന്തരം വക്കീലന്മാരിൽ ഒരാളായിത്തീൎന്നു. നീതിശാസ്ത്രത്തിലുള്ള പാണ്ഡിത്യത്തിനും സത്യത്തിന്നും വളരെ പ്രസിദ്ധനായുംതീൎന്നു.

ബംഗാൾ ഹൈക്കോട്ടിലെ ഒന്നാമത്തെ ഇൻഡ്യൻ ജഡ്ജിയായ ദ്വാരകനാഥമിത്രൻ ൧൮൭൪-ൽ മരിച്ചു. ഉടനെ തന്നെ രാമേശചന്ദ്രനെ ആ ജോലിയിൽ ആക്കി. അതുവ

രെ യാതൊരു ഇൻഡ്യാക്കാരനും കിട്ടിയിട്ടില്ലാത്ത കൽക്കട്ടാ യൂനിവഴ്സിററിയിലെ നീതിശാസ്ത്രശാഖയുടെ അദ്ധ്യക്ഷൻ എന്ന സ്ഥാനം രമേശചന്ദ്രനു കൊടുക്കാൻ ഉത്സാഹിച്ചിട്ടുള്ള സർ വില്യം മാക്നബിയോടു കൂടെയാണ് അദ്ദേഹം ആദ്യം ജഡ്ജിവേല ചെയ്തതു. ൧൮൮൨-ൽ ബംഗാളിലെ ഒന്നാം ജഡ്ജിയായിരുന്ന സർ റിച്ചേർഡ് ഗാത്തലോ അവധിയെടുത്തു പോയപ്പോൾ സായ്പ് തിരിച്ചു വരുന്നതുവരെ ആ ജോലി നോക്കേണ്ടതു് ആരാണെന്നുള്ള ആലോചനയ്ക്കു വിഷയമുണ്ടായി. ന്യായമായിട്ട് ആ ജോലിയ്ക്കു ഒന്നാം വ്യൂനി ജഡ്ജിയെയാണു നിയമിക്കേണ്ടതു്. അപ്പോഴത്തെ ഒന്നാം വ്യൂനി ജഡ്ജി സ്വദേശിയായ രമേശചന്ദ്രമിത്രനായിരുന്നു. അതുവരെ സ്വദേശികൾ ഒന്നാം ജഡ്ജി ഉദ്യോഗം ധരിച്ചിട്ടില്ല. അക്കാലം യൂറോപ്യന്മാരും ഇൻഡ്യാക്കാരുമായി വലിയ കൂട്ടുകെട്ടൊന്നും ഇല്ലാതെയിരുന്നു. അപ്പോഴത്തെ വൈസ്രോയിയായ ലാർഡ് റിപ്പൺ യൂറോപ്യന്മാരുടെ അവകാശത്തെ തടുത്തും ഇൻഡ്യയിലുള്ളവരുടെ അവകാശത്തെ സഹായിയ്ക്കുമെന്നും എല്ലാവരും വിചാരിച്ചിരുന്നു. തൽക്കാലത്തേയ്ക്കു കൂടെ ഒരു ഇൻഡ്യനെ ഒന്നാം ജഡ്ജിയായി നിയമിക്കാൻ പാടില്ലെന്നു് ഇംഗ്ലീഷുകാർ നടത്തുന്ന ഇൻഡ്യയിലുള്ള വർത്തമാനക്കടലാസുകൾ ബലമായി വാദിച്ച് ഒരു ലഹളയുണ്ടാക്കി. എന്നാൽ നീതി നടത്തുന്ന കാര്യത്തിൽ നിശ്ചിതചിത്തനായിരുന്ന ലാർഡ് റിപ്പൺ ഇതുകൊണ്ട് ഒട്ടും കലുങ്ങിയില്ല. അദ്ദേഹം രമേശചന്ദ്രനെത്തന്നെ തൽക്കാലത്തേയ്ക്ക് ഒന്നാം ജഡ്ജിയായിട്ടു നിയമിച്ചു. ഒന്നാം ജഡ്ജിയായിരുന്ന കാലത്തു രമേശചന്ദ്രൻെറ ശേഷിയും സ്വഭാവഗുണവുംകൊണ്ടു് ആ സ്ഥാനത്തിനു യോഗ്യനായ ആളെത്തന്നെ വൈസ്രോയി തിരഞ്ഞെടുത്തു എന്നു ബോധപ്പെട്ടുത്തി. ഇൻഡ്യയിലുള്ള ഒരു പത്രം ഈ സംഗതിയെക്കുറിച്ചു ഫലിതമായി ഇങ്ങിനെ പ്രസ്താവിച്ചു:—

"അവധി കഴിഞ്ഞു സ്ഥിരജോലിക്കാരൻ വന്നു പകരം പണി നോക്കിയിരുന്ന ഉദ്യോഗസ്ഥനിൽനിന്നു ചാർജ്ജ് എടുത്തു കഴിഞ്ഞപ്പോൾ, യൂറോപ്യന്മാർ ഒരുമിഥ്യാഭ്രമത്തിൽ വ്യാമൂഢന്മാരായിരുന്നുവെന്ന് അവർ കണ്ടു ആശ്വസിച്ചു. കച്ചവടസംബന്ധമായ ആലോചനയ്ക്കുള്ള ആപ്പീസ്സ് സമുദ്രത്തിലേയ്ക്കു ഒഴുകിപ്പോകാതെ യഥാസ്ഥാനം നിന്നു എന്നു കണ്ടതിനാൽ അവരുടെ മനസ്സിനു സമാധാനമുണ്ടായി. ഇംഗ്ലീഷുകാർ പതിവുപോലെ വന്നുകൊണ്ടും പൊയ്ക്കൊണ്ടും ഇരുന്നു. നദികൾ പതിവുപോലെ ഒഴുകി. അതാതു സമയത്തു മഴ പെയ്തു. ഇൻഡ്യയിലുള്ള മണ്ണിൽ അവരിയും ചണവും ഉണ്ടായി. വഴിയാത്രക്കാർ റെയിൽവണ്ടിയിൽ കയറി പൊയ്ക്കൊണ്ടിരുന്നു. ഇതൊന്നും പോരെങ്കിൽ സൂര്യൻ കിഴക്ക് ഉദിയ്ക്കുയും ചെയ്തു"

൧൮൮൬-ൽ രമേശചന്ദ്രൻ രണ്ടാമത്തും ഒന്നാം ജഡ്ജിവേല നോക്കി. അപ്പോൾ യാതൊരു വഴക്കും ഉണ്ടായിരുന്നില്ല. പതിനാറു വർഷം താല്പര്യത്തോടെ ജോലി നോക്കിയതിന്റെ ശേഷം ൧൮൯൦-ൽ ജഡ്ജിവേലയിൽനിന്നും കഴിഞ്ഞു. വക്കീലന്മാർ അദ്ദേഹത്തിന് അദ്ദേഹത്തിന്റെ യോഗ്യതയ്ക്കു അനുരൂപമായ ഒരു മംഗളപത്രം സമർപ്പിച്ചു. അദ്ദേഹം ചെയ്തിട്ടുള്ള വേലയെ അഭിനന്ദിച്ച് ഇന്ത്യാഗവർമ്മേണ്ടു അദ്ദേഹത്തിനു പ്രത്യേകമായ അടുത്തുണും നൈറ്റ ബാച്ചലർ എന്ന വിരുതും കൊടുത്തു. ഒരു ജഡ്ജിയായിട്ടുള്ള നിലയിൽ സത്യം, നിഷ്പക്ഷപാതം, സ്ഥൈര്യം, സ്വാതന്ത്ര്യം എന്നുള്ള ഗുണങ്ങളെക്കൊണ്ട് അദ്ദേഹം പ്രസിദ്ധനായിരുന്നു. ബങ്കാളിലെ ഒന്നാം ജഡ്ജിയായിരുന്ന സർ ഫ്രാൻസിസ്സ് മക്ലിൻ ആ സ്ഥാനത്തിലിരുന്ന സർ രമേശചന്ദ്രന്റെ മരണകാലത്തെപ്പററി പ്രസംഗിയ്ക്കുമ്പോൾ ഇപ്രകാരം പറഞ്ഞു—"പുറത്തു വന്നിട്ടുള്ള അദ്ദേഹത്തിന്റെ വിധികളിൽ ജഡ്ജിയുടെ പക്ഷപാതരാഹിത്യവും നീതിപണ്ഡിതനുള്ള ജ്ഞാനോൽകർഷവും ഒരു വിദ്വാന്റെ വാക്കി

നുള്ള നൈമ്മല്യവും നല്ലവണ്ണം പ്രകാശിച്ചു. സർ രമേശചന്ദ്രൻെറ പേരു സർവ്വദാ ഹൈക്കോർട്ടിനു ഒരു ഭൂഷണമായും ബഹുമാനകാരണമായും ഇരിക്കും.”

സർ രമേശചന്ദ്രമിത്രൻ ഒരു പൊതുവായ നാഗരികൻെറ നിലയിലും ഉപകാരം ചെയ്ത ആളായിരുന്നു. സർക്കാർ ജീവനത്തെക്കുറിച്ചു പര്യാലോചന ചെയ്യുന്നതിനായിട്ട് ഏർപ്പെടുത്തിയ സംഘത്തിൽ അദ്ദേഹത്തെ ഒരു അംഗമായി നിയമിച്ചിരുന്ന സമയം, സംഘത്തിലുള്ള ഉദ്യോഗസ്ഥന്മാരായ മററു് അംഗങ്ങളുടെ അഭിപ്രായത്തിൽനിന്നു് അദ്ദേഹത്തിൻെറ അഭിപ്രായം തീരെ ഭിന്നമായിരുന്നു. ഉദ്യോഗം കഴിഞ്ഞതിൻെറ ശേഷം വൈസരായിയുടെ നിയമനിർമ്മാണസഭയിൽ ഒരു അംഗമായി അദ്ദേഹം നിയമിക്കപ്പെട്ടു. എന്നാൽ സുഖക്കേടു നിമിത്തം ആ ജോലി രാജിവെക്കേണ്ടതായിട്ടു വന്നു. ബങ്കാൾ ഗവർമ്മെൻറു വകയായ ജൂറിയെ സംബന്ധിച്ച പ്രസിദ്ധമായ വിജ്ഞാപനത്തെ ഖണ്ഡിച്ച ജൂറിക്കമ്മിഷനിലും അദ്ദേഹം ഒരംഗമായിരുന്നു. ഭവാനിപ്പൂരിലുണ്ടായ കൎഷകന്മാരുടെ സംഘത്തെ പ്രതിഷ്ഠിച്ചതു് അദ്ദേഹമായിരുന്നു. ബ്രിട്ടീഷ് ഇൻഡ്യൻ സമാജത്തിൻെറയും ജന്മികളുടെ പഞ്ചായത്തിൻെറയും കൽക്കട്ടായിലെ ഭൂധനസമാജത്തിൻെറയും ആലോചനകളിൽ അദ്ദേഹം പ്രധാനിയായ കക്ഷിയായിരുന്നു. അദ്ദേഹം സാഹിത്യസമാജത്തിലെ അദ്ധ്യക്ഷനും ഇൻഡ്യൻ ശാസ്ത്രീയസമാജത്തിലെ ഉപാദ്ധ്യക്ഷനും ആയിരുന്നു. ഉദ്യോഗം കഴിഞ്ഞതിൽ പിന്നെ അദ്ദേഹം ഭാരതമഹാജനസഭയുടെ കാൎയ്യങ്ങളിൽ ഉത്സാഹിയായിരുന്നു. കൽക്കട്ടായിൽവെച്ചു നടത്തിയ മൂന്നാമത്തെ സഭയുടെ സ്വാഗതസംഘത്തിലെ അദ്ധ്യക്ഷനായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. അദ്ദേഹം സിററി കാളേജിൻെറ ആദ്യത്തെ രക്ഷകന്മാരിലൊരാളായിരുന്നു. അദ്ദേഹത്തിൻെറ ഗ്രാമത്തിൽ പൂൎണ്ണസാമഗ്രിയുള്ള ഒരു ഇംഗ്ലീഷു പള്ളിക്കൂടത്തെ സ്ഥാപിച്ചു് അദ്ദേഹം നടത്തിക്കൊണ്ടിരുന്നു. റോളർ മിൽസ് കമ്പനി (ക്ലിപ്തം)യെ പ്രതിഷ്ഠിച്ചതും അദ്ദേഹമായിരുന്നു.

സ്വന്തകാൎയ്യങ്ങളെക്കുറിച്ചു വിചാരിക്കുമ്പോൾ അദ്ദേഹം അദ്ദേഹത്തിന്റെ കുടിയാനവന്മാൎക്ക് ഒരു അനുകരണീയനായ ജന്മിയായിരുന്നു. അദ്ദേഹം അവരുടെ ഉപയോഗത്തിനായി ബിസ്സാപ്പൂരിൽ ഒരു ധൎമ്മാശുപത്രി ഏൎപ്പെടുത്തി. അദ്ദേഹം ഒതുക്കക്കാരനും പ്രാഭവം നടിക്കാത്തവനുമായിരുന്നു. എല്ലാ കാൎയ്യങ്ങളിലും സ്വാതന്ത്ര്യവും ആത്മവിശ്വാസവും അദ്ദേഹത്തിനുണ്ടെന്നു സൎവ്വസമ്മതമായിരുന്നു. അദ്ദേഹം ദയാശീലനും ഉദാരനുമായിരുന്നു. എന്നാൽ ധാരാളക്കാരനല്ലായിരുന്നു. അദ്ദേഹം യശസ്സിനെ കാംക്ഷിച്ചില്ല; എന്നാൽ യശസ്സ് അദ്ദേഹത്തെ തേടി എന്നുതന്നെ പറയാം. അദ്ദേഹം ശാന്തനായും ബലാല്ക്കാരം കൂടാതെയും എപ്പോഴും വേലചെയ്തു. ഉദ്യോഗത്തിൽനിന്നു പിരിഞ്ഞുവന്നതിന്റെ ശേഷം അദ്ദേഹം തന്റെ ഉപദേശത്തെ കൈക്കൊള്ളുവാൻ വന്ന അയൽപക്കക്കാൎക്കു വേണ്ടി ഉത്സാഹത്തോടെ വേല ചെയ്തു. ഉദ്യോഗസ്ഥനായിട്ടുള്ള നിലയിലും ഉദ്യോഗസ്ഥനല്ലാത്ത നിലയിലും അദ്ദേഹം ഭയപ്പെടുകയാകട്ടെ സേവക്കു ശ്രമിക്കുകയാകട്ടെ ചെയ്തില്ല. അദ്ദേഹത്തിന്റെ ശ്ലാഘ്യമായ സ്വാതന്ത്ര്യത്താൽ അദ്ദേഹത്തിന്റെ വാക്കുകൾക്കു വളരെ വിലയുണ്ടായിരുന്നു. ൧൮൮൪-ൽ ജൂലൈ മാസം ൧൮-ാംനു അദ്ദേഹം മരിച്ചതിനോടുകൂടെ ബങ്കാളിലുണ്ടായ മഹാന്മാരിലൊരാൾ ഇല്ലാതെ വന്നു.

# ഗോകുൽദാസ് തേജ്പാൽ.

---

കച്ചിൽ കോറാ എന്ന സ്ഥലത്തു് ഒരു ദരിദ്രകുടുംബത്തിൽ ൧൭൯൨-ലും ൧൭൯൪-ലും ആയി രണ്ടു കുട്ടികളുണ്ടായി. അവരിൽ മൂത്തവനായ നഞ്ജിക്കു പത്തുവയസ്സായപ്പോൾ, നിത്യവൃത്തി കഴിച്ചുകൂട്ടുന്നതിനു ബാംബേക്കു പോകേണ്ടിവന്നു. പകൽ ഒരു ചില്ലറക്കച്ചവടക്കാരൻെറയും, രാത്രിയിൽ ഒരു കാവൽക്കാരൻെറയും പണി നോക്കിവന്നു എങ്കിലും ആ അദ്ധ്വാനത്തിനെല്ലാംകൂടി നഞ്ജിക്കു് ഒരു നല്ല വേലക്കാരൻെറ കൂലി കിട്ടിയിരുന്നില്ല. രണ്ടു സംവത്സരം കഴിഞ്ഞപ്പോൾ നഞ്ജിയുടെ അനുജനായ തേജ്പാൽ ജ്യേഷ്ഠനെ അനുഗമിച്ചു. ഇരുപതാമത്തെ വയസ്സിൽ തേജ്പാൽ ഒരു സ്വതന്ത്രവ്യാപാരിയാകയും കാലക്രമത്തിൽ ൨൦,൦൦൦ രൂപ സമ്പാദിച്ചു, ൧൮൩൩-ൽ അദ്ദേഹത്തിൻെറ ജീവാവസാനകാലത്തു തൻെറ ഏകപുത്രനായ ഗോകുൽദാസിനു കൊടുക്കയും ചെയ്തു. ഗോകുൽദാസ് ൧൮൨൨-ൽ ജനിച്ചു. തനിക്കു പതിനൊന്നു വയസ്സായപ്പോൾ തൻെറ അച്ഛൻ മരിച്ചു. ഉടനെ സന്തതിയില്ലാതെ മരിച്ച തൻെറ പിതൃവ്യനിൽനിന്നു ഗോകുലദാസിനു മൂന്നു ലക്ഷം രൂപ കിട്ടി. ആലോചിച്ചു പ്രവൎത്തിക്കുന്നതിനൊരു പാലകനോ തക്കതായ വിദ്യാഭ്യാസമോ ഇല്ലാത്ത ഒരു ബാലനു് ഇതൊരു വലിയ ഭാരമായിരുന്നു. എന്നാൽ അയാളുടെ അമ്മ കുശാഗ്രബുദ്ധിയായ ഒരു സ്ത്രീയായിരുന്നു. അവരുടെ സംരക്ഷണയിൽ ആ ചെറുപ്പക്കാരൻ വേഗത്തിൽ ഒരു സമൎത്ഥനായ കച്ചവടക്കാരനും ജനസമുദായത്തിൽ പ്രയോജനമുള്ള ഒരു അംഗവുമായിത്തീൎന്നു. അദ്ദേഹം തൻെറ ധനത്തെ വളരെ വൎദ്ധിപ്പിച്ചു ൧൮൬൦-ൽ ബഹു ലാഭാപേക്ഷയോടുകൂടി പലരും ഓഹരി

ലയെടുത്തു ചില കച്ചവടം നടത്തുകയുണ്ടായി. ഇതിൽ ലാഭം കിട്ടിയ ചുരുക്കം പേരിൽ ഗോകുൽദാസ് ഒരാളായിരുന്നു. എറക്കുമതിയിലും എറ്റുമതിയിലും കച്ചവടം ചെയ്തുകൊണ്ട് അദ്ദേഹം തന്റെ നിര്യാണകാലംവരെ വ്യാപാരിയായിത്തന്നെ ഇരുന്നു. മററുള്ള ധനികരായ ഭാരതീയന്മാരെപ്പോലെ അദ്ദേഹം നെയ്ത്തുയന്ത്രശാലകളെ പണിയുന്നതിനു ശ്രമിച്ചില്ല.

അദ്ദേഹത്തിനെ സജാതീയന്മാർ വളരെ പ്രീതിയോടുകൂടി ബഹുമാനിച്ചിരുന്നു. ഈ ജനപ്രീതിയുടെ മുഖ്യകാരണം അദ്ദേഹത്തിന്റെ വിനയസൂചകമായ വസ്ത്രധാരണക്രമവും പ്രിയംവദമായ ശീലവുമായിരുന്നു. ജനങ്ങൾ അദ്ദേഹത്തെ ഒരു പരിഷ്കാരേച്ഛുവായിട്ടാണ ഗണിച്ചുവന്നതു്; എന്നാൽ അവരുടെ അഭിപ്രായത്തെ ദൃഢീകരിക്കുന്നതിനു തന്റെ പ്രവൃത്തികളിൽ അദ്ദേഹം ഒരു ദൃഷ്ടാന്തവും കാണിച്ചില്ല. ഗോകുൽദാസൻ തന്റെ ധർമ്മകർമ്മങ്ങളെക്കൊണ്ടാണ വലിയ ഖ്യാതി സമ്പാദിച്ചിട്ടുള്ളതു്. ൧൮൭൮-ൽ കച്ചിൽ പോയപ്പോൾ, സജാതീയന്മാരുടെ ഗുണത്തിനായി അദ്ദേഹം ഒരു ലക്ഷം രൂപ വ്യയം ചെയ്തു. പിന്നത്തെ സംവത്സരം അദ്ദേഹം പുണ്യപ്രദേശങ്ങളെ സന്ദർശിക്കുന്നതിനു പോയപ്പോൾ കുളങ്ങളും ഭോജനശാലകളും ആതുരശാലകളും മററും പണിയിക്കുന്നതിനായി രണ്ടു ലക്ഷം രൂപ ചിലവിട്ടു. ബാംബേക്കു തിരിയെ വന്നിട്ടു ഗുജരാത്തിലെ വ്യാപാരികളുടെ ഇടയിൽ ഇംഗ്ലീഷു വിദ്യാഭ്യാസത്തിനു പ്രചാരം ഉണ്ടാകുന്നതിനായി ആ മഹാൻ മാൻഡ്വവിയിലും മൊമ്പാദേവിയിലും ഓരോ പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു. അഗതികളുടെ ആവശ്യത്തിനായി അദ്ദേഹത്തിന്റെ പേരിൽ ൧൮൯൦-ൽ ഒരു ആശുപത്രി എപ്പെടുത്തി. 'ഗോകുൽദാസ് തേജ്പാൽ ആസ്പത്രി' എന്നതു ബാംബേയിലെ ജനഹിതകാമികളും പരോപകാരികളുമായ നാട്ടുകാർ അവിടെ സ്ഥാപിച്ചിട്ടുള്ള മൂന്നു വലിയ ധർമ്മശാലകളിലൊന്നാകുന്നു.

ഗോകുൽദാസൻ അദ്ദേഹത്തിന്റെ മഹത്തരങ്ങളായ ധർമ്മങ്ങളെല്ലാം മരണപത്രമുഖേനയാണ നിശ്ചയിച്ചിട്ടുള്ളതു്. ഈ വക ആധാരങ്ങളുടെ ഒരു മാതൃകയായിട്ടാണ് അതിനെ ധനവാന്മാരും വക്കീലന്മാരും ആദരിച്ചുപോരുന്നതു്. ആ പത്രത്തിനു രണ്ടു പ്രത്യേകഗുണങ്ങളുണ്ടു്. പത്രകർത്താവിന്റെ ആഗ്രഹത്തിനു വിരോധമായി മററാക്കും പ്രവൎത്തിക്കാൻ തരമില്ലാത്തവിധം തന്റെ ഉദ്ദേശ്യങ്ങളെ ഗോകുൽദാസൻ അതിൽ നിർദ്ദേശിച്ചിട്ടുണ്ടെന്നുള്ളതാണ് അതിന്റെ ഒന്നാമത്തെ ഗുണം. രണ്ടാമതു ഗോകുൽദാസന്റെ ബന്ധുക്കളിലും ഭൃത്യന്മാരിലും ആശ്രിതന്മാരിലും ആരേയുംതന്നെ അതിൽ വിട്ടുകളഞ്ഞിട്ടില്ല. പിന്നെ തന്റെ ഈ വക ധർമ്മങ്ങളെ നടത്തുന്നതിനും ആ വക വരവുചിലവുകളെ പരിശോധിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനും അദ്ദേഹം ആളുകളെ നിയമിക്കയും ചെയ്തിരുന്നു. ഈ ശ്രുതിപ്പെട്ട മരണപത്രം എഴുതിയതു ൧൮൬൬-ൽ ആയിരുന്നു. അന്നു ഗോകുലദാസിനു മരണമടുത്തു എന്നു സൂചിപ്പിക്കുവാൻ തക്ക യാതൊരു സുഖക്കേടും ഉണ്ടായിരുന്നില്ല. എന്നാൽ ഒരു സംവത്സരം കഴിഞ്ഞപ്പോൾ അദ്ദേഹത്തിനെ ഒരു മഹാരോഗം പിടിപെട്ടു. അതോടുകൂടി ആ വിശിഷ്ടന്റെ ഇഹലോകവാസം അവസാനിക്കുകയും ചെയ്തു. മരിച്ച സമയത്തു ഗോകുൽദാസനു ൪൫ വയസ്സു പ്രായമേ ആയിരുന്നുള്ളു. അന്നു മരണപത്രത്തിൽ പറഞ്ഞിട്ടുള്ള ദാനങ്ങൾക്കായി അദ്ദേഹം മുപ്പത്തേഴു ലക്ഷം രൂപ സമ്പാദിച്ചിരുന്നു. അദ്ദേഹത്തിനു് ആണ്മക്കൾ ഉണ്ടായിരുന്നില്ല. അതിനാൽ അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തിന്റെ മരുമകനെ ദത്തെടുത്തു.

എത്ര ആലോചിച്ചു സൂക്ഷിച്ചെഴുതിയാലും മരണപത്രങ്ങൾ വ്യവഹാരത്തിനു വഴിയുണ്ടാക്കും എന്നുള്ളതു് ഒരു വിചിത്രമായ പരമാർത്ഥമാണ്. ഗോകുല്ദാസന്റെ മരണപത്രവും ഈ സത്യത്തെ അവലംബിച്ചു നിന്നതേയുള്ളു. പക്ഷെ അതുകൊണ്ടു് അതിനൊരു ദോഷവും തട്ടിയില്ല.

ഗോകല്ദാസന്റെ മരണപത്രത്താൽ സ്ഥാപിയ്ക്കപ്പെട്ടിട്ടുള്ള ഏപ്പാടുകളിൽവെച്ച് ഏററവും മുഖ്യമായിട്ടുള്ളതു 'ഗോകല്ദാസ്തേജ്പാൽ പാഠശാല' എന്നൊന്നാണ്. ഇതിൽ ഇരിപത്തെട്ടു പാവപ്പെട്ട കുട്ടികൾക്ക് അവർ ബി എ. ജയിക്കുന്നതുവരെ വേണ്ട സകല ചിലവും കൊടുത്തു പഠിപ്പിച്ചുവരുന്നു. പിന്നെ അതുമൂലമായി ബാംബേയിൽ ഒരു സംസ്കൃതമഹാപാഠശാലയും ഒരു പെൺപള്ളിക്കൂടവും മൂന്നു മററുതരം വിദ്യാലയങ്ങളും കച്ചിൽ അഞ്ചാറു വിദ്യാശാലകളും തുടങ്ങീട്ടുണ്ട്. ഇവയിൽ പഠിയ്ക്കുന്ന കുട്ടികൾ നൂററിന് ഇരുപത്തഞ്ചുവീതവും, ഫീസുകൂടാതെ വിദ്യ അഭ്യസിക്കുന്നവരാണ്. നിയമവും വൈദ്യവും പഠിയ്ക്കുന്ന സാധുക്കളായ കുട്ടികളെ സഹായിയ്ക്കാനും ഒരു ധമ്മശാലയിലും ദേവാലയത്തിലും നിത്യനിദാനം വേണ്ട ചിലവുകൾക്കും അദ്ദേഹം വകവെച്ചിട്ടുണ്ട്. നിദ്ധനകളായ വിധവകളുടേയും മാതാപിതാക്കന്മാരില്ലാത്ത കുട്ടികളുടേയും സംരക്ഷണത്തിനും അശരണ്യകളായ ബാലികകളുടെ കല്യാണത്തിനും ഭാത്തിയജാതിക്കാരിൽ അഗതികളായുള്ളവരുടെ ശ്രാദ്ധാദികമ്മങ്ങൾക്കമായി അദ്ദേഹം ഒന്നരലക്ഷം രൂപ അനാമത്തായി വെച്ചിട്ടുണ്ട്.

കച്ചവടംകൊണ്ടും ധനംകൊണ്ടും അതിലെ പുരവാസികളുടെ മഹനീയങ്ങളായ ധമ്മമാഗ്ഗങ്ങളെക്കൊണ്ടും ബാംബേക്ക് അനിതരസാധാരണമായ ഒരു യശസ്സുണ്ടായിട്ടുണ്ട്. എന്നാൽ അവയിലൊന്നും ഗോകലദാസ്തേജ്പാലിന്റെ ധമ്മങ്ങളെപ്പോലെ അത്ര മഹത്തായും പ്രതിഫലേച്ഛയോടുകൂടാതേയും സാധുജനങ്ങൾക്ക് എന്നും ഉപകാരപ്രദമായും ഉള്ള ധമ്മം നടക്കുന്നില്ല. ഗുജറാത്തി വഗ്ഗക്കാക്കൊക്കെ ഒരുപോലെ പരിചിതമായിട്ടുള്ള ഈ സച്ചരിതന്റെ പേർ ബാംബേയിലും കാത്തിവാറിലും ഉദാരകളായും ലോകോപകാരപ്രദങ്ങളായും ഉള്ള പ്രവൃത്തികൾക്ക് ഏതൊരു കാലത്തും ഒരു പ്രോത്സാഹകമായി തീരുന്നതാണ്.

# കർസൻദാസ് മൂൾജി.

കർസൻദാസ് മൂൾജി ജനിച്ചതു ൧൮൩൨ ജൂലായി ൨൫-ാംനു ആയിരുന്നു. അദ്ദേഹത്തിന്റെ ചെറുപ്പത്തിൽ തന്നെ അമ്മ മരിച്ചുപോയി. അച്ഛൻ രണ്ടാമതു വിവാഹം ചെയ്തു. പിന്നീടു കർസൻദാസിനെ നോക്കിവന്നതു് അദ്ദേഹത്തിന്റെ അമ്മാവിയാണു്. അദ്ദേഹത്തിനു് ഉൽകൃഷ്ടവിദ്യാഭ്യാസം ലഭിക്കാനിടയായി. മൂൾജി എൽഫിൻസ്റ്റൻ വിദ്യാലയത്തിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ ഒരു സംഗതിയുണ്ടായതു് അദ്ദേഹത്തിനെ ഒരു നിരാധാരനാക്കിത്തീൎത്തു. അന്നു വിധവകളുടെ പുനൎവ്വിവാഹത്തെക്കുറിച്ചു് ഒന്നാന്തരമായ ഒരു പ്രബന്ധം എഴുതുന്ന ആൾക്കു് ൧൫൦ രൂപ സമ്മാനം കൊടുക്കുന്നതാണെന്നു് ഒരു വൎത്തമാനപത്രം പരസ്യംചെയ്തു. മൂൾജി അതിനെപ്പററി ഒരു ഉപന്യാസം എഴുതിത്തുടങ്ങി. അതു എഴുതിയതു് അയാളറിയാതെ ആരോ മാററി മൂൾജിയുടെ അമ്മാവിയെ കാണിച്ചു. ഹിന്ദുവിധവകളുടെ പുനൎവ്വിവാഹത്തിനു് അനുകൂലമായി വ്യവഹരിക്കുന്ന ഒരുത്തനെയാണ താൻ രക്ഷിച്ചുവരുന്നതെന്നു് ആ ശാസ്ത്രമതാനുസാരിണിയറിഞ്ഞപ്പോൾ അവൾ വല്ലാതെ പരിഭ്രമിച്ചു. അന്നുമുതൽ അവൾക്കു മൂൾജിയുടെ നേരെ വെറുപ്പു തോന്നുകയും ഉടനെ അവൾ ആ കുട്ടിയെ വീട്ടിൽനിന്നു പുറത്താക്കുകയും ചെയ്തു. ഈ കാലവിപൎയ്യയം കർസൻദാസിനെ വല്ലാതെ വ്യസനിപ്പിച്ചു. അയാളുടെ വിദ്യാഭ്യാസം പെട്ടെന്നു നിൎത്തേണ്ടിവരികയും കാലക്ഷേപത്തിന്റെ ദുൎഗ്ഗമങ്ങളായ മാൎഗ്ഗങ്ങളിൽക്കൂടി സഞ്ചരിക്കുന്നതിനു് അയാൾ കേവലം അശക്തനായിത്തീരുകയും ചെയ്തു. വേണമെങ്കിൽ ഈ കഷ്ടസ്ഥിതികളെ നിവാരണം ചെയ്വാൻ അയാൾക്കു വഴിയുണ്ടായിരുന്നു. തന്റെ അഭിപ്രായങ്ങൾക്കെല്ലാം മാററം സംഭ

വിച്ചിരിക്കുന്നു എന്ന് അദ്ദേഹം പ്രസ്താവിച്ചാൽ മതിയായിരുന്നു. എന്നാൽ സാമുദായികപരിഷ്കാരത്തിലുള്ള ആഗ്രഹത്താൽ ഉജ്ജ്വലിപ്പിക്കപ്പെട്ടിട്ടുള്ള ഉത്സാഹം ഹേതുവായിട്ട് ആ ചെറുപ്പക്കാരൻ ആവക അഭിപ്രായങ്ങളെ അവലംബിച്ചു നിന്നതേയുള്ളു. ഭാഗ്യംകൊണ്ട് ആയാൾക്ക "ഗോകുൽദാസ്തേജ്പാൽ പാഠശാല"യിലെ പ്രധാനാദ്ധ്യാപകസ്ഥാനം കിട്ടി. ഇതു് അദ്ദേഹത്തിന്റെ അഹോവൃത്തിക്കും ആഗ്രഹനിവൃത്തിക്കും ഒരു വഴി കൊടുത്തു.

അക്കാലത്തു ബാംബേയിലുള്ള നാട്ടുഭാഷാപത്രങ്ങൾ ഒരു മോശസ്ഥിതിയിലായിരുന്നു. ബുദ്ധിയും സാഹിത്യജ്ഞാനവുമില്ലാത്തവരായിരുന്നു അവയെ നടത്തിയിരുന്നതു്. ഈ ദോഷങ്ങളെ ഇല്ലായ്മചെയ്യുന്നതിനായി ചില സത്തുക്കളായ പാർസികൾ "റസ്റ്റ് ഗോഫടർ" എന്നൊരു പത്രം തുടങ്ങി. കർസൻദാസു പതിവായി ഇതിലേക്ക് ഓരോ ലേഖനങ്ങൾ എഴുതി അയച്ചിരുന്നു. പക്ഷെ ഒരു ലേഖകനായി നിന്ന് എഴുതിയതുകൊണ്ട് അദ്ദേഹത്തിനു തൃപ്തിയായില്ല. മതം, സമുദായം ഇവകളെ സംബന്ധിച്ച കാര്യങ്ങളിൽ തനിക്കുണ്ടായിരുന്ന അഭിപ്രായങ്ങളെ തടവുകൂടാതെ വെളിപ്പെടുത്തുവാൻവേണ്ടി അദ്ദേഹം "സത്യപ്രകാശം" എന്നൊരു വർത്തമാനപത്രം ആരംഭിച്ചു. ഒരു പത്രപ്രവർത്തകനു വേണ്ടതായ സത്യം, സ്വാതന്ത്ര്യം, സാമർത്ഥ്യം എന്നീ ഗുണങ്ങൾ അദ്ദേഹത്തിന് ഉണ്ടായിരിക്കയും അവയെ അദ്ദേഹം നല്ലപോലെ ഉപയോഗിക്കുകയും ചെയ്തു. ഹിന്തുക്കളുടെ ഇടയിൽ പ്രബലങ്ങളായിരിക്കുന്ന ദുരാചാരങ്ങളെക്കുറിച്ചു ബാംബേയിൽ പ്രത്യേകിച്ചു ഭാത്തിയന്മാരുടേയും ബാനിയന്മാരുടേയും എടയിൽ ഒരു ഉണർച്ചയെ ഉണ്ടാക്കി.

ഇവർ ബുദ്ധിമാന്മാരായ കച്ചവടക്കാരാണെങ്കിലും മതവിഷയങ്ങളിൽ മഹാരാജാക്കന്മാർ എന്ന സ്ഥാനപ്പേരോടുകൂടിയ ഒരുവക ദുർവൃത്തന്മാരായ പുരോഹിതന്മാരാൽ നിർ

ദ്ദയമായി ഭരിക്കപ്പെട്ടുവരുന്നു. ഈ മഹാരാജാക്കന്മാർ ശ്രീകൃഷ്ണന്റെ അവതാരങ്ങളും തങ്ങളുടെ തനുമനോധനങ്ങൾക്ക് അവകാശികളുമാണത്രെ. തങ്ങളോടു സഹശയനം ചെയ്തതിനുശേഷം മാത്രമേ എല്ലാ നവോഢകൾക്കും അവരുടെ ഭർത്താക്കന്മാരുടെ അടുക്കൽ പോയിക്കൂടു എന്നു ആ മഹാരാജാക്കന്മാർ തീർച്ചയാക്കി. ആ മഹാരാജാക്കന്മാർക്ക് ഈശ്വരസാമ്യം കല്പിച്ചു തങ്ങളുടെ അധികാരത്തെ അവർ ഏററവും ജുഗുപ്സാവഹമായ വിധത്തിൽ നടത്തുന്നു. അവരുടെ ഉപാസകന്മാർ അവരുടെ പാദപാംസുക്കളെ ഭക്ഷിക്കയും അവരുടെ പാദുകങ്ങളേയും ആസനങ്ങളേയും ആരാധിക്കയും അവരാൽ ചവിതമായ താംബൂലത്തെ ചർവ്വണം ചെയ്കയും ചെയ്തുവരുന്നു. ഇത്രയും നിന്ദ്യവും ആഭാസവുമായിട്ടുള്ള നടപ്പിനെ അറിവുള്ള ഒരു വർഗ്ഗക്കാർ അംഗീകരിച്ചു പോരുന്നതു് അത്ഭുതം തന്നെ. കർസൻദാസ് ഇതിനെ കുറിച്ചു കഠിനമായി ആക്ഷേപിച്ചു "സത്യപ്രകാശ"ത്തിൽ എഴുതി. ധനദാനംകൊണ്ടും മററു വിധത്തിലും അദ്ദേഹത്തിനെ വശീകരിക്കാൻ മററുകക്ഷികൾ ശ്രമിച്ചു. എന്നാൽ അദ്ദേഹം ഒട്ടും ഇളകിയില്ല. അദ്ദേഹത്തിന്റെ ആക്ഷേപങ്ങളുടെ തീക്ഷ്ണതകൊണ്ടു് ആ മഹാരാജാക്കന്മാർക്ക് ഇരിക്കപ്പൊറുതിയില്ലാതെയായിട്ടു മൂൾജിയെ ജാതിഭ്രഷ്ടനാക്കുവാൻ അവർ നിശ്ചയിച്ചു.

വൈഷ്ണവന്മാർ മഹാരാജാക്കന്മാരെ സമനയച്ചു കോടതികളിൽ വരുത്തിക്കൂടെന്നും മററു ജാതിക്കാരും അപ്രകാരം ചെയ്യാതിരിക്കുന്നതിന് ഒരു നിയമം നടപ്പാക്കാൻ വേണ്ട ധനശേഖരം ചെയ്യേണമെന്നും അവരെ ദൂഷിച്ചു വല്ല വൈഷ്ണവനും എഴുതിയാൽ അയാളെ ജാതിയിൽനിന്നു തള്ളിക്കളയേണമെന്നും മററും കാണിച്ചു, ൧൮൬൧-ൽ എല്ലാ മഹാരാജാക്കന്മാരും കൂടി ഒരു ഖരാറു് എഴുതിയുണ്ടാക്കി. കർസൻദാസൻ അതൊരടിമപത്രമാണെന്നും മററും അതി

നെ ധിക്കരിച്ച് എഴുതി. അദ്ദേഹത്തിനെ ജാതിയിൽനിന്നു പുറത്താക്കുന്നതിനു മഹാരാജാക്കന്മാർക്ക ധൈര്യമുണ്ടായില്ല. മറ്റു പല വൈഷ്ണവരും ആ ഖരാറിനെ ഗണ്യമാക്കിയില്ല.

൧൮൬൦-ൽ സൂരത്തിൽനിന്ന് ഒരു മഹാരാജാവു ബാംബയിൽ വരികയും വിവാദവിഷയീഭൂതങ്ങളായ ആചാരവിചാരങ്ങളെ കുറിച്ചു "സത്യപ്രകാശ"ത്തിന്റെ പത്രാധിപരുമായി പരസ്യമായൊരു വാദം നടത്തുകയും ചെയ്തു. മഹാരാജാവിന് ഉത്തരം മുട്ടിയപ്പോൾ കർസൻദാസ് മൂൽജി ദോഷകരമായും ധർമ്മവിരുദ്ധമായുമുള്ള ഒരു മതത്തെ സ്വീകരിച്ചിട്ടുള്ളവനാണെന്നും മറ്റും പറഞ്ഞുതുടങ്ങി. പ്രതിപക്ഷിയാൽ ആരോപിതമായ ഈ കുററത്തെ മൂൽജി ൧൮൬൦-ലെ ഒക്ടോബർ ൨൧-ാംനു- തന്റെ പത്രമുഖേന സയുക്തികമായി നിരാകരിക്കയും മഹാരാജാക്കന്മാരുടെ മതം അസത്യവും അശാസ്ത്രീയവുമാണെന്നു വേദപുരാണങ്ങളെ ആധാരമാക്കി പ്രസംഗിക്കയും ചെയ്തു. സൂരത്തിൽനിന്നു വന്ന മഹാരാജാവു തന്നെ അപകീർത്തിപ്പെടുത്തിയ കുററത്തിനു പത്രാധിപരുടെ പേരിൽ അന്യായം കൊടുത്തു. കർസൻദാസന്റെ ശ്ലാഘ്യയായ പ്രവൃത്തിയുടെ മഹിമയറിയാത്ത ഭാത്തിയന്മാർ മഹാരാജാവിനു വിരോധമായി തെളിവു കൊടുക്കയില്ലെന്നു തീർച്ചയാക്കി. ആ നിശ്ചയം അവർക്ക ദോഷകരമായിട്ടാണു പരിണമിച്ചത്. വിചാരണ നാല്പതു ദിവസംകൊണ്ടേ കഴിഞ്ഞുള്ളു. ഹൈക്കോടതി അന്യായം തള്ളിക്കളഞ്ഞു. ഒരു വിശേഷമായ വിധിയിൽ സർ ജോസെഫ് ആർണ്ണോൾഡ് കർസൻദാസിന്റെ അസാധാരണയായ സദാചാരനിഷ്ഠയേയും മനോധൈര്യത്തേയും കുറിച്ച് അഭിനന്ദിച്ചു പറഞ്ഞു.

അമേരിക്കയിലുണ്ടായ വലിയ യുദ്ധം നിമിത്തം ഇന്ത്യയിലെ പഞ്ഞിക്കു വില കൂടിയപ്പോൾ മൂൽജി ഒരു കച്ചവടക്കാരനായി മാധവൻ ദാസന്റെ കൂട്ടുകാരന്റെ നിലയിൽ

പഞ്ഞിക്കച്ചവടം ചെയ്യുന്നതിന് ഇംഗ്ലണ്ടിലേയ്ക്കു പോയി. എന്നാൽ ഉടനെ പഞ്ഞിയുടെ വില താഴുകയും അതോടുകൂടി അവൎക്കു വളരെ നഷ്ടമുണ്ടാകയും ചെയ്തു. ൧൮൬൪-ൽ അദ്ദേഹം സ്വദേശത്തേയ്ക്കു തിരിച്ചുവന്നു. പുരോഹിതമഹാരാജാക്കന്മാർ അതുതന്നെ തരമെന്നു കരുതി അയാളെ ജാതിഭ്രഷ്ടനാക്കുന്നതിനും മററുപ്രകാരത്തിൽ ബുദ്ധിമുട്ടിയ്ക്കുന്നതിനും ശ്രമിച്ചുതുടങ്ങി. ആ സന്ദൎഭത്തിൽ അന്നത്തെ ബാംബേ ഗവൎണ്ണരായിരുന്ന സർ ബാർട്ടൽഫ്രീർ അദ്ദേഹത്തിനെ കാത്തിയവാറിലെ ഒരു നാട്ടുരാജ്യം ഭരിയ്ക്കുന്നതിനു നിയോഗിച്ചു. ഒരു ഉദ്യോഗസ്ഥന്റെ നിലയിൽ ആ നാട്ടുകാൎക്കും തന്നെ നിശ്ചയിച്ച ആൾക്കും തൃപ്തി തോന്നിയ്ക്കുന്നതിന് അദ്ദേഹം നിസ്തന്ദ്രമായി പരിശ്രമം ചെയ്തു. പക്ഷെ അധികകാലം അദ്ദേഹത്തിന് ആ വേലയിലിരിയ്ക്കാനിടവന്നില്ല; എന്തെന്നാൽ അദ്ദേഹം ആ സംവത്സരത്തിൽതന്നെ ചരമഗതിയെ പ്രാപിച്ചു.

മൂൽജി സമുദായപരിഷ്കരണത്തിനായി ഒരുങ്ങുന്ന ഒരുവൻ സഹിയ്ക്കേണ്ട ആപത്തുകളെ അനുഭവിച്ചിട്ടും ആദ്യന്തം യോഗ്യമായ ജീവിതത്തെ കൈക്കൊണ്ടു പരിഷ്കാരത്തെ സഹായിച്ചിട്ടുള്ള ധീരന്മാരായ സ്വമതാൎത്ഥദേഹത്യാഗികളിലൊരാളായിരുന്നു. സർ ബാർട്ടൽഫ്രീയ്ക്കും സർ റിച്ചർഡ് ടെംപിളിനും അദ്ദേഹത്തിനെ വളരെ ബഹുമാനമായിരുന്നു.

'ഇൻഡ്യയിൽ എന്റെ കാലത്തെ മനുഷ്യരും കാൎയ്യങ്ങളും' എന്ന സർ റിച്ചർഡിന്റെ ഒരു പുസ്തകത്തിൽ മൂൽജിയുടെ പേരിൽ നടന്ന കേസിനേയും അതിൽ അദ്ദേഹം കാണിച്ച നിസ്തുലമായ ധൈൎയ്യത്തേയും കുറിച്ചു പ്രതിപാദിച്ചതിനുശേഷം മൂൽജിയെപ്പററി ഇപ്രകാരം പറഞ്ഞിരിയ്ക്കുന്നു:— 'ഗൃഹസംബന്ധമായുള്ള സദാചാരത്തെ നിന്ദ്യങ്ങളായ മതാനുഷ്ഠാനങ്ങളിൽനിന്നു രക്ഷിയ്ക്കാനായി അദ്ദേഹം പ്രസിദ്ധപ്പെടുത്തിട്ടുള്ള കൃതികൾ അദ്ദേഹത്തിനു മാത്രമല്ല, അദ്ദേഹ

ത്തിൻെറ വർഗ്ഗക്കാൎക്കുകൂടി ബഹുമാനത്തിനു കാരണമായി തീൎന്നിരിക്കുന്നു. എന്തെന്നാൽ നിന്ദ്യങ്ങളായ യോഗങ്ങളുടെ ഇടയിലും നീതിയുടെ ശാശ്വതസിദ്ധാന്തങ്ങൾ ശോഭിക്കാതെ ഇരിക്കയില്ലെന്നും ഹീനങ്ങളായ നടപ്പുകളുടെ ഇടയിൽ കിടന്നു വളൎന്നവരിലും മനസ്സാക്ഷിയുടെ ശക്തി പ്രസരിക്കാതിരിക്കുന്നതല്ലെന്നും അവ നമ്മൾക്കു പ്രത്യക്ഷപ്പെടുത്തുന്നുണ്ടല്ലോ. തനിക്കു ഏററവും ആശാസ്യങ്ങളായ ജയങ്ങളെ സമ്പാദിക്കാൻ കഴിഞ്ഞു എങ്കിലും, മരിക്കുന്നതുവരെ കർസൻദാസ് വിനയത്തോടുകൂടിയവനായിത്തന്നെ ഇരുന്നു. അദ്ദേഹം ഹിന്ദുക്കളുടെ ഇടയിൽ ഏററവും സൽഗുണവാന്മാരായിട്ടുള്ളവരിൽ ഒരാളായിരുന്നു. അദ്ദേഹം എതിൎത്തു പൊരുതുനിന്നു ദുർവൃത്തികളെ വിസ്മരിക്കുന്നതു് ഏററവും നിന്ദ്യമാണെങ്കിലും അദ്ദേഹത്തിൻെറ ജീവചരിത്രം സദാചാരതൽപരന്മാരും പരിഷ്കാരേച്ഛുക്കളും ശ്രദ്ധയോടുകൂടി അദ്ധ്യയനം ചെയ്യേണ്ടതാകുന്നു.'

# ദമോദർ താക്കർസി മൂൾജി.

ദാമോദരതാക്കർസിമൂൾജി ൧൮൪൨-ൽ കാത്തിയവാറിൽ പൊറവൽ എന്ന സ്ഥലത്തു ജനിച്ചു. അച്ഛ മൂൾജിയുടെ അച്ഛൻ ബാംബയിലേക്കു മാറിപ്പാൎത്തു് അദ്ദേഹത്തിൻെറ കുലശ്രേഷ്ഠതയ്ക്കു് അടിസ്ഥാനമിടുന്നതിനു മുമ്പായിരുന്നു. അദ്ദേഹം ഒരു ഭാത്തിയവൎഗ്ഗക്കാരനായിരുന്നു. സ്വജാതിയരുടെ സമ്പ്രദായപ്രകാരം അദ്ദേഹം ചെറുപ്പത്തിൽതന്നെ ഒരു പ്രവൃത്തിയിൽ പ്രവേശിച്ചു. മൂൾജിയുടെ പതിന്നാലാമത്തെ വയസ്സിൽ അയാളുടെ വിദ്യാഭ്യാസമെല്ലാം അവസാനിച്ചു എന്നാണു വിചാരിക്കപ്പെട്ടിരുന്നതു്. ഉടനെ അയാൾ തൻെറ പിതാവിൻെറ വ്യാപാരം വക മുതൽ

പിടിസ്സാരനായി നിയമിസ്സപ്പെട്ടു. രണ്ടുസംവത്സരം കഴിഞ്ഞപ്പോൾ അയാളെ അതിൽ വിക്രയനായി നിശ്ചയിച്ചു. ൧൮൬൧-ൽ മൂൽജിയുടെ അച്ഛൻ ബാംബായിലില്ലാതിരുന്ന സമയം കച്ചവടകാര്യങ്ങളിലുള്ള സകലചുമതലയും അയാൾ മൂൽജിയെ ഏല്പിച്ചു. ആ കാലത്തെല്ലാം ഒഴിവുള്ള സമയം, ദാമോദർ ഓരോ ഗുരുക്കന്മാരുടെ അടുക്കൽ വിദ്യ അഭ്യസിച്ചിരുന്നു. ഭാത്തിയവർഗ്ഗക്കാരിൽ സാധാരണമായി കാണാത്ത ഒരു പാണ്ഡിത്യം ഇംഗ്ലീഷ് ഭാഷയിൽ സമ്പാദിച്ചിട്ട് അദ്ദേഹം ഇൻഡ്യയിൽ ഒരു ദിഗ്വിജയസഞ്ചാരത്തിന്നായി പുറപ്പെട്ടു. സ്വദേശത്തേയ്ക്കു തിരിച്ചുവന്നപ്പോൾ പുതുതായ ഒരു തൊഴിലിൽ പ്രവേശിയ്ക്കേണമെന്ന് അദ്ദേഹം തീർച്ചയാക്കി. ഉടനെ അദ്ദേഹം ഒരു ചരക്കുകച്ചവടക്കാരനായിത്തീർന്നു. മററാളുകളോടുകൂടി ആവക വ്യാപാരികളുടെ ഉപയോഗത്തിനായി ഒരു വലിയ കെട്ടിടം തീർപ്പിയ്ക്കുന്നതിനു വേണ്ട ധനം സമ്പാദിയ്ക്കത്തക്കവണ്ണം ശുഷ്കാന്തിയോടുകൂടി മൂൽജി തന്റെ നൂതനജീവിതത്തിൽ പരിശ്രമിച്ചു. പിന്നെ അദ്ദേഹം പഞ്ഞിക്കച്ചവടത്തിൽ ഏർപ്പെട്ടു. ൧൮൭൪-ൽ അദ്ദേഹം റിപ്പൺറോഡിൽ ഹിന്ദുസ്ഥാൻ എസ്സ്. ഡബ്ളിയു. എന്ന നെയ്ത്തുശാല സ്ഥാപിച്ചു. ൧൮൮൨-ൽ റിപ്പൺറോഡ്ഡിൽ "ഹൈന്ദവനെയ്ത്തുതൊഴിൽ സംഘം" എന്നു പേരായി മൂന്നാമതൊന്നു തുടങ്ങുകയും ൧൮൯൨-ൽ ചിഞ്ച്പൂവിൽ മറെറാന്നു വാങ്ങിയ്ക്കയും ചെയ്തു. ഈ നാലെണ്ണത്തിനും വേണ്ട മൂലധനത്തിൽ മുക്കാലും ദാമോദരനും അദ്ദേഹത്തിന്റെ സഹോദരന്മാരും ബാക്കിയുള്ളതു വരിക്കാരും എടുത്തു. എങ്കിലും ഇവയുടെ ഭാരവാഹിത്വം മുഴുവനും ദാമോദർമൂൽജിയിൽതന്നെ ഇരുന്നു. ആ നാലു യന്ത്രശാലകളിലും കൂടി ഒന്നേകാൽ ലക്ഷം തറികളും രണ്ടായിരത്തി അറുനൂറു കതിരുകളും ഉണ്ടായിരിക്കയും, ആകെ നാല്പതുലക്ഷം രൂപാ മുതൽ നില്പുയും ചെയ്തിരുന്നു. അവ അയ്യായിരം ആളുകൾക്ക് ഉപജീവനത്തിനു വഴിയു

ണ്ടാക്കി. അത്ര വലുതായ ഒരു വ്യവസായത്തെ ഒരുത്തൻ തന്നെ ഭരിക്കുന്നതു പ്രയാസമാണെങ്കിലും ആ നാലു യന്ത്രശാലകളാണു ബാംബേയിൽ ഉള്ളവയിൽവെച്ച് ഏററവും നല്ലപോലെ ഭരിയ്ക്കപ്പെടുന്നവയും ഉപര്യുപരി അഭിവൃദ്ധിയെ പ്രാപിച്ചുവരുന്നവയും എന്നു പ്രസിദ്ധിയുണ്ടാകത്തക്കവണ്ണം ദാമോർ മൂൾജി അവയെ കൊണ്ടുനടത്തി. കച്ചവടകാര്യങ്ങളിൽ സഹജമായി ഉണ്ടാകാവുന്ന മാററങ്ങളെക്കൊണ്ടാകട്ടെ, ഇൻഡ്യയിലെ കമ്മട്ടങ്ങളിൽ വേണ്ടപോലെ രൂപാ അടിയ്ക്കയില്ലെന്നുവെച്ചതുകൊണ്ടാകട്ടെ, ഇൻഡ്യയിലുണ്ടാക്കുന്ന ചരക്കുകളിന്മേൽ നൂററിനഞ്ചുവീതം രാജദേയകരം നിശ്ചയിച്ചതുകൊണ്ടാകട്ടെ, അവയുടെ സ്ഥൈര്യത്തിനൊരിളക്കവും തട്ടിയില്ല. ആ നാലു നെയ്ത്തുശാലകളുടേയും കമ്മിഷൻ ഏജൻറന്മാർ ദാമോദരനും അയാളുടെ സഹോദരന്മാരുമായിരുന്നു. എന്നാൽ അവർക്ക് ഈ ജോലി ചെയ്യുന്നതിനു കിട്ടേണ്ട കമ്മീഷൻസംഖ്യയെ ദുഷ്കാലങ്ങളിൽ അംശഭാഗികൾക്ക് അവരുടെ മൂലധനത്തിനു തക്കതായ ഒരു ആദായം കൊടുക്കുന്നതിലേക്കായി വിട്ടുകൊടുക്കുന്നതിന് അവർ എപ്പോഴും തയ്യാറായിരുന്നു.

ബോംബേയിൽ നെയ്ത്തുവേല ഉണ്ടായി തുടങ്ങിയതു വളരെ സാവധാനത്തിൽ മാത്രമായിരുന്നു. എന്നാൽ നെയ്ത്തുയന്ത്രശാലകളുടെ പ്രയോജനം ജനങ്ങൾക്കു മനസ്സിലായതോടുകൂടി പല ദിക്കുകളിൽനിന്നും കോടീശ്വരന്മാർ അവിടെ വന്ന് അവയെ സ്ഥാപിക്കാൻ തുടങ്ങി. അവയുടെ അതിബാഹുല്യം നിമിത്തം ഓരോ സംഘങ്ങളിലെ ഓഹരിക്കാർക്കു നഷ്ടം നേരിട്ടുതുടങ്ങി. ഈ വിഷമങ്ങൾക്ക് ഒരു നിവൃത്തിമാർഗ്ഗം കണ്ടുപിടിക്കാൻ ഒന്നാമതായി യത്നിച്ച ആൾ ദാമോദർമൂൾജി ആയിരുന്നു. പുതിയവരും പഴയവരുമായ പതിവുകാരുടെ ആവശ്യങ്ങളെ അറിഞ്ഞ് അവയെ അനുസരിച്ച് ഓരോ വസ്ത്രങ്ങൾ നെയ്യിക്കുന്നതിനും ഇൻഡ്യയിലുണ്ടാക്കുന്ന ചരക്കുകൾക്കു ദൂരദേശങ്ങളിൽ വിററഴിവുണ്ടാക്കുന്ന

തിനുമായി അദ്ദേഹം നെയ്ത്തുയന്ത്രശാല ഉടമസ്ഥന്മാരുടെ ബാംബേയിലുള്ള സംഘംമുഖാന്തരം വളരെ ശ്രമിച്ചു. ഈ സഭക്കാർ ഇതിലേയ്ക്കായി ചിലതെല്ലാം ചെയ്തു. പക്ഷെ അവരുടെ ഉത്സാഹം ഹൃദയപൂൎവ്വമല്ലാത്തതും അനാസ്ഥയോടു കൂടിയതുമായിരുന്നു. ഇതുകൊണ്ടിളകാതെ ഈ കാൎയ്യനിൎവ്വഹണത്തിനായി അദ്ദേഹം തന്നെ ഈജിപ്ത്, തുൎക്കി എന്നീ രാജ്യങ്ങളിലേയ്ക്ക് ആളുകളെ അയച്ചു. ഇന്ത്യയിൽ നേരിയ തുണി നെയ്യുന്ന കാൎയ്യത്തിലും അദ്ദേഹം ഒരു നേതാവായി തീൎന്നു.

ചരക്കുകളിൽ തെററായ വിവരണവും കളവായ അളവും ഇടുന്ന സംഗതിയിൽ ദാമോദർമൂൾജി ചെയ്ത പ്രവൃത്തി അദ്ദേഹത്തിന്റെ സൽബുദ്ധിയുടേയും പൂൎവ്വാലോചനയുടേയും മറെറാരു ദൃഷ്ടാന്തമാകുന്നു. വളരെ കാലത്തേയ്ക്ക് ഈ ദോഷം പരിഹരിക്കുന്നതിനു ന്യായമായ ഒരു വഴിയുണ്ടായിരുന്നില്ല; ശങ്കാഹീനന്മാരായ വ്യാപാരികൾ ഈ നടപ്പിൽനിന്നു നല്ല ആദായം എടുത്തിരുന്നു. അവരുടെ ഇടയിലുള്ള മത്സരം ഈ വ്യാജത്തെ വൎദ്ധിപ്പിച്ചതേ ഉള്ളു; ഒടുക്കം പരാജിതന്മാരായിത്തീൎന്നവർ സത്യസന്ധന്മാരായ കച്ചവടക്കാരും സംശയം കൂടാതെ ചരക്ക വാങ്ങിയിരുന്ന പുരവാസികളുമായിരുന്നു. ഈ ദോഷത്തെ സമൂലോച്ഛേദനം ചെയ്യുന്നതിനു മൂൾജി മുൻപറഞ്ഞ സഭയോടു വളരെ അപേക്ഷിച്ചു. അതു വെറുതെ ആയി എങ്കിലും ഗവൎമ്മെണ്ടിൽനിന്ന് ഇതു നിൎത്തൽ ചെയ്യുന്നതിനായി ഒരു നിയമം ഉണ്ടാക്കുന്നതുവരെ അദ്ദേഹം ഇക്കാൎയ്യത്തിൽ ഉത്സാഹത്തോടെ യത്നിച്ചുകൊണ്ടിരുന്നു.

കച്ചവടം സംബന്ധിച്ചുള്ള വ്യാപാരവിഷയങ്ങളിൽ മാത്രമല്ല മൂൾജി തന്റെ ബുദ്ധിശക്തിയെ വ്യാപരിപ്പിച്ചിരുന്നത്. ൧൮൭൭-ൽ അദ്ദേഹം ഒരു സമാധാനന്യായാധിപതിയായി തീൎന്നു. ൧൮൮൪ മുതൽ തന്റെ അന്ത്യകാലംവരെ അദ്ദേഹം ബാംബേയിലെ നഗരപാലകസംഘത്തിലെ ഒരു

ഉത്സാഹിയായ സാമാജികനായിരുന്നു. അദ്ദേഹം ഇന്ത്യയിലെ മഹാജനസഭയുടെ ഒരു സ്ഥിരനായ പാലകനും ബാംബേ സംസ്ഥാന സംഘത്തിൽ ഒരു പ്രാബല്യമുള്ള അംഗവുമായിരുന്നു. മൂൾജിയുടെ കാലത്തുണ്ടായിരുന്ന ജനക്ഷേമകരങ്ങളായ സകലകാൎയ്യങ്ങളേയും നിൎവ്വഹിക്കുന്നവരിൽ അദ്ദേഹമൊരു പ്രധാനിയായിരുന്നു. അദ്ദേഹം ഗോരക്ഷണസംഘത്തിൻെറ മുതൽപിടിക്കാരനായിരുന്നു. ജനസമുദായത്തിനു ഗുണകരങ്ങളായ പത്തുപന്ത്രണ്ടു യോഗങ്ങളിൽ അദ്ദേഹം ഒരു പ്രധാനഭാരവാഹിയുടെ നിലയിൽ ചേൎന്നിരുന്നു. അദ്ദേഹത്തിൻെറ കാലത്തും അതിനു മുമ്പിലും, പന്നിയുടേയും പശുവിൻേറയും കൊഴുപ്പുകളോടുകൂടിയ ഒരു ദേഹോപദ്രവകരമായ മിശ്രദ്രവ്യം ബാംബേയിൽ നെയ്യിനു പകരം വിററിരുന്നതു, ദോഷം കണ്ടുപിടിക്കാൻ അതിസമൎത്ഥനായ ഒരു ക്രേതാവിനുകൂടി വാസ്തവം കണ്ടുപിടിക്കാൻ പ്രയാസമായ വിധത്തിലാണു് അതിനെ ഉണ്ടാക്കിയിരുന്നതു്. നെയ്യിൽ കൂട്ടുചേൎത്തു എന്നുള്ളതു ചട്ടപ്രകാരം ഒരു കുററമല്ല; പിന്നെ അങ്ങിനെ ചേൎക്കുന്ന ആളും വില്ക്കുന്ന ആളും രണ്ടാകുമ്പോൾ അവർ യോജിച്ചു പ്രവൃത്തിക്കയാണെന്നു കാണിക്കാതെ അവരെ ശിക്ഷിപ്പാൻ തരവുമില്ല. ഇതിനൊരു ഉപശാന്തി വരുത്തേണമെന്നു ബാംബേക്കാർ തീൎച്ചയാക്കി. ഈ സംഗതി ആദ്യമായി പുറത്തു പുറപ്പെടുവിക്കയും ഗുണകരമായി ഒരു തീൎച്ചയുണ്ടാക്കുന്നതിനു് അനവധി ധനം ചിലവുചെയ്യുകയും മററും ചെയ്തതു മൂൾജി ആയിരുന്നു. എന്നാൽ തൻെറ ശ്രമങ്ങളുടെ ഫലം അദ്ദേഹത്തിനു പ്രത്യക്ഷീകരിക്കാൻ കഴിഞ്ഞില്ല. ൧൮൭൩ ഒക്ടോബറിൽ അദ്ദേഹം ഒരു രോഗിയായി തീരുകയും താമസിയാതെ അദ്ദേഹത്തിൻെറ നാല്പത്തേഴാമത്തെ വയസ്സിൽ ചരമഗതിയെ പ്രാപിക്കയും ചെയ്തു.

ദാമോദർതാക്കർസി ജീവിതകാലം മുഴുവനും ഒരു ഉപശാന്തനും ദയാലുവും സുശീലനുമായിരുന്നു. അദ്ദേഹത്തിൻെറ

അടുക്കൽ ചെല്ലുന്നതിന് ആൎക്കും പ്രയാസമുണ്ടായിരുന്നില്ല; എല്ലാവരേയും സഹായിക്കുന്നതിന് അദ്ദേഹം സദാ സന്നദ്ധനായിരുന്നു. അദ്ദേഹത്തിന്റെ ധൎമ്മത്തിന് അതിരില്ലായിരുന്നു. അദ്ദേഹം അനവധി വിദ്യാൎത്ഥികളെ സഹായിച്ചിരുന്നു. വിശ്രമശാലകൾ, വായനശാലകൾ, പള്ളിക്കൂടങ്ങൾ ഇവയെ തീൎപ്പിക്കുന്നതിനും കിണറുകൾ കുഴിപ്പിക്കുന്നതിനും സാഹിത്യവ്യവസായങ്ങളെ സഹായിക്കുന്നതിനുമായി അദ്ദേഹം നാലുലക്ഷം രൂപ ചിലവിട്ടിട്ടുണ്ട്. നാസിക്കിൽ രോഗികൾക്കു മരുന്നു കൊടുക്കുന്നതിനും രോഗം മാറി ദേഹബലമുണ്ടാക്കാനായി വരുന്നവൎക്കു താമസിക്കാനും അദ്ദേഹം ഓരോ കെട്ടിടങ്ങൾ തീൎപ്പിച്ചിട്ടുണ്ട്. ക്ഷാമം, അഗ്നിബാധ, വെള്ളപ്പൊക്കം എന്നിവയാൽ പീഡിതന്മാരായിട്ടുള്ളവരെ സഹായിക്കുന്നതിനായിട്ടുള്ള സകല യോഗങ്ങളിലും അദ്ദേഹം മുമ്പനായിരുന്നു. രഞ്ജനശക്തിയുള്ള ശീലം ഹേതുവായിട്ട് എല്ലാവരും അദ്ദേഹം പറഞ്ഞതുപോലെ കേട്ടിരുന്നു. ൧൮൯൩-ൽ ബൊംബേയിലുണ്ടായ ലഹളകൾ കഴിഞ്ഞിട്ടു വീണ്ടും സമാധാനമുണ്ടാക്കുന്നതിനായി അദ്ദേഹം ഗവൎമ്മെണ്ടിനെ വളരെ സഹായിച്ചു. സൎവ്വപ്രകാരേണയും അദ്ദേഹം സ്വജാതീയരുടെ സംഘത്തിന് ഒരു അലംകാരമായിരുന്നു. ബത്തിയന്മാർ വലിയ ധനികന്മാരും ഉത്സാഹികളും ബൊംബെ പട്ടണത്തിനു കച്ചവടകാൎയ്യത്തിൽ ഒരു പ്രാധാന്യം കൊടുപ്പാൻ ശ്രമിച്ചിട്ടുള്ളവരുടെ കൂട്ടത്തിൽ അഗ്രഗണ്യന്മാരും ആകുന്നു എങ്കിലും പശ്ചിമ ഇന്ത്യയിലുള്ള ഹൈന്ദവജാതിക്കാരിൽ ഇവരെപ്പോലെ അപരിഷ്കൃതന്മാരായി മറെറാരു വൎഗ്ഗക്കാരും ഇല്ല. ഈ സംഗതിയെ പററിയേടത്തോളം ദാമോദർതാക്കർസിമൂൾജി സ്വജാതീയരുടെ കൂട്ടത്തിൽനിന്നു വ്യത്യസ്തനായിരുന്നു.

# ഭാവുദാജി.

---

ഭാവുദാജി എന്നു പ്രസിദ്ധനായ രാമകൃഷ്ണവിഠൽ ഒരു സാരസ്വതഗൌഡബ്രാഹ്മണനായിരുന്നു. അദ്ദേഹം ഗോവായിൽ മന്ദ്ര എന്ന ദിക്കിൽ ൧൮൨൧-ൽ ജനിച്ചു. അദ്ദേഹത്തിന്റെ അച്ഛനായ വിഠൽ രാമകൃഷ്ണൻ ഒരു കൊച്ചുകൃഷിസ്ഥലത്തിൽ കൃഷിചെയ്തു് ഉപജീവനം കഴിച്ചുകൂട്ടിപ്പോന്നു. സ്വഭാഷയിൽ അദ്ദേഹം സമീപത്തുള്ള രാജാക്കന്മാരെ കുറിച്ചു സ്തോത്രമായി ഉണ്ടാക്കി അയച്ച കവിതകളാൽ സന്തുഷ്ടന്മാരായ അവരിൽ നിന്നും ഇടയ്ക്കിടയ്ക്കു് അദ്ദേഹത്തിനു സംഭാവനയായി കുറേശ്ശ പണം കിട്ടിക്കൊണ്ടിരുന്നു. എട്ടു വയസ്സായപ്പോൾ ഭാവുദാജിയെ തന്റെ അനുജനോടുകൂടി അവരുടെ പിതാവു ബൊംബേയിലേയ്ക്കു കൊണ്ടുപോയി. ഈ ചെറുപ്രായത്തിൽ തന്നെ ഭാവുദാജി ചതുരംഗത്തിൽ ഒരു നല്ല പോരുകാരനായിത്തീൎന്നു. അദ്ദേഹം ആ കളിയിൽ കാണിച്ച അതിവൈദഗ്ദ്ധ്യം കണ്ടു ബൊംബേയിലുണ്ടായിരുന്ന ഒരു പ്രബലനായ യൂറോപ്യൻ വിഠൽ രാമകൃഷ്ണനോടു തന്റെ മകനെ ഇംഗ്ലീഷു പഠിപ്പിക്കേണമെന്നു നിഷ്കൎഷയായി ഉപദേശിച്ചു. നാട്ടുവിദ്യാഭ്യാസസംഘം വക പാഠശാലയിൽ സ്വഭാഷാവിദ്യാഭ്യാസം പരിപൂൎത്തിയാക്കിയതിനുശേഷം ഭാവുദാജി ൧൮൩൨-ൽ ഇംഗ്ലീഷുവിദ്യാഭ്യാസം ആരംഭിച്ചു. മൂന്നു കൊല്ലം കഴിഞ്ഞപ്പോഴെയ്ക്കു് അദ്ദേഹത്തിനു ക്ലെയർ സ്കാളർഷിപ്പു് എന്ന വിദ്യാൎത്ഥി സാഹായ്യധനവും ഒരു രജതമുദ്രയും കിട്ടി. ആ കാലത്തു് അദ്ദേഹത്തിനു ൪൦ ക. ശമ്പളത്തിൽ ഒരു ഉദ്യോഗം കിട്ടാൻ തരമുണ്ടായിരുന്നുവെങ്കിലും പഠിത്വം പൂൎത്തിയാക്കേണമെന്നുള്ള താല്പൎയ്യത്താൽ അദ്ദേഹം അതിനെ സ്വീകരിച്ചില്ല.

ഒരു വലിയ പാംശൎച്ചാവിദ്യാൎത്ഥിയുടെ നിലയിൽ അദ്ദേഹം പഠിത്വത്തിൽ നൈപുണ്യം നേടുകയും സ്വൎണ്ണമുദ്ര സമ്പാദിക്കുകയും ചെയ്തു. പതിനെട്ടു മാസം കഴിഞ്ഞിട്ടു് അദ്ദേഹം എൽഫിൻസ്റ്റൺ വിദ്യാശാലയിൽ ഒരു അദ്ധ്യാപകനായിത്തീൎന്നു. അദ്ദേഹത്തിൻെറ ഇരുപത്തിമൂന്നാം വയസ്സിൽ ദുൎഭാഗ്യവശാൽ അച്ഛൻ മരിച്ചുപോയി. ആ കൊല്ലത്തിൽതന്നെ ഭാവുവിനും ബാലഹത്യാദൂഷ്യങ്ങൾ എന്ന വിഷയത്തെപ്പററി എഴുതപ്പെട്ട മേത്തരമായ പ്രബന്ധത്തിനു നിശ്ചിതമായ ൨൦൦ രൂപയുടെ ഒരു സമ്മാനം കിട്ടി. ഭാവു ഇക്കാലത്തു വളരെ കഷ്ടസ്ഥിതിയിലായിരുന്നു. തറവാട്ടിലെ പ്രധാനാവലംബം പൊയ്പോയി; ചിന്തകൾ മുഴുത്തു; അദ്ദേഹം ദരിദ്രനുമായിരുന്നു. എന്നാലും അറിവിനുള്ള തൃഷ്ണയുടെ ശക്തിയാലും വൈദ്യം അഭ്യസിക്കുന്നതിനുള്ള ഉൽക്കണ്ഠാതിശയത്താലും അദ്ദേഹം ഫൃർഒ-ൽ ഗ്രാൻറു വൈദ്യകലാശാലയിൽ ഒരു വിദ്യാൎത്ഥിയായി ചേരുകയും അഞ്ചു കൊല്ലംകൊണ്ടു് ആ വൈദ്യകലാശാലയിലെ ഉയൎന്നതരം പരീക്ഷയിൽ ജയിക്കയും അതിയോഗ്യനായ ഒരു ഭിഷഗ്വരനായിത്തീരുകയും ചെയ്തു. അദ്ദേഹം ബാംബേയിലുള്ള അതിയോഗ്യന്മാരായ വൈദ്യന്മാരുടെ ശേഖരത്തിൽ ഒരാളായിരുന്നു. അദ്ദേഹം സമൎത്ഥനായ ശസ്ത്രവൈദ്യനും ഒന്നാംതരം സൂതിവൈദ്യനും നിപുണനായ ചികിത്സകനുമായിരുന്നു. സ്വല്പകാലംകൊണ്ടു് അദ്ദേഹം സമ്പാദിച്ച അതിപ്രസിദ്ധിയാൽ അസംഖ്യം രോഗികൾ ചികിത്സയ്ക്കായി അദ്ദേഹത്തിൻെറ വാസസ്ഥലത്തിൽ കൂട്ടംകൂടിക്കൊണ്ടിരുന്നു. അദ്ദേഹം സാധുക്കളോടു കാണിച്ചിരുന്ന ദയയും ഔദാൎയ്യവും അദ്ദേഹത്തിൻെറമേൽ ജനപ്രീതിക്കുകൂടി കാരണങ്ങളായിരുന്നു. വൈദ്യപരീക്ഷ ജയിച്ചു രണ്ടു കൊല്ലം കഴിഞ്ഞതിൻെറ ശേഷം നിൎദ്ധനന്മാരായ സാധുക്കളുടെ ഉപയോഗത്തിനുവേണ്ടി ദോസാഭായി ഫ്രാംജികാമായുടെ സഹായത്തോടുകൂടി അദ്ദേഹം ബഹായി മോഹോള്ളാ എന്ന ദിക്കിൽ ഒരു ധൎമ്മചികി

ത്സാശാല ഏൎപ്പെടുത്തി. ഒരു വൈദ്യൻതന്നെ ആയിരുന്ന അദ്ദേഹത്തിൻെറ സഹോദരൻ ഈ ചികിത്സാശാലയിൽ അദ്ദേഹത്തെ പരിചരിച്ചു.

തൻെറ തൊഴിൽകൊണ്ടു പണം ആൎജ്ജിക്കേണമെന്നുള്ള ഉദ്ദേശം മാത്രമല്ല ഭാവുദാജിക്കുണ്ടായിരുന്നത്. ഇൻഡ്യാരാജ്യത്തിലെ ഔഷധങ്ങളെ നിരൂപണംചെയ്തതിൻെറ ഫലമായി, അന്യരാജ്യങ്ങളിൽ ഗുണമറിയാത്ത അനേകം ഔഷധങ്ങൾ ഇൻഡ്യയിൽ ഉണ്ടെന്നും മാറാത്തതായി ഗണിക്കപ്പെട്ടവരുന്ന ചില രോഗങ്ങളെ ശമിപ്പിക്കുന്നതിനുള്ള ശക്തി അവയിൽ ചിലതിനുണ്ടാകുമെന്നും അദ്ദേഹം ധരിച്ചു. കുഷ്ഠരോഗത്തിന് ഒരൌഷധം കണ്ടുപിടിക്കാൻ അദ്ദേഹം പരിശ്രമിക്കുകയും സാമാന്യത്തിലധികം ക്ഷമയും ഉത്സാഹവും കൊണ്ട് അതു സാധിക്കാനുള്ള മാൎഗ്ഗത്തിൽ പ്രവേശിച്ചതായി അദ്ദേഹത്തിനു തോന്നുകയും ചെയ്തു. ആ മഹാരോഗത്തിൻെറ പ്രാരംഭത്തിൽ പ്രയോഗിക്കാൻ അദ്ദേഹം ഒരു കൈകണ്ട ഔഷധം കണ്ടുപിടിച്ചു. ആ ഭയങ്കരമായ വ്യാധിയെപ്പററി കഴിയുന്നേടത്തോളം അറിവു സമ്പാദിക്കാനും അദ്ദേഹം കണ്ടുപിടിച്ച ഔഷധത്തെ പരീക്ഷിക്കാനുമായി ൧൮൬൩-ൽ യൂറോപ്യന്മാരും, പാൎസികളും, ഹിന്തുക്കളും ആയ വൈദ്യന്മാർ ഒത്തുചേൎന്ന് ഒരു സംഘം കൂടി. അദ്ദേഹം കണ്ടുപിടിച്ച ഔഷധത്തിൻെറ ഫലത്തിൽ അവർ തൃപ്തിപ്പെടുകയും ജെംസെത്ജി ജിജിഭായി ആസ്പത്രിയിലുള്ള എല്ലാ കുഷ്ഠരോഗികളേയും അദ്ദേഹത്തെ ഏല്പിക്കയും ചെയ്തു. അതിൽപിന്നെ അവർ കണ്ടുപിടിച്ച ഔഷധത്തിൻെറയും ചികിത്സാക്രമത്തിൻേറയും ഒരു പൂൎണ്ണമായ വിവരണം ഇൻഡ്യയുടെ അന്നത്തെ സിക്രട്ടറിയായിരുന്ന ആർഗൈജിൽ പ്രഭുവിന് അയക്കയും ആ മഹാൻ ഭാവുദാജിയുടെ വിജയത്തെപ്പററി അഭിനന്ദിച്ചു വാത്സല്യസൂചകവും പ്രശംസാരൂപവുമായ ഒരു എഴുത്തയക്കയും ചെയ്തു. വൈദ്യസംബന്ധമായി പിന്നെയും അന്വേഷണങ്ങൾ നടത്തുന്നതിനു ഭാ

വുദാജി കാട്ടുജാതികളോട് അറിവു ശേഖരിച്ചുംകൊണ്ട് ഇന്ത്യ മുഴുവനുമുള്ള കുന്നുകളിലും താഴ്വരകളിലും സഞ്ചരിച്ചു.

ഔഷധശാസ്ത്രത്തിൽ അപൂർവ്വപരിശോധനകൾ ചെയ്തതായി ഒരു സ്വദേശീയനെ പറയാനുണ്ടെങ്കിൽ അതു ഭാവുദാജിയായിരുന്നു. അതുകൂടാതെ അദ്ദേഹം മഹാവിദ്വാനും പ്രാചീനകാര്യാന്വേഷണതല്പരനും ആയിരുന്നു. അദ്ദേഹം സസ്യശാസ്ത്രം ശ്രദ്ധാപൂർവ്വം പഠിച്ചു. അദ്ദേഹത്തിൻെറ പൌരാണികാന്വേഷണഫലങ്ങൾ 'ആൻററിക്വറി' മുതലായ മാസികപുസ്തകങ്ങളിൽ പലപ്പോഴും കാണപ്പെട്ടിരുന്നു. ഭാവുദാജിയുടെ മരണാനന്തരം പ്രസിദ്ധപ്പെടുത്തിയ അദ്ദേഹത്തിൻെറ പ്രബന്ധങ്ങൾക്ക് ഒരു പ്രസ്താവന എഴുതേണമെന്ന് അപേക്ഷിയ്ക്കപ്പെടുകയും കൃത്യാന്തരബാഹുല്യത്താൽ അതിന് അപ്രാപ്തനായി തീരുകയും ചെയ്ത ധാക്ടർ തിബാൗട്ട് എന്ന മഹാൻ ഭാവുദാജിയെ പററി പ്രസ്താവിച്ചിരിക്കുന്നു:— ആ പ്രബന്ധങ്ങൾക്ക് ഒരു പ്രത്യേക പ്രസ്താവന ആവശ്യമില്ല. ഒരു വെറും രണ്ടാംപതിപ്പുതന്നെ സംസ്കൃതപുരാതനതത്വങ്ങളിൽ താല്പര്യമുള്ള സകലരാലും പ്രസാധകനാക്കുറിച്ചു നന്ദിയോടുകൂടി നിശ്ചയമായും അംഗീകരിയ്ക്കപ്പെടത്തക്കവണ്ണം അവ അത്ര വിലയേറിയവയാകുന്നു. പ്രാചീനതത്വാന്വേഷണത്തിൽ വേറെ ഒരു വലിയ പ്രാമാണികനായ മാക്സ്മൂള്ളർ ഇപ്രകാരം പറയുന്നു:—. തൻെറ ജീവിതകാലത്തിൽ ഉത്തമപ്രവൃത്തിചെയ്ത ഒരാളായി ഭാവുദാജിയെ ഞാൻ ഗണിയ്ക്കുന്നു. അദ്ദേഹം കുറച്ചു മാത്രമേ എഴുതീട്ടുള്ളൂ എങ്കിലും അതു് അന്യന്മാരാൽ ബഹുലമായി എഴുതപ്പെട്ടിട്ടുള്ളതിനേക്കാൾ വിലപിടിച്ചതാകുന്നു.

ഭാവുദാജി അദ്ദേഹത്തിൻെറ കാലത്തു ബാംബെയിലെ ഒരു പ്രധാനതന്ത്രജ്ഞനുമായിരുന്നു. നൌരോജി ഫർദൂൺജിയോടുകൂടി അദ്ദേഹം 'ബാംബെ സംഘം' എന്നൊരു രാജ്യകാര്യസംഘം ഏർപ്പെടുത്തുകയും അതിൻെറ കാര്യദർശി

തം വഹിക്കയും ചെയ്തു. ബാംബെ നഗരവാസികൾ അവിടത്തെ ഗവൺമെൻറിലേയ്ക്കും പാർളിമെണ്ടു സഭയിലേയ്ക്കും കൊടുത്തിട്ടുള്ള അനേകം അഭ്യർത്ഥനാലേഖനങ്ങൾക്കും ഹർജികൾക്കും അദ്ദേഹമാണ നക്കലുണ്ടാക്കീട്ടുള്ളതു്. അദ്ദേഹത്തിനു സാധുക്കളോടു വളരെ അനുകമ്പയുണ്ടായിരുന്നു. അവരുടെ കാര്യം ന്യായമുള്ളതാണെന്നു ബോധം വന്നാൽ അദ്ദേഹം അവക്കു് എപ്പോഴും സഹായം ചെയ്തുകൊണ്ടിരുന്നു. ദൃഷ്ടാന്തമായി വിംബാമൽ ഹരി എന്നു പേരായ ഒരു സാധു തുന്നൽക്കാരൻെറ കഥയെ പറയാം. ഒരു സായ്പു് അവൻെറ മേൽ കൊണ്ടുചെന്ന ഒരു കള്ളക്കേസ്സിനു മതിയായ തെളിവുകൂടാതെ പ്രസിഡൻസി മജിസ്ത്രേട്ടു് അവൻെറ മേൽ കുററം സ്ഥാപിച്ചു. അതിലെ അനീതിയെപ്പററി ബോദ്ധ്യംവന്ന ഭാവുദാജി തുന്നൽക്കാരൻെറ ഭാഗംപിടിച്ചു വാദിച്ചു മജിസ്ത്രേട്ടിൻെറ തെററിനെ വെളിപ്പെടുത്തി. ഹൈക്കോർട്ടുകാരെക്കൊണ്ടു് അയാളുടെ നടവടിയെ ആക്ഷേപിച്ചു. അദ്ദേഹം ഒരംഗമായി ചേരാതെ അക്കാലത്തു യാതൊരു പ്രധാനസംഘവുമുണ്ടായിരുന്നില്ല. അദ്ദേഹം ബോംബേയിലെ സ്വദേശികൾ ഏർപ്പെടുത്തിയ "എഡ്യുക്കേഷനൽ അസോസിയേഷൻ" എന്ന വിദ്യാഭിവൃദ്ധിസംഘത്തിൽ ഒരു പ്രധാനനിയന്താവായിരുന്നു. 'വിക്ടോറിയാ ഗാർഡൻസ്' എന്ന തോട്ടത്തിലുള്ള കാഴ്ചബംഗ്ലാവു് അദ്ദേഹത്തിൻെറ അശ്രാന്തപരിശ്രമത്തിൻെറ ഫലമാകുന്നു. അദ്ദേഹം ഗ്രാൻറു വിദ്യാശാലയിൽ ഒരു അദ്ധ്യക്ഷനും 'ഭൂമിശാസ്ത്രീയസംഘ'ത്തിൻെറ കാര്യദർശിയുമായിരുന്നു. ഇതുകൂടാതെ അദ്ദേഹം ബോംബേയിലെ ഏഷ്യാററിക്ക സംഘത്തിൽ ഉപാദ്ധ്യക്ഷനും റായൽ ഏഷ്യാററിക്ക സംഘത്തിൻെറയും, പാരിസ് ഏഷ്യാററിക്ക സംഘത്തിൻെറയും തത്വജ്ഞാനിയസംഘത്തിൻേറയും അമെരിക്കൻ ഓറിയൻറൽ സംഘത്തിൻെറയും അംഗവുമായിരുന്നു. നഗരാധികാരിയായി 'ഷെറിഫ" എന്ന ഉദ്യോഗത്തിനു ബോംബേയിൽനിന്നു് ആദ്യമായി നിയമിക്കപ്പെട്ട എ

നദ്ദേശീയൻ അദ്ദേഹമായിരുന്നു. ആ ഉദ്യോഗം അദ്ദേഹം ഫെബ്രുവരി-ലും ഫെബ്രു-ലും വഹിച്ചു. സമാധാനരക്ഷകൻ എന്നതിനുള്ള 'ജസ്റ്റിസ് ഓഫ് ദി പീസ്സ്' എന്ന ഉദ്യോഗം അദ്ദേഹം ഭരിച്ചു. ബോംബെ സർവകലാശാലയുടെ ഒരു ഫെല്ലോ ആയി അദ്ദേഹം ആ കലാശാലയുടെ കാര്യങ്ങളിൽ പ്രത്യേകം ദൃഷ്ടിവെച്ചിരുന്നു. വളരെ കാലം അദ്ദേഹം അതിലെ നിർവാഹകസംഘത്തിലും ഒരംഗമായിരുന്നു. അക്കാലത്തു വൈസറായി—അതായതു റാണിയുടെ പ്രധാനപ്രതിനിധി ആയിരുന്ന നാർത്തബ്രൂക്ക പ്രഭു എല്ലോറാ എന്ന ദിക്കിലുള്ള ഗുഹകൾ സന്ദർശിപ്പാൻ പോയ സമയം ആ ഗുഹകളുടെ പ്രാചീനചരിത്രത്തെ വിവരിച്ചുകൊടുക്കുന്നതിനു ബോംബെ ഗവർമ്മേണ്ടിൽനിന്നു ഭാവുദാജിയെ പ്രത്യേകം നിയമിച്ചിരുന്നു. കുഷ്ഠരോഗത്തെപ്പററിയുള്ള അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരുന്ന കാലത്ത് അദ്ദേഹത്തിനു പെട്ടെന്നു പക്ഷവാതം പിടിപെടുകയും ഏതാനും മാസങ്ങൾ സുഖക്കേടായി കിടന്നതിനുശേഷം അദ്ദേഹം ഫെബ്രവരി-ൽ പരലോകം പ്രാപിക്കുകയും ചെയ്തു. അദ്ദേഹം ദീനത്തിൽ കിടപ്പായിരുന്നപ്പോൾ ശരീരസ്ഥിതിവർത്തമാനങ്ങൾക്കു ദിവസംപ്രതി കത്തയക്കാനായി വൈസറായി അവർകൾ ഭാവുവിന്റെ സഹോദരനോട് അപേക്ഷിച്ചിരുന്നു.

അദ്ദേഹം മരിച്ചതിൽപിന്നെ അദ്ദേഹത്തിന്റെ സ്മരണയെ സ്ഥാപിക്കുന്നതിനായി സ്നേഹിതന്മാർകൂടി ഒരു വലുതായ ധനശേഖരം ചെയ്കയും അതിന്റെ പലിശകൊണ്ടു പ്രതിവത്സരം ബോംബെ സർവകലാശാലയിൽ ബി. എ. പരീക്ഷയ്ക്കു സംസ്കൃതത്തിൽ ഉന്നതസ്ഥാനം ലഭിക്കുന്ന വിദ്യാർത്ഥിക്കു് ഒരു മതിയായ സമ്മാനം നിശ്ചയിക്കയും ചെയ്തു. അദ്ദേഹത്തിന്റെ മരണാനന്തരം കൂടിയ സർവകലാശാലാ സംഘത്തിന്റെ ഒന്നാമത്തെ യോഗത്തിൽ താഴെ പറയുംപ്രകാരം ഒരു നിശ്ചയം ചെയ്കയുണ്ടായി:— "ഇൻകാർപൊറേഷൻ (ഏകീകരണ) ആക്കടിൽ (ചട്ടത്തിൽ) സ്ഥാപിക്കപ്പെ

ട്ടിട്ടുള്ള ഫെല്ലോസ്സുകളിൽ ഒരാളും വളരെ കാലം കലാസമാജത്തിൽ ഒരു നിർവ്വാഹകനുമായിരുന്ന ഡാക്കടർ ഭാവുദാജി ജി. ജി. എം. സി. എം. ആർ. എ എസ്സ്. അവർകളുടെ മരണത്താൽ സർവ്വകലാശാലയ്ക്കു നേരിട്ടിരിക്കുന്ന നഷ്ടത്തിൽ സെനററിനുള്ള സഹതാപത്തെ ഇതിനാൽ ലക്ഷ്യപ്പെടുത്തുന്നു. അങ്ങിനെ ചെയ്യുതിൽ ഭാവുദാജി എന്ന പേരിനെ സംസ്ഥാനം മുഴുവൻ പ്രഖ്യാതി കേൾപ്പിച്ചതും കലാശാലയ്ക്കു ഒരു ബഹുമാനമാക്കിത്തീർത്തതും എന്നു മാത്രമല്ല, ഒരു ശാസ്ത്രജ്ഞനും പ്രാചീനകാര്യാന്വേഷണതല്പരനും പണ്ഡിതനുമാണെന്നു സർവ്വത്ര പ്രസിദ്ധമാക്കിയതുമായ അദ്ദേഹത്തിന്റെ അത്യുത്തമമാർഗ്ഗനിഷ്ഠയേയും അസാധാരണസാമർത്ഥ്യത്തേയും അക്ഷീണോത്സാഹത്തേയും കുറിച്ചു സെനററിനുള്ള ആന്തരമായ ബോധത്തെ പ്രസ്താവിക്കുകയും ചെയ്യുന്നു." ബോംബെ സർവ്വകലാശാലയിലെ അടുത്ത കാൺവൊക്കേഷനിൽ വെച്ചു വിവിധപരീക്ഷാവിജയികളോട പ്രസംഗിച്ച കൂട്ടത്തിൽ ബഹുമാനപ്പെട്ട ജേംസ് ഗിസ്സ് എന്ന മഹാൻ ഭാവുദാജിയെ കുറിച്ച് ഇപ്രകാരം പ്രസ്താവിച്ചു:— "കഴിഞ്ഞുപോയ ഡാക്കടർ ഭാവുദാജിയെ കണ്ടു പഠിക്കുവിൻ. അദ്ദേഹം തന്റെ രാജ്യത്തിനു ചെയ്തിട്ടുള്ളതിനെ നോക്കുവിൻ; അദ്ദേഹം അതിന്റെ ആദ്യചരിത്രവും ആദിഭാഷകളും പഠിച്ചതിനേയും സംസ്കൃതഭാഷയിലുള്ള ദുർഗ്രഹങ്ങളായ നിഗൂഢതത്വങ്ങളെ ഗാഢമായി പരിശോധനചെയ്തു മനഃപൂർവ്വം പ്രവേശിച്ചതുമൂലമായി ആതുരന്മാരായ തന്റെ സ്വദേശികൾക്കു കൂടുതലായ ഗുണങ്ങൾ ഉണ്ടാക്കിത്തീർത്തതിനേയും ആലോചിക്കുവിൻ. അദ്ദേഹം വർത്തമാനഭവിഷ്യൽകാലങ്ങളിലുള്ളവരുടെ ഗുണത്തിനായി പൂർവ്വകാലത്തെപ്പററി പലതും പഠിക്കയും പരിശോധിക്കയും ചെയ്തു. ഈ പ്രസിദ്ധപുരുഷന്റെ ചരിത്രത്തിൽനിന്നു വൈദ്യപരീക്ഷാവിജയി മാത്രമല്ല വക്കീൽ, സിവിൽ, എഞ്ചിനീർ മുതലായ സകലരും പാഠം പഠിക്കേണ്ടതാകുന്നു. മററുള്ളവർ ആരംഭിച്ചിട്ടുള്ളതിനെ ഈ പരീക്ഷാവിജയികൾ പൂർത്തിയാക്കി എന്നും ബോം

ബേ സവ്വകലാശാല കേവലം മിഥ്യാഭിമാനികളായ പണ്ഡിതമാന്യന്മാരെ അല്ല ഉത്ഭവിപ്പിച്ചിട്ടുള്ളതെന്നും രാജ്യതന്ത്രജ്ഞന്റെയോ ന്യായാധിപതിയുടേയോ വക്കീലിന്റേയോ എന്നുവേണ്ട ശില്പികളുടേയോ വൈദ്യന്മാരുടേയോ നിലയിൽ ഡാക്കടർ ഭാവുവിനെപ്പോലെ തങ്ങളുടെ വിദ്യാഭ്യാസത്തിന്നനുരൂപമായി ജീവിതകാലത്തിൽ ജനങ്ങളുടെ സ്നേഹബഹുമാനങ്ങൾക്കും മരണാനന്തരം അവരുടെ ആദരപരിദേവനങ്ങൾക്കും വിഷയീഭവിക്കത്തക്കവണ്ണം പ്രവൃത്തിച്ച പുരുഷന്മാരെയാണ് ഉത്ഭവിപ്പിച്ചിട്ടുള്ളതെന്നും പറയുമാറാകട്ടെ.”

“ഇൻഡ്യയിൽ എന്റെ കാലത്തെ മനുഷ്യരും കാര്യങ്ങളും” എന്ന പുസ്തകത്തിൽ ഈ പ്രസിദ്ധ ഡാക്കടരെ കുറിച്ച സർ, റിച്ചർഡ് ടെംപിൾ എന്ന മഹാൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു:— “സ്വദേശീയരുടെ കേവലം ഇല്ലാത്തതല്ലെങ്കിലും ആപേക്ഷികമായി അപൂവ്വമായതും, സാധാരണമായി വിദ്യോൽസുകന്മാരായ പാശ്ചാത്യന്മാരിൽ കണ്ടുവരുന്നതുമായ പ്രാചീനതത്വാന്വേഷണതാല്പയ്യം അദ്ദേഹത്തിന്നുണ്ടായിരുന്നു. അദ്ദേഹം തന്റെ രാജ്യത്തിലെ പൂവ്വഭാഷകളെല്ലാം പഠിച്ചതിന്നു പുറമെ പ്രാചീനജീൎണ്ണസ്ഥലങ്ങളെ പ്രദശിക്കയും അവ്വാചീനന്മാൎക്ക് അവയിൽനിന്നു ഗ്രഹിക്കാവുന്നവകളെ മനസ്സിലാക്കാൻ ശ്രമിക്കയും ചെയ്തു. അദ്ദേഹത്തിന്റെ അറിവു ശാസ്ത്രത്തിന്റെ ചില ശാഖകളിലും വ്യാപിച്ചിരുന്നു. ആകപ്പാടെ പശ്ചിമ ഇന്ത്യയിൽ ഇക്കാലത്തുണ്ടായിരുന്ന സ്വദേശീയമഹാന്മാരിൽ, ബുദ്ധിശക്തികൊണ്ടു് അദ്ദേഹം പ്രഥമഗണനീയനായിരുന്നു.”

## സൊറാബ്ജി
# ഷാപുജി ബെംഗാളി.

സൊറാബ്ജി ഷാപൂജി ബെംഗാളി എന്ന മഹാൻ ക്രിസ്താബ്ദം ൧൮൨൨ ഫിബ്രവരിമാസം ൧൫-ാംനു- ബോം

ബേയിൽ ജനിച്ചു. അദ്ദേഹത്തിന്റെ വംശ്യന്മാർ കച്ചവടക്കാരായിരുന്നു. അദ്ദേഹത്തിന്റെ പിതാവും പിതാമഹനും കൽക്കത്തായിലായിരുന്നു കച്ചവടം ചെയ്തിരുന്നത്. സൊറാബ്ജിയുടെ ദുർഭാഗ്യവശാൽ അദ്ദേഹത്തിന് ഒരു വയസ്സായപ്പോൾ പിതാവു മരിച്ചുപോകയും ബാലനായ തന്നെ വളൎത്തിക്കൊണ്ടുവരേണ്ട ഭാരം മുഴുവനും തന്റെ മാതാവിനായിത്തീരുകയും ചെയ്തു. ആറാം വയസ്സിൽ അദ്ദേഹം ഒരു നാട്ടുഭാഷാപള്ളിക്കൂടത്തിൽ അയക്കപ്പെട്ടു. പിന്നീടു കോട്ടക്കകത്തുണ്ടായിരുന്ന ഒരു സ്വകാൎയ്യപാഠശാലയിലാക്കപ്പെടുകയും അവിടെ ഒരു സംവത്സരത്തോളം പഠിക്കുകയും ചെയ്തു. അനന്തരം അദ്ദേഹത്തിനെ എൽഫിൻസ്റ്റൺ ഹൈസ്കൂൾ എന്ന് ഇപ്പോൾ വിളിച്ചുവരുന്ന വിദ്യാഭ്യാസസംഘം വക വിദ്യാലയത്തിൽ ചേൎത്തു പഠിപ്പിച്ചു. ഈ വിദ്യാലയത്തിൽ അദ്ദേഹം മൂന്നുവൎഷം പഠിച്ചു. അപ്പോൾ തന്റെ അദ്ധ്യാപകന്മാരായിരുന്നവരിൽ ഒരാൾ പിൻകാലങ്ങളിൽ പൊതുജനങ്ങൾക്കുവേണ്ടിയുള്ള ഉദ്യമങ്ങളിൽ താൻകൂടി സഹകാരിയായി ചേരുന്നതിനിടവന്ന നൌറോജി ഫർദ്ദൂൺജി ആയിരുന്നു. സൊറാബ്ജിക്കു പതിനഞ്ചു വയസ്സായപ്പോൾ സിലോണിലെ ബാങ്കിന്റെ ബോംബേയിലെ ഏജന്റായിരുന്ന മിസ്റ്റർ ടണ്ണർ എന്ന ഒരു യൂറോപ്യൻ കച്ചവടക്കാരന്റെ കീഴിൽ ജോലി നോക്കാനായി അദ്ദേഹത്തിന്റെ പഠിപ്പു നിൎത്തി. മിസ്റ്റർ ടണ്ണൎക്ക് ഈ കുട്ടിയുടെ ഭാവിയായ ശ്രേയസ്സിൽ വളരെ താല്പൎയ്യമുണ്ടായിരുന്നു. അതിനാൽ തന്റെ ആപ്പീസ്സിലുള്ള പതിവുജോലികളെ ശീലിപ്പിച്ചതിനു പുറമെ അദ്ദേഹം അയാൾക്കു ഗ്രന്ഥപാരായണത്തിൽ ഒരു പ്രത്യേകശ്രദ്ധയെക്കൂടി ഉണ്ടാക്കിത്തീൎത്തു. തയ്യായിരിക്കുമ്പോൾ എപ്രകാരം വളൎത്തപ്പെടുന്നുവോ അപ്രകാരമാണല്ലോ വൃക്ഷമാകുമ്പോൾ വളരുന്നത്. സൊറാബ്ജി തന്റെ ബാലബുദ്ധിയുടെ ക്രമമായ വളൎച്ചയിൽ മിക്കവാറും ഒരു പിതാവിനുണ്ടാകാവുന്നതുപോലെ മിസ്റ്റർ ടണ്ണൎക്കുണ്ടായിരുന്ന അതിതാല്പൎയ്യത്തെ ആജീവനാന്തം നന്ദിയോടുകൂടി സ്മരിച്ചുപോന്നു.

൧൮൪൫-ൽ ഇൻഡ്യയിലെ കച്ചവടം വക ബാങ്ക് ബാംബയിൽ ഏർപ്പെടുത്തപ്പെട്ടപ്പോൾ മിസ്റ്റർ ടണ്ണർ അതിൽ ചേരുകയും സൊറാബ്ജിയെ മാസം ൨൦ ഉറുപ്പിക ശമ്പളത്തിൽ ഒരു ഗുമസ്താവായി എടുക്കയും ചെയ്തു. ഏതാനും വർഷങ്ങൾക്കുള്ളിൽ മിസ്റ്റർ ടണ്ണർ മരിച്ചുപോയി. എന്നാൽ സൊറാബ്ജി ആ ബാങ്കിൽതന്നെ എട്ടുകൊല്ലത്തോളം പണിയെടുത്തു. സൊറാബ്ജി ഒരിയ്ക്കൽ തന്റെ കച്ചവടസംബന്ധമായ പരിശ്രമത്തെ വിട്ട് ഒരു വക്കീലിന്റെ പണിയിൽ പ്രവേശിയ്ക്കാനാലോചിച്ചു. അന്നത്തെ കാലത്തു ഹിന്ദുക്കളായിട്ടു വലിയ വക്കീലന്മാർ ബാംബയിൽ ഇല്ലാതിരുന്നതിനാൽ തനിയ്ക്കൊരു വക്കീലാവുന്നതിനുള്ള താല്പര്യം കലശലായിരുന്നു. സൊറാബ്ജി, ഈ ഉദ്ദേശ്യത്തോടുകൂടി ഇരിയ്ക്കുമ്പോൾ ഡാക്ടർ ഡെല്ലാസ് എന്ന മഹാൻ വക്കീലായി ബാംബയിൽ വരികയും അദ്ദേഹത്തിനോടുതന്നെ അദ്ദേഹത്തിന്റെ കീഴിൽ പരിചയിപ്പിച്ചു പണി പഠിപ്പിക്കണമെന്നു സൊറാബ്ജി അപേക്ഷിയ്ക്കുകയും ചെയ്തു. എന്നാൽ അന്നു ബാംബയിലുണ്ടായിരുന്ന ഇംഗ്ലീഷുകാരായ വക്കീലന്മാർക്കെല്ലാവർക്കും ഒരു ഹിന്ദു വക്കീലായി അവരെപ്പോലെ വരുന്നതിൽ അധികമായ വൈമനസ്യമുണ്ടായിരുന്നതിനാൽ സൊറാബ്ജിയ്ക്കു ആശാഭംഗത്തിനിടയായി. ഇംഗ്ലീഷുകാരായ വക്കീലന്മാർ അനീതിയായി തീർച്ചയാക്കിയിരിയ്ക്കുന്ന ഈ നിശ്ചയത്തെപ്പറ്റി ഡാക്ടർ ഡെല്ലാസ് വളരെ വ്യസനിയ്ക്കുകയും തന്റെ സ്വന്തബാദ്ധ്യതയിൽ സൊറാബ്ജിയെ വക്കീൽപണിയിൽ പരിചയിപ്പിയ്ക്കേണമെന്നു ക്ലസൽ കൂടാതെ നിശ്ചയിയ്ക്കുകയും ചെയ്തു. പക്ഷെ സൊറാബ്ജിയുടെ രക്ഷകനാവാൻ ഭാവിച്ച ഇദ്ദേഹത്തിന്റെ ദയാപുരസ്സരമായ വാദം കുറെ അധികം താമസിച്ചായിപ്പോയി. ഈ സമയത്തിനിടയിൽ സൊറാബ്ജിയ്ക്കു ബാങ്കിൽ ഉയർന്നതും ചുമതല കൂടിയതുമായ ഒരു സ്ഥാനത്തിലേയ്ക്കു കയറ്റം കിട്ടുകയും അതുനിമിത്തം ഒരു വക്കീലായിരിയ്ക്കേണമെന്ന് അദ്ദേഹത്തിനുണ്ടായിരുന്ന ഉദ്ദേശ്യംതന്നെ വിട്ടുപോകയും ചെയ്തു.

ഫ്വൃഞ്ചെ-ൽ പ്രധാനപ്പെട്ട കച്ചവടംവക ബാങ്ക് ഏൎപ്പെടുത്തപ്പെട്ടപ്പോൾ സൊറാബ്ജി അതിലെ ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ ചേരുകയും രണ്ടു സംവത്സരം കഴിയുന്നതിനുമുമ്പിൽ അതുവരെ യൂറോപ്യന്മാൎക്കു മാത്രം കൊടുത്തിരുന്ന സഹായകണക്കപരിശോധകന്റെ ഡിപ്ടി അക്കൌണ്ടന്റ് എന്ന സ്ഥാനത്തെ പ്രാപിക്കയും ചെയ്തു. സൊറാബ്ജി ഇതിലും ഔന്നത്യമുള്ള സ്ഥാനങ്ങൾക്കു യോഗ്യനായിരുന്നു എങ്കിലും 'ഒരു അതൃത്തിവരെ പോകാം, അതിനുമേൽ പോയ്ക്കൂടാ' എന്നുള്ള അദ്ദേഹത്തിന്റെ മേലധികാരികളുടെ ആജ്ഞയാൽ നിയന്ത്രിതനായിരുന്നു. ആയതുകൊണ്ടു ഫ്വൃഞ്ചെ-ൽ വളരെ പ്രസിദ്ധിയുണ്ടായിരുന്ന ഗ്രഹാം കമ്പനിക്കാരുടെ വ്യാപാരശാലയിലെ ബാങ്കുകാൎയ്യങ്ങൾ നടത്തുന്ന ആളും ചുമതലക്കാരനായ കാൎയ്യസ്ഥനും ആയിരുന്ന മിസ്റ്റർ മൺചേർജി ഫ്രാംജികാമാ എന്ന മഹാന്റെ സഹായിയുടെ സ്ഥാനം തനിക്കു കിട്ടി. മിസ്റ്റർ കാമാ പണിയിൽനിന്നു പിരിഞ്ഞുപോയപ്പോൾ സൊറാബ്ജി വരജീവൻ ദാസ് മാധവദാസ് കമ്പനി എന്ന നാമധേയത്തോടുകൂടി വേലകാൎയ്യങ്ങൾ നടത്തുകയും ചെയ്തു.

ബൊംബെയിൽ ആ കാലത്തു സെന്റ് ആൻഡ്രൂവക പുസ്തകശാല ഒന്നു മാത്രമേ ഒരു പരിവൎത്തകപുസ്തകശാലയായിട്ടുണ്ടായിരുന്നുള്ളു. മിസ്റ്റർ ടണ്ണറാൽ സൊറാബ്ജിയുടെ മനസ്സിൽ ജനിപ്പിക്കപ്പെട്ടിരുന്ന ഗ്രന്ഥപാരായണതൽപരത അദ്ദേഹത്തിനെ ഈ പുസ്തകശാലയിൽ ചേൎത്തു. എന്നാൽ ഈ പുസ്തകശാലയിലെ വരിപ്പണം മുഴുവനും കൊടുക്കാൻ അദ്ദേഹത്തിനു നിൎവ്വാഹമില്ലായിരുന്നു. എങ്കിലും ചുരുങ്ങിയ സംഖ്യയിൽ ഒരു വരിക്കാരനായിരിക്കാൻ ഉടമസ്ഥൻ അദ്ദേഹത്തിനെ അനുവദിച്ചു. അദ്ദേഹം ഇംഗ്ലീഷുഭാഷയിലും ഗുജറാത്തിയിലുമുള്ള അസംഖ്യം പുസ്തകങ്ങളെ—വിശിഷ്യാ—കച്ചവടം, ധനതത്വനിരൂപണം, സഞ്ചാരവൃത്താന്തങ്ങൾ,

ജിവചരിത്രങ്ങൾ ഈ വിഷയങ്ങളെ സംബന്ധിച്ചുള്ളവയെ വായിച്ചു കറച്ചുകാലം കഴിഞ്ഞപ്പോൾ അദ്ദേഹം ഗുജറാത്തി വത്തമാനപത്രികകളിലേക്ക് എഴുതിത്തുടങ്ങി. വിവിധവിഷയങ്ങളെ പ്രതിപാദിയ്ക്കുന്നതും 'ജഗന്മിത്രം' എന്ന നാമധേയത്തോടുകൂടിയതും ആയ ഒരു മാസികപുസ്തകം സൊറാബ്ജി അച്ചടിപ്പിച്ചു പ്രസിദ്ധപ്പെടുത്തി. അദ്ദേഹം ഇന്ത്യയിലെ അതിപ്രാചീനപത്രങ്ങളിലൊന്നായ 'സമാചാർ' എന്ന പത്രത്തിൻെറ ലേഖകനായിട്ടു കുറേ നാളിരുന്നു. ഈ പത്രത്തിൻെറ ലേഖകനായിരിയ്ക്കുമ്പോൾ റെവറൻഡ് ഡാക്ടർ മറെമിച്ചൽ ഉണ്ടാക്കിയതും ക്രിസ്തുമതത്തിന് അന്യമതങ്ങളേക്കാൾ ശ്രേഷ്ഠത്വം കല്പിച്ചിരിയ്ക്കുന്നതും "ഇന്ത്യയിലെ യുവാക്കൾക്കായുള്ള ലേഖനങ്ങൾ" എന്നു നാമധേയമുള്ളതുമായ ഒരു ചെറിയ പുസ്തകത്തെപ്പററി ഈ പത്രത്തിൽ അദ്ദേഹം വളരെ ഗൌരവമായ വിവാദം നടത്തി.

'സമാചാർ'പത്രത്തിൻെറ പ്രസാധകസ്ഥാനത്തിൽനിന്നും താൻ ഒഴിഞ്ഞതിൻെറ ശേഷം ൧൮൫൧-ൽ 'ജഗൽപ്രമി' എന്ന നാമധേയത്തോടുകൂടി ഒരു പത്രം പ്രസിദ്ധപ്പെടുത്താൻ തുടങ്ങി. ഈ പത്രത്താൽ പൊതുവിൽ ജനങ്ങൾക്കുള്ള അവകാശങ്ങളെ വിവരിയ്ക്കുന്ന ഒരാളായി മുമ്പിലത്തേതിലും അധികം പ്രാധാന്യവും ഔന്നത്യവും അദ്ദേഹത്തിനു സിദ്ധിച്ചു. ഈ പത്രത്തിൽ പേഷ്യായിലെ പ്രാചീനതത്വങ്ങളേ കുറിച്ചു തുടച്ചയായി ലേഖനങ്ങൾ ഉണ്ടായിരുന്നു. പേർസിപ്പോളിസ്സിനേയും പേഷ്യായിൽ ജീണ്ണപ്പെട്ടുപോയ പട്ടണങ്ങളേയും അവയിലെ ശില്പവിശേഷങ്ങളേയും പാറകളിലുള്ള കൊത്തുപണികളേയും ശിലാലേഖനങ്ങളേയും നാണയങ്ങളേയും സംബന്ധിച്ചുണ്ടായിരുന്ന ലേഖനങ്ങൾ എല്ലാം പാർസികൾ വളരെ താല്പയ്യത്തോടുകൂടി വായിച്ചിരുന്നു. ഇതരഭാഷകളിൽനിന്നും സാരമേറിയ ഗ്രന്ഥങ്ങളെ പരിഭാഷപ്പെടുത്തുന്നവക്ക് സമ്മാനത്തിനായി സർ ജെംസേട്ട്ജി

ജീജിഭായി അവർകളാൽ ഒരു മുതൽ സ്ഥാപിക്കപ്പെട്ടിരുന്നു. പാർസികളുടെ മതസംബന്ധമായ പുസ്തകങ്ങളേയും ഭാഷകളേയും കുറിച്ച് വിരചിക്കപ്പെടുന്ന പ്രബന്ധങ്ങളിൽ ഒന്നാമതായി നില്ക്കുന്നതിനു ൫൦൦ രൂപ സമ്മാനം കൊടുക്കുന്നതാണെന്നു മേൽപറഞ്ഞ മുതലിന്റെ കാര്യദർശികളാൽ ഒരു പരസ്യം ആ കാലത്തു ചെയ്യപ്പെട്ടിരുന്നു. സൊറാബ്ജി ഈ കാര്യത്തിൽ ഉത്സാഹസമേതനായി പരിശ്രമിച്ച് ആ സമ്മാനം വാങ്ങി. ഈ പ്രബന്ധത്തെ ഇദ്ദേഹം ൧൮൫൮-ൽ അച്ചടിപ്പിച്ച് പ്രസിദ്ധപ്പെടുത്തി. ഈ ചെറിയ പുസ്തകത്തിന് അധികമായി വിററഴിവുണ്ടായതിനാൽ ൧൮൬൪-ൽ അതു വീണ്ടും അച്ചടിപ്പിക്കപ്പെട്ടു. "റാസ്റ്റ്ഗോഫ്ററാർ" എന്ന പത്രം ഒന്നാമതായി പുറത്തു പുറപ്പെട്ടപ്പോൾ ഏകദേശം രണ്ടു കൊല്ലത്തോളം യാതൊരു പ്രതിഫലവും ഇല്ലാതെ പത്രാധിപസ്ഥാനം വഹിച്ചിരുന്ന ചുമതലക്കാരനായ ഒരാൾ സൊറാബ്ജിയായിരുന്നു. ൧൮൬൮-ൽ അദ്ദേഹം യൂറോപ്പിലേക്കു പ്രയാണംചെയ്തു. ഇംഗ്ലണ്ടിലും സ്കോട്ട്ലണ്ടിലും പോയി അവിടെയുള്ള പഞ്ഞിവേലസ്ഥലം മുതലായ കെട്ടിടങ്ങളേയും ഇരിമ്പുപണിസ്ഥലങ്ങളേയും കപ്പൽ പണിയുന്ന സ്ഥലങ്ങളേയും കൽക്കരി എടുക്കുന്ന ഖനികളേയും മററും സന്ദർശിച്ച് അവയെക്കുറിച്ച് 'റാസ്റ്റ്ഗോഫ്ററാർ' എന്ന പത്രത്തിലേക്കു തുടർച്ചയായി രസകരങ്ങളായ ലേഖനങ്ങൾ അദ്ദേഹം എഴുതി അയച്ചു. ഇൻഡ്യയിലെ ശില്പവേലകൾക്കു പൂർത്തിയായ ഫലപ്രാപ്തി ഇല്ലാതെ ഇരിക്കുന്നതിന്റെ മുഖ്യകാരണം വിറകു മതിയാകത്തക്കവണ്ണം ഇല്ലാത്തതിനാലാണെന്നും അതിനാൽ കല്ക്കരി ശേഖരിക്കുന്നതിൽ ഈ രാജ്യക്കാരും അത്യുത്സാഹം ചെയ്യേണ്ടതാണെന്നും ആ ലേഖനങ്ങളിൽ അദ്ദേഹം അഭിപ്രായപ്പെട്ടു. ബാംബേയിൽ അതിലാഭമുള്ള ഉദ്യമങ്ങളിൽ ഓഹരിക്കാരായിരിക്കുവാൻ അനേകം ആളുകൾ ഉൽഭ്രാന്തചിത്തന്മാരായി ഉ

ന്ധാഹിച്ചിരുന്നു. ആ പ്രസിദ്ധമായ കാലത്തിൽ സൊറാബ്ജി ഇവരുടെ വിചാരശൂന്യങ്ങളായ ഉത്സാഹങ്ങളെ വിരോധിച്ച 'റാസ്റ്റ്ഗോഫ്ററാർ' എന്ന പത്രത്തിൽ യുക്തിയുക്തമായി എഴുതി ജനങ്ങൾക്കു വിവേകം ഉണ്ടാക്കിത്തീൎത്തതിനാൽ അദ്ദേഹം ജനങ്ങൾക്കു പരക്കെ ഉപകാരം ചെയ്ത ആളായിത്തീൎന്നിട്ടുണ്ട്. സൂക്ഷ്മത്തിൽ മതിയായ ഉറപ്പില്ലാതെ അപരിമിതമായ ധനം കടം കൊടുക്കുന്ന വിചാരശൂന്യമായ നടവടികൊണ്ടു നാട്ടിലെ സൎക്കാർ വകയായ ധനംഗമശാലകളിലേയ്ക്കു സംഭവിച്ചിരിക്കുന്ന കഷ്ടാവസ്ഥയിൽ ദൃഷ്ടിവെയ്ക്കുന്നതിനുവേണ്ടി ബാംബയിലെ ഗവൎമ്മെണ്ടിലേക്കായിട്ടു ഒരു ഉജ്ജ്വലിതമായ ലേഖനം അദ്ദേഹം അയച്ചു. പാൎസികളുടെ എടയിലുള്ള വിവാഹം മുതലവകാശം, പിന്തുടൎച്ച അവകാശം ഇവയെ സംബന്ധിച്ചുള്ള നിയമനിൎമ്മാണസഭയിലെ നിയമങ്ങളെ അദ്ദേഹം ഉണ്ടാക്കുന്നതിൽ സവിസ്താരം വ്യാഖ്യാനം പ്രസിദ്ധപ്പെടുത്തി. പരുത്തിച്ചരക്കുകളിൽ ചുമത്തിയിരുന്ന ഏററുമതിത്തീരുവ നിൎത്തൽ ചെയ്യേണമെന്നുള്ള ആലോചനയെ തടുത്തു് ഇൻഡ്യായിലെ അന്നത്തെ ഗവൎണ്ണർ ജനറലും മഹാരാജ്ഞിയുടെ പ്രതിനിധിയുമായിരുന്ന ലിററൺപ്രഭുവിനു് അദ്ദേഹം ഒരു ലേഖനം അയച്ചു. ഈ ലേഖനം പുസ്തകാകൃതിയിൽ പിന്നീടു് അച്ചടിപ്പിക്കപ്പെട്ടു. ഇൻഡ്യായിലെ നെയ്ത്തുയന്ത്രങ്ങളിലെ പരിശ്രമങ്ങൾക്കു് ഒരു രക്ഷയാണെന്നു വെച്ചിരുന്ന ഈ തീരുവ സൂക്ഷ്മത്തിൽ അപ്രകാരമല്ലെന്നു സൊറാബ്ജി തന്റെ ഈ ലേഖനത്തിൽ തെളിയിക്കാൻ ശ്രമിച്ചു. ആലോചിച്ചതുപോലെ തീരുവ നിൎത്തൽ ചെയ്യപ്പെട്ടു; എന്നാൽ ഈ വിഷയത്തെപ്പററി ഉണ്ടായിട്ടുള്ള ലേഖനങ്ങളിൽവെച്ചു് ഏററവും ഗൌരവമുള്ളതു സൊറാബ്ജിയുടെ ഈ ചെറിയ പുസ്തകമാണെന്നു മാഞ്ചെസ്റ്ററിലെ പ്രധാനപത്രങ്ങളിലൊന്നായ 'ഗാൎഡിയൻ' സമ്മതിച്ചു.

ഫവ്വമെ_ൽ അദ്ദേഹം നെയരോജി ഫർദൂൺജിയാൽ അദ്ധ്യക്ഷം വഹിക്കപ്പെട്ടിരുന്ന റഹ്നുമൈമസ്ഡിയസിൻ എന്ന ഒരു സഭയിലെ മാന്യകാര്യസ്ഥനായി ഭവിച്ചു. പാർസികൾ തങ്ങളുടെ സമീപസ്ഥന്മാരായ ഹിന്ദുക്കളോടും മഹമ്മദീയരോടുമുള്ള സംസർഗ്ഗം നിമിത്തം അവരുടെ ആചാരങ്ങളിലും വിവാഹവിഷയങ്ങളിലും ശേഷക്രിയകളിലും ദോഷകരമായി അനേകനടവടികളെ ഉണ്ടാക്കിത്തീർത്തിരുന്നു. ഇതിനെ ഉന്മൂലനം ചെയ്യുന്നതിനായിട്ടായിരുന്നു ഈ സഭ ഏർപ്പെടുത്തപ്പെട്ടതു്. പ്രാചീനസമ്പ്രദായക്കാർ നവീനപരിഷ്കാരപ്രിയന്മാരെ അധിക്ഷേപിക്കയും അവരുടെ ഉദ്യമങ്ങളെ വിരോധിക്കുന്നതിന് ഒരു എതിർസംഘം ഏർപ്പെടുത്തുകയും ചെയ്തു. ഈ രണ്ടു സംഘക്കാരും തമ്മിലുണ്ടായ വാദപ്രതിവാദങ്ങളിൽ പ്രാചീനസമ്പ്രദായക്കാർക്ക സാധാരണമായി മദ്ധ്യമപ്രാധാന്യമേ കിട്ടാറുണ്ടായിരുന്നുള്ളു. ബാലകബാലികാവിദ്യാഭ്യാസവും ഈ സംഘക്കാർക്കുണ്ടായിരുന്ന ഉദ്ദേശ്യങ്ങളിലൊന്നായിരുന്നു. പാർസിബാലികാവിദ്യാലയസ്ഥാപനസംഘത്തിൽ സൊറാബ്ജി അത്യുത്സാഹിയായ ഒരു സാമാജികൻ ആയിരുന്നു. കുറെക്കാലം ഒരു മാന്യാധികാരിയുടെ നിലയിൽ അദ്ദേഹം ഈ സംഘകാര്യങ്ങളെ നിർവ്വഹിക്കയും ചെയ്തു. താൻ സംഘസഹായത്തെ പ്രതീക്ഷിക്കാതെ സ്വേച്ഛാനുസാരേണ അഞ്ചു ബാലികാപാഠശാലകൾ ഏർപ്പെടുത്തി. ഇവയിൽ നാലെണ്ണം ബാംബെയിലും ഒന്നു നൌസാരിയിലും ആയിരുന്നു. ഇവയിൽ രണ്ടെണ്ണം തൻെറ സ്വന്തചിലവിന്മേൽ തന്നെയാണു നടത്തപ്പെട്ടതു്. സ്ത്രീകൾക്കവേണ്ടി "സ്ത്രീബോധം" എന്ന നാമധേയത്തോടുകൂടി ഒരു വൃത്താന്തപത്രത്തെ അദ്ദേഹം ബൊംബേയിൽ തുടങ്ങുകയും ഒരു കൊല്ലത്തോളം താൻതന്നെ അതിലേക്കു വേണ്ടി മിക്ക ലേഖനങ്ങളും എഴുതുകയും ചെയ്തു. തൻെറ യൗവക പരിശ്രമങ്ങളിൽ ഏററവും ഉൽകൃഷ്ടമായതു കോട്ടയ്ക്കക

ത്തു പെൺകുട്ടികൾക്ക് ഒരു വിദ്യാലയത്തെ സ്ഥാപിക്കുന്നതിനുവേണ്ടി താൻ അൻപതിനായിരം ഉറുപ്പിക കൊടുത്തതാകുന്നു. ഈ വിദ്യാലയത്തിനു തന്റെ അമ്മയുടെ നാമധേയമായ 'ബായിനിക്കായി' എന്നു പേർ കൊടുക്കയും ചെയ്തു.

മരണപത്രം ഇല്ലാതെ ഇരുന്നാലുള്ള അവകാശക്രമത്തെയും വിവാഹാനന്തരം സ്ത്രീകൾക്കുള്ള അവകാശത്തെയും വിവാഹവിച്ഛേദത്തെയും സംബന്ധിച്ച പാർസികൾക്കു ചില നിയമങ്ങൾ സമ്പാദിക്കുന്നതിലും സൊറാബ്ജി കാരണഭൂതനായിരുന്നു. ഈ നിയമങ്ങൾ പാർസികളുടെ അവകാശക്രമനിയമത്തിലും വിവാഹനിയമത്തിലും വിവാഹവിച്ഛേദനിയമത്തിലും അടങ്ങിയിരിക്കുന്നു. സ്വജാതിക്കാരുടെ ഗുണാഭിവൃദ്ധിക്ക് ആവശ്യങ്ങളായ നിയമങ്ങളെ നിർമ്മിക്കുന്നതിനു ഗവർമ്മെണ്ടിനെ ഉത്സാഹിപ്പിക്കാനുള്ള ഉദ്ദേശത്തോടുകൂടി ൧൮൫൫-ൽ ഉണ്ടായ പാർസിനിയമസംഘത്തിലെ കാര്യസ്ഥന്മാർ നൌറോജി ഫർദ്ദൂൺജിയും സൊറാബ്ജിയും ആയിരുന്നു. ഈ നിയമങ്ങളാലുണ്ടാവുന്ന പ്രധാനഗുണങ്ങളെപ്പററി സൊറാബ്ജിതന്നെ "പാർസിനിയമം" എന്ന പുസ്തകത്തിന്റെ മുഖവുരയിൽ താഴെ പറയുംപ്രകാരം പ്രസ്താവിച്ചിരിക്കുന്നു. ൧൮൬൫-ലെ പാർസി വിവാഹനിയമത്തിലും വിവാഹവിച്ഛേദനിയമത്തിലും അവയിൽ കല്പിക്കപ്പെട്ടിരിക്കുന്ന പ്രധാനസംഗതികളെല്ലാം ഇംഗ്ലീഷുകാരുടെ ൧൮൫൭-ലെ നിയമങ്ങളിൽ നിന്ന് എടുക്കപ്പെട്ടിട്ടുള്ളവയാകുന്നു എന്ന് ഈവക വിഷയങ്ങളിൽ അല്പമെങ്കിലും പരിജ്ഞാനമുള്ള ഒരു വായനക്കാരന് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാകുന്നു. ഇംഗ്ലീഷുകാരുടെ ഇടയിലുള്ള നിയമത്തെ അനുസരിച്ച് ഏകകാലത്തിൽ രണ്ടുഭാര്യാസ്വീകാരം ശിക്ഷാർഹമായ ഒരു കുററമാണെന്നു പ്രസ്താവിക്കുന്ന ഒരു നിയമം ഏഷ്യാജാതിക്കാരുടെ ഇടയിൽ നടപ്പാക്കിയ

പ്രഥമാവകാശം തങ്ങൾക്കാകുന്നു എന്നുള്ള സംഗതിയെപ്പററി പാർസികൾക്കു ന്യായമായ അഭിമാനം തോന്നാവുന്നതാകുന്നു. ആവക കാരണങ്ങളെക്കൊണ്ടുതന്നെ കിഴക്കെ ദിക്കുകളിലുള്ള ജാതിക്കാരിൽ തങ്ങളാണു സ്ത്രീകൾക്ക് ആദ്യമായി ഒരു ഉന്നതപദവിയെ കൊടുത്തതെന്നും, പാർസികൾക്ക് അഭിമാനം തോന്നാവുന്നതാകുന്നു. പാർസികളുടെ പിന്തുടർച്ചാവകാശനിയമം തങ്ങൾക്കു നാനാവിധതർക്കങ്ങൾക്കും ബുദ്ധിമുട്ടുകൾക്കും ഇടയുണ്ടാക്കിയിരുന്ന ഒരു വിരുദ്ധഉന്മൂലനം ചെയ്തു; എങ്ങിനെ എന്നാൽ ബാംബേയിലും സമീപത്തുമുള്ള പാർസികൾ പരസ്പരവിരുദ്ധമായ രണ്ടു നിയമങ്ങൾക്കു കീഴ്പെട്ടിരുന്നു. ബാംബേ പട്ടണത്തിലുള്ള പാർസികൾക്കു മരണപത്രപ്രകാരം നിശ്ചയം ചെയ്യാത്ത എല്ലാ മുതലും ഇംഗ്ലീഷുകാരുടെ നിയമത്തെ അനുസരിച്ചു വിഭജിക്കാവുന്നതായിരുന്നു. എന്നാൽ പട്ടണത്തിനു പുറമെ സമീപമുള്ള പാർസികളുടെ മുതലിൻെറ വിഭാഗം, സിവിൽകോടതികളിൽ കൊണ്ടുവരപ്പെട്ട ഓരോ വ്യവഹാരസംഗതിയിൽ ഖണ്ഡിതമായ ഒരു നിയമമില്ലാതിരുന്നതിനാൽ, ഏതുവിധമെങ്കിലും വ്യാഖ്യാനിക്കാവുന്നതും നടപ്പനുസരിച്ചു തീർച്ചയാക്കാമെന്നു സ്ഥാപിക്കുന്നതും ആയ ൧൮൨൭-ലെ നാലാം നിയമത്തെ അനുസരിച്ചായിരുന്നു. പട്ടണത്തിനു പുറമെയുള്ള ഒരു പാർസി മരണപത്രമെഴുതിവെക്കാതെ മരിച്ചാൽ, മരിച്ച ആൾക്കു പുത്രന്മാരോ ഭ്രാതാക്കന്മാരോ ഉണ്ടായിരുന്നാൽ സ്ത്രീകളുമായുള്ള സംബന്ധികളുടെ അവകാശത്തെ നിരസിച്ചു മേൽപറഞ്ഞവൎക്കായിക്കൊണ്ടു മുതലിനെ ഭാഗിച്ചു കൊടുക്കുന്നതായിട്ടും വിധവക്കും പുത്രിമാൎക്കും മുതലവകാശമില്ലാതെ തള്ളിക്കളയുന്നതായിട്ടും ആയിരുന്നു ഒരു സമ്പ്രദായം നടന്നിരുന്നതു്. പാർസി പിന്തുടർച്ചാവകാശനിയമം നടപ്പാക്കിയതുകൊണ്ടു പട്ടണത്തിനു പുറമെയുള്ളവൎക്കു നേരിട്ടിരു

KOTTAYAM PUBLIC LIBRARY KOTTAYAM.

ന്ന ദോഷം നിന്നുപോയി. അതു പട്ടണത്തിലും പുറമേയു ള്ള പാർസികൾക്ക മരണപത്രമുള്ളപ്പോഴും ഇല്ലാത്തപ്പോഴും ഉള്ള സമ്പ്രദായങ്ങളെ ഒരുപോലെ ആക്കിയതിനു പുറമെ പട്ടണത്തിലുള്ളവക്ക് അവർ ഇംഗ്ലിഷുകാരുടെ നിയമപ്രകാരം അനുഭവിച്ചിരുന്നതിലും അധികം ന്യായമായും അനുരൂപമായും വിഭജിപ്പുകൊടുക്കാവുന്ന ഒരു സമ്പ്രദായത്തേയുംകൂടി ഏൎപ്പെടുത്തി കൊടുത്തു. അതുകൊണ്ടു ബ്രിട്ടീഷ് ഇന്ത്യയിൽ എവിടെ എങ്കിലും മരണപത്രമെഴുതിവെക്കാതെ മരിക്കുന്ന ഒരു പാർസിയുടെ സ്വത്തു, സ്ത്രീകളുടെ ന്യായമായ അവകാശങ്ങളെ അധികം അനുസരിച്ച സമ്പ്രദായത്തിലും പാർസി സമുദായത്തിലെ സ്ത്രീപുരുഷന്മാർ തമ്മിൽ ആചരിക്കേണ്ടുന്ന ബാദ്ധ്യതകളേയും ധൎമ്മങ്ങളേയും പാർസികൾക്ക സൎവ്വസമ്മതമാകുംവണ്ണം വിവരിച്ചിട്ടുള്ള ചില മൎയ്യാദകളെ അനുസരിച്ചിട്ടുള്ള വിധത്തിലുമാകുന്നു ഇപ്പോൾ വിഭജിക്കപ്പെടുന്നതു്.

സൊറാബ്ജിയുടെ ഉപദേശത്താൽ ബൊംബേയിൽ ൧൮൬൩-ൽ 'സർ ജാംസെട്ട്ജി ജീജിഭായി സാൎത്ഥോഷ്ടിമദ്രേസ്സാ' എന്ന വിദ്യാലയം സ്ഥാപിക്കപ്പെട്ടു. "പാർസികളുടെ മതത്തെ സംബന്ധിച്ചുള്ള ഭാഷകളും പുസ്തകങ്ങളും" എന്ന നാമധേയത്തോടുകൂടി അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ ഉപന്യാസത്തിൽ പാർസി പുരോഹിതന്മാരുടെ പഠിപ്പിലേക്ക് ഒരു വിദ്യാലയം സ്ഥാപിക്കേണ്ടതാണെന്നു് അദ്ദേഹം അഭിപ്രായപ്പെടുകയും, ഇതിനെ കഴിഞ്ഞുപോയ റസ്തോംജി ജാംസെട്ട്ജി ജീജിഭായി സ്വീകരിച്ചു് അതിലേയ്ക്കു വലുതായ ഒരു ദ്രവ്യസംഖ്യയെ ദാനം ചെയ്തു് അതിനെ പൂൎത്തിയാക്കുകയും ചെയ്തു. ആ വിദ്യാലയത്തിന്റെ നിൎമ്മാണം സൊറാബ്ജി മുഖാന്തരമാണു നടത്തിയതു്. അതിന്റെ സകല ഏൎപ്പാടുകളും കഴിഞ്ഞതിന്റെ ശേഷം അദ്ദേഹം തന്നെ അതിലെ മാന്യാധികാരിയായിത്തീൎന്നു.

൧൮൭൪-ൽ സൊറാബ്ജിയെ ബൊംബെയിലെ ഒരു സമാധാനന്യായാധിപതിയായി നിയമിച്ചു. പിന്നത്തെ സംവത്സരത്തിൽ നഗരശുചീകരണകാൎയ്യങ്ങളെ നടത്തുന്നതിനായി ന്യായാധിപതികളുടെ ഒരു യോഗത്തെ ഏൎപ്പെടുത്തി. അതിലെ കമ്മിഷണരായി വളരെ ത്രാണിയുള്ള ഒരാളെ ഗവൎമ്മെണ്ടിൽനിന്നും നിയമിച്ചു. അദ്ദേഹം ആ ഏൎപ്പാടുവക പണം സംബന്ധിച്ച കാൎയ്യാന്വേഷണത്തിൽ വളരെ ഉപേക്ഷ കാണിയ്ക്കുകയും മൂന്നുനാലു വൎഷങ്ങൾകൊണ്ടു് ആ ഏൎപ്പാടിനെ കുറച്ചിലായ നിലയിൽ കൊണ്ടുവരികയും ചെയ്തു. ഈ യോഗത്തിലെ ന്യായാധിപതികളിൽ അധികം പേരും ഈ തകരാറായുള്ള കാൎയ്യാന്വേഷണത്തെക്കുറിച്ചു് എന്തെങ്കിലും ഒരു പരിശോധന ചെയ്യുന്നതിൽ വിമുഖന്മാരായിരുന്നു. എന്നാൽ അവരിൽ ഏതാനും ആളുകൾ സൊറാബ്ജിയുടെ നായകത്വത്തിൻകീഴിൽ മേൽപറഞ്ഞ ക്രമക്കേടിനെ വിരോധിച്ചു. ഇതു നിമിത്തം വിവാദമുത്ഭവിയ്ക്കുകയും ഒടുവിൽ ബാംബെ ഗവൎമ്മേണ്ടിൽനിന്നും മിസ്റ്റർ ഹോപ്പ് എന്ന ആളെ അഗ്രാസനാധിപതിയാക്കി ഒരു അന്വേഷണസംഘം ഏൎപ്പെടുത്തുന്നതിനിടയാകയും ചെയ്തു. നഗരശുചീകരണാധികാരികളുടെയും ന്യായാധിപതികളുടെയും മേൽ കുററം ചുമത്തുന്നതിനുള്ള ചുമതല സൊറാബ്ജിയെ ഏല്പിച്ചിരുന്നു. ന്യായാധിപതികൾക്കു വളരെ ദോഷകരമായും തങ്ങൾ ഒരു സംഘമായി ചെയ്യേണ്ടതായ ഭരണം ക്രമപ്രകാരം ചെയ്തിട്ടില്ലെന്നു പ്രത്യക്ഷമായി തെളിയിയ്ക്കുന്നതായും ഭിന്നാഭിപ്രായമില്ലാത്തതായുമുള്ള ഒരു റിപ്പോർട്ട് അന്വേഷണസംഘക്കാർ എഴുതി. ഇതിനിടയിൽ നഗരശുചീകരണാധികാരി തനിയ്ക്കു ശരീരസുഖമില്ലെന്നുള്ള നിലയിൽ തന്റെ പണി രാജികൊടുത്തു. അന്വേഷണസംഘക്കാരുടെ റിപ്പോർട്ടിനെപ്പററിയുള്ള ഗവൎമ്മേണ്ടുകല്പനയിൽ നഗരശുചീകരണാധികാരിയുടെ രാജി അദ്ദേഹത്തിനോടു പണിയിൽനിന്നും പിരിഞ്ഞുപോകേണമെന്നു ഗവൎമ്മേണ്ടിൽനി

നും നിയമാനുസരണമായി ആവശ്യപ്പെടേണ്ടതിൽനിന്നും ഗവൎമ്മേണ്ടിനെ ഒഴിവാക്കിയിരിയ്ക്കുന്നു എന്നു പ്രസ്താവിയ്ക്കപ്പെട്ടു. അനന്തരം പുതുതായി ഒരു നഗരശുചീകരണനിയമം നടപ്പാക്കപ്പെട്ടു. അതുപ്രകാരം നൂറ് സാമാജികന്മാരുള്ള ഒരു സംഘം ആ പട്ടണത്തിലെ കാൎയ്യാന്വേഷണത്തിനായി ഏൎപ്പെടുത്തപ്പെട്ടു. ഈ സംഘത്തിൽ പകുതി ആളുകളെ നികുതി കൊടുക്കുന്ന കുടിയാന്മാർ തിരഞ്ഞെടുക്കേണമെന്നുള്ള നിശ്ചയമുണ്ടായിരുന്നു. ഈ സംഘം സംബന്ധിച്ചുള്ള നിയമങ്ങളെ ഏൎപ്പെടുത്തുന്നതിൽ സർ ജേംസ് ഫിററ്ജെറാൾഡ് സൊറാബ്ജിയോട് ആലോചിയ്ക്കുകയും അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെ ൧൮൭൨ നവമ്പ്ര് ൪-ാംനു യിലെ ഒരു എഴുത്തിൽ അദ്ദേഹം എഴുതി അയക്കയും ചെയ്തു. പുതുതായി ഉണ്ടാക്കപ്പെട്ട നഗരശുചീകരണനിയമം മുഴുവനും സൊറാബ്ജിയുടെ അഭിപ്രായത്തെ അനുസരിച്ചായിരുന്നു. അദ്ദേഹത്തിനു പുതിയ സംഘത്തിലെ ഒരു സാമാജികനായിരിയ്ക്കാൻ തരമായില്ല. ഈ സംഘത്തിലേയ്ക്കു സംഘസംജ്ഞയെ പ്രദൎശിപ്പിയ്ക്കുന്ന ഒരു കൊടി അദ്ദേഹം സമ്മാനമായി കൊടുത്തു. അദ്ദേഹം നഗരപാലനകാൎയ്യങ്ങളിൽ വിട്ടിട്ടുള്ള നികുതിപോലെ നേരിട്ടു നികുതി ഏൎപ്പെടുത്തേണമെന്നുള്ള പക്ഷക്കാരനായിരുന്നു. നഗരനികുതികളേപ്പോലെ നേരിട്ടല്ലാതെ കണ്ടുള്ള നികുതികൾ സാധുക്കളെ ഉപദ്രവിച്ചു ധനികന്മാരെ ഒഴിവാക്കുന്നവയാകയാൽ ന്യായവിരുദ്ധങ്ങളാകകൊണ്ടു് അപ്രകാരമുള്ള നടപ്പിനു് അദ്ദേഹം പ്രതികൂലിയായിരുന്നു. പരന്ത്രീസ്സുകാരുടെ രാജ്യത്തു നടപ്പുള്ള മാതിരി പട്ടണങ്ങളിലേയ്ക്കു സാമാനങ്ങൾ കടത്തിക്കൊണ്ടുവരുമ്പോൾ ഉള്ള ഒരു നികുതി പോക്കുവരവുനികുതിയായി മാററിയതു ബാംബെയിലെ ക്ഷേമത്തിനും കച്ചവടത്തിന്റെ അഭിവൃദ്ധിയ്ക്കും ദോഷകരമാണെന്നുള്ള കാരണത്തിന്മേൽ അദ്ദേഹം പലപ്പോഴും അതിനെ വിരോധിച്ചിട്ടുണ്ടു്. ൧൮൭൮-ൽ സൊറാബ്ജി ബാംബേ നിയമനിൎമ്മാണസഭ

യിൽ ഒരു സാമാജികനായി നിയമിക്കപ്പെട്ടു. താൻ സാമാജികനായിരുന്ന ഈ കാലത്തിൽ ബാംബെയിലെ പഞ്ഞി നൂൽക്കുന്ന യന്ത്രശാലകളിൽ പണിയെടുക്കുന്ന കുട്ടികൾക്കു നിയമപ്രകാരം രക്ഷയെ ഉണ്ടാക്കിക്കൊടുക്കുന്നതിൽ അദ്ദേഹം വളരെ പ്രയത്നം ചെയ്തു. ഈ ശാലകളിൽ അഞ്ചു വയസ്സു മുതൽ ഏഴുവയസ്സുവരെ പ്രായമുള്ള കുട്ടികളെ പന്ത്രണ്ടു പതിമ്മൂന്നു മണിക്കൂറോളം; ഇടക്കു് അരമണിക്കൂറുമാത്രം ഇളവുകൊടുത്തു, പണിയെടുക്കാൻ നിർബ്ബന്ധിക്കാറുണ്ടായിരുന്നു. സൊറാബ്ജി ഈ കാൎയ്യത്തിൽ യഥായോഗ്യം പ്രവൃത്തിക്കാൻ ഒരുമ്പെട്ടു ബാംബെ സംസ്ഥാനത്തുള്ള യന്ത്രശാലകളിലും ശില്പശാലകളിലും വേലക്കാരുടെ വേലയെ ക്ലിപ്തപ്പെടുത്തുന്നതിനായി ഒരു നിയമത്തിന്റെ നക്കൽ തയ്യാറാക്കി. അതിനെ ബാംബേ ഗവൎമ്മേണ്ടിൽനിന്നും മഹാരാജ്ഞിയുടെ പ്രതിനിധിയുടെ അടുക്കലേക്കു് അയച്ചപ്പോൾ സൊറാബ്ജി അഭിപ്രായപ്പെട്ട മാതിരി അത്ര പരിമിതമായ ഒരു നിയമത്തിനുകൂടിയും ഈ കാൎയ്യത്തിൽ അപ്പോൾ സംഗതിയുണ്ടായിട്ടുള്ളതായി കാണുന്നില്ലെന്നു് അഭിപ്രായപ്പെട്ടു. ഇതുകൊണ്ടു സൊറാബ്ജി ഒട്ടുംതന്നെ അധൈൎയ്യപ്പെടാതെ നിയമമാക്കേണ്ടതായ തന്റെ അഭിപ്രായത്തിന്റെ നക്കലുകൾ ഇംഗ്ലണ്ടിലെ ശില്പശാലാനിയമങ്ങളുടെ കൎത്താവായ ഷാഫ്റ്റ്സ്ബറി പ്രഭുവിന്റെ അടുക്കലേക്കു് അയക്കയും അദ്ദേഹം അതിനെ സ്വീകരിച്ചു പ്രഭുക്കന്മാരുടെ ആലോചനസഭയിൽ പലതവണയും കൊണ്ടുചെല്ലുകയും ചെയ്തു. മഹാരാജ്ഞിയുടെ അധികാരത്തിൽപ്പെട്ട ഇന്ത്യായിലുള്ള യന്ത്രശാലകളിലും ശില്പശാലകളിലും സ്ത്രീകളുടേയും കുട്ടികളുടേയും വേലയെ നിൎണ്ണയപ്പെടുത്തുന്നതിന്നു് ഒരു നിയമം നടപ്പാക്കുന്നതിന്റെ ആവശ്യകതയെ ഉടനെ ആലോചിക്കാൻ മഹാരാജ്ഞിയുടെ ഇന്ത്യായിലെ പ്രതിനിധിക്കു കല്പനകൊടുക്കാൻ പ്രാൎത്ഥിക്കുന്നതായ ഒരു അപേക്ഷാപത്രം മഹാരാജ്ഞിയുടെ അടുക്കലേക്കു കൊണ്ടു

പോകാൻ അദ്ദേഹത്തിന്ന ൧൮൯൧ൽ ഏപ്രിൽ മാസം ൪-ാംനു സാധിച്ചു. ഇന്ത്യാരാജ്യത്തേക്കുള്ള അന്നത്തെ സചിവനായിരുന്ന ക്രാൻബ്രൂക്ക പ്രഭു മിസ്റ്റർ സൊറാബ്ജിയാൽ ഉണ്ടാക്കപ്പെട്ടതും ആലോചനയിൽ ഇരിക്കുന്നതുമായ നിയമങ്ങൾ നിയമമാക്കാൻ അൎഹതയുള്ളതാകയാൽ അതിനെക്കുറിച്ചു നിഷ്പക്ഷപാതമായി താൻ നല്ലതിൻവണ്ണം ആലോചിക്കുമെന്നു വിവാദസന്ദൎഭത്തിൽ വാഗ്ദാനംചെയ്തു. ഈ വിഷയത്തെപ്പററി റിപ്പൺപ്രഭു തൽക്കാലം നായകനായിരുന്ന ഇന്ത്യാഗവൎമ്മേണ്ടു നിൎബ്ബന്ധിക്കപ്പെട്ടതിനാൽ ബാംബെയിലെ യന്ത്രശാല ഉടമസ്ഥന്മാരുടേയും മററും പ്രബലമായ തടസ്ഥമുണ്ടായിരുന്നിട്ടും ശില്പശാലയേപ്പററിയുള്ള ൧൮൯൧-ലെ നിയമം ഗവൎണ്ണർ ജനറാലിൻെറ നിയമനിൎമ്മാണസഭയിൽനിന്നും നടപ്പാക്കി. ഈ നിയമത്താൽ ഇന്ത്യായിലുള്ള എല്ലാ ശില്പശാലകളിലും ഏഴു വയസ്സിന്നു താഴെയുള്ള കുട്ടികളെക്കൊണ്ടു പണിയെടുപ്പിക്കരുതെന്നും ഏഴും പന്ത്രണ്ടും വയസ്സുകൾക്കു മദ്ധ്യെയുള്ള കുട്ടികളെക്കൊണ്ടു ൯ മണിക്കൂറിലധികം പണി എടുപ്പിക്കാൻ പാടുള്ളതല്ലെന്നും ഭക്ഷണത്തിനും വിശ്രമത്തിനും ഉള്ള ഇട ഒരു മണിക്കൂറു മുഴുവൻ അനുവദിക്കേണമെന്നും വ്യവസ്ഥചെയ്യപ്പെട്ടു. വേല എടുക്കുന്ന ആളുകൾക്കു കൂടുതലായ രോഗരക്ഷക്ക് ആവശ്യകമായ ചില ഏൎപ്പാടുകളും ഈ നിയമത്തിൽ ചേൎക്കപ്പെട്ടിട്ടുണ്ട്.

ഇന്ത്യായിലെ സ്ത്രീകളുടെ ചികിത്സക്കു സൌകൎയ്യം ഉണ്ടാക്കേണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി ഇന്ത്യായിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യശാസ്ത്രവിദ്യാലയങ്ങളിൽ നാട്ടുകാരായ ബാലികമാരെയും യൂറോപ്യൻ ബാലികമാരേയും പഠിപ്പിക്കുന്നതിന്നു വൈദ്യശാസ്ത്രത്തിൽ വിദഗ്ദ്ധകളായ യൂറോപ്യൻ സ്ത്രീകളെ ഇന്ത്യായിലേക്കു വരുത്താൻ വേണ്ട ഏൎപ്പാടുകൾ ചെയ്യുന്നതിൽ ജി. എ. കെറൈറിഡ്ജ് എന്ന ആളോടുകൂടി താൻ ചെയ്ത പ്രയത്നങ്ങളാലും സൊറാബ്ജി വളരെ വിഖ്യാതനായിട്ടുണ്ട്. രോഗം പിടിപെടുന്ന സമയങ്ങളിൽ ഇ

ന്ത്യായിലെ സ്ത്രീകൾക്ക പുരുഷന്മാരായ വൈദ്യന്മാരെക്കൊണ്ടു ചികിത്സിപ്പിക്കുന്നതിൽ വൈമനസ്യമുണ്ട്. അതുകൊണ്ട് അവൎക്ക് ചികിത്സചെയ്യുന്നതിനു സ്ത്രീകളായ വൈദ്യക്കാരുടെ സഹായമാണ് ആവശ്യകമായിട്ടുള്ളത്. ഈ ഉദ്ദേശ്യത്തോടുകൂടി സൊറാബ്ജിയും മിസ്റ്റർ കെറൈറിഡ്ജും ചേൎന്നു ൧൮൮൩-ൽ ഒരു ഏൎപ്പാടു ചെയ്തു അതിനെ പൊതുജനങ്ങളുടെ ശ്രദ്ധയോടുകൂടിയ ആലോചനയ്ക്കായി അൎപ്പണംചെയ്തു. ഈ ഏൎപ്പാടിൽ അടങ്ങിയിരുന്ന സംഗതികളിൽ ഒന്നാമത്തു് ഇംഗ്ലണ്ടിൽനിന്നും യോഗ്യതയുള്ള വൈദ്യക്കാരായ സ്ത്രീകളെ വരുത്തി പണിയിൽ പ്രവേശിപ്പിക്കുന്നതും രണ്ടാമത്തു സ്ത്രീകൾക്കും കുട്ടികൾക്കുംകൂടി വൈദ്യക്കാരായ സ്ത്രീകളുടെ കീഴിൽ ഒരു ആസ്പത്രി സ്ഥാപിക്കുന്നതും മൂന്നാമത്തു് ഇന്ത്യൻ ബാലികമാരേയും ഈ രാജ്യത്തുള്ള വൈദ്യശാസ്ത്രവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നതും നാലാമത്തു് ഒരു ഔഷധശാല ഏൎപ്പെടുത്തുന്നതുമായിരുന്നു. ബാംബേയിലെ ഔദാൎയ്യമുള്ള പട്ടണവാസികളുടെ സഹായത്താൽ സൊറാബ്ജിക്കു് ഈ ഉദ്ദേശ്യങ്ങൾ എല്ലാം സാധിക്കാൻ കഴിഞ്ഞു. അതിനാൽ റേ പ്രഭു പറഞ്ഞതിൻവണ്ണം "ഈ കാൎയ്യത്തിനു വേണ്ടി എല്ലാവരും സൊറാബ്ജിയുടെ നേരെ ആദരവും കൃതജ്ഞതയും ഉള്ളവരായിരിക്കേണ്ടതാകുന്നു." ബാംബെ സൎവ്വകലാശാലയിലെ നിൎവ്വാഹകസംഘത്താൽ നിശ്ചയിക്കപ്പെടുന്ന ഒരു വിഷയത്തിൽ ഇംഗ്ലീഷുഭാഷയിൽ ഏററവും നന്നായി ബി. എ. പരീക്ഷയിലോ എം. എ. പരീക്ഷയിലോ ജയിച്ച ഏതെങ്കിലും ഒരു വിദ്യാൎത്ഥി എഴുതുന്ന ഒരു ഉപന്യാസത്തിനു "കർസൻദാസ് മൂൾജി പ്രൈസ്സ്" എന്ന നാമധേയത്തോടുകൂടി വൎഷംതോറും ഒരു സമ്മാനം കൊടുക്കേണ്ടതിലേക്കു് ഗവൎമ്മേൻറിൽ ൩൦൦൦ ഉറുപ്പിക അദ്ദേഹം ഏല്പിക്കുകയും ചെയ്തിട്ടുണ്ട്.

സൊറാബ്ജി പൊതുജനങ്ങൾക്കുവേണ്ടി ചെയ്തിട്ടുള്ള പ്രയത്നങ്ങളെ ഗവൎമ്മേൻറിൽനിന്നും വേണ്ടുംവണ്ണം അഭിനന്ദി

ച്ചു അദ്ദേഹത്തിനു ൧൮൮൧-ൽ ബൊംബെ പട്ടണത്തിൽ ഷെരിഫ് എന്ന അധികാരവും സി. ഐ. ഇ. എന്ന മാന്യസ്ഥാനവും കൊടുക്കപ്പെട്ടു. അദ്ദേഹം "എൽഫിൻസ്റ്റൻ വിദ്യാഭ്യാസധനം" എന്ന മുതലിന്റെ ഒരു രക്ഷാധികാരിയും പാർസി വിവാഹത്തെ സംബന്ധിച്ചുള്ള പ്രധാനകോടതിയിലെ ഒരു പ്രതിനിധിയും ബൊംബെ സർവ്വകലാശാലയിലെ ഒരു ഫെല്ലോവും (പാരിഷദ്യനും) ആയിരുന്നു. ബൊംബെയിലെ കലക്ടരായിരുന്ന മിസ്റ്റർ ജെ. എച്ച്. ഗ്രാന്റിന്റെ അഗ്രാസനാധിപത്യത്തിൽ ഏൎപ്പെടുത്തിയ അബ്കാരി കമ്മീഷനിൽ ഒരു സാമാജികനായി ൧൮൮൨-ൽ അദ്ദേഹം ജോലി നോക്കുകയും ചെയ്തു. അദ്ദേഹം ൧൮൮൫-ൽ പരലോകം പ്രാപിച്ചു.

# നെഊറോജിഫർദൂഞ്ജി.

നെഊറോജിഫർദൂഞ്ജി ൧൮൧൭ മാൎച്ച്മാസത്തിൽ ബ്രോച്ച് എന്ന ദിക്കിൽ ജനിച്ചു. അദ്ദേഹത്തിന്റെ പ്രാഥമികവിദ്യാഭ്യാസം ആ പട്ടണത്തിലും തോമസ് സാമൺ എന്ന പാതിരിയുടെ കീഴിൽ സൂറത്ത് എന്ന ദിക്കിലുമായിരുന്നു. അതിന്റെ ശേഷം അദ്ദേഹം അച്ഛനോടുകൂടി ബൊംബെക്കു പോയി സ്വദേശീയവിദ്യാഭ്യാസസംഘംവക വിദ്യാലയങ്ങളിൽ ചേൎന്നു. യുവാവായ നെഊറോജി വിദ്യാൎത്ഥിയുടെ നിലയിൽ ഏററവും ഖ്യാതിയെ പ്രാപിക്കുകയും അനേകസമ്മാനങ്ങളും സ്കാളർഷിപ്പുകളും പാരിതോഷികങ്ങളും സമ്പാദിക്കയും ചെയ്തു! ഇംഗ്ലീഷുഭാഷയിലുണ്ടായിരുന്ന വിദഗ്ദ്ധതക്കു അദ്ദേഹത്തിനു അന്നത്തെ ബൊംബെ ഗവൎണ്ണർ ആയിരുന്ന ക്ലേർപ്രഭു ഒരു വെള്ളിമുദ്ര സമ്മാനം കൊടുത്തു. വിദ്യാഭ്യാസം തീൎന്നതിന്റെ ശേഷം നെഊറോജി സ്വദേശീയവി

ദ്യാഭ്യാസസംഘംവക വിദ്യാലയത്തിൽ ഒരു അദ്ധ്യാപകസ്ഥാനം സ്വീകരിക്കയും സാധാരണജനങ്ങൾ അദ്ദേഹത്തിനെ 'നൌറോജിമാസ്റ്റർ' എന്നു വിളിപ്പാൻ തുടങ്ങുകയും ചെയ്തു. അനന്തരം അദ്ദേഹത്തിന് എൽഫിൻസ്റ്റൺ കലാശാലയിൽ ഒരു അസിസ്റ്റൻറ് പ്രൊഫസ്സറുടെ സ്ഥാനത്തിലേയ്ക്കു കയററം കിട്ടി. അവിടെ അദ്ദേഹത്തിൻെറ ഉത്സാഹത്താൽ "ബാംബെയിലെ യുവാക്കളുടെ സംഘം" എന്നൊരു സംഘം സ്ഥാപിക്കപ്പെട്ടു. ആ സംഘക്കാരുടെ ഉദ്ദേശ്യം എല്ലാ സംഗതികളിലും പരിഷ്കാരം വരുത്തുക ആയിരുന്നു. നൌറോജിഫ്ർദൂഞ്ജി ഉദ്ദേശ്യസിദ്ധിയ്ക്കുവേണ്ടി ചെയ്ത അത്യുത്സാഹത്തെപ്പററി ബാംബെയിലെ ഒരു വർത്തമാനപത്രം ഇപ്രകാരം പറഞ്ഞിരിക്കുന്നു: "അന്നത്തെ ഇംഗ്ലീഷു പണ്ഡിതന്മാരായ പാററൻ ഗ്രീൻഹക്ക് നെസ്സ്ഫീഡ് എന്നിവക്കു തങ്ങളുടെ കാലത്തുണ്ടായിരുന്ന സ്വദേശീയബാലന്മാരുടെ മേൽ പ്രസിദ്ധനായ ഡാക്ടർ ആർനാൾഡിനുണ്ടായിരുന്നതുപോലെ ഒരു വശീകരണശക്തിയുണ്ടായിരുന്നു. ഇപ്രകാരമുള്ള അവരുടെ വശീകരണശക്തിയും അദ്ധ്യാപനരീതിയുംകൊണ്ടു പാർസി സമുദായത്തിൽ മാത്രമല്ല, നാട്ടുകാരുടെ ഇടയിൽ പൊതുവെ എല്ലാവക സാമുദായികപരിഷ്കാരങ്ങളും ഉത്ഭവിച്ചു. ഈ ഇംഗ്ലീഷ് അദ്ധ്യാപകന്മാരാൽ എൽഫിൻസ്റ്റൻ കലാശാലയിൽ അഭ്യസിപ്പിക്കപ്പെട്ട ആദ്യശിഷ്യന്മാരുടെ കൂട്ടത്തിൽ ദാദാഭായി നൌറോജി, വി. എൻ. മാണ്ഡലിക്ക്, സൊറാബ്ജിഷാപ്പൂർജി, ഡാക്ടർ ഭാവുദാജി മുതലായ പ്രസിദ്ധന്മാർ ഉൾപ്പെട്ടിരിക്കയും ഇവരിൽ 'നൌറോജിമാസ്റ്റർ' എന്നു വിളിക്കപ്പെട്ടുവന്ന പ്രസിദ്ധൻ അവിടെത്തന്നെ ഒന്നാമനായ സ്വദേശീയാദ്ധ്യാപകനായിത്തീരുകയും ചെയ്തു. കലാശാലയ്ക്കകത്തും പുറത്തും ഗുരുശിഷ്യന്മാർ യോജിച്ചുതന്നെ സകലകാര്യങ്ങളും നടത്തിവന്നു. തമ്മിൽ ഇപ്രകാരമുള്ള ഗുരുശിഷ്യസംബന്ധം വിട്ടുപോയതിൽ പിന്നേയും അവർ മററു നടവടികളിൽ ഉണ്ടായിരു

ന്നു സംബന്ധം വിട്ടില്ല. ഉത്സാഹശീലന്മാരായ ഈ യുവാക്കൾ പാഠശാല വിട്ടതിന്റെ ശേഷവും നൌറോജിഫർദ്ദൂഞ്ജിയുടെ നേതൃത്വത്തിൽ പല പ്രകാരത്തിലുള്ള പരിഷ്കാരങ്ങളെ ഏൎപ്പെടുത്തുന്നതിനായി അകുണ്ഠമായ പ്രയത്നം ചെയ്തു. ഈ പ്രയത്നത്തിൽ അവരുടെ പൂൎവ്വാദ്ധ്യാപകന്മാർ കൂടാതെ സർ എർസ്കിൻപെറി, ഡാക്ടർ വിൽസൺ മുതലായ പ്രാമാണികന്മാരായ യൂറോപ്യന്മാരും അവൎക്ക് സഹായികളായിരുന്നു. ഈ കാലത്തു സാമുദായികപരിഷ്കാരത്തിനായി പലരുടേയും ആക്ഷേപങ്ങളെ ഗണിക്കാതെ നൌറോജി ഫർദ്ദൂഞ്ജി പൊല്ലീസുകാരുടെ സഹായത്തോടും ധീരതയോടുംകൂടി സകല പ്രതിബന്ധങ്ങളേയും എതിൎത്തു ശ്രമിച്ചു. ഈ യുവസംഘത്തിന്റെ ഉദ്യമങ്ങൾക്കു് ഒന്നാമത്തെ പാർസി ബാറനെറ്റ് ജംസെത്ത്ജിജീജിഭായി കുറെ കാലത്തേയ്ക്കു പ്രതികൂലനായിരുന്നു എങ്കിലും കാമാകുഡുംബക്കാരും ഫ്രാംജികോവം എന്ന പ്രസിദ്ധനും സന്തോഷപുരസ്സരം ഈ സംഘത്തിൽ ചേൎന്നു. അവരാൽ നടത്തപ്പെട്ട റാസ്റ്റ്ഗോഫ്റ്റാർ എന്ന പത്രം വഴിയായി അവർ തങ്ങളുടെ ഉദ്ദേശ്യങ്ങളെ വെളിവാക്കി. ആ പത്രം ആദ്യകാലംതന്നെ സൎവ്വരാലും സമ്മതിക്കപ്പെട്ടിരുന്നതുകൂടാതെ കാലക്രമേണ സൎവ്വത്ര പ്രാമാണ്യമുള്ളതായിത്തീരുകയും ചെയ്തു. യൂറോപ്യന്മാരുടെ സഹായത്തോടുകൂടി നൌറോജിയുടെ നേതൃത്വത്തിൽ ഈ സംഘക്കാർ സ്ഥിരോത്സാഹന്മാരായി പ്രയത്നം ചെയ്തു. ആ പട്ടണത്തിൽ ഏൎപ്പെടുത്തിയ ഒന്നാമത്തെ പെൺപള്ളിക്കൂടം, ഒന്നാമത്തെ നാട്ടുകാർ വക വായനശാല, ഒന്നാമത്തെ വിദ്യാവ്യവസായ സംഘം, ഒന്നാമത്തെ വാദപ്രതിവാദസമാജം, ഒന്നാമത്തെ രാജ്യകാൎയ്യാലോചനസഭ, ഒന്നാമത്തെ യോഗം, സാമുദായികവും മതസംബന്ധവുമായ പരിഷ്കാരത്തിനുള്ള ഒന്നാമത്തെ സമാജം, ഒന്നാമത്തെ വക്കീൽ സംഘം, വിദ്യാഭ്യാസവിഷയങ്ങളെ പ്രതിപാദിക്കുന്ന

കന്നാമത്തെ മാസികപുസ്തകങ്ങൾ ഇവയ്ക്കു കാരണഭൂതന്മാർ ഈ യുവസഭക്കാരല്ലാതെ മററാരാണ്? കാലക്രമംകൊണ്ട് ഈ സംഘക്കാരുടെ പ്രയത്നഫലം പാർസികളുടെ മതത്തേയും സാമുദായികാചാരത്തേയും കുടുംബഭരണത്തേയും സംബന്ധിച്ചുള്ള നടപടികളിൽ പ്രത്യക്ഷപ്പെട്ടു.

പത്തൊൻപതാം വയസ്സിൽ നെയ്റോജി ഫർദ്ദൂഞ്ജി കാബൂൾ പട്ടണത്തിൽ ബ്രിട്ടിഷ് പ്രതിനിധിയായ സർ അലക്സാൻഡർ ബർൻസിൻെറ സിക്രട്ടറിയും തർജ്ജമക്കാരനുമായി നിയമിക്കപ്പെട്ടു. അവിടെനിന്നും അദ്ദേഹം അഫ്ഘാനിസ്ഥാനിലേയും ബൊഖാറായിലേയും കച്ചവടത്തെക്കുറിച്ച് ഇൻഡ്യാഗവമ്മേണ്ടിനാൽ ഏററവും അഭിനന്ദിക്കപ്പെട്ട അനേകം റിപ്പോർട്ടുകൾ എഴുതി അയച്ചു. എന്നാൽ അദ്ദേഹത്തിനു വളരെ നാൾ അഫ്ഘാനിസ്ഥാനിൽ താമസിക്കാൻ സംഗതിവന്നില്ല; വാസ്തവത്തിൽ ഇംഗ്ലണ്ടും അഫ്ഘാനിസ്ഥാനും തമ്മിൽ യുദ്ധം തുടങ്ങുന്നതിനു മുമ്പിൽ, തൻെറ മാതൃവിയോഗം നിമിത്തം അവിടംവിട്ടു പോരുന്നതിടയായതു് അദ്ദേഹത്തിനു ഭാഗ്യമായി. കാബൂൾ പട്ടണത്തിൽ നെയ്റോജി ഫർദ്ദൂഞ്ജി ഉദ്യോഗം ഭരിച്ചതിനെക്കുറിച്ചു സർ അലക്സാൻഡർ തനിയ്ക്കുള്ള സന്തോഷബഹുമാനാദികളെ റിക്കാർട്ടിൽ ചേക്കയും അദ്ദേഹത്തിൻെറ സ്വഭാവമാധുര്യം, കാര്യശേഷി ഇവയെ അഭിനന്ദിച്ച് ഒരു സട്ടിഫിക്കെററു കൊടുക്കുകയും ചെയ്തു. കാലതാമസംകൂടാതെ വീണ്ടും കാബൂളിൽതന്നെ പോകേണ്ടതാണെന്നുള്ള വിചാരത്തോടുകൂടിയാണു നെയ്റോജി ബാംബയിലേക്കു പോന്നതു്. എന്നാൽ എത്തിയ ഉടൻതന്നെ സർ ബർൻസ്, ലെഫ്ററനെൻറു ബർൻസ്, കാപ്ടൻ ബ്രാഡ്ഫൂട്ടുമുതലായവർ വധിക്കപ്പെട്ടു എന്നു കേട്ടു. ബലാൽകാരമായി ഡാസ്റമഹമ്മദിനാൽ കൈവശപ്പെടുത്തപ്പെട്ടിരുന്ന കാബൂൾസിംഹാസനത്തെ ആയാളിൽനിന്നും എടുത്തു് അഫ്ഘനായ ഷാഷൂജായയ്ക്കു വി

ണ്ടും കൊടുപ്പിയ്ക്കുന്നതിനായി ഒരു ബ്രിട്ടീഷ് സൈന്യം അഫ്ഘാനിസ്റ്റാനെ ആക്രമിച്ചു. കാൻഡഹാർ, ഘസ്നി, കാബൂൾ ഈ പട്ടണങ്ങളെ ഇംഗ്ലീഷുകാർ കൈവശപ്പെടുത്തി എങ്കിലും അവർക്കു വലുതായ ആൾനഷ്ടം ഉണ്ടായി. ഡാസ്റ്റ്മഹമ്മെദിൻെറ പുത്രനായ അക്ബർഖാൻ കാബൂളിൽവെച്ച് അവരെ പരാജിതന്മാരാക്കയും വളരെ ഉദ്യോഗസ്ഥന്മാരെ കൊല്ലുകയും ചെയ്തു. സൈന്യത്തിൽ ഒരംശം ശൌര്യധുര്യന്മാരോടുകൂടി കാൻഡഹാറിൽ പ്രവേശിയ്ക്കയും അവിടേയും അപ്രകാരം കൊല്ലപ്പെടുകയും ചെയ്തു. നൌറോജി ആ കൂട്ടത്തിൽ പോയിരുന്നു എങ്കിൽ അദ്ദേഹത്തിനു അവർക്കു കിട്ടിയതായ അനുഭവം കിട്ടുമായിരുന്നു എന്നുള്ളതിനു സംശയമില്ല. അദ്ദേഹം തനിക്കു അഫ്ഘാനിസ്റ്റനിലുണ്ടായ സഞ്ചാരത്തെക്കുറിച്ചു വ്യക്തമായി വിവരിക്കുന്ന ഒരു ലേഖനം ബാംബെയിലെ പത്രങ്ങൾക്ക് അയച്ചുകൊടുക്കയും തൻെറ സ്വകാര്യഡയറിയിൽ ആഫ്ഘൻ യുദ്ധത്തെക്കുറിച്ച് എഴുതിവെച്ചിരുന്ന വിവരങ്ങളെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ൧൮൪൭-ാമാണ്ടിൽ ബാംബേ സുപ്രീംകോടതിയിൽ ഒരു ദ്വിഭാഷിയായി അദ്ദേഹം നിയമിക്കപ്പെട്ടു. ൧൮൯൪-ാമാണ്ടുവരെ ഈ ഉദ്യോഗത്തിൽ ഇരുന്നതിൻെറ ശേഷം അദ്ദേഹം പണി രാജികൊടുത്തു.

ഉദ്യോഗഭാരത്തിൽനിന്നും മോചിയ്ക്കപ്പെട്ടതിൻെറ ശേഷമാണു നൌറോജിഫർദ്ദൂഞ്ജി ജനസാമാന്യത്തിൻെറ ക്ഷേമാഭിവൃദ്ധിയ്ക്കുവേണ്ടി ഏകാഗ്രതയോടുകൂടി ശ്രമിച്ചു തുടങ്ങിയത്. ൧൮൫൧-ൽ അദ്ദേഹം 'രഹനുമായിമാസ്ഡിയാസിൻ സഭ' എന്നൊരു മതസമാജം ഏർപ്പെടുത്തുകയും അതിൻെറ ആദ്ധ്യക്ഷ്യം വഹിയ്ക്കയും ചെയ്തു. അക്കാലത്തു പാർസികൾ ഹിന്തുക്കളെപ്പോലെ മതവിഷയകങ്ങളായ അനേകം മൂഢവിശ്വാസങ്ങൾക്ക് അധീനന്മാരായിരുന്നതുകൊണ്ട് അവരെ അവയിൽനിന്നും വിടുതൽ ചെയ്യിച്ചല്ലാതെ

തന്റെ സമുഹക്കാർക്ക് പരിഷ്ക്കാരമുണ്ടാവില്ലെന്നു നൌറോജി ക്കു പൂർണ്ണബോദ്ധ്യം ഉണ്ടായി. പ്രാമാണികന്മാരായ ചില പാർസികളുടെ സഹായത്താലും തനിക്കു സ്വതന്ത്രതന്നെയുള്ള പരിശ്രമശീലം, ദൃഢബുദ്ധി ഇതുകളാലും തന്റെ സമുദായത്തിന്റെ അഭിവൃദ്ധിക്കു പ്രതിബന്ധങ്ങളായിരുന്ന അനേകം ദോഷങ്ങളെ ഉന്മൂലനം ചെയ്യുന്നതിനു നൌറോജി ശക്തനായി ഭവിച്ചു. പൂർവ്വാചാരതൽപരന്മാരിൽനിന്നും മഹത്തായ പ്രതിബന്ധം നേരിട്ടു എങ്കിലും അതൊക്കെയും നൌറോജിയുടെ പരിഷ്ക്കാരകാംക്ഷയാകുന്ന അഗ്നിജ്വാലയിൽ ഭസ്മീഭവിച്ചുപോയി.

നവീനമായ ഒരു വിവാഹനിയമവും ഒരു പിന്തുടർച്ചയവകാശക്രമവും നടപ്പാക്കി, അദ്ദേഹം ആ വിധത്തിലും പാർസിസമുദായത്തെ പരിഷ്കരിച്ചു. ഈ ഉദ്ദേശ്യങ്ങളുടെ സിദ്ധിക്കായി ഏർപ്പെടുത്തിയ പാർസിനിയമസഭയുടെ പ്രധാനാംഗം അദ്ദേഹം ആയിരുന്നു. നീതിന്യായക്കോടതികൾ പാർസി നടപടികളെ സംബന്ധിച്ചുണ്ടാകുന്ന തർക്കങ്ങളെക്കുറിച്ച് അദ്ദേഹത്തിനോടു ചോദിക്കുകയും അദ്ദേഹത്തിന്റെ അഭിപ്രായത്തെ ഗൌരവത്തോടുകൂടി വിചാരിക്കുകയും ചെയ്തുവന്നു. കഴിഞ്ഞുപോയ ഭാറുദാജിയോടുകൂടി നൌറോജി ഫ്രവൈൽ തന്നെ പൂർവ്വാധികപ്രസിദ്ധിയുള്ളവനാക്കിത്തീർത്തു. 'ബാംബേ അസ്സോസിയേഷൻ' എന്ന സഭ ഏർപ്പെടുത്തി. ഈ സാരമേറിയ സഭയുടെ സിക്രട്ടേറിയായി അദ്ദേഹം നിയമിക്കപ്പെടുകയും ആ നിലയിൽ നാട്ടുകാർക്ക് പൊതുവെ വളരെ വിലയേറിയ ഉപകാരങ്ങൾ ചെയ്കയും ചെയ്തു.

സാഹിത്യവിഷയത്തിൽ അദ്ദേഹം അത്യാസക്തനും വിദ്യാഭിവൃദ്ധിയിൽ അതിതൽപരനുമായിരുന്നു. അദ്ദേഹം പല വിഷയങ്ങളിലായി അനേകം ഗ്രന്ഥങ്ങളെ ഇംഗ്ലീഷിലും ഗുജറാത്തിയിലും എഴുതുകയും അവയിൽ ഏററവും പ്രസിദ്ധമായ "താരിഖാജർത്താസ്ത്" എന്ന പുസ്തകത്തിൽ

പാർസിമതസ്ഥാപകനായ "സോറൊആസ്റ്റർ" ക്രിസ്തുവിനു വളരെ മുമ്പാണു ജനിച്ചതു് എന്നു സ്ഥാപിക്കുകയും ചെയ്തിട്ടുണ്ടു്. ബാംബെ സ്ത്രീവിദ്യാഭ്യാസത്തിന്റെ മാർഗ്ഗദർശകൻ അദ്ദേഹമായിരുന്നു. 'സ്ത്രീപാഠശാലാസംഘം' എന്നൊരു സഭയെ അദ്ദേഹം ഏർപ്പെടുത്തുകയും ൧൮൫൬-ൽ ഈ സഭക്കാർ അദ്ദേഹത്തിനു ൨൫൦൦ രൂപ വിലയുള്ളതായി ഒരു കൂട്ടം തേയില (വെള്ളി)പ്പാത്രങ്ങളെ സമ്മാനം കൊടുക്കയും അദ്ദേഹത്തിന്റെ ഓർമ്മക്കായി പെൺപള്ളിക്കൂടത്തിൽ സമർത്ഥകളായ സ്ത്രീകൾക്കു് അദ്ദേഹത്തിന്റെ പേരിൽ ഒരു സ്കാളർഷിപ്പ് കൊടുക്കുന്നതിലേക്കു ൧൫൦൦ രൂപാ ബാങ്കിലിടുകയും ചെയ്തു. അദ്ദേഹം 'റാസ്റ്റ്ഗോഫ്റ്റാർ' പത്രത്തിന്റെ നിർവ്വാഹകസംഘത്തിൽ ഒരംഗമായി നിയമിക്കപ്പെടുകയും ആ പത്രത്തിൽ കൂടക്കൂടെ എഴുതിക്കൊണ്ടിരിക്കയും ചെയ്തു. ഇനാം കമ്മീഷന്റെ ഒരംഗമായിരുന്നു പ്രാചീനങ്ങളും ദീർഘകാലം അനുഭവിക്കപ്പെടുന്നവയുമായ ദാനപ്രമാണവസ്തുക്കളെ വീണ്ടെടുക്കുന്ന സംഗതിയിൽ അവരുടെ നടപടികളെ അദ്ദേഹം നിഷ്കൃപം ആക്ഷേപിച്ചു. പലതരം (ജൂറിമാരെ) ന്യായനിർവ്വാഹകസംഘക്കാരെ ഏർപ്പെടുത്തുന്നതിൽ പ്രധാനപ്രവർത്തകൻ അദ്ദേഹമായിരുന്നു.

സർക്കാരുദ്യോഗത്തിൽനിന്നു് കഴിഞ്ഞതിന്റെ ശേഷം നൌറോജിഫർദ്ദൂഞ്ജി മൂന്നുപ്രാവശ്യം ഇംഗ്ലണ്ടിൽ പോവുകയും ആ യാത്രയിലെല്ലാം ഇൻഡ്യാരാജ്യനിവാസികളുടെ കാര്യത്തിൽ ഇംഗ്ലീഷുകാർക്കു് അനുകമ്പയെ ജനിപ്പിക്കുന്നതിനു കഠിനമായി പരിശ്രമിക്കുകയും ചെയ്തു. അദ്ദേഹം ഇൻഡ്യായിലെ ക്ഷാമത്തെ സംബന്ധിച്ച കമ്മിററിയിൽ തെളിവു കൊടുക്കയും ഈസ്റ്റ്ഇൻഡ്യാസംഘക്കാരുടെ മുമ്പാകെ പല പ്രസംഗങ്ങൾ നടത്തുകയും പല കച്ചവടസംഘക്കാരെയും ഇൻഡ്യയെ കുറിച്ചു് ആനുകൂല്യമുള്ളവരാക്കി തീർക്കയും ചെയ്തു. ബാംബെ സംഘത്തിന്റെയും പൂനാ സാർവ്വജനികസഭയുടേയും പ്രതിനിധിയുടെ നിലയിൽ അദ്ദേഹം പാർലിമെ

ൻറ് കമ്മററിയുടെ മുമ്പാകെ പ്രസംഗിച്ചു. അദ്ദേഹത്തിന്റെ വചോലക്ഷ്യം വളരെ വിലയേറിയതും ഇൻഡ്യയിലെ കാര്യങ്ങളെപ്പററി അദ്ദേഹത്തിനുള്ള സൂക്ഷ്മമായ അറിവിനെ വെളിപ്പെടുത്തുന്നതുമായിരുന്നതിനാൽ അദ്ദേഹം പ്രസിദ്ധന്മാരായ പല ഇംഗ്ലീഷ്മനുഷ്യരും അവരുടെ കൂട്ടത്തിൽ മിസ്റ്റർ ഫാസററ് എന്ന മഹാനും വളരെ നല്ല അഭിപ്രായത്തെ ജനിപ്പിച്ചു. ൧൮൭൦-ൽ മിസ്റ്റർ ഫാസററ് പാർലിമെൻറിൽ ഒരു സാമാജികസ്ഥാനത്തിന് ഉത്സാഹിച്ചുകൊണ്ടിരുന്നപ്പോൾ അതിലേയ്ക്കു വേണ്ടുന്ന ചിലവിനുവരിയിട്ടു പണം ശേഖരിച്ചയക്കാൻ നെയരോജി ബാംബേയിൽ ഒരു സംഘം കൂട്ടി. അദ്ദേഹം ജാൺ ബ്രൈററ് എന്ന മഹാന്റെയും ഒരു സ്നേഹിതനായിരുന്നു.

൧൮൭൯-ൽ അദ്ദേഹം ഗുജരാ (ഗുർജ്ജര)ത്തിലേയ്ക്കുപോയി കൃഷിക്കാരുടെ സ്ഥിതിയെ കുറിച്ച് ഏററവും സൂക്ഷ്മമായി അന്വേഷണം നടത്തുകയും സൂറത്തിൽ ആപൽക്കരമായ വെള്ളപ്പൊക്കമുണ്ടായ കാലത്തു സാഹായികധനശേഖരസംഘത്തിൽ അദ്ദേഹം സിക്രട്ടറിയായി നിയമിക്കപ്പെടുകയും ആ നിലയിൽ വളരെ ഉപകാരം ചെയ്കയുമുണ്ടായി. ഒരു നഗരരക്ഷാധികാരിയുടെ (മുനിസിഫൽ കമ്മീഷണറുടെ) നിലയിൽ നെരോജി ഫർദൂഞ്ജ്'യേക്കാൾ അധികം മനഃപൂർവ്വം പ്രവർത്തിച്ചവരായി മററാരും ഉണ്ടായിട്ടില്ല. അദ്ദേഹം നഗരപാലകസംഘത്തിന്റെ ജീവനും ആ പുരവാസികളുടെ ഒരു വലിയ സഹായിയുമായിരുന്നു. അദ്ദേഹത്തിന്റെ ഉത്സാഹശീലവും വാഗ്വൈഭവവും അനുകരിക്കത്തക്കതായ നടത്തയുംകൊണ്ടു ആ സംഘത്തിനു ഇൻഡ്യയിലുള്ള മററു പ്രതിനിധിസഭകളേക്കാൾ പ്രാമാണ്യം സിദ്ധിച്ചു. അദ്ദേഹത്തിന്റെ ദൃഷ്ടി എത്താത്തതായ യാതൊരു കാര്യവും അക്കാലത്തു ആ സംഘത്തിൽ നടന്നിരുന്നില്ല. വിപരീതമായ ആക്ഷേപത്തെ ഗണിക്കാതെ എല്ലാ കാര്യങ്ങളെ കുറിച്ചും അദ്ദേഹത്തിനു സ്വാഭാവികമായുണ്ടായിരുന്ന സ്വാതന്ത്ര്യത്തോ

ടക്കൂടി, നെയ്റോജി അഭിപ്രായപ്പെടാറുണ്ടായിരുന്നു. അദ്ദേഹം ചേൎന്നിരുന്ന എല്ലാം യോഗങ്ങളിലും അദ്ദേഹം സമയത്തിനു ചെന്നിരുന്നു എന്നു തന്നെയല്ല, അവയിൽ വെച്ചുണ്ടാകാറുള്ളവയും ചിലപ്പോൾ നീരസങ്ങളുമായ വാദപ്രതിവാദങ്ങൾക്ക് അദ്ദേഹത്തിനു് ഒരു രസവും ചൊടിത്തവും ഉണ്ടായിരുന്നു.

നെയ്റോജി ഫർദൂഞ്ജി ജനങ്ങൾക്കുവേണ്ടി ചെയ്ത വിലയേറിയ പ്രവൃത്തികൾക്കുവേണ്ടി ഗവമ്മേൎറു് അദ്ദേഹത്തിനു ഫ്വവ്വര്-ൽ സി. ഐ. ഇ. എന്ന സ്ഥാനം കൊടുത്തു. ഈ ബഹുമാനസന്ദൎഭസൂചകമായി സർ ധിൻ ഷാമാനെക്ക്ജ പെററിററ് നെയ്റോജിക്ക് ഒരു വിരുന്നു സൽക്കാരം ചെയ്തു. അന്നത്തെ സദസ്സിൽ അഗ്രാസനാധിപതിയായിരുന്ന സർ ജംസെട്ട്ജി ജിജിഭായി സി. എസ്സ്. ഐ. ഇപ്രകാരം പറകയുണ്ടായി. 'മിസ്റ്റർ നെയ്റോജിയെ അറിയാത്തവർ ആരാണുള്ളതു്? ഇദ്ദേഹത്തിനെ പരിചയമുള്ളവരിൽ ഇദ്ദേഹത്തിൻെറ ശുഷ്ക്കാന്തി, ഏകാഗ്രബുദ്ധി, കാൎയ്യപ്രാപ്തി, ധൈൎയ്യം, സ്ഥൈൎയ്യം മുതലായ വിശിഷ്ടഗുണങ്ങളെ അറിയാത്തവരാരാണു്? ഇദ്ദേഹത്തിൻെറ വിശിഷ്ടസ്വഭാവഗുണത്താൽ എനിയ്ക്കു് ഇദ്ദേഹത്തിനെക്കുറിച്ചുണ്ടായിട്ടുള്ള ബഹുമാനപൂൎവ്വമായ പ്രേമാധിക്യം നിമിത്തം ഞാൻ ഇദ്ദേഹത്തിൻെറ ചരിത്രത്തെ അസാമാന്യമായി പുകൾത്തി വൎണ്ണിയ്ക്കാൻ തുടങ്ങുന്നില്ല. ഇദ്ദേഹത്തിൻെറ ദീൎഘമായും ലോകോപകാരപ്രദമായുമുള്ള ജീവിതത്തിനിടയിൽ ആലോചനക്കുറവുകൊണ്ടു വന്നിട്ടുള്ള വല്ല തെററുകളേയും ഇദ്ദേഹത്തെ ആക്ഷേപിയ്ക്കാൻ തുനിയുന്നവൎക്കു കണ്ടുപിടിയ്ക്കാൻ കഴിയുമായിരിയ്ക്കും. എന്നാൽ ഇദ്ദേഹത്തിൻെറ തെററുകൾ തുച്ഛങ്ങളെന്നും സൽഗുണങ്ങൾ അപരിമിതങ്ങളെന്നും ഇദ്ദേഹം സ്വദേശക്കാൎക്കുവേണ്ടി നിൎവ്യാജമായും അശ്രാന്തമായും പ്രവൎത്തിച്ചിട്ടുണ്ടെന്നും ഇദ്ദേഹത്തിനു വിരോധികളുണ്ടെങ്കിൽ അവൎക്കുകൂടി സമ്മതിയ്ക്കാതെ കഴികയില്ല. യാതൊരു പ്രകാരത്തിലുള്ള

നിചകൃത്യത്തെയും ഇദ്ദേഹം ഒരിക്കലും സഹിച്ചിട്ടില്ല. വിരോധികളിൽനിന്നുള്ള ഭീഷണികൊണ്ടോ വലിയവരുടെ മുഷിച്ചിലിനെ ഭയപ്പെട്ടോ ഇദ്ദേഹം അനീതികളെ വെളിപ്പെടുത്തുന്നതിൽനിന്ന് ഒരിക്കലും പിൻമാറീട്ടില്ല. ഇപ്രകാരമുള്ള സ്വഭാവത്തേയും ജീവിതത്തേയും ബഹുമാനിക്കാതിരിക്കുന്നതു് അശക്യമാണ്" നൌറോജി ഇതിനു തക്കതായ മറുപടി കൊടുത്തു ഈ മറുപടിയിൽ മുൻ വിവരിച്ചിട്ടുള്ള അദ്ദേഹത്തിൻെറ ജനോപകാരത്തിനായുള്ള പ്രയത്നങ്ങളെ വിനയത്തോടുകൂടി സൂചിപ്പിച്ചതിൻെറ ശേഷം അങ്ങിനെ പ്രയത്നംചെയ്യുതിൽ താൻ തൻെറ കൃത്യത്തെ നിവർത്തിച്ചു എന്നുമാത്രമേയുള്ളു എന്ന് അദ്ദേഹം പറഞ്ഞു.

നാട്ടുകാരുടെ ദുർദ്ദശാപരിപാകത്താൽ ജനക്ഷേമത്തിനായി ഫർദ്ദുഞ്ജിയ്ക്കു വളരെക്കാലം പരിശ്രമിക്കാൻ തരമായില്ല. അദ്ദേഹം ൧൮൪൭ സപ്തംബർ ൨൨-ാംനു മരിച്ചു. ഈ മരണത്താൽ ദുഃഖിക്കാത്തവരില്ല. പല സഭക്കാരും പ്രത്യേകയോഗങ്ങൾ കൂടുകയും ഓരോ സഭാംഗങ്ങൾ അദ്ദേഹത്തിൻെറ ഗുണങ്ങളെക്കുറിച്ചു പ്രശംസിച്ചു പ്രസംഗിക്കയും ചെയ്തു.

# സർ ജമ്സെഡ്ജി ജീജിഭായി

ജമ്സെഡ്ജി ജിജിഭായി ബറോഡയിൽ നവസാരി എന്ന ദേശത്തു ൧൭൮൩ ജൂലായിമാസം ൧൫-ാംനു ജനിച്ചു. ജിജിഭായിയുടെ മാതാപിതാക്കന്മാർ നിർദ്ധനന്മാരെങ്കിലും മാന്യന്മാരായിരുന്നു. അവർ ജിജിഭായിയുടെ ബാല്യത്തിൽ തന്നെ മരിച്ചുപോകയാൽ അദ്ദേഹം ബോമ്പേയ്ക്കുപോയി തൻെറ ശ്വശുരനോടുകൂടി താമസിച്ചു. കച്ചവടത്തിൽ അവ

ശ്യം വേണ്ടതായ പരിചയം സിദ്ധിച്ച ഉടനെ അദ്ദേഹം തന്റെ ശ്വശുരന്റെ കൂടെ വാണിഭത്തിൽ വ്യാപരിച്ചു. അന്യരാജ്യക്കാരോടുകൂടി ക്രയവിക്രയങ്ങൾ ചെയ്താലല്ലാതെ കച്ചവടത്തിൽ അനല്പമായ ലാഭത്തിനു മാർഗ്ഗമില്ലെന്നു കരുതി, അദ്ദേഹം ചീനരാജ്യത്തേക്കു പോകുന്ന ഒരു പാർസി കച്ചവടക്കാരന്റെ കൂടെ പതിനാറാമത്തെ വയസ്സിൽ തിരിച്ചു. അപ്പോൾ കൈവശമുണ്ടായിരുന്ന ധനം ആസകലവും അദ്ദേഹം കൂടെ കൊണ്ടുപോയി. അത്‌ ഏകദേശം ൫൲ ഉറുപയേ ഉണ്ടായിരുന്നുള്ളു. സ്വല്പകാലം അവിടെ താമസിച്ചതിന്റെ ശേഷം ജിജിഭായി ബോംബെക്കു മടങ്ങിവന്നു. എന്നാൽ അദ്ദേഹം സ്വന്തബാദ്ധ്യതയിൽ തന്നെ ൩൫,൦൦൦ ഉറുപ കടംവാങ്ങി ഉടനെ രണ്ടാമതും പുറപ്പെട്ടു. ഇതുകൂടാതെ ചൈനയിൽ മൂന്നുപ്രാവശ്യം പോകയും നാലാമത്തെ തവണ പോയപ്പോൾ അനവധി അനർത്ഥങ്ങൾ നേരിടുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം അവയെ കുറിച്ചു സ്വയമായി ചെയ്തിട്ടുള്ള വിവരണത്തിൽ നിന്നു ചിലതെല്ലാം താഴെ ചേർക്കുന്നു.

ജംസെഡ്ജി കയറി ഓടിച്ചിരുന്ന ബ്രൺസ്‌വിക്ക് എന്ന കപ്പൽ ഫ്രഞ്ചുകാരാൽ ആക്രമിക്കപ്പെട്ടു. അതിന്റെ ശേഷം ഉണ്ടായ സംഗതികളെ ജിജിഭായി തന്നെ ഇങ്ങിനെ വിവരിച്ചിരിക്കുന്നു:— 'കരയിൽ ഇറങ്ങിപ്പോകാൻ അനുവദിച്ചാൽ കൊള്ളാമെന്നു ഞങ്ങൾ കപ്പിത്താനോട്‌ അപേക്ഷിച്ചപ്പോൾ അതിനു വലിയ കപ്പിത്താന്റെ കല്പനയില്ലെന്ന്‌ അദ്ദേഹം മറുവടി പറഞ്ഞു. ഞങ്ങൾ വ്യസനാക്രാന്തന്മാരായിത്തന്നെ രാത്രിയെ നയിച്ചു. സിലോണിൽ വെച്ച്‌ പിന്നെയും ഞങ്ങൾ അപേക്ഷയെ ആവർത്തിച്ചപ്പോൾ, മൊറീഷിയസ്സിൽ എത്തിയാൽ കരയ്ക്കു ഇറങ്ങുവാൻ അനുവദിക്കയും ഞങ്ങളുടെ ചരക്കുകൾ അതാതു ഉടമസ്ഥന്മാർക്ക്‌ തന്നുകൊള്ളുകയും ചെയ്യാമെന്നു കപ്പിത്താൻ പറഞ്ഞു. പിറ്റേദിവസം വലിയ കപ്പിത്താൻ തന്നെ വന്നപ്പോൾ ഞങ്ങളുടെ സാമാനങ്ങൾ കിട്ടിയാൽ കൊള്ളാമെന്നു ഞങ്ങൾ അദ്ദേഹത്തി

നോട് അപേക്ഷിച്ച തന്നതാവശ്യത്തിന്നു ഞങ്ങൾ കരുതിയിരുന്ന സാമാനങ്ങളല്ലാതെ, കച്ചവടച്ചരക്കുകൾ തിരിയെ തരുന്നതല്ലെന്നു് ആ വലിയ അധികാരി കല്പിച്ചു. എന്റെ ഉടുപ്പുപെട്ടി ഒഴിച്ചു മററു സകല സാധനങ്ങളും കപ്പിത്താൻ എടുത്തു. ഒരു ചാക്ക് അരിപോലും എനിക്കു കിട്ടിയില്ല. കരയ്ക്കു് ഇറങ്ങിയപ്പോൾ ഞങ്ങൾ കാപ്ടൻഗ്രാൻററിനെ കണ്ടു. അദ്ദേഹം സമാധാനവാക്കുകളെക്കൊണ്ടു ഞങ്ങളെ ആശ്വാസിപ്പിച്ചു. ഫ്രെഞ്ചുകാരുടെ കയ്യിൽനിന്നു വേർപെട്ടുപോന്നതിനാൽ ഞങ്ങൾക്കു സന്തോഷമുണ്ടായി. ഞങ്ങളുടെ കൂടെ മിസ്റ്റർ ടർണർ എന്നൊരു ഇംഗ്ലീഷുകാരൻ ഉണ്ടായിരുന്നു. അദ്ദേഹം എന്നെ അദ്ദേഹത്തിന്റെ വീട്ടിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അക്കാലത്തു് അരിയ്ക്കു വളരെ ക്ഷാമമുണ്ടായിരുന്നു. അട്ടിറച്ചി ഒഴിച്ചു മറെറല്ലാം ഭക്ഷണസാധനങ്ങളും വളരെ അപൂർവ്വമായിരുന്നു. എത്രയോ ലഘുവായ ഭക്ഷണം മാത്രമേ ഞങ്ങൾക്കു അനുവദിയ്ക്കപ്പെട്ടിരുന്നുള്ളു. പടക്കപ്പലിൽനിന്നു ബ്രൺസ്‌വിക്ക് എന്ന കപ്പലിലേയ്ക്കു് അയയ്ക്കപ്പെട്ടിരുന്ന ലാസ്കാരന്മാർ ഞങ്ങളെ വളരെ അനാദരിച്ചു. അക്കാലത്തു ഫ്രെഞ്ചുകപ്പിത്താനെ കൊല്ലുവാൻ ഞങ്ങൾ ദുരാലോചന ചെയ്യുന്നു എന്നു അദ്ദേഹത്തെ ആരോ ധരിപ്പിച്ചു. അതുനിമിത്തം ഞങ്ങളുടെ കഥ വലിയ കഷ്ടമായിത്തീന്നു. പിന്നേയും ഞങ്ങൾ ബന്ധിയ്ക്കപ്പെട്ടു. ഞങ്ങളുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന ഇംഗ്ലീഷുകാരിൽ ഒരുവനു ഫ്രെഞ്ചുഭാഷ അറിയാമായിരുന്നതിനാൽ, അദ്ദേഹത്തെക്കൊണ്ടു ഞങ്ങൾ കാര്യം പറയിപ്പിച്ചു. കപ്പിത്താൻ വന്നു ഞങ്ങളുടെ ഉപകരണസാമഗ്രികളെ എല്ലാം പരിശോധിച്ചുനോക്കിയതിൽ അനർത്ഥാവഹങ്ങളായ യാതൊരു ആയുധങ്ങളേയും കാണായ്കയാൽ ഞങ്ങളെ പിന്നേയും വിട്ടയച്ചു. ഞങ്ങൾ സെസ്സാൻടിൽസ് എന്ന സ്ഥലത്തു് എത്തിയപ്പോൾ അവിടെ ബംഗാളത്തേയ്ക്കു പോകുന്ന ഒരു കപ്പൽ കണ്ടു കാപ്ടൻ ഗ്രാൻറ് ഞങ്ങളെ അതിൽ കയററി അയയ്ക്കാമെന്നു പറഞ്ഞു. അതിലെ

കപ്പിത്താൻ അന്യായമായ കൂലി ആവശ്യപ്പെട്ടു. അവിടെ താമസിയ്ക്കുന്നതിലുണ്ടായിരുന്ന കഷ്ടപ്പാടുകൊണ്ടും വേറെ കപ്പലുകൾ കിട്ടുന്നതിലുണ്ടായിരുന്ന ബുദ്ധിമുട്ടുകൊണ്ടും ആ അന്യായമായ കൂലി കൊടുത്തിട്ടെങ്കിലും പോകേണമെന്നു തന്നെ ഞങ്ങൾ തീർച്ചയാക്കി. ഞങ്ങൾക്ക് എല്ലാവർക്കുംകൂടി കപ്പൽക്കൂലി ൧,൩൦൦ രൂപയായി.

സെപ്തംബർ ൨൧-ാംനു ഞങ്ങൾ ഫാൾസ്ബേ എന്ന സ്ഥലത്തുനിന്നു പുറപ്പെട്ടു. അന്യായവിലയ്ക്കു വാങ്ങിയ നൂറു റാത്തൽ അരിയും, ഉപായത്തിൽ തട്ടി എടുത്ത വേറെ അരപ്പാക്ക് അരിയും മാത്രമേ ഞങ്ങളുടെ കയ്യിൽ ഉണ്ടായിരുന്നുള്ളു. ഞങ്ങൾക്കു രാവിലെ ഓരോ ചെറിയ കോതമ്പുറൊട്ടിയും, വൈകുന്നേരം നാലുമണിയ്ക്കു കുറച്ചു ചോറും അല്ലാതെ ഒന്നും കിട്ടിയിരുന്നില്ല. ഞങ്ങൾക്ക് ഒമ്പതുപേർക്കു കൂടി വെയ്ക്കുന്നതിനും കുടിയ്ക്കുന്നതിനും ഒരു കുടം വെള്ളമേ അനുവദിച്ചിരുന്നുള്ളു. ഞങ്ങൾ മിക്കവാറും ക്ഷുൽപിപാസാർദ്ദിതന്മാരായിത്തന്നെ യാത്ര ചെയ്തു. ഞങ്ങളുടെ കപ്പിത്താൻ ഞങ്ങളോടു ൧൩,൦൦ രൂപ വാങ്ങിയെങ്കിലും, ഞങ്ങൾക്കു വളരെ കഷ്ടസ്ഥിതിയിലുള്ള ഇരിപ്പിടവും മററുമാണു തന്നതു്. സിലോൺ വിട്ടിട്ടു പതിനഞ്ചുദിവസം കഴിഞ്ഞപ്പോഴാണ് അച്ചിൻ എന്ന സ്ഥലത്തു് എത്തിയതു്. അതുവരെ തണുപ്പു ദുസ്സഹമായിരുന്നു. ഇതിനു മുമ്പിൽ ഒരിയ്ക്കലും അനുഭവിച്ചിട്ടില്ലാത്ത കഷ്ടപ്പാടുകൾക്കു ഞാൻ പാത്രമായിത്തീൎന്നു. ഡിസമ്പർ ൭-ാംനു അർദ്ധരാത്രിയിൽ ഞങ്ങൾ അപകടം ഒന്നും കൂടാതെ കൽക്കത്തായിൽ എത്തി.'

കൽക്കത്തായിൽ അല്പദിവസം താമസിച്ചതിൻെറ ശേഷം ജമ്സെഡ്ജി ബൊംബായിലേയ്ക്കു മടങ്ങി. അദ്ദേഹം ചീനത്തേയ്ക്കു് ഒരിയ്ക്കൽക്കൂടി യാത്രചെയ്തു. ഒടുവിൽ ബൊംബായിൽ സ്ഥിരവാസം തുടങ്ങിയതു്, ൧൮൦൭-ാമാണ്ടിലാണ്. മൂന്നു കൂട്ടുകാരോടുകൂടി അദ്ദേഹം ഒരു വലിയ വാണിജ്യശാല സ്ഥാപിച്ചു. കാര്യനിൎവ്വഹണത്തിലുള്ള സാമൎത്ഥ്യവിശേഷം

കൊണ്ടും സൂക്ഷ്മംകൊണ്ടും അദ്ദേഹം ൧൮൪൦-ാമാണ്ട് അവസാനത്തോടുകൂടി രണ്ടു കോടി രൂപയോളം സമ്പാദിച്ചു. ദ്രവ്യസമ്പാദനത്തിൽ മാത്രമല്ല അദ്ദേഹത്തിനു സാമൎത്ഥ്യം ഉണ്ടായിരുന്നത്; സമ്പാദിക്കപ്പെട്ട ദ്രവ്യത്തെ ജനോപകാരത്തിനായി ചിലവു ചെയ്യുക എന്നുള്ള അപൂൎവ്വകൎമ്മത്തിൽകൂടി അദ്ദേഹത്തിനു നൈപുണ്യം ഉണ്ടായിരുന്നു. ബാംബേ, സൂരത്ത്, നവസാരി, ഗുജരാത്ത്, ഖണ്ഡല, പൂനാ എന്നീ സ്ഥലങ്ങളിൽ അദ്ദേഹത്തിന്റെ ഔദാൎയ്യം, സ്വജനസ്നേഹം മുതലായ സൽഗുണങ്ങൾ പല രൂപങ്ങളായും പ്രതിബിംബിച്ചു കാണുന്നുണ്ട്. അസംഖ്യം ആതുരശാലകൾ, പള്ളിക്കൂടങ്ങൾ, കുളങ്ങൾ, ധൎമ്മശാലകൾ, വെട്ടുവഴികൾ, കിണറുകൾ, തോയാധാരങ്ങൾ ഇത്യാദികൾ അദ്ദേഹത്തിന്റെ അത്യൌദാൎയ്യഫലങ്ങളാകുന്നു. അദ്ദേഹത്തിന്റെ ദാനശീലത്തിന്റെ മാഹാത്മ്യം ദിക്കെങ്ങും പ്രസിദ്ധമായിതീൎന്നു. ശ്രീമഹാരാജ്ഞിയ്ക്കു ശ്രവണഗോചരമാകയും, ൧൮൪൨-ൽ ചക്രവൎത്തിനി അദ്ദേഹത്തിനു നൈറ്റ് എന്ന സ്ഥാനം കല്പിച്ചുകൊടുക്കുകയും ചെയ്തു. സർജമ്സെഡ്ജിയുടെ കാലത്തിനു മുമ്പിൽ ആൎക്കും ഇത്ര ഉന്നതമായ പദവി ലഭിച്ചിട്ടില്ല. ഈ സ്ഥാനമാനങ്ങൾ സിദ്ധിച്ച സമയം അദ്ദേഹത്തിനു പാർസിസമുദായം ഒരു അനുമോദനപത്രത്തെ കൊടുത്തു. ബാംബെ ഗവൎണ്ണർ ആയിരുന്ന സർജോൎജ്ജ് ആൻഡർസൺ ഈ ബഹുമാനദാനസമയത്ത് ഇങ്ങിനെ പറഞ്ഞു:—'നിങ്ങൾ നിങ്ങളുടെ രാജകീയങ്ങളായ ഉദാരപ്രവൃത്തികളെക്കൊണ്ടു സാധുജനരക്ഷ ചെയ്യുന്നതിനാൽ ഈ മാന്യപദവിയ്ക്ക് അൎഹനും ഈ രാജ്യത്തിലുള്ള ഉത്തമന്മാരിൽ പ്രഥമഗണനീയനും ആയിതീൎന്നിരിക്കുന്നു.' ൧൮൫൭-ൽ സർ ജീജിഭായിക്കു ബ്രിട്ടീഷ് ഗവൎമ്മേണ്ടിൽ നിന്ന് ഒരു കീൎത്തിമുദ്ര ലഭിച്ചു. അതിന്മേൽ 'ബ്രിട്ടിഷുഗവൎമ്മേണ്ടിൽനിന്നു സർ ജമ്സെഡ്ജി ജീജിഭായിയ്ക്കു അദ്ദേഹത്തിന്റെ സ്വരാജ്യസ്നേഹത്തിന്റെയും ഔദാൎയ്യത്തിന്റെയും സ്മാരകമായികൊടുത്തത്'

എന്നിങ്ങനെ കൊത്തിയിരുന്നു. അന്നു ഗവൎണ്ണർ ആയിരുന്ന സർജോർജ് ആത്തർ അതു കൊടുത്തപ്പോൾ ഇങ്ങനെ പറകയുണ്ടായി:—'ഞാൻ സൂക്ഷ്മമായി അന്വേഷിച്ചതിൽ നിങ്ങൾ സ്വരാജ്യക്ഷേമത്തിന്നുവേണ്ടി വ്യയം ചെയ്ത ധനം മുമ്പതുലക്ഷം രൂപയിൽ കവിഞ്ഞിരിക്കുന്നു എന്നു് അറിയുന്നു. ഈ ഔദാൎയ്യകൃത്യങ്ങളെ ബ്രിട്ടീഷുഗവൎമ്മെണ്ടിൽനിന്നു് അഭിനന്ദിച്ചതു് എത്രയോ ഉചിതമായിരിക്കുന്നു.' ഇദ്ദേഹത്തിന് ഇങ്ങിനെ വളരെ സ്ഥാനമാനങ്ങൾ ലഭിച്ചിട്ടുണ്ടു്.

അദ്ദേഹത്തിന്റെ ഔദാൎയ്യഫലങ്ങൾ ഒരു പ്രത്യേകരാജ്യക്കാൎക്കോ ജാതിക്കാൎക്കോ മാത്രമല്ല സിദ്ധിച്ചതു്. കാമ്പ്രൂൾ, സ്കോട്ട്ലണ്ഡ്, ഐർലണ്ഡ് മുതലായ ദൂരരാജ്യങ്ങളിൽ വസിക്കുന്നവർകൂടി അദ്ദേഹത്തിന്റെ ഔദാൎയ്യഫലങ്ങളെ അനുഭവിച്ചിട്ടുണ്ടു്. ഫ്രവുരിന്നു-ൽ പരന്ത്രീസ്സുരാജ്യത്തു വലിയ വെള്ളപ്പൊക്കമുണ്ടായതിൽവെച്ച ജനങ്ങൾക്ക വളരെ കഷ്ടനഷ്ടങ്ങൾ അനുഭവിക്കാൻ എടയായതിനാൽ, ജിജിഭായി അവരെക്കുറിച്ച നിൎവ്യാജമായി അനുതപിക്കയും അവൎക്ക ൫൦൦ പവൻ സൌജന്യമായി കൊടുക്കയും ചെയ്തു. ഈ വക ഉദാരപ്രവൃത്തികൾ രണ്ടു രാജ്യക്കാർ തമ്മിൽ പൊതുവേയുള്ള ഐകമത്യത്തെ വൎദ്ധിപ്പിക്കുന്നു. താനെന്നു പരന്ത്രീസ്സുകാർ അനുമോദിച്ച പറഞ്ഞു. ഫ്രവുരിന്നു-ൽ ബാംബേ ഗവൎണ്ണർ ആയിരുന്ന ലാർഡ് എൽഫിൻസ്ടൺന്റെ അഗ്രാസനാധിപത്യത്തിൽ ഒരു സഭ കൂട്ടുകയും അതിൽവെച്ചു് ഈ മാന്യപുരുഷനായ ജിജിഭായിയുടെ പ്രതികൃതി നിൎമ്മിക്കവാൻവേണ്ട ഏൎപ്പാടുകൾ ചെയ്യേണ്ണമെന്നു തീൎച്ചയാക്കുകയും ചെയ്തു. നാലായിരം പവൻ ചിലവു ചെയ്തുണ്ടാക്കിയ ഈ ശിലാപ്രതിമ ഇപ്പോൾ ബാംബയിലെ നഗരശാലയെ അലങ്കരിക്കുന്നുണ്ടു്.

ജിജിഭായിയുടെ ഭാൎയ്യയും തന്റെ ഭൎത്താവിനെപ്പോലെ തന്നെ ഉദാരശീലയായിരുന്നു. ബാംബേയും സാൽസറ്റും തമ്മിൽ കൂട്ടിച്ചേൎക്കുന്ന മാഹിംസേതു അവരുടെ ഔദാൎയ്യഫലങ്ങളിൽ ഒന്നാണു്. ഈ സേതുബന്ധം ആരംഭിച്ച സമയം

സർ ജോർജ് ആത്ത്ർ ലേഡി ജംസെഡ്ജിയുടെ അനിതരസാധാരണമായ ഔദാര്യത്തെക്കുറിച്ചു വളരെ ശ്ലാഘിച്ച് ഇപ്രകാരം പറഞ്ഞു:— "വർഷക്കാലത്തു ബാംബേയിലും സാൽസെട്ടിലും ഗതാഗതം ചെയ്യുന്നവർ ചിലപ്പോൾ നദി കടക്കുന്ന സമയം തോണിമുങ്ങി മരിക്കുകയും ചിലപ്പോൾ മറ്റുപ്രകാരം കഷ്ടനഷ്ടങ്ങൾ അനുഭവിക്കുകയും ചെയ്യുന്നതു പതിവായിരുന്നു. ഈ കഷ്ടനിവൃത്തിക്കായിട്ടു ഗവർമ്മേണ്ടിൽനിന്നു യാതൊന്നും ചെയ്യാതിരുന്നതിനെപ്പററി ലേഡി ജിജിഭായിക്കു വളരെ വിസ്മയം തോന്നി. ഈ വിഷയത്തിൽ തൽക്കാലം ഗവർമ്മേണ്ടു പ്രവേശിക്കാൻ വിചാരിക്കുന്നില്ലെന്നു കേട്ടഉടനെ ആർദ്രചിത്തയായ ലേഡി അവർകൾ ഈ സേതു കെട്ടുന്നതിൻെറ സകല ചിലവുകളും വഹിക്കാമെന്നു ഗവർമ്മേണ്ടിനെ അറിയിച്ചു. ഉടനെ ഗവർമ്മേണ്ടിൽനിന്നു പണി തുടങ്ങുകയും പലതവണയായി ലേഡി ജിജിഭായി ലക്ഷത്തമ്പത്തേഴായിരം രൂപ കൊടുക്കുകയും ചെയ്തു. നിർധനന്മാരെ സഹായിക്കേണ്ടതു ധനികന്മാരുടെ ചുമതലയാണെന്ന് ഈ സൌഭാഗ്യവതി പലപ്പോഴും പറയാറുണ്ടായിരുന്നു. ജിജിഭായിയുടെ കുഡുംബം മൂത്തിമത്തായ ഔദാര്യമാണെന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. ജനോപകാരത്തിനുവേണ്ടി കെട്ടിടങ്ങൾ മാർഗ്ഗങ്ങൾ മുതലായ പണികൾക്കായി ഈ കുഡുംബം ഒരു ലക്ഷം പവനിൽ ഒട്ടും കുറയാതെ ചിലവു ചെയ്തിട്ടുണ്ടു. ഈ സംഖ്യ ഇതുവരെ ഏതെങ്കിലും ഒരു ബ്രിട്ടിഷ് കച്ചവടക്കാരൻ ഏതാദേശവിഷയങ്ങളിൽ ചെയ്തിട്ടുള്ള ധനവ്യയത്തിൽ എത്രയോ അധികമായിരിക്കുന്നു."

൧൮൫൭-ൽ ശ്രീമഹാരാജ്ഞി സർ ജംസെഡ്ജി ജിജിഭായിയെ ഒരു ബാറൊണെററ് ആക്കി. ഇത്ര വലുതായ ഒരു സ്ഥാനം ഇന്ത്യാരാജ്യത്തിൽ ഇതുവരെ ഒരു രാജാവിനാകട്ടെ പ്രജക്കാകട്ടെ നൽകപ്പെട്ടിട്ടില്ല. അദ്ദേഹം ൧൮൫൯-ൽ എഴുപത്താറാമത്തെ വയസ്സിൽ ചരമഗതിയെ പ്രാപിച്ചു.

## സർമംഗൾദാസ്

# നാത്തുഭായി.

---

മംഗൾദാസ് നാത്തുഭായിയുടെ ജനനം ൧൮൩൨-ാമാണ്ട് ഒക്ടോബർ മാസത്തിൽ ബാംബെയിൽ വെച്ചായിരുന്നു. അദ്ദേഹം ഗുജരാത്തി ഹിന്ദുവർഗ്ഗത്തിൽ കപോൽബാനിയാ ജാതിക്കാരനായിരുന്നു. കാത്ത്യവാറിൽ ഘോഗ്ഗാ എന്ന നഗരത്തിൽ നിന്നാകുന്നു അദ്ദേഹത്തിൻെറ പൂർവ്വജന്മാരുടെ സമാഗമം. മംഗൾദാസിൻെറ പിതാമഹനായ രാമദാസ് മനോർദാസിൻെറ കാലത്താണ്, ഈ കുടുംബത്തിന്ന് ഉൽകൃഷ്ടവും ധനസമൃദ്ധിയും സിദ്ധിച്ചത്. മംഗൾദാസിന് ൧൧ വയസ്സായപ്പോൾ അദ്ദേഹത്തിൻെറ അച്ഛൻ സേട്ട് നാത്തുഭായി രാമദാസ് മരിച്ചുപോയി. മിസ്റ്റർ മേൽവറിങ്ങ് എന്നൊരാൾ ഏർപ്പെടുത്തിയ പള്ളിക്കൂടത്തിലാണു മംഗൾദാസ് ഇംഗ്ലിഷിൽ ആദ്യപാഠങ്ങളെ അഭ്യസിച്ചത്. പിന്നീട് ഒരു ഇംഗ്ലീഷ് ഗുരുനാഥൻെറ കീഴിൽ തനിച്ച് അദ്ദേഹം കുറേക്കാലം പഠിച്ചതിനാൽ ഇംഗ്ലിഷിൽ ഒരുവിധം പാണ്ഡിത്യം ലഭിച്ചു. ൧൬-ാംമത്തെ വയസ്സിൽ അദ്ദേഹം മാഹി രുഖ്മിഭായി എന്ന സ്ത്രീയെ വിവാഹം ചെയ്തു. രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ പൂർവ്വസമ്പത്തുകൾ എല്ലാം അദ്ദേഹത്തിൻെറ അധീനത്തിലായി.

അദ്ദേഹത്തിൻെറ വർഗ്ഗക്കാരുടെ ഇടയിൽ നടപ്പുണ്ടായിരുന്ന അസംഖ്യം ദോഷങ്ങളെ ഇല്ലായ്മ ചെയ്യുന്നതിന് അദ്ദേഹത്തിന്നു ചെറുപ്പത്തിൽതന്നെ മോഹമുണ്ടായിരുന്നു. കപോൽ ബാനിയന്മാർ ആചരിച്ചു പോന്ന ഹോലി എന്നു പേരായ ഉത്സവത്തിൽ അസംഖ്യം ക്രൂരകർമ്മങ്ങൾ അനുഷ്ഠിക്കപ്പെട്ടുവന്നു. ഈ ആഭാസകൃത്യങ്ങളെ ഉന്മൂലനം ചെയ്യുന്നതിനായിട്ട് അദ്ദേഹം ചെയ്ത പരിശ്രമത്തെ ജനങ്ങൾ ക്രു

മെന്ന അഭിനന്ദിച്ചു. വല്ലഭാചാര്യമഹാരാജാക്കന്മാരുടെ ദുരാചാരത്തിന്റെ അസാധുത്വത്തെ വെളിപ്പെടുത്തുന്നതിനും അദ്ദേഹം വളരെ ഉത്സാഹിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ അത്യന്തം പ്രയത്നപ്പെട്ടിട്ടുള്ള കർസൻദാസ് മൂൾജിക്കു് അദ്ദേഹം വലിയ സഹായിയായിരുന്നു. 'സത്യപ്രകാശം' എന്നൊരു പത്രമുഖേന മൂൾജി ഈ ആചാര്യമഹാരാജാക്കന്മാരുടെ ദുർന്നടപ്പുകളെ എല്ലാം ജനങ്ങളെ ബോധപ്പെടുത്തി. മഹാരാജാക്കന്മാർ മൂൾജിയുടെ പേരിൽ മാനനഷ്ടത്തിന്നു വ്യവഹാരം കൊടുത്തപ്പോൾ, മൂൾജിക്കു് അത്യന്തസഹായിയായിരുന്നു് അദ്ദേഹത്തെ താങ്ങിപ്പറഞ്ഞവരിൽ മുഖ്യനായിരുന്നതും, മംഗൾദാസ് നാത്തുഭായിയായിരുന്നു. മംഗൾദാസിന്റെ ലക്ഷ്യത്തെ ജഡ്ജിമാർ വളരെ വിലയേറിയതായി സ്വീകരിച്ചു. ജഡ്ജിമാരിൽ ഒരാൾ പ്രസ്താവിച്ചതുപോലെ, സത്യവും ന്യായവും കൂടാത്ത കാര്യത്തിൽ മംഗൾദാസ് ഒരിക്കലും പ്രവേശിക്കയില്ല. സ്വജാതികളുടെ നടപ്പിൽ ചില ഭേദഗതികൾ അദ്ദേഹം ചെയ്തിട്ടുണ്ടു്. അതു ഹേതുവായിട്ടു പാരമ്പര്യക്രമത്തിൽ വരുന്ന ഒരു സേട്ടിനെ സ്വജാതിക്കാരുടെ പ്രതിനിധിയാക്കുന്നതിനു പകരം ജനങ്ങളാൽ നിയമിക്കപ്പെട്ട ഒരുവൻ പ്രതിനിധിയായിത്തീൎന്നു. അതു നിമിത്തം ജനസാമാന്യത്തിന്റെ മതത്തിനു് എല്ലാം വിധത്തിലും പ്രാധാന്യം സിദ്ധിച്ചു. ഈ സംഗതിയിൽ വെച്ചുണ്ടായ ഒരു വ്യവഹാരത്തിൽ, മതസ്ഥന്മാരുടെ സമുദായസ്വത്തു ഭൂരിപക്ഷാഭിപ്രായത്തെ അനുസരിച്ചുവേണം വ്യയം ചെയ്യുന്നതു് എന്നു തീൎച്ചപ്പെട്ടു.

മംഗൾദാസ് നാത്തുഭായി വിദ്യാഭ്യാസവിഷയത്തിൽ ഒരു പ്രത്യേകതാൽപര്യത്തെ പ്രദർശിപ്പിച്ചു. ചവന്നാം-ൽ വിദ്യാൎത്ഥികളുടെ സാഹിത്യശാസ്ത്രീയസമാജത്തിന്റെ അദ്ധ്യക്ഷതയിൽ സ്ഥാപിച്ചിരുന്ന അഞ്ചു ബാലികാപാഠശാലകളിലെ കുട്ടികൾ അദ്ദേഹത്തിന്റെ ഗൃഹത്തിൽ വരികയും

ലാഡ് എൽഫിൻസ്റ്റൺ അവരെ പരീക്ഷിച്ച സമ്മാനദാനങ്ങൾ ചെയ്കയും മററും ഉണ്ടായി. ഇങ്ങിനെ ഒരു സമ്മേളനം രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ ഒരിക്കൽകൂടിയുണ്ടായി. അന്ന് അദ്ധ്യക്ഷത്വം വഹിച്ചതു സർ ബാർട്ടിൾ ഫ്രിയറും, ലേഡിഫ്രിയറും ആയിരുന്നു. മേൽപറഞ്ഞ സമാജത്തിൻെറ ഉത്സാഹത്താൽ ഒരു ഹിന്ദുബാലികാപാഠശാല സ്ഥാപിക്കപ്പെട്ടതിൽ മംഗൾദാസിൻെറ സഹായം നല്ലവണ്ണം ഉണ്ടായിട്ടുണ്ട്. ൧൮൬൨-ൽ അദ്ദേഹം റായൽ ഏഷ്യാററിക്ക് സമാജത്തിൻേറയും ജിയോഗ്രാഫിക്കൽ സമാജത്തിൻെറയും ഒരു അംഗമായിത്തീൎന്നു. ൧൮൬൫-ൽ ഹിന്ദുവിദ്യാൎത്ഥികളിൽ ഉയൎന്നതരം പരീക്ഷാവിജയികളുടെ ഉപകാരത്തിന്നായി ൨൦,൦൦൦ രൂപ ബാംബേ സൎവ്വകലാശാലക്കാരെ ഏശം അദ്ദേഹം ഏല്പിച്ചു. ൧൮൬൪-ൽ അദ്ദേഹത്തിൻെറ ഭാൎയ്യ മരിച്ചു. അവരുടെ ഓൎമ്മയ്ക്കായി കല്യാൺ എന്ന ദേശത്തിൽ അദ്ദേഹം ഒരു ഔഷധശാല സ്ഥാപിച്ചു. ഇതിന് ൩൦,൦൦൦ രൂപയാണു ചിലവ്. അതിലെ ശിബ്ബന്തിച്ചിലവുവകക്ക് ൨൦,൦൦൦ രൂപ ഗവൎമ്മേണ്ടിനേയും ഏല്പിച്ചു. പൂനയിൽ ഡേഫിഡ് സാസ്സൂൺ അഗതിസലത്തിൽ നിരാധാരകളായിരിക്കുന്ന ഹിന്ദുസ്ത്രീകളുടെ ഉപയോഗത്തിന്നായി പ്രത്യേകം ഒരു സ്ഥലംപണിയിക്കു ൫,൦൦൦ രൂപ അദ്ദേഹം ദാനം ചെയ്തു.

൧൮൫൯-ൽ അദ്ദേഹത്തിന്നു 'ജസ്റ്റിസ് ഓഫ് ദി പീസ്' എന്ന സ്ഥാനം സിദ്ധിച്ചു. ൧൮൬൦-ൽ അദ്ദേഹത്തെ ആദായനികുതി കമ്മിഷന്നറായി നിശ്ചയിച്ചു. ഈ ഉദ്യോഗം അദ്ദേഹംവളരെക്കാലം ഭരിച്ചില്ല; എന്തുകൊണ്ടെന്നാൽ, നികുതി നിശ്ചയിക്കേണ്ട കാൎയ്യത്തിൽ അദ്ദേഹവും അദ്ദേഹത്തിൻെറ സഹചാരികളും തമ്മിൽ യോജിച്ചില്ല. രാജ്യകാൎയ്യങ്ങളിൽ മംഗൾദാസ് വളരെ മനസ്സുവെക്കാറുണ്ടായിരുന്നു. രാജ്യകാൎയ്യങ്ങളിൽ നാട്ടുകാരുടെ ഗുണത്തെ അഖില

ഷിച്ചിരുന്ന ബാംബേ അസോസിയേഷ്യൻ എന്ന സമാജത്തെ ൧൮൬൭-ൽ പുനരുജ്ജീവിപ്പിച്ചതു മംഗൾദാസ് ആയിരുന്നു. എട്ടു സംവത്സരത്തോളം അദ്ദേഹം ബാംബേ നിയമനിർമ്മാണസഭയിൽ ഒരു സാമാജികനായിരുന്നു. സഭയിലെ വ്യവഹാരങ്ങളിൽ അദ്ദേഹം ജനസാമാന്യപക്ഷത്തെ അനുസരിച്ചും സ്വാഭിപ്രായങ്ങളെ സ്വാതന്ത്ര്യമായ വിധത്തിൽ പ്രസ്താവിക്കുന്നതിൽ കൂസലില്ലാതേയും ഇരുന്നു. ൧൮൮൨-ൽ അദ്ദേഹത്തിൻെറ ശരീരസ്ഥിതികൊണ്ടു സാമാജികത്വത്തിൽനിന്നു പിൻവലിയ്ക്കേണ്ടിവന്നു. ആ സമയം ബാംബേ ഗവൎമ്മേണ്ടു് അദ്ദേഹത്തിൻെറ സ്വജനക്ഷേമകാംക്ഷയേയും കൎത്തവ്യകൎമ്മങ്ങളിലുള്ള ശ്രദ്ധയേയും കുറിച്ചു വളരെ ശ്ലാഘിച്ചു പറഞ്ഞു. ൧൮൭൫ മേയ്മാസം ൧൦-ാംനു ബാംബേ ഗവർണർ ആയിരുന്ന സർ സേമൂർഫിററ്സ്ജറാൾഡ് ഇദ്ദേഹത്തിന്നു സി. എസ്സ്. ഐ. സ്ഥാനം നൽകിയപ്പോൾ ഇങ്ങിനെ പറഞ്ഞു:—'ഈ സ്ഥാനത്തിന് അൎഹന്മാരായ മഹാന്മാർ ആരെല്ലാമാണെന്നു മഹാരാജ്ഞി എന്നോടു കല്പിച്ചു ചോദിച്ചപ്പോൾ, നി ളുടെ പേർ എഴുതി അയയ്ക്കുന്നതിൽ എനിയ്ക്കു വളരെ സന്തോഷമുണ്ടായി. നിങ്ങളുടെ സ്വഭാവസ്വാതന്ത്ര്യംകൊണ്ടും നാട്ടുകാരെ എല്ലാ വിധത്തിലും സഹായിക്കുന്നതിൽ നിങ്ങൾക്കുള്ള അതിതാൽപൎയ്യംകൊണ്ടും നിങ്ങൾ ഈ മാന്യപദവിയ്ക്കു വിശിഷ്ടപാത്രമായിത്തീൎന്നിരിക്കുന്നു.'

൧൮൭൫-ൽ മഹാരാജ്ഞി അദ്ദേഹത്തിന്നു നൈററ് എന്ന സ്ഥാനം കല്പിച്ചുകൊടുത്തു. ബാംബേ സംസ്ഥാനത്തിൽനിന്നു നാലുപേൎക്ക് ഈ സ്ഥാനം ഇതിനു മുമ്പിൽ കിട്ടീട്ടുണ്ടെങ്കിലും ഈ സ്ഥാനം ലഭിച്ച ഹിന്ദുക്കളിൽവെച്ച് ഇദ്ദേഹം ഒന്നാമനായിരുന്നു. പ്രിൻസ് ഓഫ് വെയിൽസു ബാംബെയിൽ വന്നിരുന്നപ്പോൾ നാത്തുഭായിയുടെ രണ്ടു പുത്രന്മാരുടെ വിവാഹദിവസം അദ്ദേഹത്തിൻെറ ഗൃഹ

ത്തിൽവന്നു വിവാഹാഘോഷങ്ങളെ കണ്ടു. രാജകുമാരൻെറ ഈ ദാക്ഷിണ്യപ്രവൃത്തിയാൽ മംഗൾദാസ് ഏററവും കൃതാൎത്ഥനാകയും അതുനിമിത്തമുണ്ടായ അത്യാനന്ദത്തെ പലവിധത്തിലും പ്രത്യക്ഷമാക്കുകയും ചെയ്തു. പുത്രവിവാഹസ്മാരകമായിട്ടു മംഗൾദാസ് ൨൫,൦൦൦ രൂപ കപോൽബാനിയാ ജാതിക്കാരായ സാധുക്കളുടെ ഉപയോഗത്തിനായി തിരിച്ചുവെച്ച്, അതിനുവേണ്ട ഏൎപ്പാടുകൾ ചെയ്തു. ഗുജരാത്തി ബാനിയന്മാരുടെ ഉപയോഗത്തിനായി ൨൫,൦൦൦ രൂപ ചിലവുചെയ്തു ബാലകേശ്വരം എന്ന സ്ഥലത്ത് ഒരു ധൎമ്മശാല പണിയിച്ചു.

വെയിൽസ് രാജകുമാരൻെറ സമാഗമനാഘോഷം പ്രമാണിച്ച് ഇദ്ദേഹത്തിന്ന് ഒരു വെള്ളിമുദ്ര ലഭിച്ചു. ഈ മുദ്ര കൊടുത്തപ്പോൾ ബാംബേ ഗവൎണ്ണരായിരുന്ന സർ റിച്ചേർഡ് ടെംപിൾ മംഗൾദാസിൻെറ വിദ്യാനൈപുണ്യം, ധനസമൃദ്ധി, ത്യാഗശീലം മുതലായ ഉൽകൃഷ്ടഗുണങ്ങളെപ്പററി വളരെ അഭിനന്ദിച്ചു പ്രസംഗിച്ചു.

സർമംഗൾദാസ്നാത്തുഭായി ൧൮൯൦-ൽ മരിച്ചു. ഇദ്ദേഹത്തിൻെറ മരണപത്രത്തിൽ വിദ്യാവിഷയത്തിലും ധൎമ്മച്ചിലവുവകക്കും വ്യയം ചെയ്യുന്നതിനായിട്ട് ഏഴെട്ടുലക്ഷം രൂപയോളം നീക്കിവെച്ചിരുന്നു. ൧൦,൦൦൦ രൂപ ബാലകേശ്വരാശ്മശാനത്തിൻെറ സമീപം ഒരു ഔഷധശാല ഏൎപ്പെടുത്തുന്നതിനും, ൨,൦൦൦ രൂപ ബാലികാപാഠശാലക്കും, ൧൨,൦൦൦ രൂപ കപോൽ ജാതിയിലെ സാധുക്കളുടെ സംരക്ഷക്കും; ൫,൦൦൦ രൂപ ബാലകേശ്വരത്തുള്ള ധൎമ്മശാലയുടെ അററകുററം തീൎക്കുന്നതിനും കൊടുക്കേണമെന്നു മരണപത്രത്തിൽ എഴുതിവെച്ചിരുന്നു. ഇംഗ്ലണ്ടിൽ പോയി പഠിക്കുവാൻ താല്പൎയ്യമുള്ള ഹിന്ദുവിദ്യാൎത്ഥികളുടെ ഉപയോഗത്തിനായി അസംഖ്യം ധനം സൎവ്വകലാശാലക്കാരെ ഏല്പിച്ചു.

കൌൺട്ട് ഗൊബ്ലെഡിഅൽ എന്ന പ്രഭു 'ഇൻഡ്യാ എററ് ഹിമാലയ' എന്ന പുസ്തകത്തിൽ സർ മംഗൾദാസി

നെക്കുറിച്ചു സൂക്ഷ്മമായ വിവരണം ചെയ്തിട്ടുണ്ട്. 'പരിഷ്കൃതന്മാരായ നാട്ടുകാരിൽ ഇദ്ദേഹം ഉത്തമപദവിയെ വഹിക്കുന്നുണ്ട്. ഇദ്ദേഹം ഒരു ഇംഗ്ലീഷ്‌ന്നെറവും നിയമനിമ്മാണസഭയിൽ ഒരു സാമാജികനും ആയിരുന്നിട്ടുകൂടി ജനസാമാന്യപക്ഷത്തിൽ ചേൎന്നു, ഗവമ്മേണ്ടിൻെറ കൃത്യങ്ങളിൽ ന്യായമായ ഗുണദോഷവിചാരണം ചെയ്തുവന്നു. എന്നാൽ ഇംഗ്ലീഷ്‌രാജ്യഭാരത്തിൻെറ ഉൽകൃഷ്ടഗുണങ്ങളെ അഭിനന്ദിക്കുന്നവരിൽ ഇദ്ദേഹം മുഖ്യനായിരുന്നു. വിദ്യാഭിവൃദ്ധിക്കും സമാധാനരക്ഷക്കും ഇംഗ്ലീഷ്‌രാജ്യഭാരംകൊണ്ടുള്ളപോലെ മറെറാരു ജാതിക്കാരുടെ ഭരണംകൊണ്ടു ഗുണം സിദ്ധിക്കുന്നതല്ലെന്നു് ഇദ്ദേഹം പൂണ്ണമായി വിശ്വസിച്ചു. ഇത്രമാത്രം ജനക്ഷേമേച്ഛുക്കളായ ഇംഗ്ലീഷ്‌കാരുടെ ഭരണാധികാരത്തിൽനിന്നു് ഇൻഡ്യാരാജ്യക്കാൎക്കു് എപ്പോഴെങ്കിലും ഒഴിയേണ്ടിവന്നാൽ അതു് അവരുടെ ദുൎദ്ദശാപരിണാമമെന്നേ പറയാനുള്ളു. ഇതായിരുന്നു മംഗ്ലദാസിൻെറ സ്ഥിരമായ അഭിപ്രായം. നാട്ടുകാരുടെ മൂഢവിശ്വാസത്തെ ഇദ്ദേഹം പുച്ഛിച്ചു. നാട്ടുകാരുടെ മതാഭിപ്രായങ്ങളിലുള്ള ചില ആഭാസങ്ങളെക്കുറിച്ചു് അദ്ദേഹം വ്യസനിച്ചു; എന്നാൽ മതാചാരങ്ങളെ അദ്ദേഹം തിരസ്കരിച്ചില്ല. വിഗ്രഹാരാധനയെ അദ്ദേഹം നിന്ദിച്ചില്ല. പുത്രവിവാഹദിവസത്തെക്കുറിച്ചു ജ്യോതിഷക്കാരുടെ ആജ്ഞയെ അദ്ദേഹം തള്ളിക്കളഞ്ഞില്ല. മതചിഹ്നങ്ങളെ ധരിക്കുന്നതു് അനാവശ്യമെന്നു് അദ്ദേഹം കരുതിയും ഇല്ല.

## വിശ്വനാഥനാരായണമണ്ഡലിക്ക്.

വിശ്വനാഥനാരായണമണ്ഡലിക്ക് കൊങ്കണപ്രദേശത്തെ രത്നഗിരിജില്ലയിൽ മുരുഡാ എന്ന ഗ്രാമത്തിൽ ൧൮൩൩മാച്ച് ൮-ാംനു ജനിച്ചു. പേഷ്വാക്കളുമായുള്ള വിവാഹസം

ബന്ധം ഹേതുവായിട്ടു മണ്ഡലിക്കിന്റെ വംശം വളരെ ബഹു മാനിക്കപ്പെട്ടിരിക്കുന്നു. ഇദ്ദേഹത്തിന്റെ പ്രപിതാമഹൻ പേഷ്വാക്കളുടെ കീഴിൽ ദേശ്യഗവർണ്ണർസ്ഥാനം വഹിച്ചിരുന്നു. മണ്ഡലിക്ക് തന്റെ ആദ്യപാഠങ്ങളെ പിതാമഹനായ ധൊന്ദോ പണ്ഡിതനിൽനിന്നു പഠിച്ചു. പിന്നെ ഇദ്ദേഹം ഗ്രാമ പള്ളിക്കൂടത്തിൽ ചേർന്നു. പത്തുവയസ്സായപ്പോൾ ഇദ്ദേഹം ഇംഗ്ലിഷ് വിദ്യാഭ്യാസത്തിനായി രത്നഗിരിയിലേക്കയക്കപ്പെട്ടു. അവിടെ റാവുബഹദ്ദൂർ രാമചന്ദ്രബാലകൃഷ്ണൻ എന്ന വിശിഷ്ടനായ അദ്ധ്യാപകന്റെ കീഴിൽ പഠിച്ചതിനാൽ ഇദ്ദേഹത്തിനു പ്രത്യേകമായി ചില ഗുണങ്ങൾ ഉണ്ടാകുന്നതിനിടയായി. ഇതിന്റെ ശേഷം മണ്ഡലിക്ക് ബാംബേക്കു പുറപ്പെടുകയും അവിടെ എൽഫിൻസ്റ്റൺ വിദ്യാശാലയിൽ ചേരുകയും ചെയ്തു. ഇവിടെ ഒരു വിദ്യാൎത്ഥിയുടെ നിലയിൽ ഇദ്ദേഹം ഉൽകഷം സമ്പാദിച്ചു. ക്ലെയർ എന്ന ആളുടെ പേരിൽ ഏൎപ്പെടുത്തപ്പെട്ടിരുന്ന ഒരു സ്കാളർഷിപ്പ് ഇദ്ദേഹത്തിനു കിട്ടി. ഹാർക്‌നെസ്സ്, പാററൺ, ഗ്രീൻ എന്നീ അദ്ധ്യാപകന്മാർ ഈ യുവാവിന്റെ വിദ്യാഭ്യാസത്തിൽ അതിശ്രദ്ധാലുക്കളായിരുന്നു. അദ്ധ്യാപകന്മാൎക്ക് ഈ യുവാവിനെക്കുറിച്ച് അസാധാരണമായ ബഹുമാനമുണ്ടായിരുന്നതിനാൽ, ഒരിക്കൽ ഗണിതശാസ്ത്രാദ്ധ്യാപകൻ അവധി വാങ്ങിപ്പോയപ്പോൾ, പകരം പണിനോക്കുന്നതിന് ഇദ്ദേഹം നിയമിക്കപ്പെട്ടു. ഇദ്ദേഹത്തിന്റെ പ്രവൃത്തിയിൽ വിദ്യാഭ്യാസസാമാജികന്മാൎക്ക് വളരെ തൃപ്തിതോന്നി. അവർ ൧൮൫൧ മുതൽ ൧൮൫൨ വരേയുള്ള റിപ്പോൎട്ടിൽ ഇദ്ദേഹത്തിനെ കുറിച്ചു താഴെ പറയുംപ്രകാരം പറഞ്ഞിരിക്കുന്നു:—'ഞങ്ങളുടെ കഴിഞ്ഞ സംവത്സരത്തെ റിപ്പോർട്ടിൽ ആ കൊല്ലത്തിൽ യോഗ്യതാംശംകൊണ്ടു സൎവ്വസമ്മതനെന്നു ഞങ്ങളാൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ള വിശ്വനാഥനാരായണൻ ഈ കൊല്ലത്തിൽ ഏററവും വിജയിയായ വിദ്യാൎത്ഥിയും പ്രൊഫെസ്സർ പാററൺ എന്ന അദ്ധ്യാപകന്റെ അവധികാല

ത്തിൽ പകരം പണിനോക്കിയ ആളും ആകുന്നു. അദ്ധ്യാപക സ്ഥാനത്തിനു താൻ യോഗ്യനെന്നു് ഇദ്ദേഹം തൃപ്തികരമാകും വണ്ണം തെളിയിച്ചിരിയ്ക്കുന്നു.'

പരിക്ഷാപാണ്ഡിത്യത്തെ നിർണ്ണയിപ്പാൻ അന്നുണ്ടായിരുന്ന ഉൽകൃഷ്ടപരീക്ഷയിൽ മണ്ഡലിക്ക് ബഹുമാനത്തോടുകൂടി ജയിച്ചു. ഒരു വിഷയത്തിലൊഴികെ മറ്റെല്ലാവിഷയങ്ങളിലും മണ്ഡലിക്ക് ഒന്നാമനായിരുന്നു. തനിക്കു ൨൦ വയസ്സായപ്പോൾ വിദ്യാലയസംബന്ധമായുണ്ടായിരുന്ന സകലപഠിപ്പും കഴിഞ്ഞു. അനന്തരം ഇംഗ്ലണ്ടിൽ പോയി ഇൻഡ്യൻ സിവിൽ സെർവ്വീസ്സ് പഠിക്കണമെന്നു മിസ്റ്റർ പാററൺ ഇദ്ദേഹത്തിനെ അധികമായി നിർബ്ബന്ധിച്ചു. എന്നാൽ ഈ സംഗതിയിൽ തന്റെ കുടുംബക്കാർക്ക് ഒട്ടുംതന്നെ സമ്മതമുണ്ടായിരുന്നില്ല. അതിനാൽ യുവാവായ മണ്ഡലിക്ക് ഒരു പൊളിററിക്കൽ ഏജൻറിന്റെ സഹായിയുടെ ഉദ്യോഗത്തെ സ്വീകരിച്ചു. സിന്ധുദേശത്തെ പൊളിററിൽ ഏജൻറായിരുന്ന സർ ലിഗ്രാൻഡ് ജേക്കബിന് ഒരു പ്രത്യേകസഹായി വേണ്ടിയിരുന്നതിനാൽ അദ്ദേഹം ഡാക്കടർ ഹാക്ക്നെസ്സിനോട്ട് ആവശ്യപ്പെടുകയും ആ വഴിയ്ക്കു മണ്ഡലിക്ക് ആ ഉദ്യോഗത്തെ പ്രാപിക്കയും ചെയ്തു. കർണ്ണല് ജേക്കബ് യൌവനയുക്തനും പ്രാപ്തനുമായ തന്റെ സഹായിയിൽ അത്യന്തസന്തുഷ്ടനായിതീൎന്നു; എന്നുതന്നെയല്ല, അദ്ദേഹം ഈ യുവാവിനെ സർ ബാർട്ടിൽഫ്രീർ, മിസ്റ്റർ ജെയിംസ് ജിബ്സ് എന്നിങ്ങനെയുള്ള പ്രസിദ്ധന്മാരായ യോഗ്യന്മാരുമായിട്ടു പരിചിതനാക്കിതീൎത്തു. വിശ്രുതങ്ങളായി തനിയ്ക്കുണ്ടായിട്ടുള്ള ചില വിശിഷ്ടഗുണങ്ങളെല്ലാം ഈ മഹാന്മാരുമായിട്ടുള്ള സംസർഗ്ഗം നിമിത്തം സിദ്ധിച്ചിട്ടുള്ളവയാണെന്നു മണ്ഡലിക്ക് സമ്മതിച്ചിരിക്കുന്നു. ഇദ്ദേഹത്തിന്റെ ഉത്സാഹപരിശ്രമശീലങ്ങൾക്കും ഏകോദ്ദേശ്യതയ്ക്കും പ്രബലമായ സ്വാച്ഛന്ദ്യത്തിനും എല്ലാററിലും ഉപരിയായി തന്റെ ജീവിതോത്തരകാലത്തിൽ കാണി

ച്ചിട്ടുള്ള വലുതായ കൃത്യബോധത്തിനും ഇദ്ദേഹം മുൻപറഞ്ഞ മഹാന്മാരോട്ട കടപ്പെട്ടിരിക്കുന്നു.

മണ്ഡലിക്ക് ക്രമേണ വിദ്യാഭ്യാസസംബന്ധമായ ഡിപ്യൂട്ടി ഇൻസ്പെക്ടർ, ഉപന്യായാധിപതി, ഗവമ്മേണ്ടു പുസ്തകശാലാദ്ധ്യക്ഷൻ, ധനാഗമകരാധികാരിയുടെ പ്രത്യേകസഹായി എന്നീ ഉദ്യോഗങ്ങളെ വഹിച്ചു. എന്നാൽ ഈ കാലത്തിൽ ഒരുദ്യോഗസ്ഥന്റെ നിലയിൽ തന്റെ ബുദ്ധിശക്തികൾക്ക യഥേഷ്ടം പ്രസരണത്തിന് അവസരമില്ലെന്നു തനിക്കു നല്ല ബോധമായി. ഉദ്യോഗത്തിൽ കുറെക്കൂടി ഉയന്ന സ്ഥാനങ്ങളെ തനിക്ക പ്രാപിക്കാമായിരുന്നു എങ്കിലും, ഒരു ഏതദ്ദേശീയന്റെ ഉയച്ചയ്ക്ക് അതിരുള്ളതായിരുന്നതിനാലും അതിനപ്പുറം അയാൾക്ക പോകുവാൻ തരമില്ലാതിരുന്നതിനാലും മണ്ഡലിക്ക് ഹൈക്കോടതിയിലെ അധികസ്വാതന്ത്ര്യമുള്ളതായ ന്യായസഭയിൽ പരിശ്രമിക്കുവാൻ നിശ്ചയിച്ചു. ൧൮൬൨-ൽ ഇദ്ദേഹം തന്റെ ഉദ്യോഗം രാജികൊടുത്തു; ൧൮൬൩-ൽ വക്കിൽ പരിക്ഷയിൽ വിജയിയായി; അതിന്റെ ശേഷം ഹൈക്കോടതി വക്കീലായിത്തീന്നു. ഹൈക്കോടതിയുടെ അന്നത്തെ സ്ഥിതിക്ക ത്രാണിയുള്ളവനും ബുദ്ധിമാനുമായ ഒരു ഏതദ്ദേശീയയുവാവിന്റെ കീത്തിയുടെ പ്രചാരത്തിന്അവിടെ ധാരാളമായി തരമുണ്ടായിരുന്നു. സദർ അദാലത്തുകോടതിയായിരുന്നതും ആയിടയിൽ ഹൈക്കോടതിയായി ഉയത്തപ്പെട്ടിരുന്നതുമായ ഈ കോടതിയിൽ ഇംഗ്ലീഷ് പരിജ്ഞാനമുള്ള വക്കീലന്മാർ വളരെ ചുരുക്കമായിരുന്നു; എന്നുതന്നേയല്ല, നാട്ടുകാരുടെ ഇടയിൽ നടപ്പായുള്ള സിവിൽനിയമം പൂണ്ണമായി അറിയുന്ന ന്യായാധിപന്മാരും ചുരുക്കമായിരുന്നു. മണ്ഡലിക്കിനു തന്റെ ജോലിയിൽ അധികമായ പ്രചാരവും നല്ല സമ്പാദ്യവും ഉണ്ടായിവന്നതിനു പുറമെ ന്യായാധിപന്മാരുടെ ബഹുമാനത്തിന്നും വിശ്വാസത്തിനും താൻ പാത്രമായിതീരുകയും ചെയ്തു. തന്റെ കൈവശം വന്ന സകല കേസ്സു

കളും എളുപ്പത്തിൽ മനസ്സിലാക്കുകയും കക്ഷികളുടെ ഗുണത്തിന് ഏററവും ഉത്തമരീതിയിൽ പ്രയത്നിക്കയും ചെയ്തു. താൻ കോടതിയിൽ സമയം തെററി ഒരിക്കലും ഹാജരായിട്ടില്ല. ഒരിക്കൽ പൂനാ സേഷ്യൻകോടതിയിൽ ഒരു കുലക്കേസ്സിൽ താൻ ഹാജരാകേണ്ടതായി വന്നു. ഹൈക്കോടതിയിൽ ചില കാൎയ്യങ്ങളുണ്ടായിരുന്നതിനാൽ തീവണ്ടി തെററിപ്പോയി. ഉടനെ തനിക്കു പ്രത്യേകമായി ഒരു തീവണ്ടി ശട്ടംകെട്ടി സമയം തെററാതെ സേഷ്യൻകോടതിയിൽ ഹാജരായി. പിന്നെ ഒരിക്കൽ കൊങ്കണദേശത്തെ പ്രസിദ്ധങ്ങളായ ഖോടി എന്ന വ്യവഹാരങ്ങളിൽ രത്നഗിരിയിലേക്കു സാധാരണ ആവിക്കപ്പലിൽ പോകുവാൻ ഇദ്ദേഹത്തിനു തരമാകാതെ വന്നതിനാൽ പ്രത്യേകമായി ഒരു ആവിക്കപ്പൽ ശട്ടംകെട്ടി സമയംതെററാതെ അവിടെ എത്തി. ഒരു വക്കീലിൻെറ നിലയിൽ ഇദ്ദേഹം വളരെ സത്യവാനായിരുന്നു. ദല്ലാളന്മാൎക്ക് ഒരിക്കലും ഇദ്ദേഹത്തിനോടടുത്തുകൂടുവാൻ കഴിഞ്ഞില്ല. തൻെറ തൊഴിലിനുള്ള ബഹുമാനത്തെക്കുറിച്ച് ഇദ്ദേഹത്തിന് എത്രയും ഉൽകൃഷ്ടമായ വിചാരമുണ്ടായിരുന്നതിനാൽ ദല്ലാളന്മാരെ ഇദ്ദേഹം അടുപ്പിച്ചില്ല. ഒരിക്കൽ ഇദ്ദേഹം ഒരു കക്ഷിയുമായി, അയാളുടെ വ്യവഹാരം നടത്തേണ്ടതിനെപ്പററി ഒരു കരാറു ചെയ്തു. ഇതു നിമിത്തം തനിയ്ക്കു് അധികമായ ധനലാഭമുണ്ടാകുമെന്നു താനറിഞ്ഞിരുന്നു. എന്നാൽ കക്ഷി ഹാജരാകേണ്ട സമയത്തു ഹാജരാകാതെ ഇരുന്നതിനാൽ ഇദ്ദേഹം ആ കക്ഷിയെ ഉപേക്ഷിച്ചു. മണ്ഡലിക്ക് തൻെറ തൊഴിലിൻെറ ഒരു പ്രബലനായ രക്ഷകനായിരുന്നു. ഹൈക്കോടതിവക്കീലന്മാൎക്കു ചില വിശേഷാധികാരങ്ങൾ സിദ്ധിക്കുന്നതിനുവേണ്ടി താൻ വളരെ പരിശ്രമിച്ചു. ഈ വിശേഷാധികാരങ്ങളെ കൊടുക്കുന്നതു ന്യായാധിപന്മാൎക്കു സമ്മതമായിരുന്നു എങ്കിലും മണ്ഡലിക്കിനും പ്രധാനപ്പെട്ട വേറെ ഒന്നോ രണ്ടോ വക്കീലന്മാൎക്കും മാത്രം അവയെ അനുവദിച്ചു. എന്നാൽ മണ്ഡലി

ക്ക് തനിക്കു പ്രത്യേകമായി സിദ്ധിച്ച ഈ വിശേഷാധികാരങ്ങളെ സ്വീകരിച്ചില്ല. ഹൈക്കോടതി വക്കീലന്മാക്ക് എല്ലാവക്കും ഒരുപോലെ അനുവദിയ്ക്കുന്നപക്ഷമേ തനിയ്ക്കും ആവശ്യമുള്ളു എന്നു പറഞ്ഞ് അവയെ ഉപേക്ഷിച്ചു. വക്കീൽപണിക്കാരെ കുറിച്ച് ഒരു ചട്ടം ഉണ്ടായതു് ഇദ്ദേഹത്തിൻെറ പരിശ്രമംകൊണ്ടു ബാംബേ സംസ്ഥാനത്തിൽ നടപ്പാകാതെ ഇരുന്നു. ൧൮൭൪-ൽ നാനാഭായി ഹരിദാസ് ബാംബേ ഹൈക്കോടതി ന്യായാധിപതിയായി നിയമിയ്ക്കപ്പെട്ടപ്പോൾ മണ്ഡലിക്കിനെ അദ്ദേഹത്തിൻെറ സ്ഥാനത്തു ഗവമ്മേണ്ടുവക്കീലായി സ്ഥിരപ്പെടുത്തി.

ഇദ്ദേഹത്തിൻെറ പേർ ഒരു വിജയിയായ വക്കീലായി മാത്രമല്ല നിലനില്ക്കുന്നതു്; ഇദ്ദേഹത്തിന്നു പല വിഷയങ്ങളിലും പരിജ്ഞാനമുണ്ടായിരുന്നു. മണ്ഡലിക്ക് ഒരു മുൻസിപ്പൽ കമീഷണരും 'ജസ്റ്റീസ് ഒഫ് ദി പീസും' ആയിരുന്നു. ഇദ്ദേഹം സവ്വകലാശാലയുടേയും നിയമനിമ്മാണസഭയുടേയും ഒരു അംഗവും ഒരു വൃത്താന്തപത്രപ്രവത്തകനും ഗ്രന്ഥകാരനും തന്നെ സന്ദശനം ചെയ്തിട്ടുള്ള ഏവരാലും ബഹുമാനിയ്ക്കപ്പെട്ടിട്ടുള്ളവനും ജനങ്ങളുടെ വിശ്വാസയോഗ്യന്മാരായ നേതാക്കളിൽ ഒരാളും ആയിരുന്നു.

൧൮൬൪-ൽ ഇദ്ദേഹം ജസ്റ്റീസ് ഒഫ് ദി പീസായിട്ടു നിയമിയ്ക്കപ്പെട്ടു. ഈ ഉദ്യോഗസ്ഥന്മാർ അക്കാലങ്ങളിൽ നഗരശുചീകരണക്ഷേമത്തിൻെറ പാലകന്മാരായിരുന്നു. എന്നാൽ അവർ ഒരു ആലോചനാസംഘം മാത്രം ആയിരിക്കയും വാസ്തവമായ അധികാരമെല്ലാം ഗവമ്മേണ്ടിനാൽ നിയമിയ്ക്കപ്പെട്ടിരുന്ന നിവ്വാഹകസംഘത്തിൻെറ മേലധികാരിയ്ക്കു കൊടുക്കപ്പെടുകയും ചെയ്തിരുന്നു. അന്നുണ്ടായിരുന്ന നിവ്വാഹകസംഘത്തിൻെറ മേലധികാരി സിവിൽ സവ്വീസ്സിൻെറ ശ്രുതിപ്പെട്ട ഒരു അംഗമായിരുന്നു. അദ്ദേഹം തൻെറ ഉൽകൃഷ്ടങ്ങളായ

ബുദ്ധിവൈഭവങ്ങൾക്കും മഹത്തരങ്ങളായ വിചാരങ്ങൾക്കും തുല്യമായി അമിതവ്യയം ചെയ്യുന്നവനും കൈക്കൂലി വാങ്ങുന്നവനും ആയിരുന്നു. ന്യായാധിപന്മാരിൽ ചിലർ അദ്ദേഹത്തിനെ തന്റെ മര്യാദാതിക്രമങ്ങളിൽ പ്രോത്സാഹിപ്പിച്ചു. എന്നാൽ ബലമേറിയ ഒരു സംഘം ഇദ്ദേഹത്തിന്റെ ദുസ്സ്വടപ്പിനു തീരെ പ്രതികൂലമായിത്തീൎന്നു. ഈ സംഘത്തിൽ പ്രധാനികൾ മണ്ഡലിക്ക്, നൌറോജി ഫർദുൻജി, സൊറാബ്ജി ഷാപ്പുർജിബംഗാളി ഇങ്ങനെയുള്ള മഹാന്മാരായിരുന്നു. ഇവൎക്ക് ആദ്യത്തിൽ നഗരശുചീകരണസംഘത്തിലുണ്ടായിരുന്ന ദുസ്സ്വടപ്പുകളെ വിരോധിക്കുന്നതിനു മതിയായ അധികാരമുണ്ടായിരുന്നില്ല. എന്നാൽ അതിനുള്ള സന്ദർഭം ഉടനെ നേരിട്ടു. ഈ നിൎവ്വാഹകസംഘത്തിന്റെ മേലധികാരിയുടെ ഭരണം സൎവ്വഥാ വഷളായിരിക്കുന്നു എന്നുള്ള സംഗതി ഗവൎമ്മേണ്ടിന്റെ ദൃഷ്ടിയിൽ പെടുകയും ൧൮൭൨-ൽ അതുനിമിത്തം ഒരു ആക്ടു നടപ്പാകുകയും ചെയ്തു. ആ ആക്ടുപ്രകാരം ന്യായാധിപന്മാരാലുള്ള ഭരണം നിൎത്തൽ ചെയ്കയും ൬൪ അംഗങ്ങളുള്ള ഒരു സമാജത്താൽ ആ പ്രവൃത്തി നടത്തപ്പെടുകയും ചെയ്തു. ഇവരിൽ ൧൬ പേർ ന്യായാധിപന്മാരാലും ൩൨ പേർ ഓഹരിനികുതി കൊടുക്കുന്നവരാലും ശേഷമുള്ള ൧൬ പേർ ഗവൎമ്മേണ്ടിനാലും നിയമിക്കപ്പെടേണ്ടിയിരുന്നു. നിൎവ്വാഹകകർത്തൃത്വം നഗരസമാജമെന്ന ഒരു ചെറിയ സംഘത്തിൽ ഏല്പിക്കപ്പെട്ടിരുന്നു. മണ്ഡലിക്ക് വലിയ സമാജത്തിലേയും ചെറിയ സമാജത്തിലേയും ഒരു അംഗമായി നിയമിക്കപ്പെട്ടു. ൧൮൭൪-ലും അതിനടുത്ത കൊല്ലത്തിലും ഇദ്ദേഹം വലിയ സമാജത്തിന്റെ അദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു. അദ്ധ്യക്ഷന്റെ നിലയിൽ ഇദ്ദേഹം കുഴൽവെള്ളം വരുത്തുന്നതിനുള്ള പണികൾ തീൎന്നതിനെ ജനോപയോഗത്തിനായി അനുവദിക്കുന്നതിനു സർ റിച്ചാർഡ് ടെമ്പിൾ എന്ന മഹാനോടു ആവശ്യപ്പെടുകയും ആ അവസരത്തിന്റെ സ്മാരക

മായി വെള്ളികൊണ്ടും ദന്തംകൊണ്ടും പണി ചെയ്ത ഒരു ചു
ററിക ഇദ്ദേഹത്തിനു സമ്മാനിക്കപ്പെടുകയും ചെയ്തു. അദ്ധ്യ
ക്ഷസ്ഥിതിയിൽ തന്റെ കൎത്തവ്യകൎമ്മങ്ങൾ അത്യന്തപ്രയത്ന
സാദ്ധ്യങ്ങളും പലപ്പോഴും പലക്കും എളുപ്പത്തിൽ രസക്ഷയം
വരാവുന്നവയും ആയിരുന്നു. എന്നാൽ ഈ വക കൎത്തവ്യക
ൎമ്മങ്ങളെല്ലാം താൻ സ്വാതന്ത്ര്യത്തോടും പക്ഷപാതം കൂടാ
തെയും സൎവാംഗങ്ങളിലും സമാനസൌജന്യബുദ്ധിയോടും കൂടി
സൎവസമ്മതമാകുംവണ്ണം നിൎവഹിച്ചു.

൧൮൬൨-ൽ മണ്ഡലിക്ക് ബാംബെ സൎവകലാശാലയി
ലെ ഒരു ഫെല്ലോ ആയി നിയമിക്കപ്പെട്ടു. ഇദ്ദേഹം പലത
വണയും മഹാരാഷ്ട്രം, ഗുജരാത്തി, സിന്ദി എന്നീ ഭാഷക
ളിലും ഇടവിടാതെ ൧൮ കൊല്ലത്തോളം എൽ. എൽ. ബി.
എന്ന നിയമപരീക്ഷയിലും പരീക്ഷകനായിരുന്നു. രണ്ടു തവ
ണ ഇദ്ദേഹം സൎവ്വകലാശാലയിലെ ധനവ്യയപരിശോധകസ
മാജത്തിൽ ഒരു അംഗമായി നിയമിക്കപ്പെട്ടു. ൧൮൬൯ മു
തൽ ൧൮൮൮ വരെ ഇദ്ദേഹം സിൻഡിക്കേററിലെ ഒരു സാമാ
ജികനായിരുന്നു. ൧൮൮൯-ൽ ഇദ്ദേഹത്തിനു കലാഡീൻ എ
ന്ന സ്ഥാനം കൊടുക്കപ്പെട്ടു. ഈ സ്ഥാനം ഒന്നാമതായി ഒ
രു ഏതദ്ദേശീയനു ലഭിച്ചതു് അന്നായിരുന്നു. ൧൮൮൮ ജനുവ
രിയിൽ നടന്ന കാൺവൊക്കേഷനിൽ വൈസ്ചാൻസെല്ല
രായ സർ റെയിമൺഡ്‌വെസ്റ്റ്, മണ്ഡലിക്കു സൎവ്വകലാശാല
ക്കുവേണ്ടി ചെയ്തിട്ടുള്ള പ്രയത്നങ്ങളെപ്പററി താഴേ പറയുംപ്ര
കാരം പറഞ്ഞു:— 'രാജ്യകാൎയ്യങ്ങളിലും സാമുദായികകാൎയ്യങ്ങ
ളിലും നമ്മുടെ റാവു സാഹിബിന്റെ നടവടിക്രമങ്ങളെപ്പ
ററി ജനങ്ങൾക്ക് എത്ര തന്നെ ഭിന്നാഭിപ്രായങ്ങളുണ്ടായിരു
ന്നാലും ഇദ്ദേഹം ഈ സൎവകലാശാലയിലെ പഠിത്തത്തിന്റെ
വിശ്വസ്തനും അനുരക്തനുമായ ഒരു രക്ഷിതാവും പോഷകനും
ആയിരുന്നിട്ടുണ്ടെന്നുള്ള സംഗതി എവരാലും, സമ്മതിക്കപ്പെ
ടുമെന്നുള്ളതിന് എനിക്കു യാതൊരു സംശയവുമില്ലാ. ഇദ്ദേ

ഹത്തിൻെറ പരിശ്രമങ്ങളെല്ലാം സ്ഥിരങ്ങളും അവിച്ഛേദങ്ങ ളുമായിരുന്നു. ഇദ്ദേഹം സർവരാലും അഭിനന്ദിയ്ക്കപ്പെട്ടിരിക്കു ന്നു എന്നും ഇദ്ദേഹത്തിൻെറ നാമധേയം ഈ വിദ്യാലയത്തി ൻെറ ശ്രേയസ്സിനു കാരണഭൂതന്മാരായിട്ടുള്ള മഹാന്മാരുടെ കൂ ട്ടത്തിൽ എന്നും നിലനില്ക്കുമെന്നും ഉള്ള സംഗതികൾ ഞ ങ്ങൾക്ക് അനിതരസാധാരണമായ സന്തോഷത്തിനു മുഖ്യഹേ തുക്കളാകുന്നു. ഞങ്ങളുടെ വിദ്യാലയത്തിൽ പ്രശസ്തന്മാരായും ഗുണസമ്പന്നന്മാരായും ഉണ്ടായിട്ടുള്ള യോഗ്യരുടെ ഇടയിൽ ഒരു സുപ്രതിഷ്ഠിതസ്ഥാനത്തിൽ ഞങ്ങൾ ഇദ്ദേഹത്തിനെ നി വേശിപ്പിച്ചുകൊള്ളുന്നു.

൧൮൭൪-ൽ മണ്ഡലിക്കു ബാംബെ നിയമനിർമ്മാണസഭ യിൽ ഒരു അംഗമായി നിയമിക്കപ്പെട്ടു. നാട്ടുകാരിൽ ഒന്നാ മതായി ഈ ഉയൎന്ന സ്ഥാനം സിദ്ധിച്ചതു് ഇദ്ദേഹത്തിനു ത ന്നെ ആയിരുന്നു. ആ കാലംവരെ ഈ സ്ഥാനം രാജാക്കന്മാ ൎക്കും സർദാരന്മാൎക്കും മാത്രമേ കൊടുക്കപ്പെട്ടിരുന്നുള്ളൂ. ഇവർ എല്ലാ കാൎയ്യങ്ങളിലും അടിമപ്രായന്മാരായി ഗവൎമ്മേണ്ടിനെ അനുഗമിച്ചിരുന്നു. മണ്ഡലിക്കിൻെറ ഈ വിശിഷ്ടസ്ഥാനപ്രാ പ്തി എത്രയും ഉചിതയായിരുവെന്നുള്ളതു താൻ തൻെറ പ്രവൃ ത്തികളെക്കൊണ്ടു് എല്ലാവരേയും ബോധപ്പെടുത്തി. ആലോ ചനസഭയിൽ ഉൽകൃഷ്ടതരമായ വിരോധവാദം എന്താണെ ന്നു് ഇദ്ദേഹം ഗവൎമ്മേണ്ടിനു് ഒരു പൂൎവാസ്വാദനരസം ജനിപ്പി ച്ചു. എന്നുതന്നെയല്ല, ആലോചനസഭയിൽ ഭൂരിപക്ഷം ബല മേറിയ അധികാരികളാകുമ്പോൾ കൂടിയും തങ്ങളുടെ പ്രതി നിധികൾക്കു തങ്ങൾക്കുവേണ്ടി എന്തുചെയ്യാൻ കഴിയുമെന്നു ജനങ്ങളെ ധരിപ്പിക്കയും ചെയ്തു. മണ്ഡലിക്ക് ഈ സ്ഥാനം വഹിക്കുന്നതിനു സവിശേഷമായി യോഗ്യതയുള്ള ഒരാളായിരു ന്നു. ഇദ്ദേഹം ഒരു നല്ല പണ്ഡിതനും ഒരു നിപുണനായ നി യമജ്ഞനും ഒരു വാഗ്മിയായ വാദിയും ഉദ്യോഗനടവടികളെ കുറിച്ചു പരിജ്ഞാനമുള്ള ഒരാളും നാട്ടുനടപ്പിൽ നല്ലവണ്ണം പ

രിചിതനും ആയിരുന്നു. ഇദ്ദേഹം പ്രബലമായ സ്വാതന്ത്ര്യവും അഭിപ്രായസ്ഥൈര്യ്യവും ഉള്ളവൻ ആയിരുന്നു. ആകയാൽതന്നെ ഇദ്ദേഹത്തിനെ അധികാരംകൊണ്ടോ ഗൌരവമായ നോട്ടം കൊണ്ടോ എളുപ്പത്തിൽ ഭയപ്പെടുത്തുവാൻ കഴിയുന്നതല്ലായിരുന്നു. ഒരിക്കൽ ഒരു ഗവൎണ്ണർ തൻെറ അധികാരത്തെ ഇദ്ദേഹത്തിൻെറ നേരെ അല്പം ഉപയോഗിച്ചു നോക്കിയപ്പോൾ ഇദ്ദേഹം താൻ അനിയന്ത്രിതശാസനമുള്ള ഒരു അധികാരിയുടെ കീഴിലല്ലെന്ന് ഓൎമ്മിക്കേണ്ടതാകുന്നു എന്നു സവിനയമായി പറകയുണ്ടായി. ഗവൎമ്മേണ്ടിൽനിന്ന് ഇദ്ദേഹം മൂന്നു തവണ നിയമനിൎമ്മാണസഭയിലെ സാമാജികനായി നിയമിക്കപ്പെട്ടു. തനിക്ക് അതിനോടുള്ള സംബന്ധം ൧൮൭൪ മുതൽ ൧൮൮൨ വരെ ഉണ്ടായിരുന്നു. ൧൮൭൭ മുതൽ ൧൮൭൯ വരെ താൻ സൎക്കാർ വ്യവഹാരവാദിയായി നിയമിക്കപ്പെട്ടിരുന്നതിനാൽ ആലോചനാസഭയിൽ താൻ ഒരു ഉദ്യോഗസ്ഥനായ സാമാജികനായിരുന്നു. ൧൮൮൪-ൽ റിപ്പൺപ്രഭു വൈസ്റോയി ആയിരുന്നപ്പോൾ കൽക്കത്താവിലെ നിയമനിൎമ്മാണസഭയിൽ ഒരു സാമാജികനായി ഇദ്ദേഹത്തിനെ നിയമിച്ചു. ബാംബെ സംസ്ഥാനത്തിൽ ഒരു സ്വദേശിക്ക് ഇപ്രകാരമുള്ള ഒരു ബഹുമാനം ഒന്നാമതായി കിട്ടിയതു് അപ്പോൾ ആയിരുന്നു. ഇദ്ദേഹം കൽക്കത്താവിലേക്കു പോകുന്നതിനു മുമ്പിൽ ജനങ്ങൾ എല്ലാവരുംകൂടി ഇദ്ദേഹത്തിന് ഒരു സല്ക്കാരം ചെയ്തു. അപ്പോൾ അഗ്രാസനാധിപത്യം വഹിച്ചതു സർ ജംസെഡ്ജി ജീജിഭായി ആയിരുന്നു. കൽക്കത്താവിൽ ഇദ്ദേഹത്തിന് അവിടെയുണ്ടായിരുന്ന ഇൻഡ്യൻസമാജം ഒരു സ്വാഗതസൽക്കാരം ചെയ്തു. ഇതിൽ സ്വദേശീയസമൂഹത്തിൽ പ്രധാനികളായ സകല ആളുകളും ഹാജരുണ്ടായിരുന്നു. ൧൮൮൬-ൽ ഇദ്ദേഹത്തിനെ വീണ്ടും നിയമനിൎമ്മാണസഭാംഗമായി ഡഫ്റിൻപ്രഭു നിയമിച്ചു. ഈ സ്ഥാനം വഹിച്ചിരുന്ന കാലത്തു താൻ പ്രസിദ്ധങ്ങളായ അനേകം വാദപ്രതിവാദങ്ങളിൽ ചേ

ന്നു. അവയിൽ മുഖ്യമായുള്ളവ കുടിയായ്മബില്ലും ആദായനികുതിബില്ലും ആയിരുന്നു. രണ്ടാമതു പറഞ്ഞ ബില്ലിനെ പററിയുള്ള വാദത്തിൽ ഉപ്പു മുതലായവക്കുള്ള കരം നിത്തൽ ചെയ്യാതെ ഇരിക്കുമ്പോൾ ഇറക്കുമതി സാമാനങ്ങൾക്കുള്ള ചുങ്കങ്ങൾ നിത്തൽ ചെയ്യുന്നതിനെ കുറിച്ച് ഇദ്ദേഹം ബലമായി എതിൎത്തു വാദിച്ചു. ഫവ്വവ്വ അവസാനത്തിൽ ശരീരസുഖക്കേടുനിമിത്തം ഇദ്ദേഹം തൻെറ സ്ഥാനത്തിൽ നിന്നൊഴിഞ്ഞു. ഇദ്ദേഹം ബാംബെയിലേക്കു മടങ്ങിവന്ന ഉടനെ ഇദ്ദേഹത്തിൻെറ ഓൎമ്മയെ നിലനിൎത്തുന്നതിന്നായി ഒരു വലിയ സഭ കൂടുകയുണ്ടായി. ആ സഭയിൽവെച്ച് ഇദ്ദേഹത്തിൻെറ നാമധേയത്തോടുകൂടി ഒരു സ്വൎണ്ണമുദ്ര കൊല്ലംതോറും സൎവ്വകലാശാലയിലെ നിൎവ്വാഹകസംഘത്താൽ നിശ്ചയിക്കപ്പെടുന്ന ഏതെങ്കിലും പ്രമേയത്തെ കുറിച്ച് ഒരു സംസ്കൃതപ്രബന്ധം രചിക്കുന്ന ആൾക്കു കൊടുക്കത്തക്കവണ്ണവും, ഇദ്ദേഹത്തിൻെറ ഒരു ഊൎദ്ധ്വകായപ്രതിമയെ ഉണ്ടാക്കി പൊതുവായ ഒരു സ്ഥലത്തു വെക്കത്തക്കവണ്ണവും തീൎച്ചയാക്കി. ഇപ്രകാരമുള്ള ഒരു സഭ പൂനായിലും ഉണ്ടായി. അവിടേയുള്ള വേദശാസ്ത്രോത്തേജകപാഠശാലയിൽ ഇദ്ദേഹത്തിൻെറ ഓൎമ്മക്കായി ഒരു സമ്മാനദാനം നിശ്ചയിക്കപ്പെട്ടു.

മണ്ഡലിക്കു വിഖ്യാതനായ ഒരു വിദ്വാനും ഗ്രന്ഥകാരനും ആയിരുന്നു. ഇദ്ദേഹത്തിൻെറ ആദ്യത്തെ സാഹിത്യപരിശ്രമങ്ങൾ സ്വദേശഭാഷകളിൽ ചില പുസ്തകനിൎമ്മാണങ്ങളായിരുന്നു. വിദ്യാശാലയിൽ വിദ്യാൎത്ഥിയുടെ നിലയിൽ ഇരുന്നപ്പോൾ മിസ്സ് എഡ്ജ്‌വർത്ത് എന്ന വിദുഷിയാൽ രചിക്കപ്പെട്ട സദാചാരകഥകളിൽ ഒന്നായ 'ലോട്ടറി' എന്ന കഥയെ മഹാരാഷ്ട്രഭാഷയിലേക്കു തൎജ്ജമ ചെയ്തു. ഈ സംഗതിയിൽ സന്ദർജി ജിവാർജി എന്ന ആളിൻെറ പേരിൽ നിയമിക്കപ്പെട്ടിരുന്ന ഒരു സമ്മാനം ഇദ്ദേഹത്തിനു ലഭിച്ചു. പിന്നീടു ഹരിറാവ് എന്ന ആളോടുകൂടി മിസ്സ് മാർസെററ് എന്ന വിദ്വ

ഷിയുടെ "ധനതത്വശാസ്ത്രപ്രശ്നോത്തരങ്ങൾ" എന്ന ഗ്രന്ഥത്തെ തർജ്ജമചെയ്തു. താൻ സിന്ധിലായിരുന്നപ്പോൾ അവിടത്തെ ഭാഷയെ പഠിച്ച് ഒരു ചെറിയ വ്യാകരണം നിർമ്മിച്ചു. താൻ ഗുജരാത്തി ഭാഷ പഠിച്ച് അതിലേക്കും മഹാരാഷ്ട്രഭാഷയിലേക്കും എൽഫിൻസ്റ്റൺ എന്ന മഹാൻെറ ഇൻഡ്യാചരിത്രത്തെ തർജ്ജമചെയ്തു. ഇതു സർവകലാശാലയിൽ ഒരു പാഠപുസ്തകമായി നിശ്ചയിക്കപ്പെട്ടു. ൧൮൬൨-ൽ ഹിന്ദുനിയമങ്ങളെക്കുറിച്ചു താനുണ്ടാക്കിയ ഒരു സംക്ഷിപ്തഗ്രന്ഥത്തെ പ്രസിദ്ധപ്പെടുത്തി. ഇതും ഗുജരാത്തിഭാഷയിലുള്ള അതിൻെറ തർജ്ജമയും ഇപ്പോഴും ഹിന്ദുനിയമങ്ങളെപ്പററിയുള്ള ഒരു പാഠപുസ്തകമായിട്ടുതന്നെ ഇരിക്കുന്നു. ഇദ്ദേഹം പിന്നെ കിൻഡർസ്ലി എന്ന വിദ്വാൻെറ 'തെളിവുശാസ്ത്രം' എന്ന ഗ്രന്ഥവും "നിയമനടവടികളുടേയും വ്യവസ്ഥാനങ്ങളുടേയും മാർഗ്ഗോപദേശകം" എന്ന ഗ്രന്ഥവും തർജ്ജമ ചെയ്തു. അനന്തരം മൈസൂർ രാജവംശത്തിൽ ദത്തെടുക്കുന്ന കാര്യത്തേപ്പററി ഒരു ചെറിയ പുസ്തകം പ്രസിദ്ധപ്പെടുത്തി. ഇതു് ആദ്യം ഇംഗ്ലണ്ടിലാണ് അച്ചടിക്കപ്പെട്ടതു്. അപ്പോൾ അധികമായ ഒരു കലക്കമുണ്ടായി. ൧൮൬൮-ൽ ഇദ്ദേഹം "ഖോടി എപ്പാടി"നേയും "കരാധികാരബില്ലി"നേയും പററി ചില ചെറിയ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തി. ഇദ്ദേഹം ഏഷ്യായിലെ രാജകീയസംഘത്തിൻെറ ബാംബെയിലുള്ള ശാഖയിൽവെച്ചു പ്രാക്കാലീനാന്വേഷണങ്ങളെപ്പററി ആറു പ്രബന്ധങ്ങൾ എഴുതിവായിച്ചു. ഇദ്ദേഹത്തിൻെറ ഏററവും ഉൽകൃഷ്ടമായ ഗ്രന്ഥം ൧൮൭൦ ൽ ആണു പ്രസിദ്ധപ്പെടുത്തപ്പെട്ടതു്. യാജ്ഞവൽക്യസ്മൃതിയും വ്യവഹാരമയൂഖവും ഇംഗ്ലീഷിൽ തർജ്ജമയോടുകൂടിയതായ ഗ്രന്ഥത്തിൻെറ യോഗ്യത ഇൻഡ്യയിൽ സർവസമ്മതമായിട്ടുള്ളതാകുന്നു. ഈ ഗ്രന്ഥത്തിൻെറ ഒരു വിശിഷ്ടമായ ആമുഖോപന്യാസത്തിൽ ഹിന്ദുനിയമത്തിൻെറ ഉൽപത്തിയേയും സ്വഭാവത്തേയും പററി വിശദമായി പ്രസ്താവിക്കയും

സ്മൃതികളുടെ വിഭാഗങ്ങളെ തിരിച്ചുകാണിക്കയും അതിൽ അനേകം ഗൌരവമുള്ള വിഷയങ്ങളെ സംബന്ധിച്ചുള്ള മൂലവാക്യങ്ങളേയും ആചാരങ്ങളേയുംപററി രസകരമാകുംവണ്ണം പ്രസംഗിക്കയും ചെയ്തിട്ടുണ്ട്. ഇദ്ദേഹം ഒരു വൃത്താന്തപത്രപ്രവത്തകനുമായിരുന്നു. "സ്വദേശാഭിപ്രായ"മെന്ന പേരോടു കൂടിയതും ആഴ്ചവട്ടത്തിലൊരിക്കൽ പ്രസിദ്ധപ്പെടുത്തുന്നതുമായ ഒരു ഇംഗ്ലീഷുപത്രിക ഇദ്ദേഹം ൧൮൬൪-ൽ തുടങ്ങുകയും ൧൮൭൬ വരെ താൻ തന്നെ അതിനെ നടത്തിപ്പോരികയും ചെയ്തു.

മണ്ഡലിക്കിനു ഗവമ്മേണ്ടിൽനിന്നു സിദ്ധിച്ചിട്ടുള്ള ബഹുമതികൾ ചുരുക്കമല്ല. വിദ്യാഭ്യാസസംബന്ധമായ ഡെപ്യൂട്ടി ഇൻസ്പെക്ടർ ഉദ്യോഗത്തിൽനിന്നും വിശ്രമാത്ഥം താൻ ഒഴിഞ്ഞപ്പോൾ ഗവമ്മേണ്ടിൻെറ ഒരു പ്രത്യേകനിശ്ചയപ്രകാരം "റാവുസാഹെബ്" എന്ന സ്ഥാനം ഇദ്ദേഹം പിന്നീടും ധരിക്കുന്നതിന് അനുവദിക്കപ്പെട്ടു. ൧൮൭൭-ൽ ഷെറിഫ് എന്ന ഉദ്യോഗത്തിലിദ്ദേഹത്തിനെ നിയമിക്കാൻ ആലോചിച്ചപ്പോൾ താൻ ആ ഉദ്യോഗം സ്വീകരിക്കുന്നപക്ഷം നിയമനിമ്മാണസഭയിലെ സ്ഥാനം രാജികൊടുക്കേണ്ടതായിരുന്നതിനാൽ ആ ഉദ്യോഗത്തെ സ്വീകരിച്ചില്ല. ൧൮൭൫-ൽ ഇദ്ദേഹം ഒന്നാമത്തെ ഫാക്ടറികമ്മിഷനിലെ ഒരംഗമായി നിയമിക്കപ്പെട്ടു. പിന്നത്തെ കൊല്ലത്തിൽ സിംലായിൽ പാഠപുസ്തകങ്ങളെ നിണ്ണയിക്കുന്നതിന്ന് ഏപ്പെടുത്തിയ സഭയിൽ ഒരംഗമായിരിക്കാൻ ലിററൺപ്രഭു ഇദ്ദേഹത്തിനോട് ആവശ്യപ്പെട്ടു. എന്നാൽ തൻെറ ശരീരസുഖക്കേടുകൊണ്ട് ഈ ബഹുമതിയെ ഉപേക്ഷിക്കേണ്ടിവന്നു. ൧൮൭൭-ൽ മഹാരാജ്ഞി അവർകളെ ഇൻഡ്യാചക്രവത്തിനിയായി പ്രഖ്യാപനം ചെയ്തപ്പോൾ ഇദ്ദേഹത്തിനു "കമ്പാനിയൻ ഓഫ് ദി സ്റ്റാർ ഓഫ് ഇൻഡ്യ" എന്നുള്ള ബഹുമതി ലഭിച്ചു. ഈ സ്ഥാനത്തിന്നുള്ള മുദ്രയെ ൧൮൭൮ ജനവരിയിൽ ഇദ്ദേഹത്തിനു കൊടുത്തപ്പോൾ സവ്വജനസമ്മാന്യനാ

യ മിസ്റ്റർ ജിബ്സ് താഴെ പറയുംപ്രകാരം പറഞ്ഞു:— "സിന്ധിൽ സർ ബാർടിൽ ഫ്രീറുടെ വിശ്വസ്തനായ എഴുത്തുകാരനായിരുന്നനാൾമുതൽക്ക് ഇപ്പോൾ ഏകദേശം ൨൫ സംവത്സരത്തോളം മണ്ഡലിക്കുമായി പരിചയമുള്ള എനിക്ക് ഈ ഉൽകൃഷ്ടതരമായ സ്ഥാനചിഹ്നത്തെ ഇദ്ദേഹത്തിനു കൊടുക്കാനായി കൂടിയിരിക്കുന്ന സഭയിൽ അഗ്രാസനാധിപത്യം വഹിക്കുന്നതിലും എന്റെ കൈകൊണ്ടുതന്നെ ആ മുദ്രയെ ഈ റാവു സാഹിബിനു ദാനംചെയ്യുന്നതിലും അധികമായ സന്തോഷമുണ്ട്. മണ്ഡലിക്കു വിദ്യാഭ്യാസവിഷയമായിട്ടും നിയമവിഷയമായിട്ടും ഗവൎമ്മേണ്ടിലേക്കു വിലമതിക്കുവാൻ പാടില്ലാത്ത സഹായങ്ങൾ ചെയ്തിട്ടുണ്ട്. ഞാൻ ബാംബേ സംസ്ഥാനത്തിൽ ആദായനികുതി കമ്മീഷണറായിരുന്നപ്പോൾ ഇദ്ദേഹം എന്റെ ഏററവും വിശ്വസ്തനായ സഹായിയായിരുന്നു. അന്നു വളരെ ഗൌരവമുള്ള പ്രവൃത്തികളിൽ ഇദ്ദേഹം കാണിച്ച സാമൎത്ഥ്യത്തെ കണ്ടു് ഇദ്ദേഹത്തിന്റെ യോഗ്യതയെപ്പററി ഞാൻ പ്രത്യേകം ഗവൎമ്മേണ്ടിലേക്ക് എഴുതിയിരുന്നു. അനന്തരം ഇദ്ദേഹം ഗവൎമ്മേൻറുദ്യോഗം രാജികൊടുത്തു ഹൈക്കോടതിയിൽ വക്കീലായി ഏററവും ഉൽകൃഷ്ടമായ സ്ഥാനം പ്രാപിക്കയും ജനസമുദായത്തിന്റെ ഗുണത്തിനു തന്നാൽ കഴിയുന്നവണ്ണം പ്രയത്നപ്പെടുകയും ചെയ്തിട്ടുണ്ട്."

മണ്ഡലിൿ ൧൮൮൯ മേമാസം ൯-ാംനു പരലോകം പ്രാപിച്ചു. ഇദ്ദേഹത്തിന്റെ ചരമദിവസം ഉണ്ടായ ഒരു മഹാജനസഭയിൽ താഴെ പറയുംപ്രകാരം പ്രസ്താവിക്കപ്പെട്ടു:- "ഈ സമാജം റാവുസാഹെബ് വിശ്വനാഥനാരായണമണ്ഡലിൿ സി. എസ്സ്. ഐ. എന്ന മഹാനുഭാവന്റെ പരലോകപ്രാപ്തിയെപ്പററി അത്യന്തം വ്യസനിക്കുന്നു. ഈ നഗരത്തിലും ന്യായാധിപസ്ഥാനങ്ങളിലും നഗരശുചീകരണസംഘത്തിലും അനന്യസാധാരണമായ പരിശ്രമം ഇദ്ദേഹം ചെയ്തിട്ടുണ്ട്. നാട്ടുകാരായ വക്കീലന്മാരിൽ പ്രധാനിയും വിശിഷ്ട

നായ ഒരു വിദ്വാനും ബാംബെ നിയമനിമ്മാണസഭയിലെ യോഗ്യനായ ഒരു സാമാജികനും ആയിരുന്ന ഇദ്ദേഹമാണ് ഇൻഡ്ധ്യയിലെ നിയമനിമ്മാണസഭയിൽ സാമാജികനായി ഒന്നാമതു നിയമിക്കപ്പെട്ട സ്വദേശി.” മണ്ഡലിക്കിൻെറ പരലോകപ്രാപ്തിയുടെ ശേഷം ആദ്യമായി നടന്ന കാൺവോക്കേഷനിൽ സവ്വകലാശാലയിലെ വൈസ് ചാൻസെല്ലർ താഴെ പറയുംപ്രകാരം പറഞ്ഞു.—“വളരെക്കാലം ഈ സവ്വകലാശാലയുടെ മുഖ്യനേതാക്കന്മാരിൽ ഒരാളായിരുന്ന വിശ്വനാഥനാരായണമണ്ഡലിക് ഇഹലോകവാസം വെടിഞ്ഞതിൽ ഈ സമാജത്തിനുള്ള നഷ്ടം അനിവ്ചനീയമാകുന്നു. ഇതുവരേയും നമ്മുടെ സംഘത്തിന് ഒരു ചൈതന്യത്തേയും വാദപ്രതിവാദങ്ങൾക്കു ഗൌരവത്തേയും ജീവനേയും കൊടുത്തിരുന്ന ഈ മഹാവിദ്വാൻെറ സാന്നിദ്ധ്യം ഇനി നമുക്കില്ലാതെ പോയിരിക്കുന്നു. സ്വയമേവ പഠിപ്പിൽ പ്രസക്തിയുള്ള ഒരാളും വിദ്യാഭ്യാസവിഷയത്തിൽ അതിൻെറ ഒരു രക്ഷിതാവുമായിരുന്നതിനാൽ ഇദ്ദേഹം ഈ സവ്വകലാശാലയിലെ വിദ്യാത്ഥികൾക്കു യഥാത്ഥമായ പഠിപ്പിൻെറ വൃദ്ധികൊണ്ടുണ്ടാകേണ്ട ബുദ്ധിവൈഭവങ്ങൾക്കും ഇഹലോകസുഖാനുഭവങ്ങൾക്കു മാത്രമല്ലാതെ ഉൽകൃഷ്ടതരങ്ങളായ കായ്യങ്ങളിൽ അശ്രാന്തമായി പരിശ്രമിക്കുന്ന സ്വഭാവത്തിനും ഒരു ദൃഷ്ടാന്തമായി ഭവിച്ചിരിക്കുന്നു. അമായമായും സരളമായുമുള്ള ജീവിതംകൊണ്ടും സ്വതന്ത്രസ്വഭാവംകൊണ്ടും ഇദ്ദേഹം മററുള്ളവക്ക് കാണിച്ചുകൊടുത്തിരിക്കുന്ന ദൃഷ്ടാന്തം എത്രയും അമൂല്യമായിരിക്കുന്നു. അകൃത്രിമപ്രകൃതി, ശുദ്ധത, കായ്യങ്ങളിലുള്ള നിഷ്ഠാപട്യം എന്നിങ്ങനെ ഓരോന്നിൽ തന്നോടു ഭിന്നിച്ചിരിക്കുന്ന ആളുകൾക്കുകൂടിയും സദാവ്യക്തങ്ങളായിരുന്ന ഇദ്ദേഹത്തിൻെറ മുഖ്യഗുണങ്ങൾക്ക് ഒരു സവ്കലാശാലയുടെ നിലയിൽ നാമിന്നും കപ്പം കൊടുത്തുവരുന്നു.”

ഹൈക്കോർട്ടു മുടക്കം കഴിഞ്ഞു തുറന്ന സമയം പ്രധാനന്യായാധിപതി മണ്ഡലിക്കിനെക്കുറിച്ചു താഴെ പറയുംപ്ര

കാരം പറഞ്ഞു:—"വ്യവഹാരനിയന്താക്കളിൽ പഴമയും പരിചയവും ബഹുമതിയുമുണ്ടായിരുന്ന ഒരാളും ഇപ്പോൾ പരലോകപ്രാപ്തനുമായ റാവുസാഹെബ് വിശ്വനാഥനാരായണമണ്ഡലിക്കിനെപ്പററി അല്പം ഒന്നിവിടെ പ്രസ്താവിക്കാതെ ഇരിക്കാൻ എനിക്ക നിവൃത്തിയില്ല. ഇദ്ദേഹം പ്രാചീനനവീനനടപടികൾ തമ്മിൽ യോജിപ്പിക്കുന്ന ഒരു സന്ധിബന്ധമായിരുന്നു. തൻെറ വിശിഷ്ടമായ ശീലഗുണവും സ്വതന്ത്രതയും പ്രത്യേകവിഷയങ്ങളിൽ തനിക്കുണ്ടായിരുന്ന വിദഗ്ദ്ധതയും നിമിത്തം ഇദ്ദേഹം സവ്വമാന്യനായിരുന്നു. ഇപ്പോൾ വിദ്യാഭ്യാസരീതിയിൽ മേൽപറഞ്ഞ പ്രത്യേകവിഷയങ്ങളിലുള്ള വൈദഗ്ദ്ധ്യം ജനങ്ങൾക്ക വളരെ അപൂവ്വമായിത്തീന്നിരിക്കുന്നു. നാമെല്ലാവരും ഇദ്ദേഹത്തിനെ വളരെ ബഹുമാനിച്ചുപോന്നു. ഇദ്ദേഹത്തിൻെറ ജീവിതം നമുക്കെല്ലാവക്കും ഒരു വലിയ ബലമായിരുന്നു. ഈ മഹാപുരുഷൻെറ വിയോഗം ഹേതുവായിട്ടു നമുക്കുള്ള ദുഃഖം എളുപ്പത്തിൽ തീന്നുപോകുന്നതല്ല."

ഇദ്ദേഹത്തിൻെറ വിയോഗത്തെപ്പററി ദുഃഖസൂചകമായി ആ സംസ്ഥാനത്തിൽ പലദിക്കിലും സഭ കൂട്ടുകയുണ്ടായി. ഇദ്ദേഹത്തിൻെറ സ്വദേശത്തിൽ പ്രധാനപ്പെട്ട രത്നഗിരി എന്ന ദിക്കിൽ ഒരു വലിയ സഭ കൂട്ടുകയും അതിൽ അഗ്രാസനാധിപത്യം അവിടത്തെ കല്ലെക്ടരായ ഡാക്ടർ ജെ. പൊള്ളൻ വഹിക്കയും ചെയ്തു. ഇദ്ദേഹം മണ്ഡലിക്കിനെക്കുറിച്ചു താഴെ പറയുംപ്രകാരം പറഞ്ഞു:—"മണ്ഡലിക്കിൻെറ വിയോഗം ഹേതുവായിട്ടു, സ്വഭാവവൈശിഷ്ട്യംകൊണ്ടും, സ്ഥിരമായും തെളിവായുമുള്ള ബുദ്ധിവൈഭവംകൊണ്ടും, യോഗ്യതാംശത്തിൽ മഹാന്മാക്ക മാത്രമുണ്ടാകുന്ന മനസ്സിൻെറ വലുതായ സാരള്യംകൊണ്ടും എല്ലാവരാലും മാന്യനും ഇൻഡ്യയുടെ കാൎയ്യനിയന്താക്കളിൽ പ്രഥമഗണനീയനും, നിരുപമഗുണസമ്പൂൎണ്ണനുമായ ഒരു പുരുഷൻ പൊയ്പോയിരിക്കുന്നു." മണ്ഡലിക്കിൻെറ പരലോകപ്രാപ്തിഹേതുവായിട്ടു ദുഃഖാധിക്യ

ത്താൽ പൂനയിലെ സവ്ജനസഭ ഇദ്ദേഹത്തിൻെറ ഓമ്മക്കവേണ്ടി ചില നിശ്ചയങ്ങൾ ചെയ്തു. സർ റിച്ചാർഡ് ടെമ്പിൾ എന്ന മഹാൻ ഉണ്ടാക്കിയ "എൻെറ കാലത്തുള്ള ആളുകളും വൃത്താന്തങ്ങളും" എന്ന പുസ്തകത്തിൽ മണ്ഡലിക്കിനെക്കുറിച്ച താഴെ പറയുംപ്രകാരം പറഞ്ഞിരിക്കുന്നു:—"ഇദ്ദേഹം സ്വദേശീയവക്കീലന്മാരിൽ പ്രധാനിയും സൂക്ഷ്മഗ്രഹണശക്തികൊണ്ടും കാൎയ്യനിൎണ്ണയസാമത്ഥ്യംകൊണ്ടും തൻെറ സമകാലീനന്മാരെ ജയിച്ചവനും ആയിരുന്നു. ഗൃഹകൃത്യങ്ങളിൽ ഇദ്ദേഹം സകലക്കും അനുകരണീയനും ജനകാൎയ്യനിവ്വഹണത്തിൽ വളരെ ബുദ്ധിശക്തിയുള്ള ഒരാളും ആയിരുന്നു. ഇദ്ദേഹം മഹാരാഷ്ട്രസാമ്രാജ്യത്തിൽ ഒരിക്കൽ പ്രബലപ്പെട്ടിരുന്ന ഒരു വൎഗ്ഗക്കാരിൽനിന്നുണ്ടായിട്ടുള്ള ഒരു കൊങ്കണബ്രാഹ്മണനാകുന്നു. തൻെറ സ്വദേശക്കാരുടെ വിശ്വാസത്തിനും ബഹുമാനത്തിനും ഇദ്ദേഹം എല്ലാപ്രകാരത്തിലും പാത്രമായിരുന്നു. എനിക്കു പരിചയമുള്ള നാട്ടുകാരിൽ വെച്ച് ഇദ്ദേഹം വളരെ ത്രാണിയുള്ള ഒരാളാകുന്നു."

മണ്ഡലിക്കിൻെറ യോഗ്യത പാശ്ചാത്യവിദ്യാഭ്യാസത്തിൽനിന്നുണ്ടായിട്ടുള്ള വിശിഷ്ടഫലമാകുന്നു എങ്കിലും അദ്ദേഹം സാമുദായികനവീനപരിഷ്കാരങ്ങൾക്ക് അനുകൂലനായിരുന്നില്ല. തൻെറ ചെറുപ്പകാലത്തു സ്ത്രീവിദ്യാഭ്യാസപ്രചാരത്തിനും മററു ചില വിഷയങ്ങളിലും വേണ്ടുന്ന പരിഷ്കാരങ്ങൾക്കും താൻ വളരെ താല്പൎയ്യമുള്ളവനായി കാണപ്പെട്ടിരുന്നു. എന്നാൽ കാലക്രമേണ തൻെറ വിചാരങ്ങൾക്കു ചില മാററങ്ങൾ സംഭവിച്ച് ഇദ്ദേഹം ഒടുവിൽ പ്രാചീനാചാരങ്ങളെ വിടാൻ പാടില്ലെന്നു കഠിനനിൎബ്ബന്ധമുള്ള ഒരാളായിത്തീൎന്നു. സാമുദായികകാൎയ്യങ്ങളിൽ ഗവൎമ്മേണ്ടിൻെറ പ്രവേശനം തനിക്കു തീരെ വിരോധമായിരുന്നു എങ്കിലും, വിധവകളുടെ വൈരൂപ്യത്തെ തീരെ വെറുക്കുന്ന ഒരാളും കപ്പൽയാത്ര ചെയ്തവരെ ചില നിബന്ധനകളോടുകൂടി സ്വജാതിയിൽ ചേൎക്കുന്നതിന്ന് അനുകൂ

ലനും ആയിരുന്നു. മണ്ഡലിക് ഏകപത്നിവ്രതമുള്ള ഒരു ഭ ത്താവും സന്താനസ്നേഹമുള്ള ഒരു പിതാവുമായിരുന്നു. തന്റെ ഭാൎയ്യ ചെറുപ്പത്തിൽ ശരീരസുഖക്കേടുള്ളവളും പിന്നീട് അം ഗങ്ങൾ എല്ലാം തളൎന്ന ഒരു ബലഹീനയും ആയിരുന്നു എ ങ്കിലും, അദ്ദേഹത്തിന്നു തന്റെ പത്നിയെക്കുറിച്ച വളരെ സ്നേ ഹബഹുമാനങ്ങൾ ഉണ്ടായിരുന്നു. ആ സുശീലയുടെ ആവ ശ്യപ്രകാരം അദ്ദേഹം തനിക്കും അവൾക്കുംകൂടി വെള്ളികൊണ്ടു തുലാഭാരം കഴിച്ചു. സാധുക്കളായ തന്റെ അനേകം സംബ ന്ധികൾക്കു താൻ ബഹുസഹായം ചെയ്തു. ഇദ്ദേഹത്തിന്നു മ തവിഷയമായും മററുമുള്ള ദുശ്ശാഠ്യം യാതൊന്നുമുണ്ടായിരു ന്നില്ല.

## കാശിനാഥത്ര്യംബകടിലാങ്ങ്.

കാശിനാഥത്ര്യംബകടിലാങ്ങ് മാന്യവംശത്തിൽ ജനിച്ച വനായ ഒരു ഗൌഡസാരസ്വതബ്രാഹ്മണനായിരുന്നു. ഇദ്ദേ ഹത്തിന്റെ പൂൎവ്വന്മാർ ഗോവായിൽനിന്നു വന്നു ഈ ശതവൎഷ ത്തിന്റെ ആദികാലത്തു താണാ എന്ന സ്ഥലത്തു പാൎപ്പാ ക്കി. ടിലാങ്ങ് ൧൮൫൦-ാമാണ്ടു ആഗസ്റ്റ്മാസം ൩൦-ാംനു- യാണു ജനിച്ചതു്. ഇദ്ദേഹം ബാപ്പുരാമചന്ദ്രടിലാങ്ങിന്റെ ദ്വിതീയപുത്രനായിരുന്നു. ബാപ്പുവിന്റെ ജ്യേഷ്ഠനായ ത്ര്യം ബകരാമചന്ദ്രടിലാങ്ങ് കാശിനാഥനെ ദത്തെടുത്തു. സഹോ ദരന്മാരായ ത്ര്യംബക്കും ബാപ്പുവും ഒരുമിച്ചു താമസിച്ചു. എ ന്നാൽ ജ്യേഷ്ഠത്വത്താൽ ഗൃഹഭരണാധികാരം ത്ര്യംബക്കിനാ യിരുന്നു. പുണ്യചരിത്രനായ അദ്ദേഹത്തിന്റെ ഭരണവിശേ ഷംകൊണ്ടു ചെറിയ കാശിനാഥന്റെ മനസ്സിൽ അനേകം സൽഗുണബീജങ്ങൾ അങ്കുരിച്ചു. ഈ ബാലൻ സ്വഭാഷാ ഭ്യാസം ചെയ്തതു് അമർചന്ദ്‌വാടി സ്കൂളിലായിരുന്നു. ഇദ്ദേ ഹത്തിന്റെ ഗുരുനാഥനായ മഹാദേവപന്തൊജിക്കു ശിഷ്യരു

ടെ അഭ്യാസവിഷയത്തിൽ അനല്പമായ താല്പര്യമുള്ളവനായിരുന്നതിനാൽ ടിലാങ്ങ് അദ്ദേഹത്തെക്കുറിച്ചു വളരെ ഭക്തിവിശ്വാസങ്ങളോടുകൂടിയാണു സംസാരിയ്ക്കാറുണ്ടായിരുന്നത്. ൧൮൭൦-ൽ ഇദ്ദേഹം എൽഫിൻസ്റ്റൺ ഹൈസ്കൂളിൽ ചേൎന്നു. അവിടെ ഇദ്ദേഹത്തിന്റെ ഗുരുനാഥന്മാരെല്ലാം അതിയോഗ്യന്മാരായിരുന്നു. അവരിൽ ഒരാളായ നാരായണമഹാദേവപരമാനന്ദന്റെ പേരിൽ ടിലാങ്ങിനുണ്ടായിരുന്ന സ്നേഹം ജീവിതാവസാനംവരെ നിലനിന്നു; എന്നുമാത്രമല്ല, പ്രായേണ കാൎയ്യാലോചനകളിൽ ടിലാങ്ങ് അദ്ദേഹത്തിന്റെ അഭിപ്രായത്തെ സ്വീകരിക്കാറുമുണ്ടായിരുന്നു. ൧൮൬൮-ൽ ടിലാങ്ങ് ബാംബെ സൎവ്വകലാശാലയിൽ മെട്രിക്യുലേഷൻ പരീക്ഷയിൽ ജയിച്ചു. ഉടനെ ഇദ്ദേഹം എൽഫിൻസ്റ്റൺ കലാശാലയിൽ ചേൎന്നു. അന്നു ഈ വിദ്യാശാലാദ്ധ്യക്ഷൻ മിസ്റ്റർ കെ. എം. ചാററ്ഫീൽഡ് ആയിരുന്നു. മിസ്റ്റർ ഹ്യൂലിങ്ങ്സ് ഇംഗ്ലീഷുഭാഷാദ്ധ്യാപകനായിരുന്നു. ഇവർ രണ്ടുപേരും വളരെ സമൎത്ഥന്മാരായ ഗുരുനാഥന്മാരായിരുന്നു. അവർ വിദ്യാൎത്ഥികൾക്ക് അവശ്യം പഠിക്കേണ്ട പുസ്തകങ്ങൾകൂടാതെ മററനേകം പുസ്തകങ്ങളെ വായിപ്പിച്ച് ആലോചനാശക്തിയെ വൎദ്ധിപ്പിച്ചു. ടിലാങ്ങ് ൧൮൭൦-ൽ ബി. എ. പരീക്ഷയിലും ൧൮൭൨-ൽ എം. എ. പരീക്ഷയിലും ജയിച്ചു. ഭഗവൻദാസ് പുരുഷോത്തമദാസു ഏൎപ്പെടുത്തിയ സംസ്കൃതസ്കാളർഷിപ്പ് ൧൮൭൧-ൽ ഇദ്ദേഹത്തിനു ലഭിക്കയും ൧൮൭൪-ൽ എൽ. എൽ. ബി. പരീക്ഷയിൽ ഇദ്ദേഹം വിജയിയായി ഭവിക്കയും ചെയ്തു. ൧൮൭൨-ൽ ഇദ്ദേഹം എൽഫിൻസ്റ്റൺ കോളേജിൽ ഫെല്ലോ എന്ന സ്ഥാനത്തിൽ നിയമിക്കപ്പെട്ടു. ഈ സ്ഥാനത്തെ വഹിച്ചുകൊണ്ടിരുന്ന അഞ്ചു സംവത്സരങ്ങളിൽ ഇദ്ദേഹം ചില കോളേജുക്ലാസ്സുകളിൽ സംസ്കൃതവും ഇംഗ്ലീഷും പഠിപ്പിച്ചു. എൽ. എൽ. ബി. പരീക്ഷയിൽ ജയിച്ച ഉടനെ ഇദ്ദേഹം രണ്ടുകൊല്ലം ഹൈക്കോടതിയിൽ ഇ

രുന്നു വക്കീൽവേലയിൽ പ്രവേശിക്കാൻ വേണ്ട പാണ്ഡിത്യം സമ്പാദിച്ചു. ൧൮൬൯-ൽ അഡ്വൊക്കേററു പരീക്ഷയിൽ ജയിക്കയും വക്കീൽപണിയിൽ പ്രവേശിക്കയും ചെയ്തു.

ഇദ്ദേഹം കഴിച്ച പരീക്ഷയിൽ കടന്നു കൂടാൻമാത്രം വായിക്കുന്നവരുടെ ഗണത്തിലല്ലായിരുന്നു. പരീക്ഷകൾ ജയിക്കുന്നതോടുകൂടി ഉപര്യുപരി ജ്ഞാനത്തെ വദ്ധിപ്പിക്കുന്നതിനും ഇദ്ദേഹം ശ്രമിച്ചു. ഇദ്ദേഹം എം. എ. പരീക്ഷയിൽ ജയിച്ചതിൻെറശേഷം ആലോചിച്ചുനോക്കിയതിൽ വിചാരശക്തിയെ പോഷിപ്പിക്കാൻ വേണ്ട അഭ്യാസവും വാസനയും എത്രയോ അല്പമായിട്ടേ ഉണ്ടായിട്ടുള്ളു എന്നു കണ്ടു. നിയമം പഠിച്ചതോടുകൂടി അദ്ദേഹം ഇംഗ്ലീഷുസാഹിത്യത്തേയും തത്വശാസ്ത്രത്തേയും അത്ഥശാസ്ത്രത്തേയും പഠിച്ചു. പ്ലേറേറാവിൻെറ 'ഡയലോഗ്സ്' ചില്ലിങ്ങ്വത്തിൻെറ 'പ്രൊട്ടെസ്റ്റൻറുകാരുടെ മതം' ഹക്സ്ലിയുടേയും ജാൺസ്ററുവർട്ടമില്ലിൻെറയും പുസ്തകങ്ങൾ ഇവയെ ഇദ്ദേഹം നല്ലവണ്ണം മനസ്സിരുത്തി പഠിച്ചിട്ടുണ്ട്. ഇതിനുപുറമെ ബുദ്ധിക്കു കൂമ്മതയുണ്ടാവാൻ ഇദ്ദേഹം ദിവസവും രേഖാഗണിതത്തിൽനിന്ന് ഓരോ പ്രശ്നങ്ങളെ എടുത്തു വിശദീകരിക്ക പതിവായിരുന്നു. 'ഇൻഡ്യപ്രകാശ്' എന്നും 'നേററിവ് ഒപീനിയൻ' എന്നും പേരായ രണ്ടു സ്വഭാഷാപത്രങ്ങളിലേക്ക് ഇദ്ദേഹം ഓരോ വിഷയങ്ങളെക്കുറിച്ച് എഴുതി അയയ്ക്കാറുണ്ടായിരുന്നു. ഇദ്ദേഹം വാദസഭകളിൽ പോയി ഉപന്യാസങ്ങളെ എഴുതി വായിക്കയും ഓരോ വിഷയങ്ങളെപ്പററി പ്രസംഗിക്കയും ചെയ്യാറുണ്ടായിരുന്നു. ഇങ്ങനെ പരിചയിയ്ക്കുന്നതു തന്നെക്കൊണ്ടു ജനങ്ങൾക്ക് ഉപകാരമുണ്ടാകുന്നതിന് ആവശ്യകമാണെന്ന് ഇദ്ദേഹം വിചാരിച്ചു. ഇദ്ദേഹം ബാംബെയിലെ പ്രാത്ഥനാസമാജത്തിൽ ആഴ്ചതോറും പോകയും ധമ്മോപദേശകത്താവു ചെയ്യുന്ന പ്രസംഗത്തിൻെറ സാരം എഴുതി അദ്ദേഹത്തിന് അയച്ചുകൊടുക്കയും ചെയ്തിരുന്നു. മുമ്പിൽതന്നെ മററുള്ളവരുടെ വിചാരങ്ങ

ളെ ശരിയായി ധരിച്ച് അവയെ വ്യക്തമായി പറയുന്നതിനു ശീലിച്ചാലല്ലാതെ ഒരുവനു സ്വയമായി വിചാരശക്തിയുണ്ടാകാൻ പാടില്ലെന്നായിരുന്നു ഇദ്ദേഹത്തിൻെറ അഭിപ്രായം. ഇദ്ദേഹം നല്ല പുസ്തകങ്ങൾ അസംഖ്യം പഠിച്ചതിന്നുപുറമെ യോഗ്യന്മാരുടെ പ്രസംഗങ്ങൾ കേൾക്കയും അവയുടെ സാരങ്ങളെ ഇദ്ദേഹംതന്നെ സ്വന്തവാചകങ്ങളിൽ എഴുതുകയും ചെയ്തതിനാലത്രെ ഇദ്ദേഹം പശ്ചിമ ഇൻഡ്യയിലെ വാഗ്മിശ്രേഷ്ഠന്മാരിൽ ഒരുവനായിത്തീൎന്നതു്. ഇക്കാലത്തു് ഇദ്ദേഹത്തിനു മില്ലിൻെറ തക്കശാസ്ത്രം, അത്ഥശാസ്ത്രം, പ്രതിനിധിരാജ്യഭാരം എന്നീ പുസ്തകങ്ങളിൽ വളരെ അഭിരുചി തോന്നി. അതിൻെറശേഷം ഹേർബർട്ടസ്പെൻസറുടെ കൃതികളെ ശ്രദ്ധയോടെ പഠിച്ചു. കാർലൈൽ, വെർഡ്സ്വത്തു്, ടെന്നിസൺ, സ്വിൻബറൺ, ജോർജ്ജ് എലിയട്ട് ഇവരുടെ ഗ്രന്ഥങ്ങളിലും ഇദ്ദേഹം അനവരതപരിശ്രമം ചെയ്തു. സംസ്കൃതസാഹിത്യത്തിൽ ഇദ്ദേഹം പാണ്ഡിത്യമുണ്ടാകുവാൻ യത്നിച്ചു. ബാപ്പുശാസ്ത്രി ഇദ്ദേഹത്തെ പാണിനിയുടെ വ്യാകരണം അഭ്യസിപ്പിച്ചു. ശങ്കരവിജയവും ആനന്ദഗിരിയുടെ ശങ്കരവിജയത്തിൻെറ ഏതാനും ഭാഗങ്ങളും ഇദ്ദേഹം വായിച്ചു. ഈ രണ്ടു ഗ്രന്ഥങ്ങളുടേയും കാവള്ളി വെങ്കടരാമസ്വാമിയുടെ ശങ്കരചരിതത്തിൻേറയും സഹായത്താൽ ഇദ്ദേഹം ശങ്കരാചാൎയ്യരുടെ ഒരു സംക്ഷിപ്തമായ ജീവചരിത്രമെഴുതി. ഈ കാലത്തുതന്നെയാണു ഭഗവൽഗീതയെ ഇദ്ദേഹം ഇംഗ്ലീഷിൽ പദ്യരീതിയിൽ പരിഭാഷപ്പെടുത്തിയതു്. ഇതിൻെറ രസത്തെ ആസ്വദിച്ചിട്ടാണു പിന്നീടു മാക്സ്മുള്ളർ തൻെറ 'സേക്രഡ്ബുക്സ്ഓഫ്ദി ഈസ്റ്റ്' എന്ന പുസ്തകഗണത്തിലേക്കുവേണ്ടി ഈ കൃതിയെ ഇംഗ്ലീഷിൽ ഗദ്യരീതിയിൽ ഇദ്ദേഹത്തിനെക്കൊണ്ടു് എഴുതിച്ചതു്. ഇദ്ദേഹത്തിൻെറ ബുദ്ധിയ്ക്കുണ്ടായ അഭ്യാസവിശേഷംകൊണ്ടു് ഇദ്ദേഹം സ്വന്തജോലിയിൽ പ്രസിദ്ധനായിത്തീൎന്നു; എന്നുതന്നെയല്ല, ബാംബെ പ

ട്ടണത്തിലുണ്ടായിരുന്ന പ്രമാണികളുടെ ഇടയിൽ ഇദ്ദേഹത്തിന് ഒരു ഉൽകൃഷ്ടസ്ഥാനം ലഭിച്ചു.

വക്കീൽ ഉദ്യോഗത്തിൽ പ്രവേശിച്ച ഉടനെ ഇദ്ദേഹത്തിൻെറ മനോഹരമായും യുക്തിയുക്തമായും ഉള്ള പ്രസംഗത്താൽ ഇദ്ദേഹം വക്കീലന്മാൎക്കും കക്ഷികൾക്കും ഒരുപോലെ ഇഷ്ടനായിത്തീൎന്നു. അന്നു ബാംബെ ഹൈക്കോടതി ചീഫ്ജസ്റ്റീസായിരുന്ന സർ മൈക്കേൽവെസ്ട്രോപ്പ് ടിലാങ്ങിൻെറ അറിവിനേയും നിയമപരിചയത്തേയും കുറിച്ചു വളരെ സ്തുതിച്ചു പറയാറുണ്ടായിരുന്നു. ഹിന്ദുമതസംബന്ധമായ നിയമവ്യവഹാരങ്ങളിൽ ഇദ്ദേഹത്തിൻെറ സംസ്കൃതപാണ്ഡിത്യംകൊണ്ടു വളരെ ആവശ്യമുണ്ടായി. ജഡ്ജിമാൎക്കുതന്നെ ഹിന്ദുശാസ്ത്രത്തിൽ സംശയമുണ്ടായാൽ അവർ ടിലാങ്ങിനോടു ചോദിച്ചു സംശയനിവൃത്തി വരുത്താറുണ്ടായിരുന്നു. ജനങ്ങൾക്കു പൊതുവെ ഉപകാരമുള്ള കാൎയ്യങ്ങളിൽ ഇദ്ദേഹം നിരന്തരോത്സാഹം ചെയ്തിരുന്നു. വിദ്യാൎത്ഥികളുടെ സാഹിത്യസഭയിൽ വെച്ച് ഇദ്ദേഹം 'രാമായണം ഹോമറുടെ കൃതികളിൽനിന്നു പകൎത്തിയതാണോ?' എന്ന വ്യവഹാരത്തെക്കുറിച്ചു വിശേഷമായ ഒരുപന്യാസം എഴുതി വായിച്ചു. വാല്മീകി ഹോമറുടെ കഥകളിൽനിന്ന് അനേകം സംഗതികളെ എടുത്തിട്ടുണ്ടെന്നുള്ള വിബറുടെ അഭിപ്രായത്തെ ടിലാങ്ങ് ഖണ്ഡിച്ചു. ഈ പ്രസംഗത്തെ ഇൻഡ്യയിലും ഇംഗ്ലണ്ടിലും പല വൎത്തമാനപത്രങ്ങളും ശ്ലാഘിച്ചു. 'സംസ്കൃതസാഹിത്യത്തിലും യൂറോപ്യപണ്ഡിതാഭിപ്രായങ്ങളിലും അനല്പമായ പരിചയത്തെ പ്രദൎശിപ്പിക്കുന്ന ഒരു പ്രൌഢകൃതിയാണ് ഇതു്' എന്നായിരുന്നു 'ലണ്ഡൻ അക്കാഡമി' എന്ന പത്രത്തിൻെറ അഭിപ്രായം. ബാംബെ അസോസിയേഷൻ, ഈസ്റ്റ് ഇൻഡ്യാ അസോസിയേഷൻ, വിദ്യാൎത്ഥികളുടെ 'ലിറററി ആൻഡ് സയൻററിഫിക് സൊസയററി' ഈ സഭകളുടെ എല്ലാററിൻേറയും സഹകാൎയ്യാധികൃതനായി ഇദ്ദേഹം നിയമിക്കപ്പെട്ടു.

ജനസംഘത്തിൽവെച്ച് ഇദ്ദേഹം ഒന്നാമതായി ചെയ്തിട്ടുള്ള പ്രസംഗം ഫെബ്രുവരി-ൽ ഉപ്പുബീലിനെ വിരോധിക്കാൻ കൂടിയ യോഗത്തിൽ വെച്ചായിരുന്നു. ഈ പ്രസംഗം ജനങ്ങൾക്കു വളരെ തൃപ്തികരമായി. എന്നാൽ ഫെബ്രുവരി-ൽ റവന്യൂ അധികാരബീലിനെ വിരോധിക്കാൻ കൂടിയ സഭയിൽവെച്ച് ഇദ്ദേഹം ചെയ്ത പ്രസംഗംകൊണ്ടാണു ബാംബെയിലെ വാഗ്മിശ്രേഷ്ഠന്മാരിൽ ഒരാളാണ് ഇദ്ദേഹം എന്നു സർവ്വസമ്മതമായി ബോധപ്പെട്ടതു്. അന്നു ബാംബെ ഗസററിൻെറ പത്രാധിപരായിരുന്ന മിസ്റ്റർ ജെ. യം. മെക്ലീൻ നാട്ടുകാരിൽ എത്രതന്നെ പാണ്ഡിത്യമുണ്ടായാലും അതിനെപ്പററി അഭിനന്ദിച്ചു പറയുന്നതിൽ വളരെ വൈമുഖ്യമുണ്ടായിരുന്ന ഒരു ആളായിരുന്നു. അദ്ദേഹംതന്നെ ടിലാങ്ങിൻെറ വാങ്മാധുര്യം, വാചകസൌഷ്ഠവം ഇവയെക്കുറിച്ചു വളരെ പ്രശംസിച്ചു. സംസ്കൃതത്തിൽ പാണ്ഡിത്യം ലഭിക്കുന്നതിനായിട്ടു ടിലാങ്ങ് യത്നിച്ചിട്ടുണ്ട്. ഭർത്തൃഹരിയുടെ നീതിശതകത്തേയും മുദ്രാരാക്ഷസത്തേയും ഇദ്ദേഹം സടിപ്പണമായി പ്രസിദ്ധപ്പെടുത്തീട്ടുള്ളതും ഇൻഡ്യൻ ആൻറികേ്വറി എന്ന പത്രത്തിലേക്ക് ഇദ്ദേഹം പ്രാചീനശിലാലേഖനങ്ങളെ കുറിച്ചും മററും ലേഖനങ്ങൾ എഴുതി അയച്ചിട്ടുള്ളതും ഇദ്ദേഹത്തിൻെറ പാണ്ഡിത്യഫലങ്ങളാകുന്നു. ഫെബ്രുവരി-ൽ ബാംബെ സർവകലാശാലയിൽ ഇദ്ദേഹം ഫെല്ലൊ ആയി നിയമിക്കപ്പെട്ടു. ഫെബ്രുവരി-ൽ ബാംബെ നഗരശാലയിൽ വെച്ച് ഒരു ജനസമുദായസംഘം കൂടി. സർ റിച്ചാഡ് ടെമ്പിൾ ആയിരുന്നു അന്ന് അഗ്രാസനാധിപത്യം വഹിച്ചതു്. സഭയുടെ ഉദ്ദേശം യൂറോപ്യന്മാർ ചേർന്ന ഒരു ഉമേദാർപട്ടാളം ഉണ്ടാക്കുന്നതിനായിരുന്നു. ഈ സൈന്യത്തിൽ നാട്ടുകാരെ ചേർക്കാൻ പാടില്ലെന്നു വെച്ചിട്ടുള്ളതു് അവരുടെ രാജഭക്തിക്ക് അവമാനകരമാണെന്നു വ്യവഹരിച്ച് അന്നു പ്രസംഗിച്ചിട്ടുള്ളവരിൽ മുഖ്യന്മാർ ബഹുമാനപ്പെട്ട മിസ്റ്റർ ഫെറോസിഷാമെററായും ടിലാങ്ങും ആയിരുന്നു. ഫെബ്രുവരി-ൽ

ലൈസൻസ്സ ടാക്സിനെ വിരോധിക്കാൻ കൂടിയ യോഗത്തിൽ ടിലാങ് ഒരു പ്രധാനിയായിരുന്നു. വൊൎണ്ണക്യൂലർ പ്രസ്സ് ആക്ടിനെക്കുറിച്ച് 'ഇന്ദുപ്രകാശ്' എന്ന പത്രികയിലേക്ക് ഇദ്ദേഹം ലേഖനങ്ങൾ എഴുതീട്ടുണ്ട്. പഞ്ചിക്കു കരം ഏൎപ്പെടുത്തുന്നതിനെ വിരോധിക്കാൻ ഫ്രാംജികൊവാസ ജി ഹാളിൽ വെച്ച് ഇദ്ദേഹത്തിൻെറ ഉത്സാഹത്തിന്മേൽ ഒരു സഭ കൂടി. അന്ന് ഇദ്ദേഹം വളരെ മനോഹരമായി പ്രസംഗിച്ചു. ൧൮൮൦-ൽ ടിലാങ് ജസ്റ്റീസ് ഓഫ് ദി പീസ് എന്ന സ്ഥാനത്തിൽ നിയമിക്കപ്പെട്ടു. അന്നു ബാംബെ ഗവൎണ്ണർ ആയിരുന്ന സർ ജേംസ് ഫെർഗ്ഗുസൻ ഇദ്ദേഹത്തിനോട് ജഡ്ജി ഉദ്യോഗത്തിനു മനസ്സുണ്ടോ എന്നു ചോദിച്ചു. ഇദ്ദേഹം അതിനെ തല്ക്കാലം സ്വീകരിച്ചില്ല. ഗവൎമ്മേൻറു ലാസ്കൂളിൽ ഇദ്ദേഹം ഒരു നിയമാദ്ധ്യാപകനായി നിശ്ചയിക്കപ്പെട്ടു. അതുവരെ ഈ വേല നോക്കിവന്നതു യൂറോപ്യൻ ബാരിസ്റ്റർമാരായിരുന്നു. ൧൮൮൧-ൽ സൎവ്വകലാശാലയിലെ നിൎവ്വാഹകസംഘം ഇദ്ദേഹത്തിനെ ഒരു അംഗമായി സ്വീകരിച്ചു. പതിനൊന്നു സംവത്സരത്തോളം ഇദ്ദേഹം അതിലെ ഒരു അംഗമായി തന്നെ ഇരുന്നു. ൧൮൯൨-ൽ ഇദ്ദേഹം വൈസ് ചാൻസെലർ എന്ന ഉന്നതസ്ഥാനത്തെ പ്രാപിച്ചു. സൎവ്വകലാശാലക്ക് ഇദ്ദേഹം അത്യന്തോപകാരിയായ ഒരു അംഗമായിരുന്നു. ഇദ്ദേഹം ഹാജരില്ലാതിരുന്ന സഭകൾ ഉണ്ടായിട്ടില്ലെന്നുതന്നെ പറയാം. ൧൮൮൨-ൽ വിദ്യാഭ്യാസകമീഷനിൽ ഇദ്ദേഹം ഒരു സാമാജികനായി നിയമിക്കപ്പെട്ടു. ഈ വിഷയത്തിൽ ഇദ്ദേഹത്തിൻെറ പ്രയത്നങ്ങളെ ലാർഡ് റിപ്പൺൻെറ ഗവൎമ്മേൻറു വളരെ അഭിനന്ദിക്കയും ഇദ്ദേഹത്തിന്നു സി. ഐ. ഇ. എന്ന സ്ഥാനം കൊടുക്കപ്പെടുകയും ചെയ്തു. ൧൮൮൪-ൽ ഇദ്ദേഹം ബാംബെ നിയമനിൎമ്മാണസഭയിൽ ഒരു അംഗമായി അംഗീകരിക്കപ്പെട്ടു. ഹൈക്കോടതി ജഡ്ജിസ്ഥാനം ലഭിക്കുന്നതുവരെ ഇദ്ദേഹം നിയമനിൎമ്മാണസഭയിലെ സാമാജികത്വം വ

ഹിച്ചിരുന്നു. ഈ നിലയിലും ഇദ്ദേഹം പരോപകാരിയായി തീൎന്നിട്ടുണ്ട്. പ്രത്യേകിച്ചു ബാംബെ മുനിസിപ്പാൽ നഗരാധികാരബിൽ കാൎയ്യത്തിൽ ഇദ്ദേഹം വളരെ യത്നിച്ചിട്ടുണ്ട്. ൧൮൮൫-ൽ ഇദ്ദേഹവും മിസ്റ്റർ ഫെ്റോസിഷാ മെറായുംകൂടി ബാംബെ സംസ്ഥാനസഭയെ ഏൎപ്പെടുത്തി. സൎക്കാർ ജോലിയിൽ പ്രവേശിക്കുന്നതുവരെ ഇദ്ദേഹം അതിലെ കാൎയ്യാധികൃതന്മാരിൽ ഒരാളായിരുന്നു.

൧൮൮൫-ൽ ഇൻഡ്യൻ നാഷണൽ കൊൺഗ്രസ്സ് ഏൎപ്പെടുത്താൻ മിസ്റ്റർ എ. ഒ ഹ്യൂമിൻെറകൂടെ അത്യുത്സാഹം ചെയ്തവരുടെ കൂട്ടത്തിൽ ടിലാങ്ങ് പ്രധാനിയായിരുന്നു. ൧൮൮൮-ൽ അലഹാബാദിൽ വെച്ചുകൂടിയ കോൺഗ്രസ്സിനെ ഇദ്ദേഹം അലങ്കരിച്ചു. അതിൽവെച്ചു നിയമനിൎമ്മാണസഭയെ പരിഷ്കരിക്കേണ്ട വിഷയത്തെപ്പററി ഇദ്ദേഹം ചെയ്ത പ്രസംഗമായിരുന്നു ഇദ്ദേഹത്തിൻെറ പ്രസംഗങ്ങളിൽവെച്ച് അത്യുത്തമം. ൧൮൮൯-ൽ ആണ് ഇദ്ദേഹം ഹൈക്കോർട്ടു ജഡ്ജിയായതു്. ഈ നിശ്ചയം എല്ലാ ജനങ്ങൾക്കും ഒരുപോലെ തൃപ്തികരമായിരുന്നു. ജഡ്ജിവേലയിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന സാമൎത്ഥ്യം അനിൎവ്വചനീയമായിരുന്നു. ൧൮൯൨-ൽ റായൽ ഏഷ്യാട്ടിക്ക സൊസൈററിയുടെ ബാംബെ ശാഖയുടെ അഗ്രാസനാധിപതിയായി ടിലാങ്ങ് നിശ്ചയിക്കപ്പെട്ടു. ഗവൎമ്മേണ്ടിൽനിന്ന് ആ കൊല്ലത്തിൽതന്നെ ഇദ്ദേഹത്തെ സൎവ്വകലാശാലയുടെ വൈസ് ചാൻസലർ ആയും നിയമിച്ചു. ഈ രണ്ടു മാന്യസ്ഥാനങ്ങളേയും ആദ്യമായി സമ്പാദിച്ച നാട്ടുകാരൻ ടിലാങ്ങ് ആയിരുന്നു.

ഉദ്യോഗസ്ഥനായിരുന്നിട്ടും കോൺഗ്രസ്സിനോടുള്ള വാത്സല്യം ഇദ്ദേഹത്തിന്ന് ഒട്ടും കുറഞ്ഞില്ല. ൧൮൯൨-ൻെറ അവസാനമായപ്പോഴക്കും ഇദ്ദേഹത്തിനെ ആരോഗ്യക്ഷയം ബാധിച്ചു തുടങ്ങി. ഏതാനും മാസങ്ങൾ ദീനത്തിൽ കിടന്നതിൻെറ ശേഷം ഇദ്ദേഹം ൧൮൯൩ സെപ്റ്റെംബർ മാസം ൧-ാംനു-നാ

മാവശേഷനായി തീൎന്നു. ഇദ്ദേഹത്തിൻെറ മരണം യൂറോപ്യന്മാൎക്കും നാട്ടുകാൎക്കും ഒരുപോലെ വ്യസനകരമായിരുന്നു. ഇദ്ദേഹത്തിൻെറ കീൎത്തിസ്മാരകമായി വല്ല ഏൎപ്പാടുകളും ചെയ്യുന്നതിനുകൂടിയ സഭയിൽ അഗ്രാസനാധിപത്യം വഹിച്ചത് അന്നത്തെ ഗവൎണ്ണരായിരുന്ന ലാർഡ് ഹാരിസ് ആയിരുന്നു. ആ സഭയിൽവെച്ചു ചീഫ് ജസ്റ്റീസ് സർ ചാർൾസ് സർജൻറു ഇങ്ങനെ പറഞ്ഞു:— "നാട്ടുകാരിൽ മഹാന്മാരായ പലരും യൂറോപ്പിലേക്കു പോയിട്ടുണ്ട്. ഇംഗ്ലണ്ടിൽ പോയിവന്നാൽ അവരുടെ അഭിപ്രായങ്ങൾക്കു വളരെ ഭേദഗതികൾ വരാറുണ്ട്. എന്നാൽ ടിലാങ്ങ് സ്വന്തരാജ്യത്തിൽനിന്നു പുറത്തിറങ്ങീട്ടില്ലെന്നുതന്നെ പറയാം. ഒരവസരത്തിലെ ഇദ്ദേഹം ബാംബെ സംസ്ഥാനത്തിൻെറ പുറത്തു പോയിട്ടുള്ളു. പാശ്ചാത്യന്മാരെക്കുറിച്ചു ടിലാങ്ങിനുണ്ടായിരുന്ന ജ്ഞാനം മുഴുവനും പുസ്തകങ്ങളിൽനിന്നു ഗ്രഹിച്ചതാണ്. ഇദ്ദേഹത്തിൻെറ ദിനചൎയ്യാക്രമങ്ങൾ എല്ലാം പൂൎവ്വന്മാരുടെ വൃത്തിയെ അനുസരിച്ചായിരുന്നു. ഗ്രന്ഥമുഖേന സിദ്ധിച്ച പാശ്ചാത്യരുടെ ജ്ഞാനത്തിൻേറയും ഇദ്ദേഹത്തിൻെറ ഹിന്ദുയോഗ്യമായ ശാന്തജീവിതത്തിൻേറയും സമ്മേളനം വളരെ രസികത്വമുള്ളതായിരുന്നു എന്നുതന്നെയല്ല, അത് ഇദ്ദേഹത്തിൻെറ സ്വാഭാവികഗുണങ്ങളെ ദശഗുണമായി ശോഭിപ്പിച്ചു. ടിലാങ്ങിനെക്കുറിച്ച് ഒരു സംഗതിയും കൂടിപ്രത്യേകം ഓൎമ്മ വെക്കാനുണ്ട്. ഇദ്ദേഹം സ്വന്ത പ്രവൃത്തി മാത്രം നോക്കിക്കൊണ്ടിരുന്ന ഒരാൾ ആയിരുന്നില്ല. രാജനീതിമാൎഗ്ഗങ്ങളിലും ജനാഭിവൃദ്ധിയിങ്കലും ഇദ്ദേഹം വളരെ കായക്ലേശം ചെയ്തിട്ടുണ്ട്. ഇദ്ദേഹം പ്രവേശിച്ച സകലകാൎയ്യങ്ങളിലും യാതൊരു ക്ഷോഭവും പ്രദൎശിക്കാതെ ശാന്തമായിട്ടു പ്രവൎത്തിച്ചു. ഈ കാലത്തു് ഈ വിധത്തിലുള്ള ഒരാൾ അത്യാവശ്യമായിരുന്നു. അതിനാൽ ഇദ്ദേഹത്തിൻെറ മരണം നിമിത്തം ജനങ്ങൾക്കു വിലമതിക്കാൻ പാടില്ലാത്ത വിധത്തിലുള്ള, ഗുണങ്ങളോടുകൂടിയ ഒരു ഉപദേഷ്ടാവു നഷ്ടനായിപ്പോയി.

ടിലാങ്ങ് ആചാരപരിഷ്കാരത്തിനു ശ്രമിച്ചിരുന്നവരിൽ

ഒരാളായിരുന്നു. ബാല്യവിവാഹത്തേയും വൈധവ്യാവസ്ഥയേയും കുറിച്ച് ഇദ്ദേഹത്തിന്ന് അനല്പമായ വ്യസനമുണ്ടായിരുന്നു. ഇപ്പോൾ അനുവൎത്തിച്ചുപോരുന്ന മാതിരി വൎണ്ണവ്യത്യാസങ്ങൾ ഇൻഡ്യയ്ക്കു് ഒരു നാശഹേതുവാണെന്നായിരുന്നു ഇദ്ദേഹത്തിൻെറ അഭിപ്രായം. ജനസമുദായത്തിൻെറ നടവടികളെ പരിഷ്ക്കരിക്കുന്നതിൽ ഗവൎമ്മേണ്ട് ഒരിക്കലും പ്രവേശിക്കരുതെന്നാണ് ഇദ്ദേഹം ആദ്യം വാദിച്ചിരുന്നതു്. ൧൮൯൦-ാമാണ്ടു "സമ്മതദാനവയസ്സു സംബന്ധമായ ബിൽ പുറപ്പെട്ടപ്പോൾ ഇദ്ദേഹത്തിൻെറ അഭിപ്രായം കുറെ ഭേദപ്പെട്ടു. ഈ ബിലിന് അനുകൂലമായി "ടൈംസ് ഓഫ് ഇൻഡ്യ"യിലേക്ക് എഴുതിയ എഴുത്തുകളിൽ "അന്യായമായ ഉപദ്രവത്തിൽനിന്നു പ്രജകളെ രക്ഷിക്കേണ്ടതു രാജാവിൻെറ മുഖ്യചുമതലയാണ്" എന്ന് ഇദ്ദേഹം വ്യവഹരിച്ചു. ൧൮൮൫-ൽ വിദ്യാൎത്ഥിസഭയിൽ വെച്ചു "രാജനീതി സംബന്ധമായ പരിഷ്ക്കാരമൊ ആചാരപരിഷ്ക്കാരമൊ മുമ്പിൽ ചെയ്യേണ്ടതു്?" എന്ന വിഷയത്തെ കുറിച്ച് ഇദ്ദേഹം ഒരു പ്രസംഗം ചെയ്തു. പരിഷ്ക്കാരം എല്ലായ്പോഴും അത്യന്താനിരോധമായ മാൎഗ്ഗത്തെ അനുസരിച്ചിരിക്കും എന്നായിരുന്നു ഇദ്ദേഹം സംക്ഷേപിച്ചു പറഞ്ഞതു്. ൧൮൯൩-ൽ സ്ഥാപിച്ച ബാംബെ വിധവാവിവാഹസമാജത്തിൽ ഇദ്ദേഹമായിരുന്നു സഭാനായകൻ; എന്നാൽ ഈ രീതിയിലുള്ള പരിഷ്ക്കാരങ്ങളിൽ ഇദ്ദേഹം സ്വയം ദൃഷ്ടാന്തീഭവിക്കാറില്ല. ഇദ്ദേഹത്തിൻെറ പുത്രിയെ വിവാഹം ചെയ്തുകൊടുത്തതു കുട്ടിയുടെ ൮-ാമത്തെ വയസ്സിലായിരുന്നു. ഇതിനെപ്പററി ജനങ്ങളും വൎത്തമാനപത്രങ്ങളും വളരെ ആക്ഷേപിച്ചു. ഇദ്ദേഹത്തിൻെറ ശരീരസ്ഥിതി വളരെ മോശമായിരുന്നതിനാലാണു പുത്രിവിവാഹകാൎയ്യത്തിൽ സ്വജനങ്ങളുടെ അപേക്ഷപ്രകാരം നടക്കേണ്ടിവന്നതു് എന്നായിരുന്നു ഇദ്ദേഹത്തിൻെറ സമാധാനം.

ടിലാങ്ങിന്ന് അനിതരസാമാന്യമായ മനോഗുണവും ബുദ്ധിവൈഭവവും ഉണ്ടായിരുന്നു. യാതൊരു ദുൎന്നയങ്ങളും ഇദ്ദേ

ഹത്തെ ബാധിച്ചില്ല. ശുദ്ധവൃത്തിയായി തന്നെ ഇദ്ദേഹം ജീവിതകാലത്തെ നയിച്ചു. വളരെ ബദ്ധപ്പാടുകൾ ഉണ്ടായിരുന്ന ഒരാളായിരുന്നു എങ്കിലും ഇദ്ദേഹം ഹിന്ദുയൂണിയൻ ക്ലബ്ബിൽ പ്രതിദിനം പോയിക്കൊണ്ടിരുന്നു; എന്നുമാത്രമല്ല, വയസ്ഥാനാദികൾ ഒന്നും നോക്കാതെ എല്ലാവരോടും ഒരുപോലെ സ്നേഹവിശ്വാസങ്ങളോടു കൂടിയിരുന്നു. ഈ ക്ലബ്ബിലെ സാമാജികന്മാരുടെ ഇടയിൽ ഇദ്ദേഹം ഒരു നിശ്ചയം ചെയ്തു. അതു്, ഇംഗ്ലീഷു സംസാരിയ്ക്കുമ്പോൾ മറാട്ടി വാക്കുകൾ ഉപയോഗിക്കരുതെന്നും മറാട്ടി സംസാരിക്കുമ്പോൾ ഇംഗ്ലീഷു വാക്കുകൾ ഉപയോഗിക്കരുതെന്നും ആയിരുന്നു. നാട്ടുഭാഷകൾ സംസാരിക്കുമ്പോൾ ഇംഗ്ലീഷുവാക്കുകൾ ഉപയോഗിക്കുന്നതു വളരെ പോരായ്കയാണെന്നായിരുന്നു, ഇദ്ദേഹത്തിൻെറ അഭിപ്രായം. നാട്ടുഭാഷകളെ പരിഷ്കരിക്കാനുള്ള മോഹംകൊണ്ടു് ഇദേഹം ലെസ്സിങ്ങിൻെറ "ബുദ്ധിമാനായ താതൻ" എന്നും ചാൽമറുടെ "ദേശീയസ്വയഭരണം" എന്നും പേരായ പുസ്തകങ്ങളെ മറാട്ടിയിലേയ്ക്കു ഭാഷാന്തരീകരിച്ചു. ഹിന്ദുയൂണിയൻ ക്ലബ്ബിൽ വെച്ചു ചെയ്യാൻ ഏല്പ്പെടുത്തിയ മറാട്ടിപ്രസംഗങ്ങളിൽ ചിലതു് ഇദ്ദേഹംതന്നെ ചെയ്തു. "ശാസ്ത്രങ്ങൾ ആചാരങ്ങളേക്കാൾ മേലെയാണൊ"? എന്ന വിഷയത്തെപ്പററി ഇദ്ദേഹത്തിൻെറ പ്രസംഗം വളരെ വിശേഷമായിരുന്നു. നാട്ടുഭാഷകളുടെ ഉന്നതിയിൽ ഇദ്ദേഹത്തിന്നു വളരെ താൽപര്യമുണ്ടായിരുന്നു എങ്കിലും അവയെ സംസ്കൃതം മുതലായ ഭാഷകളുടെ സ്ഥാനത്തിൽ സർവ്വകലാശാലയിൽ ഉപഭാഷകളാക്കി നിശ്ചയിക്കാൻ ഇദ്ദേഹത്തിന്നു തീരെ സമ്മതമുണ്ടായിരുന്നില്ല.

പല പ്രകാരത്തിലും ജനോപകാരമായ ജീവിതത്തെയാണു ടിലാങ്ങു നയിച്ചതു്. അക്കാലത്തെ രാജകാര്യാലോചനകളിൽ ഇദ്ദേഹം വഹിച്ചിരുന്ന ഭാരത്തിൻെറ ഗൌരവംകൊണ്ടു മാത്രമല്ല ഇദ്ദേഹത്തിന്നു പ്രാമാണ്യം സിദ്ധിച്ചതു്. പലേ വിഷയങ്ങളിലും ഇദ്ദേഹത്തിന്നുണ്ടായിരുന്ന പാണ്ഡിത്യംകൊണ്ടും

ഇദ്ദേഹം അത്യന്തബഹുമാന്യനായി തീൎന്നിട്ടുണ്ട്. നിയമജ്ഞനെ പുണ്യം കൊണ്ടാവട്ടെ, ഉൽകൃഷ്ടവിദ്യാഭ്യാസം കൊണ്ടാവട്ടെ, രാജനീതിജ്ഞാനം കൊണ്ടാവട്ടെ, വാചാലതകൊണ്ടാവട്ടെ എന്തുകൊണ്ടു നോക്കിയാലും നാട്ടുകാരുടെ ഇടയിൽ ഏററവും ഉന്നതമായ പദത്തിന് ഇദ്ദേഹം അൎഹനായിതീൎന്നു. യൂറോപ്യന്മാൎക്കും നാട്ടുകാൎക്കും ഒരുപോലെ സ്നേഹബഹുമാനങ്ങൾക്കു പാത്രമായിതീൎന്ന ഈ പുണ്യപുരുഷൻ ൭൩-ാമത്തെ വയസ്സിൽ കാലഗതിയെ പ്രാപിച്ചതു ഭാരതഖണ്ഡത്തിൻെറ ദുൎദ്ദശാപരിണാമമെന്ന് എല്ലാവരും നിൎണ്ണയിച്ചു.

## മഹാദേവ ഗോവിന്ദറാനേഡ്.

മഹാദേവഗോവിന്ദറാനേഡ് ൧൮൪൨ ജനുവരിമാസം ൨൦-ാംനു- ജനിച്ചു. അദ്ദേഹം കോളാപ്പൂരിലുള്ള ഒരു മഹാരാഷ്ട്രബ്രാഹ്മണ ഉദ്യോഗസ്ഥൻെറ മകനായിരുന്നു. ബാംബെയിലെ എൽഫിൻസ്റ്റൺകാളജിൽ ചേൎന്നു പഠിച്ചു ൧൮൬൨-ൽ ബി. ഏ. പരീക്ഷയും, ൧൮൬൪-ൽ ഒരു സ്വൎണ്ണമുദ്രാലാഭനിമിത്തമാകുംവണ്ണം എം. ഏ. പരീക്ഷയും ൧൮൬൬-ൽ അനേകം ബഹുമതികളോടുകൂടി എൽ. എൽ. ബി. പരീക്ഷയും ജയിച്ചു. അദ്ദേഹത്തിൻെറ സവിശേഷമായ വിദ്യാമന്ദിരചൎയ്യാ അദ്ദേഹത്തിനു താൻ പഠിച്ച കാളജിലെ സീനിയർ ഫെല്ലോ എന്ന സ്ഥാനത്തെ സമ്പാദിച്ചുകൊടുത്തു. ൧൮൬൬-ൽ അദ്ദേഹം വിദ്യാഭ്യാസവകുപ്പിൽ മഹാരാഷ്ട്രപരിഭാഷകനായിട്ടു ബ്രിട്ടീഷു സൎവ്വീസ്സിൽ പ്രവേശിച്ചു. അതിൻെറ ശേഷം ഒരു ജഡ്ജിയായിട്ടു കോളാപ്പൂരിലേയ്ക്കു പോയി. എന്നാൽ കുറച്ചു കാലമേ അവിടെയിരുന്നുള്ളു. ൧൮൬൮-ൽ ഈ കാലത്തും ഇന്ത്യാക്കാരായ പരീക്ഷാവിജയികൾക്കു വളരെ അപൂൎവ്വമായി ലഭിക്കുന്ന എൽഫിൻസ്റ്റൺ കാളജിലെ ആക്ടിംഗ് ഇംഗ്ലീഷുപ

ണ്ഡിതൻ എന്ന സ്ഥാനത്തിൽ അദ്ദേഹം നിയമിക്കപ്പെട്ടു. സർ അലക്സാണ്ഡർഗ്രാൻറ് വിദ്യാഭ്യാസമേലദ്ധ്യക്ഷസ്ഥാനത്തിൽനിന്നും ഉദ്യോഗമൊഴിഞ്ഞ അവസരത്തിൽ മിസ്റ്റർ റാനേഡ് കാളജിലെ പ്രകാശമാനങ്ങളായ ഭൂഷണങ്ങളിൽ ഒന്നാണെന്നു പറയുകയും അദ്ദേഹത്തിൻെറ അത്ഭുതകരമായ ബുദ്ധിയേയും വ്യാപകമായ ജ്ഞാനത്തേയും പററി പ്രശംസിക്കുകയും ചെയ്തു. റാനേഡിനെ ചരിത്രവിഷയത്തിൽ പരിക്ഷിച്ചിട്ട് ആ ഉത്തരക്കടലാസ്സുകളെ സർ അലക്സാണ്ഡർ ഒരു ഇന്ത്യൻ വിദ്യാത്ഥിയുടെ പരിശ്രമത്തിൻെറ അഭിമാനഹേതുകങ്ങളായ ഉദാഹരണങ്ങളായിട്ടു തൻെറ പഴയ ആക്സ്ഫോർഡ് വിദ്യാമന്ദിരത്തിലേയ്ക്കയച്ചു. മദ്രാസിലെ രംഗനാഥമുതലിയാരുടെ ജിവചരിത്രം വായിച്ചിട്ടുള്ളവക്കു വിദ്യാഭ്യാസമേലദ്ധ്യക്ഷൻ അദ്ദേഹത്തെ കണക്കിൽ പരീക്ഷിച്ചിട്ട് ഇതേമാതിരി ഒരു ബഹുമാനമാണ് അദ്ദേഹത്തിനും ചെയ്തതെന്ന് ഓമ്മവരും. മിസ്റ്റർ റാനേഡിനു നല്ല പ്രബലയായ ധാരണാശക്തിയുണ്ടായിരുന്നു. അദ്ദേഹം ഒരു പുസ്തകം ഒരിക്കൽ വായിച്ചാൽ അതിലുള്ള പ്രധാനപ്പെട്ട ഭാഗങ്ങളെല്ലാം സംഗ്രഹിച്ച് എഴുതുന്നതിന്നു ശക്തനായിരുന്നു. അദ്ദേഹം എൽഫിൻസ്റ്റൺ കാളജിൽവെച്ചു ചെയ്തിട്ടുള്ള പ്രസംഗങ്ങൾ വളരെ സരസങ്ങളും ഉദ്ദിഷ്ടപ്രയോജനസമ്പാദകങ്ങളും ആയിരുന്നതിനാൽ ചിലപ്പോൾ മററുള്ള പണ്ഡിതന്മാരും വിദ്യാഭ്യാസമേലദ്ധ്യക്ഷൻ കൂടിയും അവകൾ കേൾക്കാൻ വരാറുണ്ടായിരുന്നു. കഴിഞ്ഞുപോയ പ്രോഫസർ മിസ്ററർ ഹഗ്ഗിംഗ്സിൻെറ റിപ്പോർട്ടിൽ അദ്ദേഹം "ആലോചനാശക്തിയുള്ള വിദ്യാത്ഥി, മിസ്റ്റർ റാനേഡ് മാത്രമേ ഉള്ളു." എന്നു ഒരിക്കൽ പറഞ്ഞിട്ടുണ്ട്. മിസ്റ്റർ റാനേഡ് ഫെബ്രുവരി-ൽ പൂനയിലെ കീഴ്ജഡ്ജിയായിട്ടു നിയമിക്കപ്പെട്ടതുവരെ പ്രോഫസറായിട്ടുതന്നെയിരുന്നു.

പൂനയിലെ ജഡ്ജിയായി നിയമിയ്ക്കുന്നതിനു മുമ്പുതന്നെ മിസ്ററർ റാനേഡ് നീതിന്യായവകുപ്പിൽ ഹൈക്കോർ

ട്ടിലെ ലാ റിപ്പോർട്ടർ, പോലീസുമജിസ്ട്രേട്ട് ഇങ്ങിനെ രണ്ടോ മൂന്നോ ഉദ്ദ്യോഗങ്ങളിൽ തല്ക്കാലത്തേയ്ക്കു ഇരുന്നിട്ടുണ്ട്. ൧൮൭൧-ൽ അദ്ദേഹം ഒരു വക്കീലിനു വേണ്ട യോഗ്യത സമ്പാദിച്ചതു് അദ്ദേഹത്തിന് ഒരു ഇംഗ്ലീഷു ബാരിസ്റ്ററുടെ സ്ഥാനം കിട്ടുന്നതിനു കാരണമായി. അദ്ദേഹത്തിന്റെ പിന്നീടുള്ള ജീവിതകാലമെല്ലാം നീതിന്ന്യായവകുപ്പിൽ തന്നെ നയിക്കപ്പെട്ടു. പത്തുവഷം ഓരോ സ്ഥലങ്ങളിൽ കീഴ്ജഡ്ജിയായിരുന്നതിന്റെ ശേഷം അദ്ദേഹം ൧൮൮൧-ൽ ദക്ഷിണാപഥത്തിലെ കൃഷിക്കാരെ സഹായിക്കുന്നതിനു ചെയ്ത ഒരു കരണത്തിൻ കീഴിൽ സെററായിലേയും പൂനായിലേയും താലൂക്കുകളിലുള്ള താഴ്ന്നതരം കോർട്ടുകളെ പരിശോധിക്കുന്നതിലേക്ക് ഒരു കീഴ്ജഡ്ജിയായി നിയമിക്കപ്പെട്ടു. ൧൮൮൪-ൽ അദ്ദേഹത്തിനു പൂനായിലെ സ്മാൾകാസ് കോർട്ടിലേക്കു കയററം കൊടുത്തു. അടുത്ത ആണ്ടിൽ തന്നെ അദ്ദേഹം ശട്ടത്തെ സംബന്ധിച്ച പ്രസംഗങ്ങളെ തുടച്ചയായി ദക്ഷിണാപഥത്തിലെ കാളജിൽ വെച്ചു ചെയ്തു. ൧൮൮൬-ൽ അദ്ദേഹം ഇൻഡ്യൻ ഫിനാൻസ കമ്മററിയിലെ ഒരംഗമായി നിയമിക്കപ്പെട്ടു. അടുത്ത വഷംതന്നെ ആ കമ്മററിയ്ക്കുവേണ്ടി ചെയ്ത വിലയേറിയ ഉപകാരങ്ങൾക്കു പ്രതിഫലമായി അദ്ദേഹത്തിന് സി. ഐ. ഇ. എന്ന സ്ഥാനം ലഭിച്ചു. പല അവസരങ്ങളിലും അദ്ദേഹം ബാംബെ ഗവണ്ണരുടെ നിയമനിമ്മാണസഭയിൽ കൂടുതൽ അംഗം ആയിരുന്നിട്ടുണ്ട്. ൧൮൯൩ നവംബർമാസം ൨൩-നു അദ്ദേഹത്തിനെ അതീതനായ ജഡ്ജി ടിലാങ്ങിനു പകരം ബാംബെ ഹൈക്കോർട്ടു ബഞ്ചിലേക്ക് എടുത്തു. ൧൯൦൧ ജനുവരിമാസം ൧൬-ാംനു അദ്ദേഹം മരിക്കുന്നതുവരെ ഈ ഉദ്ദ്യോഗത്തെ സുവ്യക്തമായ സാമത്ഥ്യത്തോടുകൂടെ ഭരിക്കയും ചെയ്തു.

അദ്ദേഹത്തിന്റെ മരണത്തെപ്പററി ഇന്ത്യാ ഒട്ടുക്കുണ്ടായ സാവ്വത്രികമായ വ്യസനംതന്നെ ഇന്ത്യാനിവാസികളും ഇന്ത്യാ

യിലുള്ള ഇംഗ്ലീഷുകാരും അദ്ദേഹത്തെ എത്രമാത്രം ബഹുമാനിച്ചിരുന്നുവെന്നു കാണിക്കുന്നു. വാസ്തവത്തിൽ ഈയിടെ ഉണ്ടായ ഒരുത്തൻെറയും മരണം ഇത്രമാത്രം നിഷ്കപടമായ വ്യസനത്തിന്നു കാരണമായിട്ടുണ്ടെന്നു തോന്നുന്നില്ല. മിസ്റ്റർ റാനേഡ് അദ്ദേഹത്തിൻെറ നാട്ടുകാരുടെ എല്ലാവരുടേയും ഹൃദയത്തിൽ ഒരു സ്ഥാനം സമ്പാദിച്ചിരുന്നുവെന്നു തീർച്ചയായി പറയാം. അങ്ങിനെ സമ്പാദിക്കുന്നതു വളരെ അപൂർവ്വമാണ്. രാജ്യകാൎയ്യങ്ങളേയും സാമുദായികശ്രേയസ്സിനേയും മതവിഷയങ്ങളേയും ഉദ്ദേശിച്ചുള്ള പല മാതിരി സംഘങ്ങൾ അനുശോചനയോഗം കൂടി ഓരോ നിശ്ചയങ്ങൾ ചെയ്തതിനും പുറമെ നാനാവൎഗ്ഗക്കാരും പലതരം അഭിപ്രായക്കാരുമായ എല്ലാ ജനങ്ങളും അദ്ദേഹത്തിനെക്കുറിച്ചു തങ്ങൾക്കുള്ള നിഷ്കപടമായ ബഹുമാനത്തെ പ്രദർശിപ്പിച്ചു. ബാംബെ ബഞ്ചിലുള്ള ശേഷം ജഡ്ജിമാർ അദ്ദേഹത്തിൻെറ മരണത്തെ ഒരു പൊതുനഷ്ടമായിട്ടു പരിഗണിച്ചു. ഒന്നാം ജഡ്ജിയായ സർ ലാറൻസ് ജങ്കിൻസ് റാനേഡിനെപ്പററി ഇങ്ങിനെ പറഞ്ഞിട്ടുണ്ട്.– "മിസ്റ്റർ റാനേഡുമായി കുറച്ചുകാലം സഹവാസം ചെയ്താൽ അദ്ദേഹം ന്യായം ചെയ്യുന്നതിൽ തീവ്രമായ അഭിലാഷവും ഉത്തമമായ സൂക്ഷ്മസംഗതിഗ്രഹണസാമൎത്ഥ്യവും ഉള്ളവനും ശാന്തനും കാരുണികനും ആയ ഒരു ജഡ്ജിയാണെന്ന് ആരും അറിയാതെയിരിക്കയില്ല. അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ കൂട്ടുദ്ദ്യോഗസ്ഥന്മാൎക്കു വളരെ വിലയേറിയതായിരുന്നു. അദ്ദേഹത്തിൻെറ നിശ്ചയങ്ങൾ അദ്ദേഹത്തിൻെറ പഠിതപത്തിൻേറയും പാണ്ഡിത്യത്തിൻേറയും ചിഹ്നങ്ങളായിട്ടു നിലനില്ക്കും. എന്നാൽ കാൎയ്യപ്രാപ്തിയുള്ളവനും പ്രഖ്യാതനുമായ ഒരു ജഡ്ജിയുടെ അഭാവത്തെക്കുറിച്ചു മാത്രമല്ല അദ്ദേഹത്തിനെ നാം ഇന്ന് അനുശോചിക്കുന്നതു്; പിന്നെയൊ, സാധുശീലനായ ഒരു മഹാത്മാവിൻെറ ഒരു പൊതുജനനഷ്ടമായി ഗണിക്കാവുന്ന ചേതത്തെയാകുന്നു. തൻെറ ജീവിതത്തിൽ മിസ്റ്റർ റാ

റോഡ് സ്തുത്യർഹങ്ങളായ പല ഉദ്ദേശ്യങ്ങളേയും സാധിച്ചിട്ടുള്ളതുകൊണ്ട് അദ്ദേഹത്തിനു അയാചിതോപനതമായി ലഭിച്ചിട്ടുള്ള ബഹുമതികൾ വാസ്തവത്തിൽ അദ്ദേഹത്തിനുള്ള സൽഗുണത്തേയും യോഗ്യതകളേയും പ്രകാശിപ്പിക്കുന്നു. നിഷ്കപടവും അനാഡംബരവും ഡംഭഹീനവും ഉദാരവും ആയ ഒരു ജീവിതത്തിൻെറ ദൃഷ്ടാന്തത്തെ അദ്ദേഹം ജനങ്ങൾക്ക് ഒരു അനൎഘമായ ദാനമായിട്ടു കൊടുത്തിട്ടുള്ളതുകൊണ്ട്, അദ്ദേഹത്തിൻെറ സ്മരണ ഒരു പ്രിയപ്പെട്ട സമ്പാദ്യമായിട്ട് അവരുടെ ഇടയിൽ എന്നും നിലനില്ക്കും."

ഇൻന്ത്യാഗവൎമ്മേണ്ട് അദ്ദേഹത്തിൻെറ കാൎയ്യശേഷിയെ പ്രശംസിച്ച് ഒരു പ്രത്യേകമായ നിശ്ചയത്തെ റിക്കാർട്ടു ചെയ്തു. അതിലെ വാചകം ഇപ്രകാരമായിരുന്നു.— "മിസ്റ്റർ റാനേഡിൻെറ മരണംനിമിത്തം സഹജവും പുരുഷോചിതവുമായ തൻേറടംകൊണ്ടും, നിൎണ്ണയശക്തിയുടെ സ്ഥൈൎയ്യംകൊണ്ടും, പഠിതപത്തിൻെറ ഗാംഭീൎയ്യംകൊണ്ടും ഒന്നുപോലെ പ്രസിദ്ധനും വിശിഷ്ടനും വിശ്വസ്തനും ആയ ഒരു ഉദ്യോഗസ്ഥൻ ഗവൎമ്മേണ്ടിലേക്കു നഷ്ടമായി". ൧൯൦൧-ൽ ബാംബെയിൽവെച്ചു നടത്തിയ സെനേററിൽ ചാൻസലരായിട്ടു ലാഡ് ജനാത്തുകോട്ട് റാനേഡിനെക്കുറിച്ച് ഇപ്രകാരം അനുശോചിച്ചു പറഞ്ഞു.—

"കാലധൎമ്മം പ്രാപിച്ച ആ മഹാൻ തൻെറ മരണംകൊണ്ടു സ്വദേശികളിലും യൂറോപ്യന്മാരിലും ഒരുപോലെ ദുഃഖാങ്കുരത്തെ പ്രാദുൎഭവിപ്പിച്ചതുകൊണ്ട് ഈ നാട്ടിലേക്കു വലുതായ ഒരു ചരമോപകാരത്തെ ചെയ്തതായി വേണമെങ്കിൽ പറയാം; എന്തുകൊണ്ടെന്നാൽ, ഈ സാൎവ്വത്രികമായ ദുഃഖപ്രാദുൎഭാവം ഉത്തുംഗങ്ങളായ പുരുഷഗുണങ്ങളേയും ഉയൎന്നതരം കാൎയ്യശേഷികളേയും അഭിനന്ദിക്കയും ബഹുമാനിക്കയും ചെയ്യുന്ന വിഷയത്തിൽ നാം എല്ലാം ഒരേ സംഘത്തിൽ ചേൎന്നവരാണെന്നു തെളിയിക്കുന്നു. സിണ്ഡിക്കേററു സഭയിലെ ഒരംഗമായിട്ടും പരിഷത്തുകളിൽ പ്രധാനിയായിട്ടും അദ്ദേഹം ത

ന്റെ വിദ്യാമന്ദിരത്തിന്റെ ശ്രേയസ്സിലേക്കുവേണ്ടി തന്റെ ബുദ്ധിശക്തിയെ മുഴുവൻ വിനിയോഗിച്ചു. അതീതനായ സർ മംഗളദാസ് നാഥ്ബായി ധർമ്മത്തിനായി ഉദ്ദേശിച്ച $3\frac{1}{2}$ ലക്ഷം ഉറുപ്പികയുള്ള ഒരു മുതലിനെ മിസ്ററർ റാനേഡ് തന്റെ നയനൈപുണ്യംകൊണ്ടും പുരുഷഗൌരവംകൊണ്ടും രമ്യമായ ഒരേർപ്പാടു ചെയ്തു വിദ്യാമന്ദിരത്തിനു സമ്പാദിച്ചുകൊടുത്തു. ആ മുതലിൽനിന്നും വിദ്യാമന്ദിരത്തിനു വലിയ ഗുണങ്ങളും സിദ്ധിച്ചിട്ടുണ്ട്."

മിസ്ററർ റാനേഡിനെ മഹാജനങ്ങൾ ഇത്രത്തോളം അനുശോചിച്ചതിന്റെ മുഖ്യകാരണം ആലോചിക്കുന്നതായാൽ നീതിന്യായവകുപ്പിൽ ഒരു വിശിഷ്ടനായ ഉദ്യോഗസ്ഥനായിരുന്നുവെങ്കിലും ജഡ്ജി ഉദ്യോഗം, അദ്ദേഹം ഇരുന്നു ഖ്യാതി സമ്പാദിച്ചിട്ടുള്ള പല വിഷയങ്ങളിലുംവെച്ച് ഏററവും തുച്ഛമായ ഒന്ന് എന്നേയുള്ളൂ. അദ്ദേഹം അഗാധപരിജ്ഞാനവും തന്റേടവും ഉള്ള ഒരാളും, ഉത്തമനായ ഒരു സ്വദേശസ്നേഹിയും, ഒരു വലിയ രാജ്യതന്ത്രജ്ഞനും, സമുദായപരിഷ്കാരത്തിൽ വളരെ നിഷ്കർഷയുള്ളവനും, കൌതുകഹലിയായ ഒരു വിദ്യാപ്രവർത്തകനും, ധനതത്വശാസ്ത്രത്തെ നിഷ്കർഷിച്ചു പഠിച്ചവനും, ഒരു മതപരിഷ്കാരിയും, വിവിക്തജീവിതത്തിൽ ഒരു സന്യാസിതുല്യനും ആയിരുന്നു.

മതവിശ്വാസത്തിൽ റാനേഡ് ഒരു ബ്രഹ്മസമാജക്കാരനായിരുന്നു. അദ്ദേഹത്തിന്റെ സ്മരണാർത്ഥം പാർത്ഥനാസമാജത്തിൽവെച്ചു ജഡ്ജി ചന്ദ്രവർക്കർ ചെയ്ത അഭിനന്ദനീയമായ ഒരു പ്രസംഗത്തിൽ ജീവയാത്രയിൽ റാനേഡിനുണ്ടായ വിജയത്തിന്റെ വാസ്തവമായ രഹസ്യത്തെ സ്പഷ്ടമായി പറഞ്ഞിട്ടുണ്ട്.

"മിസ്റ്റർ റാനേഡ് എങ്ങനെയുള്ള ആളായിരുന്നു, അല്ലെങ്കിൽ അദ്ദേഹത്തിന്റെ ജീവിതത്തിന്റെ പ്രധാനനിയമം എന്തായിരുന്നു എന്ന് എന്നോട് ആരെങ്കിലും ചോദിക്കുന്നതാ

യാൽ അദ്ദേഹം സർവോൽകൃഷ്ടമായ ദൈവവിശ്വാസത്തോടു കൂടിയ കരാളായിരുന്നുവെന്നു ഞാൻ പറയും. അദ്ദേഹത്തിന്റെ അഭിപ്രായം മാനുഷവ്യവഹാരങ്ങളെ സംബന്ധിക്കാതേയും അവയുമായി താല്പര്യത്തോടിടപെടാതേയുമുള്ള ദൈവവിശ്വാസം അർത്ഥമില്ലാത്ത ഒരു ഭക്തിയും ഫലമില്ലാത്തതുമാകുന്നുവെന്നാണ്. ഇതുകൊണ്ടാകുന്നു, അദ്ദേഹം പൊതുജനോപകാരങ്ങളായ എല്ലാ സംഗതികളിലും ചേന്നു. പ്രവൎത്തിക്കുന്നതിനെ ഈശ്വരാനുശിഷ്ടമായ ഒരു ധൎമ്മമായി കരുതിപ്പോന്നത്. രാജ്യഭരണസംബന്ധമായോ, സമുദായസംബന്ധമായോ, മതസംബന്ധമായോ, വിദ്യാഭ്യാസസംബന്ധമായോ വേറെ വല്ല മാതിരി പരിഷ്കാരമോ ആയിരുന്നാലും അദ്ദേഹം അവയിലെല്ലാം ഒന്നുപോലെ മനഃപൂൎവ്വം പ്രവൎത്തിച്ചുവന്നു." മതസംബന്ധമായ അദ്ദേഹത്തിന്റെ നിലയെക്കുറിച്ചു മിസ്റ്റർ ചന്ദ്രവൎക്കാർ ഇപ്രകാരം പ്രസ്താവിച്ചു.—

"അദ്ദേഹം ആകപ്പാടെ രാജാരാമമോഹനറായിയുടെ ബ്രാഹ്മമതത്തിൽപെട്ടം പാൎത്ഥനസമാജത്തിൽ ചേൎന്നും ഇരുന്നിരിക്കേ ചിലപ്പോൾ ആൎയ്യസമാജക്കാരുടെ പ്രസംഗസ്ഥാനത്തിൽനിന്നു പ്രസംഗിക്കുന്നതായും, ചിലപ്പോൾ പുരാതനമായ ഒരു ഹിന്ദുദേവാലയത്തിൽ ഇരുന്നു വല്ല പുരാണങ്ങളും വ്യാഖ്യാനിക്കുന്നതായും കാണപ്പെട്ടിട്ടുള്ളതെങ്ങിനെയെന്നു റാനേഡിനെപ്പററി പലരും സംശയിച്ചിട്ടുണ്ട്. എന്നാൽ മററുള്ള മതപരിഷ്കാരപദ്ധതികളിൽ പ്രവൎത്തിക്കുന്നവരോട് അനുകമ്പയോടുകൂടിയിരുന്ന അദ്ദേഹത്തിന്റെ മനസ്സിന്റെ ആ നില ഒരുവിധത്തിലും സ്ഥൈൎയ്യക്കുറവിനെ അല്ല സൂചിപ്പിക്കുന്നത്; പിന്നേയോ, മഹാമനസ്കതാജന്യമായ ഒരു ദാക്ഷിണ്യത്തെയാകുന്നു. ഉത്തമപ്രവൃത്തികളെല്ലാം ശോഭിച്ചുകൊണ്ടിരുന്ന അദ്ദേഹത്തിന്റെ വലുതായ ആ ജീവിതനിയമം എന്തെന്നു വെച്ചാൽ- ഉത്തരോത്തരാഭിവൃദ്ധിയിൽ ഉള്ള അഭ്യുത്ഥാനശീലതക്കു വ്യാപകത്വം വേണമെന്നും, മതപരിഷ്കരണാൎത്ഥമുള്ള പല

പുറപ്പാടുകൾ കാണുമ്പോൾ നാം വേണ്ടതു് അവസ്ഥ പൊതുവായുള്ള യോജിപ്പുകളെ കണ്ടറിഞ്ഞു തന്മൂലം ഉദ്ദേശനിവ്വഹണത്തിലേക്കു് ഉദ്യമിക്കുകയാണു്, അല്ലാതെ അവ തമ്മിലുള്ള വ്യത്യാസങ്ങളെ വലുതാക്കി കാൎയ്യസാദ്ധ്യത്തെ തടയുകയല്ല എന്നുമായിരുന്നു."

മിസ്റ്റർ റാനേഡ് ഇന്ത്യയിൽ മതപരിഷ്കാരത്തിനു ചെയ്തിട്ടുള്ള ഉപകാരങ്ങളല്ലാതെ മറ്റൊന്നും ചെയ്തിട്ടില്ലായിരുന്നെങ്കിലും അദ്ദേഹം ഇപ്പോഴും ഇന്ത്യയിലുള്ള മഹാന്മാരിൽ ഒരുവനായിട്ടു ഗണിക്കപ്പെടുമായിരുന്നു. ഇന്ത്യയിൽ എല്ലാ പരിഷ്കാരങ്ങളിലും വെച്ചു സമുദായപരിഷ്കാരത്തെയാണു് അധികം പ്രധാനമാക്കി വെച്ചിരുന്നതു്. അതിലേക്കു വേണ്ടി അദ്ദേഹം തന്റെ ആയുസ്സിനെ മുഴുവൻ വിനിയോഗിച്ചു. അദ്ദേഹത്തിന്റെ മരണംവരെ ഏതു വഷത്തേക്കു് ആണ്ടുതോറും ഇന്ത്യയിലുള്ള ഓരോ സ്ഥലങ്ങളിലും സാമുദായികശ്രേയസ്സിനെ ആലോചിക്കാനുള്ള യോഗങ്ങൾ നടത്തുകയും സമുദായപരിഷ്കാരത്തിന്റെ ഓരോ ഭാഗങ്ങളെക്കുറിച്ചു പ്രസംഗിച്ചു സഭ്യന്മാരെ ഉത്സാഹിപ്പിയ്ക്കുകയും സ്വന്തചിലവിന്മേൽതന്നെ യോഗത്തിലെ നടവടികളെപ്പറ്റി ഒരു റിപ്പോർട്ടു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. അദ്ദേഹം ജഡശ്രദ്ധയോടു പൊരുതുന്ന മദ്ധ്യേയാണു മരിച്ചതെന്നു പറഞ്ഞാൽ ഒട്ടും അവാസ്തവമാകയില്ല. എന്തെന്നാൽ, സമുദായപരിഷ്കാരത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പ്രസംഗം, അദ്ദേഹം ലാഹൂറിൽ ആസന്നമരണനായി കിടക്കുമ്പോൾ ഒരു പ്രതിനിധിയെക്കൊണ്ടു വായിപ്പിക്കേണ്ടിവന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ഒരുകൂട്ടക്കും രുചിക്കാത്തതായിരുന്നതിനാൽ ഒരു കാലത്തു് അദ്ദേഹത്തിനു മഹാജനവിരോധത്തിനിടയായി. നാട്ടുകാർ, മതാചാരങ്ങളെ യുക്തി നോക്കാതേയും നടപ്പനുസരിച്ചും ആചരിയ്ക്കേണ്ടതാണു്; അതുകളിൽ ഭേദഗതി ചെയ്യുവാൻ പുറപ്പെടുന്നതു

മതാന്തരസ്ഥന്മാരുടെ അഭിപ്രായപ്രകാരവുമാണ്, എന്നുള്ള വിചാരക്കാരായിരുന്നതിനാൽ അദ്ദേഹം ഒരുഭാഗത്തു സ്വദേശികളുടെ അസ്വരസത്തിന്നു പാത്രമായി; മറുഭാഗത്താകട്ടെ അദ്ദേഹത്തിന്നു യൂറോപ്യന്മാരുടെ ചില ഖണ്ഡനങ്ങളെ എതിൎക്കുന്നതിന്നു കഴിഞ്ഞില്ല. ആധുനികവിദ്യാഭ്യാസം ചെയ്തിട്ടുള്ള ഒരു ഹിന്ദുവിൻെറ ജീവിതത്തിലെ പല സംഗതികളും എളുപ്പത്തിൽ തെററിധരിയ്ക്കപ്പെടാവുന്നവയാണ്. അതീതനായ ജഡ്ജി മിസ്റ്റർ ടിലാംഗിൻെറ പ്രവൃത്തികളെ സമൎത്ഥിപ്പിക്കുന്നതിന്നുവേണ്ടി മിസ്ററർ റാനേഡ് ഉപയോഗിച്ചിട്ടുള്ള താഴെ പറയുന്ന വരികളെ സൎവ്വഥാ ഒരു സ്വചരിത്രവ്യാഖ്യാനമായിട്ട് എല്ലാവരും സമ്മതിക്കും.

"പരിപൂൎത്തിയെ പ്രാപിച്ചതും നവീകരിക്കുന്നതുമായ ഒരു ആഭ്യന്തരപരിഷ്കാരത്താൽ അനുഗൃഹീതന്മാരായ നിങ്ങളിൽ മിക്കപേൎക്കും രണ്ടുമാതിരി പരിഷ്കാരങ്ങൾ, രണ്ടുമാതിരി മതശ്രദ്ധകൾ, നടത്തയിലും നിത്യകൃത്യങ്ങളിലുമുള്ള രണ്ടുമാതിരി പരമദൎശനങ്ങൾ ഇവകളുടെ മദ്ധ്യേ നമുക്കു നയിയ്ക്കേണ്ടതും ദ്വിവിധവും അന്യോന്യവിരുദ്ധവും ആയിരിക്കുന്ന ജീവിതസമ്പ്രദായത്തെ മനസ്സുകൊണ്ടുല്ലേഖിക്കുന്നതു പ്രയാസമായിരിക്കും. ഇങ്ങനെ ദ്വിവിധമായ ജീവിതത്തിന്നു സംഗതിയൊന്നുമില്ലെന്നു വിചാരിക്കുന്ന ആളുകൾ നമ്മുടെ ഇടയിൽ ഉണ്ട്. അതിൽ ചിലരുടെ ദൃഷ്ടിയിൽ വീണ്ടെടുക്കാൻ വയ്യാത്ത ഭൂതം തന്നെയാണു പ്രചലത്തായിരിക്കുന്ന വൎത്തമാനം. കാലം ഒരു ഭേദത്തേയും ചെയ്തിട്ടില്ലെന്നും അവരുടെ പൂൎവ്വികന്മാരെപ്പോലെ അവൎക്കും മററു ഭൂഖണ്ഡവാസികളോടു സംസൎഗ്ഗം ചെയ്യാതെ ജീവിച്ചിരുന്ന് അഭിവൃദ്ധിയെ പ്രാപിക്കാമെന്നുമാണ് അവരുടെ വിചാരം. നമ്മുടെ ഇടയിൽതന്നെ, "കെഴിഞ്ഞതു കഴിഞ്ഞു, ഇനി നാം അതിനെപ്പററി ആലോചിക്കേണ്ട, ഭവിഷ്യത്തിനെക്കുറിച്ചും ഇപ്പോൾ വേണ്ടതിനെക്കുറിച്ചുമാണു നാം

മുഖ്യമായി ആലോചിക്കേണ്ടതു്" എന്നു വിചാരിക്കുന്നവരും ഉണ്ടു്. ഈ വിരുദ്ധാഭിപ്രായങ്ങൾക്കുമദ്ധ്യേ എണ്ണത്തിൽ ചുരുങ്ങുമെങ്കിലും എതാനും പേർ ഭൂതത്തെ ബഹുമാനിക്കയും അതിനു പയ്യവസാനത്തിൽ നമ്മുടെ ശ്രേയസ്സിന്നുവേണ്ടി ഈശ്വരകല്പിതമായി നമുക്കുണ്ടായിട്ടുള്ള വത്തമാനസ്ഥിതിഭേദങ്ങൾക്കു യോജിക്കുംപടി മാററങ്ങൾ തനിയേ വന്നുകാണുന്നതിന് ആഗ്രഹിക്കുന്നവരായിട്ടുമുണ്ടു്. നാം ഭൂതത്തെ പിടിവിടാതെ തന്നെ ഭവിഷ്യത്തിൽ പിടികൂടാനാഗ്രഹിക്കുന്നു. ഈ വിധമാകയാൽ നമ്മുടെ ഉദ്ദേശ്യങ്ങളെ സ്നേഹിതന്മാരും ശത്രുക്കളും തെററിദ്ധരിക്കുന്നതിനു സംഗതിയാകുന്നു. അതിതനും അനുശോചിതനമായ നമ്മുടെ സ്നേഹിതൻ ഈ മാതിരി ആളുകളുടെ ഒരു നേതാവും ഒരു തത്വജ്ഞാനിയും ഒരു മഹാപുരുഷനുമായിരുന്നു. ഈവിധമായ ജീവിതത്തിൻെറ ക്ലേശങ്ങളെ നിരസിയ്ക്കുന്നതിന് അദ്ദേഹത്തിൻെറ സത്യസന്ധത അനുവദിയ്ക്കയും വത്തമാനം ഇല്ലാത്ത ഭാവത്തിൽ ഭൂതത്തിൽ തന്നെ ജീവിക്കുന്നതിനൊ അല്ലെങ്കിൽ ഭൂതമില്ലാത്ത ഭാവത്തിൽ വത്തമാനത്തിൽ തന്നെ ജീവിക്കുന്നതിനൊ അദ്ദേഹത്തെ നയിയ്ക്കയും ചെയ്തിരുന്നെങ്കിൽ അദ്ദേഹം കുറച്ചുകാലംകൂടി ജീവിച്ചിരിയ്ക്കുമായിരുന്നുവെന്നു് എനിക്കു തോന്നുന്നു. അദ്ദേഹത്തിൻെറ ആരോഗ്യം ഉപക്ഷീണമായി പോകയും അദ്ദേഹത്തിനു മനോവിചാരങ്ങൾക്ക് ഇടവരികയും ഇല്ലായിരുന്നു. നമ്മുടെ യൂറോപ്യൻ സ്നേഹിതന്മാൎക്കു മിസ്ററർ ടിലാംഗിനും അദ്ദേഹത്തിനെപ്പോലെയുള്ളവൎക്കും അനുഭവിക്കേണ്ടിവന്നിട്ടുള്ള ക്ലേശങ്ങളെ ഊഹിച്ചറിയാൻ കഴിയുകയില്ല."

റാനേഡിനു രാഷ്ട്രീയകാൎയ്യങ്ങളിൽ ഉണ്ടായിരുന്ന പരിശ്രമങ്ങളും പ്രശംസാൎഹങ്ങൾ തന്നെയായിരുന്നു. ഒരു ഉദ്യോഗസ്ഥനായിരുന്നെങ്കിലും ഭാരതമഹാജനസഭയും സാമാജികന്മാരും മിസ്ററർ റാനേഡിൻെറ ഉപദേശങ്ങൾപോലെ മററാരുടേയും ഉപദേശങ്ങളേയും കൈക്കൊള്ളുകയും അതുപോലെ പ്രവൎത്തിക്കയും ചെയ്തിട്ടില്ല. ബാംബെ പ്രസിഡൻസി

യിൽ അദ്ദേഹം സംഭാവനചെയ്യാത്തതായിട്ടുള്ള സ്മാരകങ്ങളാകട്ടെ, അദ്ദേഹത്തിൻെറ ഉപദേശങ്ങളെ തേടാതെയുള്ള യോഗങ്ങളാകട്ടെ, അദ്ദേഹം ധൈര്യപ്പെടുത്തി സഹായിക്കാതെയുള്ള പരാൎത്ഥപ്രവൎത്തകന്മാരാകട്ടെ, അദ്ദേഹം പുഷ്ടിവരുത്താതെയുള്ള ഏൎപ്പാടുകളാകട്ടെ ഇല്ലെന്നുതന്നെ പറയാം. അദ്ദേഹത്തിനു രാജ്യകാൎയ്യത്തിൽ ഉള്ള വ്യാപാരം, ബാംബെ ഗവൎമ്മെണ്ടുകൂടെ ഒരിക്കൽ അദ്ദേഹത്തെ വിശ്വസ്തനായ ഒരാളല്ലെന്നു സംശയിക്കത്തക്കവണ്ണം അധികമായിരുന്നു. എന്നാൽ അദ്ദേഹം ആക്ഷേപങ്ങളെ എന്നപോലെ എല്ലാ സംശയങ്ങളേയും അതിജീവിച്ചു. പൂനായിലെ സൎവ്വജനികസഭയുടെ പോഷിതാവായിരുന്നു, അതിൻെറ നല്ല കാലങ്ങളിൽ ആ സഭയ്ക്കുവേണ്ടി ചെയ്തിട്ടുള്ള ഉപകാരങ്ങളും ആ സഭയിൽനിന്നു തുടങ്ങിയ മാസികയ്ക്കായിട്ടു് അദ്ദേഹം ചെയ്തിട്ടുള്ള സംഭാവനകളും അത്യന്തം സ്തുത്യൎഹങ്ങളാണു്.

അദ്ദേഹം ഒരു നല്ല വിദ്യാപ്രവൎത്തകൻെറ നിലയിലും പ്രസിദ്ധനായിരുന്നു. അദ്ദേഹം ബാംബെ വിദ്യാമന്ദിരത്തിലെ ഒരംഗമായിരുന്നതുകൂടാതെ, ഇൻഡ്യയുടെ പശ്ചിമഭാഗങ്ങളിൽ പാഠക്രമങ്ങളെ നിശ്ചയിച്ച സിണ്ഡിക്കേററ് സഭയിലേയും പ്രധാനിയായ ഒരംഗമായിരുന്നു. അദ്ദേഹം ശില്പവിദ്യാഭ്യാസത്തെക്കുറിച്ചും വ്യവസായം സംബന്ധിച്ച സംഗതികളെക്കുറിച്ചും പ്രത്യേകം ശ്രദ്ധവെച്ചു. ഇൻഡ്യയുടെ അഭിവൃദ്ധിക്കുള്ള മുഖ്യമായ വഴികളിൽ ഒന്നു, വ്യവസായങ്ങളുടെ പ്രത്യുജ്ജീവനമാണെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. അൎത്ഥശാസ്ത്രവിഷയത്തിൽ അദ്ദേഹം എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പ്രസംഗങ്ങൾ, അദ്ദേഹത്തിൻെറ മനസ്സിനു ഗ്രഹണധാരണങ്ങളിൽ ഒരു അസാധാരണനൈപുണ്യമായിരുന്നുവെന്നു കാണിക്കുന്നു. തീക്ഷ്ണതയും വിശകലനവിശാരദയും ആയ അദ്ദേഹത്തിൻെറ ചിഹ്നങ്ങൾ അദ്ദേഹത്തിൻെറ പ്രസംഗങ്ങളിലെല്ലാററിലും കാണുന്നുണ്ടു്. അദ്ദേഹത്തിനു ചരി

ത്രത്തിലേയ്ക്കായിരുന്നു അധികം അഭിരുചി. "മഹാരാഷ്ട്രശക്തിയുടെ അഭിവൃദ്ധി" എന്ന അദ്ദേഹത്തിന്റെ പുസ്തകംതന്നെ അദ്ദേഹം തുടങ്ങിയിട്ടുണ്ടായിരുന്ന ചരിത്രത്തെക്കുറിച്ചുള്ള അന്വേഷണം പൂർത്തിയാകുന്നതുവരെ ജീവിച്ചിരുന്നുവെങ്കിൽ എത്ര വലിയ ഉപകാരങ്ങൾ അദ്ദേഹം ഇൻഡ്യക്കാൎക്കു ചെയ്യുമായിരുന്നുവെന്നു തെളിയിയ്ക്കുന്നു. അദ്ദേഹം കട്ടവിൽ വായിച്ച പുസ്തകം കൂടി ജസ്ററിൻമാക്കർത്തിയുടെ 'ആധുനികചരിത്രം' എന്ന ഒരു ചരിത്രപുസ്തകമായിരുന്നു.

അദ്ദേഹത്തിന്റെ ബുദ്ധിഗുണത്തേക്കാളും വിശിഷ്ടമായ ധാൎമ്മികതചത്തെക്കാളും അധികം പുരുഷഗൌരവംതന്നെ അദ്ദേഹത്തിന്റെ അടുത്തു സംസൎഗ്ഗം ചെയ്തവരെ ഒക്കെ ആകൎഷിച്ചു. അദ്ദേഹത്തിനു വളരെ അറിവുണ്ടായിരുന്നുവെങ്കിലും നന്നായ്ക്കിനീതനായിട്ടാണു കാണപ്പെട്ടിട്ടുള്ളത്. അദ്ദേഹം പഠിപ്പിക്കുവാൻ യോഗ്യനായിരുന്നുവെങ്കിലും പഠിക്കുന്നതുകൊണ്ടു തൃപ്തിപ്പെട്ടു. അദ്ദേഹം ഉപദേശിക്കുന്നതിനു ശക്തനായിരുന്നുവെങ്കിലും മറെറാരാളെ അനുസരിക്കാനും പിന്തുടരാനും ആയിരുന്നു അദ്ദേഹത്തിന് ആഗ്രഹം. കോപാദിസംരംഭങ്ങളാൽ അക്ഷോഭ്യനായിട്ട് അദ്ദേഹത്തിനെപ്പോലെ മററാരുമില്ലായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ അയൽവക്കക്കാൎക്കു മിക്ക സമയത്തും നല്ല സ്വരച്ചേൎച്ചയില്ലാത്തതായി തോന്നിയിട്ടുണ്ടെങ്കിലും അദ്ദേഹത്തിനു ശത്രുക്കളായി ആരുംതന്നെയില്ലായിരുന്നു. അദ്ദേഹത്തിനു സ്വജാതിക്കാരോടും ദേശക്കാരോടും മാത്രമല്ല, സാൎവ്വത്രികമായിട്ട് അനുകമ്പയുണ്ടായിരുന്നു. അദ്ദേഹം വിവിക്തജീവിതത്തിൽ ആഡംബരമില്ലാത്തവനും, നിഷ്കളങ്കനും, ബ്രാഹ്മണ്യത്തിന് ഒരു ദൃഷ്ടാന്തഭൂതനും, വിനീതനും, ഡംഭഹീനനും, സ്വോൽക്കൎഷബോധമില്ലാത്തതുപോലെ തോന്നുന്ന ഒരാളും ആയിരുന്നു. അദ്ദേഹത്തിന്റെ ആകൃതി ഒരിക്കൽ കണ്ടാൽ പിന്നെ വിസ്മരിക്കപ്പെടാവുന്നതല്ലായിരുന്നു. അദ്ദേഹം, തന്നെക്കുറിച്ച് ഇംഗ്ലീഷുകാൎക്കും ഇൻഡ്യാ

ക്കൾക്കും ഒന്നുപോലെ ഒരു വലിയ ബുദ്ധിമാനാണെന്നുള്ള അഭിപ്രായം ജനിപ്പിച്ചു. അദ്ദേഹത്തിനോട് അടുത്തു സംസർഗ്ഗംചെയ്യുന്നവരെ ഒക്കെയും അദ്ദേഹത്തിന്റെ ദൃഷ്ടിക്കുണ്ടായിരുന്ന ഒരു അസാധാരണശക്തി ആകർഷിക്കാതെയിരുന്നിട്ടില്ല.

ഈ കാലത്തു് ഇൻഡ്യയിൽ ജനിച്ചിട്ടുള്ള മഹാന്മാരിൽ ൧൯-ാം ശതവർഷത്തിന്റെ ചരിത്രത്തിൽ രണ്ടുപേരുടെ പേരുകൾ അനന്യസാമാന്യസ്ഥിതിയിൽ നില്ക്കുന്നു. രണ്ടുപേരും അഭിവൃദ്ധിക്കുവേണ്ടി ശ്രമിച്ചവരും പരിഷ്കാരപ്രസംഗികളും ആയിരുന്നു. ഒരാൾ മതപരിഷ്കാരത്തിലേക്ക് അധികം ശ്രദ്ധ വെച്ചു. മറ്റെയാൾ രാഷ്ട്രീയപരിഷ്കാരത്തിലേക്ക് അധികം ഉപകാരം ചെയ്തു. രണ്ടുപേരേയും അവരവരുടെ വേലയിൽ പ്രേരിപ്പിച്ച മനോവികാരം ഒന്നുതന്നെയായിരുന്നു. രണ്ടുപേർക്കും പല ക്ലേശങ്ങളും സഹിക്കേണ്ടതുണ്ടായിരുന്നു. രണ്ടുപേരും അവരവർക്കുണ്ടായിരുന്ന രാഷ്ടീയങ്ങളായ ഉപാധികൾക്കു വശംവദന്മാരായിരുന്നു. ഒരാളുടെ ജീവിതത്തോടുകൂടെ ൧൯-ാം ശതവർഷം ആരംഭിച്ചു. മറ്റെയാളുടെ ജീവിതത്തോടുകൂടെ അവസാനിക്കയും ചെയ്തു. മേലാൽ ജനിക്കാൻപോകുന്ന ആളുകൾക്കു രാമമോഹനരായിയും റാനേഡും ഈ കഴിഞ്ഞ ശതവർഷത്തിലെ രണ്ടു മഹാപ്രദീപങ്ങളായി എന്നും നിലനില്ക്കും.

**KOTTAYAM PUBLIC LIBRARY**

**KOTTAYAM**

Cl. No. M08 Acc. No. D1227

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M08
KRI- I

81887

കൃഷ്ണമേനോൻ ടി.കെ
ഇന്ത്യയിലെ
മഹാന്മാർ

KOTTAYAM PUBLIC LIBRARY

Call No MD 8 Acc. No 81887

Author [illegible]

Title ഇന്ത്യയിലെ മഹാന്മാർ



Indic Digital Archive Foundation

gpura.org